മലയാളം റിസേർച്ച് കീ

MALAYALAM RESEARCH KEY

MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL

ONLINE EDITION

VOLUME 02, ISSUE 01
2026 JANUARY - MARCH

Publisher:
Answer Key Academy

Journal Home Page:
www.researchkey.in

Disclaimer

- *The complete responsibility for the ideas and conclusions expressed in the articles of this journal rests solely with the respective authors.*
- *The Editor or the Editorial Board members shall have no liability or responsibility whatsoever regarding the content or any legal disputes arising from it.*

MALAYALAM RESEARCH KEY

MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL

ONLINE EDITION

VOLUME 02, ISSUE 01
2026 JANUARY – MARCH

Publishing Body
Answer Key Academy

Editorial Office
Malayalam Research Key
Pels Cottage, Lourdepuram, Kanjiramkulam P.O.
Thiruvananthapuram, Kerala 695524
Phone: +91 9526014270

Administrative Team
Managing Director
Ashik Jerald V. S.

Managing Editor
(Operations & Governance)
Vijith Viswambharan

Managing Editor
(Academic Coordination)
V. M. Renjith

Managing Editor
(Strategy, Production & Legal)
Manoj Manoharan

Editorial Board Members
Dr. Vineeth V. S. | Dr. Shereena Rani G. B. | Dr. Anila C. S. | Dr. K. Sarika | Libin Muslih

EDITORIAL OPERATIONS & ISSUE MANAGEMENT

Issue Editor
Aswathy P. S. (Volume 02, Issue 01)

Editorial Desk
Aswathi P. S. | Anna Joy | Gokul S. Gopan
Binsu Susan John | Siddhi Ajay | Kiran R.

Review Associates
Anaswar Krishnadev B. | Anandu V. M. | Anavadya P.
Anjusha N. P. | Nayana P. | Sangeeth A. | Ashitha P.

Design & Development
Manoj Manoharan
for Barter Society, Palakkadavu Road, Neyyattinkara, Thiruvananthapuram

ADVISORY BOARD

Prof. L. Asokan
Head of the Department (Retd.),
Department of Malayalam,
University College, Thiruvananthapuram

Dr. N. A. D. Jayasinghe
Professor
University of Ruhuna,
Matara, Sri Lanka

Dr. R. Chandrabose
Associate Professor & Head
Department of Malayalam
Central University of Kerala

PEER-REVIEW COMMITTEE

Dr. Dominic J. Kattoor
Professor (Retd.)
Department of Malayalam,
University College, Thiruvananthapuram

Dr. D. V. Anilkumar
Professor, Department of Malayalam
University College, Thiruvananthapuram

Dr. Ajayakumar G.
Professor and Head of Department
Department of Malayalam
University College, Thiruvananthapuram

Dr. Mohammed Basheer K. K.
Associate Professor
Department of Malayalam
PTM Government College, Perinthalmanna

Dr. Kumar J.
Assistant Professor
Department of Malayalam
Maharaja's College, Ernakulam

Dr. Veena Gopal V. P.
Associate Professor
Department of Malayalam
Gov. K.N.M. Arts and Science College
Kanjiramkulam

Dr. Lakshmi S.
Assistant Professor
Department of Malayalam
Government College Kattappana

DETAILS OF EDITORIAL BOARD MEMBERS

1. **Dr. Vineeth V. S.**
   Associate Professor and Head of the Department, Department of Malayalam,
   Government College, Kattappana, Kerala
   Email: drvineethvs@gckattappana.ac.in
   Mobile: 9446173118
2. **Dr. Shereena Rani G. B.**
   Assistant Professor, Department of Malayalam, Government College, Kattappana
   speaktosherin@gckattappana.ac.in
   Mobile: 9447799868
3. **Dr. Anila C. S.**
   Assistant Professor, Department of Malayalam, Government College, Kattappana
   Email: anilaattuvassery@gckattappana.ac.in
   Mobile: 9495070450
4. **Dr. K. Sarika**
   Assistant Professor, Department of Sanskrit, Government College, Kattappana
   Email: ksarika443@gckattappana.ac.in
   Mobile: 9383427923
5. **Libin Muslih**
   Assistant Professor, Department of English,
   Government Polytechnic College Kasaragod, Kerala
   Email: libinmuslih@gpckasaragod.ac.in
   Mobile: 9605862235

IMPRINT INFORMATION

Title of the publication	MALAYALAM RESEARCH KEY
Publishing Body	Answer Key Academy
Publisher Address	Pels Cottage, Lourdepuram, Kanjiramkulam P.O., Thiruvananthapuram, Keralam 695524
Phone	+91 9526014270
Email	malayalamresearchkey@gmail.com
Location of Publishing	India
Format	Print and Online
Frequency	Quarterly
Language	Malayalam
Subject	Multidisciplinary
Starting Year	2025
Journal Home Page:	www.researchkey.in

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

INDEX

» എഡിറ്റോറിയൽ
ഓരോ ഉത്തരവും മറ്റൊരു ചോദ്യമാണ് vii

» Journal Profile viii–xi

Article ID: MRK0013
എടക്കൽ ഗുഹയിലെ റോക്ക് ആർട്ടുകൾ – അർത്ഥതലങ്ങളും പൈതൃക പുരാവസ്തു പ്രാധാന്യവും 1–7
» ഡോ. ബിന്ദു എ. സി.

Article ID: MRK0014
യാഥാർത്ഥ്യത്തിന്റെ നിഴൽച്ചിത്രങ്ങൾ: ആദ്യകാല മലയാളകഥകളിലെ ഭ്രമകല്പനകൾ 8–15
» ജയകൃഷ്ണൻ ആർ. എം.

Article ID: MRK0015
ഉടൽരൂപങ്ങൾ ബൃന്ദയുടെ കവിതകളിൽ 16–20
» പാർവതി കൃഷ്ണ പി. എൽ.

Article ID: MRK0016
മലയാളചലച്ചിത്രങ്ങളിലെ ഗാനപുനരാവിഷ്കാരവൈവിധ്യങ്ങൾ 21–29
» നീഷ്മ വി. പി.

Article ID: MRK0017
മാനവികതയുടെ സൗന്ദര്യം: എം. ഗോവിന്ദന്റെ നാടകങ്ങളിലെ സമഗ്രദർശനം 30–34
» ഡോ. അനൂപ് വി.

Article ID: MRK0018
മലയാളചലച്ചിത്രങ്ങളിലെ കോടതിഭാഷാപദങ്ങൾ – ഒരു വിശകലനം 35–38
» സുകന്യ ബി.

Article ID: MRK0019
സ്വർണ്ണാഭരണ പരസ്യങ്ങളിലെ സവർണ്ണാധികാരരൂപങ്ങൾ 39–46
» മൈഥിലി പി. എസ്.

Article ID: MRK0020
നിർമ്മിതബുദ്ധിയും സിനിമയും: സാധ്യതകളും വെല്ലുവിളികളും 47–55
» പാർവതി നായർ എൽ.

Article ID: MRK0021
സർപ്പയജ്ഞം: ഒരു ഫൂക്കോയിയൻ വായന 56–62
» ഗ്രീഷ്മ വി.

Article ID: MRK0022
സെന്റ് തോമസ്: കേരള ചരിത്രത്തിലും സംസ്കാരത്തിലും 63–69
» സിബിൾ സണ്ണി

Article ID: MRK0023
കുറ്റകൃത്യങ്ങൾ യാഥാർത്ഥ്യത്തിലും തിരശീലയിലും: തിരഞ്ഞെടുത്ത മലയാളസിനിമകളുടെ താരതമ്യപഠനം 70–75
» ജിഷാന ഷിറിൽ കെ.

Article ID: MRK0024
അതിയാഥാർത്ഥ്യവും പുതുമലയാളകവിതയും: ഒരു വിമർശനാത്മകവായന 76–84
» അമൃത ലക്ഷ്മി എം. ടി.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

എഡിറ്റോറിയൽ

ഓരോ ഉത്തരവും മറ്റൊരു ചോദ്യമാണ്

വായനയുടെ വേഗം കൂടിയെങ്കിലും പലപ്പോഴും ചിന്തയുടെ ആഴം കുറയുന്ന, സ്ക്രീനുകളുടെ പ്രകാശത്തിൽ പേജുകളുടെ ശാന്തത മങ്ങിപ്പോകുന്ന കാലത്ത് മലയാളം റിസർച്ച് കീ ജേണൽ പുനർവായനകളുടെ വാതായനങ്ങൾ വായനക്കാർക്കുമുന്നിൽ തുറക്കുകയാണ്. ഇവിടെ സാഹിത്യം ഒരു വിഷയമല്ല, മറിച്ച് ഒരനുഭവമാണ്. വാക്കുകൾ അർത്ഥത്തിൽ ഒതുങ്ങാതെ അനുഭവങ്ങളാകുന്നിടത്ത് പുതിയ ചിന്തകൾ ജന്മമെടുക്കുന്നു. ഇവിടെ വായന ഒരു ശീലം മാത്രമല്ല, ഒരു അന്വേഷണമാണ്; ഗവേഷണം ഒരു രീതി മാത്രമല്ല, ഒരു സൃഷ്ടിപ്രവർത്തനമാണ്. ഈ ലക്കം മലയാളം റിസർച്ച് കീ ജേണൽ സാഹിത്യത്തെ അതിന്റെ അതിർത്തിക്കുള്ളിൽ ഒതുക്കുന്നില്ല. അതിരുകൾ മായുന്നിടത്ത് അത് സിനിമയോട് കൈകോർക്കും, സംസ്കാരവുമായി വാദിക്കും, ചരിത്രത്തോട് കലഹിക്കും, ഭാഷാശാസ്ത്രത്തോട് ചെറിയൊരു ചിരിയകലം പാലിക്കും.

വ്യത്യസ്തമായ പന്ത്രണ്ട് ശബ്ദങ്ങൾ. ഓരോ ലേഖനവും ഒരു പുതിയ കാഴ്ചപ്പാട് നൽകുന്നു. ചിലത് സമ്മതിക്കുന്നു, ചിലത് ചോദ്യം ചെയ്യുന്നു, ചിലത് പൂർണ്ണമായും വൈരുദ്ധ്യാത്മകമാവുന്നു. ഈ കൂടിച്ചേരലാണ് മലയാളം റിസർച്ച് കീ ജേണലിന്റെ അറിവഴക്. ഈ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഓരോ ലേഖനവും ഒരു ‘ഉത്തരം’മല്ല ഒരു ‘ചോദ്യക്കുറി’ക്കുടിയാണ്. നിങ്ങൾ വായിക്കുമ്പോൾ, ചിലപ്പോൾ സംശയിക്കാം. ചിലപ്പോൾ സമ്മതിക്കാം. അല്ലെങ്കിൽ ആശയക്കുഴപ്പത്തിലാവാം. കാരണം ഏതെങ്കിലുമൊരു സത്യത്തെ സ്ഥാപിച്ചെടുക്കാനുള്ള ശ്രമമല്ല, പല സത്യങ്ങൾ തമ്മിലുള്ള വാഗ്വാദമാണ് ഇവിടെ നടക്കുന്നത്. വാക്കുകൾക്ക് ജീവൻ ഉള്ളിടത്ത് ഒരു വാക്കിന് എന്ത് ചെയ്യാൻ കഴിയും? അതൊരു ഹൃദയം തകർക്കാം. ഒരു സമൂഹത്തെ ചോദ്യം ചെയ്യാം. ഒരു കാലഘട്ടത്തെ രേഖപ്പെടുത്താം. ചിലപ്പോൾ ഒരു വിപ്ലവത്തിനു പോലും തുടക്കമിട്ടേക്കാം.

അവസാനമായി, ഈ എഡിറ്റോറിയൽ ഒരു ക്ഷണം മാത്രമാണ്. വായിക്കാൻ, ചിന്തിക്കാൻ, സംശയിക്കാൻ. മലയാളം റിസർച്ച് കീ ജേണലിന്റെ രണ്ടാം ലക്കം അക്കാദമിക് അന്വേഷകരുടെ തുടർവായനക്കായി സമർപ്പിക്കുന്നു.

» മലയാളം റിസേർച്ച് കീ ടീം

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

JOURNAL PROFILE

1. ABOUT THE JOURNAL - BASIC INFORMATION

Malayalam Research Key is a multidisciplinary, peer-reviewed research journal that presents new paradigms and theoretical discourses in Malayalam research beyond linear thinking. Published by the Thiruvananthapuram based Answer Key Academy under the leadership of research scholars from various Indian universities, the journal also involves the active participation of professors, writers, and literature students. This quarterly journal is available in both online and print editions. Malayalam Research Key aims to open doors to further inquiries and re-examinations.

2. CONTACT DETAILS OF PUBLISHER

MALAYALAM RESEARCH KEY
Multidisciplinary Peer Reviewed Research Journal
Thiruvananthapuram
Phone : 9526014270
Email : malayalamresearchkey@gmail.com

3. AIMS, OBJECTIVES, SCOPE, SUBMISSION FOCUS, SUBJECT AREAS

AIMS: Malayalam Research Key aims to break away from one-dimensional academic traditions by fostering new paradigms and theoretical discourses in Malayalam research. The journal seeks to be a catalyst for continuous intellectual inquiry, encouraging researchers, academicians, and writers to revisit established narratives and explore uncharted territories in multidisciplinary studies. By bridging the gap between traditional scholarship and contemporary critique, it strives to serve as a premier global platform for transformative ideas.

OBJECTIVES: The journal is dedicated to promoting multi-dimensional discourse by publishing high-quality, peer-reviewed research that transcends conventional boundaries and introduces fresh theoretical frameworks. To complement this forward-looking approach, it provides a dedicated forum for critical re-evaluation, further inquiry, and rigorous debate on existing academic paradigms. By actively engaging university research scholars, educators, creative writers, and literature students, the journal works to foster collaboration and build a vibrant academic community. Finally, it ensures global accessibility by maintaining high standards of scholarly excellence across both its quarterly print and online editions, ultimately making diverse research accessible to a wider audience.

SCOPE: The scope of Malayalam Research Key encompasses a broad spectrum of multidisciplinary studies where Malayalam language, literature, culture, and societal evolution intersect with global academic discourses. The journal welcomes original research papers, critical essays, comparative analyses, and book reviews that challenge simplistic interpretations and offer complex, layered insights.

SUBMISSION FOCUS: The journal prioritizes submissions that exhibit deep analytical rigor and intellectual originality. To this end, it emphasizes several key focal points for prospective authors, beginning with papers that offer non-linear perspectives by moving away from traditional, chronological, or rigid structures toward multi-dimensional analyses. Additionally, the editorial board values methodological innovation, actively seeking studies that employ unique theoretical frameworks and cross-disciplinary research methodologies. Authors are encouraged to submit critical inquiries that question, re-examine, or expand upon existing socio-cultural and literary canons. Finally, the journal champions collaborative voices by welcoming contributions from emerging research scholars, seasoned educators, and passionate literature students alike.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

SUBJECT AREAS: Malayalam Research Key invites contributions across a diverse range of disciplines, encompassing both core domains and interdisciplinary frameworks. Within its core domains, the journal welcomes research in Malayalam Language and Literature (മലയാളഭാഷയും സാഹിത്യവും), Comparative Literature and Translation Studies (താരതമ്യ സാഹിത്യവും വിവർത്തന പഠനങ്ങളും), Historiography and Politics (ചരിത്രരചനയും രാഷ്ട്രീയവും), as well as Literary Theory and Philosophy (സാഹിത്യ സിദ്ധാന്തവും തത്ത്വചിന്തയും). Additionally, the journal encourages submissions within its interdisciplinary frameworks, which include Cultural Studies and Kerala Heritage (സാംസ്കാരിക പഠനങ്ങളും കേരള പൈതൃകവും), Gender, Caste, and Subaltern Discourses (ലിംഗഭേദം, ജാതി, പാർശ്വവത്കൃത സംവാദങ്ങൾ), Media, Cinema, and Digital Culture in Kerala (കേരളത്തിലെ മാധ്യമങ്ങൾ, സിനിമ, ഡിജിറ്റൽ സംസ്കാരം), Folklore, Performing Arts, and Oral Traditions (ഫോക്‌ലോർ, അവതരണ കലകൾ, വാമൊഴി പാരമ്പര്യങ്ങൾ), and Linguistics and Language Pedagogy (സാമൂഹിക ഭാഷാശാസ്ത്രം, ഭാഷാ ബോധനശാസ്ത്രം).

4. MULTILINGUAL AVAILABILITY

To champion authentic regional scholarship and rigorous academic inquiry, Malayalam Research Key operates exclusively as a Malayalam-medium publication. The journal accepts and publishes original research papers, critical essays, and scholarly contributions solely in the Malayalam language. This dedicated focus ensures that localized insights, intricate linguistic nuances, and complex socio-cultural contexts are articulated with maximum native precision. By maintaining this exclusive linguistic framework, the publication fosters a rich, vibrant exchange of multidisciplinary ideas among research scholars, educators, and literature students within the Malayalam academic community. To increase international visibility, we plan to create an English abstract repository for all articles on our website.

5. ACCESS POLICY

Online Access: (Open Access) All articles published online are immediately and permanently free for everyone to read, download, and share. We support the open exchange of ideas by providing unrestricted access to our quarterly digital content for academic and non-commercial research purposes.

Print Access: For those who prefer a physical copy, Malayalam Research Key is available through annual subscriptions or single-issue purchases. Individuals and institutions interested in obtaining print editions can acquire them directly through Answer Key Academy. Please contact our administrative office for details on current pricing, availability, and shipping options.

6. PLAGIARISM POLICY

The journal maintains a zero-tolerance policy toward plagiarism and academic dishonesty. All submitted manuscripts undergo rigorous screening using industry-standard plagiarism detection software prior to the peer-review process. Malayalam Research Key defines plagiarism as the uncredited use of others' words, ideas, data, or structural frameworks. Any manuscript demonstrating significant textual overlap or uncredited borrowing will be immediately rejected, and the editorial board reserves the right to impose institutional bans on habitual offenders.

7. AI GENERATED CONTENT POLICY

In alignment with global academic integrity standards (such as COPE guidelines), Malayalam Research Key prohibits the use of generative Artificial Intelligence (AI) tools, such as ChatGPT or similar Large Language Models, for creating or drafting core scholarly arguments, analyses, or text. AI tools may only be utilized for basic spelling and grammar correction as well as refinement. Authors must explicitly disclose any use of AI assistance in their acknowledgment section. AI tools cannot be listed as an author or co-author under any circumstances.

8. REVIEW POLICY

To maintain high standards of scholarly excellence, Malayalam Research Key employs a double-blind peer review process. Under this framework, the identities of both the authors and the reviewers are strictly concealed from one another throughout the evaluation. Submissions are initially screened by the editorial board for alignment with the journal's scope. Qualifying papers are then evaluated by at least two independent, external subject-matter experts based on original insight, methodology, and analytical rigor.

9. ARCHIVAL POLICY

To guarantee the long-term preservation and digital durability of its scholarly output, Malayalam Research Key utilizes a multi-layered archival strategy. Published volumes are permanently saved and maintained directly on the official journal website. Additionally, full-text backups of all quarterly volumes are permanently preserved in the journal's institutional repositories, ensuring that published research remains accessible to future generations even in the event of platform migration.

10. AUTHOR GUIDELINES FOR SUBMISSION

Font and Typography: Manuscripts must be typed in a Unicode-compliant font such as Rachana or Manjari.
Font size: The text should be set to 12-point font size.
Line spacing: Please use 1.5-line spacing throughout the document.
Margins: Ensure one-inch margins are applied to all sides of the document.
Title page: Must include the full title of the paper, author name, institutional affiliation, and a contact email address.
Abstract: Include a summary of 150 to 200 words, provided in both Malayalam and English
Keywords: Include 4 to 6 keywords for indexing, provided in both Malayalam and English.
Style guide: Authors must follow the unified Style Sheet of Malayalam Research Key Journal
Word count: The main body of the text should be between 3,000 and 5,000 words.
Citation style: All references and bibliographies must strictly follow either MLA 9th Edition or APA 7th Edition style.
Originality declaration: By submitting, the author declares that the work is original, has not been published elsewhere, and is not currently under consideration by another journal.

11. ETHICAL GUIDELINES

The Malayalam Research Key requires that all contributors adhere to high ethical standards to ensure academic integrity. Authors must submit original work that is properly cited, free from plagiarism or fabrication, and not simultaneously under consideration by other journals; they must also ensure that all listed contributors have made significant intellectual contributions and that any conflicts of interest are disclosed. Editors are responsible for maintaining a transparent and unbiased double-blind peer review process, basing all editorial decisions solely on academic merit, protecting the confidentiality of the review process, and investigating any allegations of misconduct. Finally, reviewers must provide objective, constructive, and timely feedback within their area of expertise, maintain strict confidentiality regarding the manuscripts they evaluate, and recuse themselves should any conflict of interest prevent an impartial assessment.

12. GUIDELINES FOR PEER REVIEW PROCESS

The peer review process begins with an initial editorial assessment, during which the Editorial Board conducts a preliminary screening of the manuscript to ensure adherence to formatting guidelines, alignment with the journal's scope, and the absence of plagiarism. Manuscripts meeting these initial criteria are subsequently forwarded to two independent subject-matter experts for a rigorous, external domain-specific evaluation. Based on this appraisal, reviewers provide a formal recommendation, which may include acceptance without modification, acceptance subject to

minor revisions, an invitation to resubmit following major revisions, or rejection. In instances where reviewers' opinions conflict, the manuscript is referred to a third reviewer for an additional assessment, though the Chief Editor maintains ultimate authority regarding the final publication decision.

13. ARTICLE PUBLISHING TIMELINE

- Submission and Initial Desk Review (Days 1–10): Manuscripts are submitted and undergo a preliminary screening for formatting, scope, and plagiarism.
- Peer Review Phase (Days 11–50): Manuscripts are assigned to two independent subject-matter experts for a rigorous double-blind peer review.
- Author Revision (Days 51–80): Authors are notified of the decision and are allotted 30 days to address reviewer comments and submit their revised manuscripts.
- Final Editorial Decision (Days 81–90): The editorial board reviews the resubmitted work. Upon a final decision of acceptance, the article is sent to the production department.
- Early Access/Online Publication (Days 91–100): Accepted articles undergo copyediting and typesetting. Once finalized, they are published immediately on the journal’s website as Online Edition
- Quarterly Issue Compilation: Articles that have been published under Early Access are subsequently collected and assigned to their respective quarterly issue (January–March, April–June, July–September, October–December) for final printing

14. ARTICLE ACCEPTANCE RATE

To uphold high academic standards, Malayalam Research Key employs a competitive and selective peer-review system. The estimated target acceptance rate for submitted manuscripts ranges between 30% and 40%. This ensures that only well-researched, deeply analytical, and original contributions are selected for publication in each quarterly issue.

15. ARTICLE PROCESSING CHARGES (APC)

Malayalam Research Key does not currently charge any Article Processing Charges (APCs) for publishing research articles.

മലയാളം റിസേർച്ച്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0013

എടക്കൽ ഗുഹയിലെ റോക്ക് ആർട്ടുകൾ
അർത്ഥതലങ്ങളും പൈതൃക പുരാവസ്തു പ്രാധാന്യവും

ഡോ. ബിന്ദു എ. സി.

പ്രബന്ധസംഗ്രഹം

വയനാട് സുൽത്താൻബത്തേരിക്കടുത്തുള്ള പശ്ചിമഘട്ടവും, പൂർവ്വഘട്ടവും കൂടി ച്ചേരുന്ന ഭാഗമായ അമ്പുകുത്തി മലയിലെ രണ്ടു പ്രകൃതീജന്യമായ ഗുഹകളാണ് എടക്കൽ എന്നറിയപ്പെടുന്നത്. ഈ ഭൂപ്രദേശങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന രണ്ട് ഗുഹകൾ ഇന്ന് വിനോദസഞ്ചാര ആകർഷണമാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ പുരാതന മനുഷ്യ നാഗരികതയെക്കുറിച്ച് വിലമതിക്കാനാവാത്ത ഉൾക്കാഴ്ചകൾ നൽകുന്ന ചരിത്രാതീത ശിലാകലകളുടെയും കൊത്തുപണികളുടെയും ഒരു അതുല്യമായ ശേഖരമാണ് എടക്കൽ ഗുഹകൾ വെളിച്ചത്തു കൊണ്ടുവന്നത്. എടക്കൽ റോക്ക് ആർട്ടുകളുടെയും ലിപികളെയും കുറിച്ചുള്ള കണ്ടെത്തലും അവയെക്കുറിച്ചുള്ള പഠനങ്ങളും പുരാവസ്തു വിജ്ഞാനീയ പഠനശാഖയ്ക്ക് മുതൽക്കൂട്ടായി മാറിയിട്ടുണ്ട്. എടക്കൽ ഗുഹയുടെ ഭൂമിശാസ്ത്രപശ്ചാത്തലവും എടക്കൽ ഗുഹകളിലെ റോക്ക് ആർട്ടുകളുടെയും ലിപികളുടേയും ചരിത്രപരവും പുരാവസ്തുശാസ്ത്രപരവുമായ പ്രാധാന്യവും, എടക്കൽ ഗുഹാചിത്രങ്ങളുടെയും ലിപികളുടെയും രൂപഘടനയും അർത്ഥതലങ്ങളുടെ സവിശേഷതകളും, ചരിത്രാതീത സംസ്കാരവുമായുള്ള അവയുടെ പ്രസക്തിയും, വിശദമാക്കുന്നതിനോടൊപ്പം ചരിത്രാതീത കാലത്തെക്കുറിച്ച് വിവരങ്ങൾ നല്കുന്ന ഇത്തരം സ്ഥലങ്ങൾ പഠിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയും അതിനുള്ള വെല്ലുവിളികളും മനുഷ്യന്റെ സാംസ്കാരികവും കലാപരവുമായ പരിണാമത്തെക്കുറിച്ചുള്ള കൂടുതൽ ഗ്രാഹ്യത്തിലേക്ക് നയിക്കുവാൻ ഉതകുന്ന നിരീക്ഷണങ്ങളും പ്രബന്ധത്തിൽ രേഖപ്പെടുത്തുന്നു.

താക്കോൽവാക്കുകൾ:

എടക്കൽഗുഹ, റോക്ക്ആർട്ടുകൾ, മോട്ടിഫുകൾ, പെട്രോഗ്ലിഫുകൾ, ലിഖിതങ്ങൾ, സിന്ധുനദീതട-ഹാരപ്പൻസംസ്കാരം.

....

ആമുഖം

വയനാട് ജില്ലയിലെ അമ്പലവയലിനടുത്തുള്ള 'അമ്പുകുത്തിമല'യിൽ സ്ഥിതി ചെയ്യുന്ന എടക്കലിലെ ചരിത്രാതീത ശിലാഗുഹകൾ കേരളത്തിലെ ഏറ്റവും വിലപ്പെട്ട പുരാവസ്തു സ്മാരകമാണ്. എടക്കൽ പാറകളുടെ ചുമരുകളിലെ ലിഖിതങ്ങളും കൊത്തുപണികളും വളരെ അപൂർവമാണ്. ശിലായുഗമനുഷ്യന്റെ സാന്നിധ്യം ഉണ്ടായിരുന്ന ദക്ഷിണേന്ത്യയിലെ ഒരേയൊരു സ്ഥലമാണിതെന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. അമ്പല വയലിനടുത്തുള്ള അമ്പുകുത്തിയിലെ 'എടക്കൽ ഗുഹകൾ' നവീന ശിലായുഗമനുഷ്യന്റെ വാസസ്ഥലമാണെന്നും വിശ്വസിക്കപ്പെടുന്നു. എടക്കൽ ഗുഹകൾക്ക് സിന്ധുനദീതട നാഗരികതയുമായി ചില ബന്ധങ്ങളുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഏറ്റവും പ്രായം കുറഞ്ഞ ചിത്രങ്ങൾ സിന്ധുനദീതട നാഗരികതയുടെ കാലഘട്ടത്തിൽ നിന്നുള്ളതാണ്. എടക്കൽ ഗുഹകളുടെ സംരക്ഷണം പുരാവസ്തു വകുപ്പാണ് ഇപ്പോൾ നിർവ്വഹിക്കുന്നത്. ചരിത്രാതീതകാലത്തെ വളരെ പരിഷ്കൃതരായ ഒരു ജനതയെക്കുറിച്ച് ഈ കൊത്തു പണികൾ സംസാരിക്കുന്നു. കൂടാതെ വയനാടിന്റെയും കേരളത്തിന്റെയും മൊത്തത്തിലുള്ള ചരിത്രം മാറ്റിയെഴുതാൻ പുരാവസ്തു ഗവേഷകരെയും ചരിത്രകാരന്മാരെയും പ്രചോദിപ്പിക്കുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

എടക്കൽഗുഹയുടെ ഭൂമിശാസ്ത്രചരിത്രപശ്ചാത്തലം

കേരളത്തിലെ വയനാട് ജില്ലയായ പശ്ചിമഘട്ടത്തിലെഅമ്പുകുത്തി മലയിൽ സ്ഥിതി ചെയ്യുന്ന രണ്ട് പ്രകൃതിദത്ത ഗുഹകളാണ് എടക്കൽ ഗുഹകൾ. താഴത്തെ അറയ്ക്ക്18 അടി നീളവും 12 അടി വീതിയും 10 അടി ഉയരവുമുണ്ട്, മുകളിലെ അറയ്ക്ക് 96 അടി നീളവും 22 അടി വീതിയും 18 അടി ഉയരവുമുണ്ട്. സമുദ്രനിരപ്പിൽ നിന്നും ഏതാണ്ട് നാലായിരം അടി ഉയരത്തിലുള്ള അമ്പുകുത്തിമലയുടെ മുകളിൽ ഒരു വലിയ പാറയിൽ രൂപപ്പെട്ട ഒരു വിള്ളലിൽ മുകളിൽ നിന്ന് വീണുറച്ച കൂറ്റൻ പാറയാണ് മനുഷ്യനിർമ്മിതമല്ലാത്ത ഈ ഗുഹയെ സൃഷ്ടിക്കുന്നത്.കോഴിക്കോട് ബ്രിട്ടീഷ് സർക്കാരിൽ സേവനമനുഷ്ഠിച്ച മുൻ പോലീസ് സൂപ്രണ്ട് എഫ്. ഫ്രെഡ് ഫോസെറ്റാണ് 1890ൽ രണ്ട് പ്രകൃതിദത്ത ഗുഹകളെയും നരവംശശാസ്ത്രപരവും ചരിത്രപരവുമായ പ്രാധാന്യമുള്ള സ്ഥലമായി ആദ്യം തിരിച്ചറിഞ്ഞത്. നവീന ശിലായുഗക്കാരുടെ ആവാസ കേന്ദ്രമായിരുന്നു ഗുഹകൾ എന്ന് ഫോസെറ്റ് കണ്ടെത്തി. 1894ലും 1895ലും ഗുഹയിലേക്കുള്ള അദ്ദേഹത്തിന്റെ അടുത്ത സന്ദർശനത്തിൽ ഗുഹയുടെയും അവിടെ കണ്ടെത്തിയ ചിത്രങ്ങളുടെയും പ്രാധാന്യത്തെക്കുറിച്ച് കൂടുതൽ വെളിച്ചം വീശാൻ അദ്ദേഹത്തിന് കഴിഞ്ഞു. പുരാതന എടക്കൽ ഗുഹാചിത്രങ്ങളുടെ മൂല്യം അദ്ദേഹം തിരിച്ചറിഞ്ഞു. ഇന്ത്യയിൽ നിയമിതനായ ബ്രിട്ടീഷ് ഗവൺമെന്റിലെ മറ്റ് പല ഉദ്യോഗസ്ഥരെയും പോലെ, തദ്ദേശീയ ജനതയുടെ സംസ്കാരവുമായും ചരിത്രവുമായും ശക്തമായ ബന്ധമുള്ള സ്ഥലങ്ങളിലും ഘടനകളിലും ഫോസെറ്റിനും അതീവ താല്പര്യമുണ്ടായിരുന്നു. കൂടാതെ അവയെക്കുറിച്ച് എഴുതാൻ സമയം ചെലവഴിച്ചു. ഫോസെറ്റ് അതിനെക്കുറിച്ച് എഴുതിയതിനുശേഷവും ഗവേഷണ-അധിഷ്ഠിത ലേഖനങ്ങൾ കൈകാര്യം ചെയ്യുന്ന 'ഇന്ത്യൻ ആന്റിക്വറി' എന്ന ജേണലിൽ പ്രസിദ്ധീകരിച്ചതിനുശേഷവുമാണ് എടക്കലിലെ പാറ കൊത്തുപണികൾ പണ്ഡിതന്മാർ ശ്രദ്ധിച്ചത്. അദ്ദേഹത്തിന്റെ കണ്ടെത്തൽ ലോകമെമ്പാടുമുള്ള പുരാവസ്തു ഗവേഷകരുടെയും ചരിത്രകാരന്മാരുടെയും ശ്രദ്ധ ആകർഷിച്ചു. എടയ്ക്കൽ ഗുഹകളിലെ കൊത്തുപണികളുടെ കാലം ഫോസെറ്റ് നിർണ്ണയിച്ചത് ചരിത്രാതീത കാലഘട്ടമെന്നാണ്. ഇത് ഇന്ത്യയിലെ റോക്ക് ആർട്ടിന്റെ ഏറ്റവും പഴയ ഉദാഹരണങ്ങളിലൊന്നായി മാറുന്നു. പിൽക്കാലങ്ങളിൽ നിരവധി ചരിത്രഗവേഷകർ ഇടയ്ക്കൽ ഗുഹാചിത്രങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തുകയും വിലപ്പെട്ട വിവരങ്ങൾ പ്രദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ചരിത്രാതീത കാലത്തെ സ്ഥലങ്ങൾ പഠിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ഫോസെറ്റിന്റെ കണ്ടെത്തൽ എടുത്തുകാണിക്കുന്നു. ഈ കണ്ടെത്തൽ ഇന്ത്യൻ പുരാവസ്തു ശാസ്ത്രത്തിന് ഒരു നാഴിക കല്ലായിരുന്നു. ഇത് മനുഷ്യന്റെ സാംസ്കാരികവും കലാപരവുമായ പരിണാമത്തെക്കുറിച്ചു കൂടുതൽ ഗ്രാഹ്യത്തിലേക്ക് നയിച്ചു. ഇന്ത്യയുടെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പൈതൃകത്തെ ചിത്രീകരിക്കുന്ന, ചരിത്രത്തിന്റെ വ്യത്യസ്ത കാലഘട്ടങ്ങളെ ബന്ധിപ്പിക്കുന്ന ഒരു അവശ്യ പുരാവസ്തു കേന്ദ്രമായി എടക്കൽ ഗുഹകൾ ഇപ്പോൾ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

എടക്കൽ ഗുഹകളിലെ റോക്ക് ആർട്ടുകളുടെ ചരിത്രപരവും പുരാവസ്തുശാസ്ത്രപരവുമായ പ്രാധാന്യം പുരാവസ്തുശാസ്ത്രം മനുഷ്യന്റെ ഭൗതിക അവശിഷ്ടങ്ങളിലൂടെ അവന്റെ ജീവിതം, സംസ്കാരം, സാങ്കേതികത, വിശ്വാസം എന്നിവയെ പുനർനിർമ്മിക്കാൻ ശ്രമിക്കുന്ന പഠനമാണ്. എടക്കൽ ഗുഹകളെ കുറിച്ചുള്ള പഠനങ്ങളിലൂടെ മനുഷ്യന്റെ ഉത്ഭവചരിത്രം മുതൽ സംസ്കാരപരിവർത്തനം വരെ ഒരു സമഗ്ര കാഴ്ചപ്പാട് ആണ് ലഭിക്കുന്നത്. കേരളത്തിൻ്റെ സാമൂഹ്യ-സംസ്കാരചരിത്രപരമായി എടക്കൽ ഗുഹയ്ക്ക് വളരെയധികം പ്രാധാന്യം ഉണ്ട്. ഇന്ത്യയുടെ ചരിത്രാതീത സംസ്കാരത്തെക്കുറിച്ചുള്ള പഠനത്തിന് എടക്കൽ ഗുഹകൾ പോലുള്ള റോക്ക് ആർട്ട്കൾ നിർണായകമാണ്. പുരാവസ്തുശാസ്ത്രത്തിൽ, റോക്ക് ആർട്ട് എന്നത് പ്രകൃതിദത്ത പ്രതലങ്ങളിൽ, സാധാരണയായി ലംബമായ ശിലാ പ്രതലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന മനുഷ്യനിർമ്മിത അടയാളങ്ങളെയാണ് സൂചിപ്പിക്കുന്നത്. സാങ്കേതികതയുടെ കാര്യത്തിൽ, നാല് പ്രധാന ഗ്രൂപ്പുകൾ ഇവയാണ്:

1. ഗുഹാചിത്രങ്ങൾ
2. പാറയുടെ പ്രതലത്തിൽ കൊത്തിയെടുത്തതോ മാന്തികുഴിയുണ്ടാക്കിയതോ ആയ പെട്രോഗ്ലിഫുകൾ (Petroglyphs).
3. കൊത്തിയെടുത്തശിലാഫലകങ്ങൾ.
4. ഭൂമിയിൽ രൂപം കൊള്ളുന്ന ജിയോഗ്ലിഫുകൾ.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

എടക്കൽ ഗുഹകളിൽ കുറഞ്ഞത് ബി.സി. 6,000 പഴക്കമുള്ള റോക്ക് ആർട്ടുകളും ചിത്രലിപികളും കാണാം. എടയ്ക്കൽ ഗുഹകളിൽനിന്നും കണ്ടെടുക്കപ്പെട്ട ഉപകരണാവശിഷ്ടങ്ങളും ഗുഹാചിത്രങ്ങളും വിവിധ കാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്നവയാണ്. ഇവ ഒരേപോലെ മഹാശിലായുഗത്തെയും നവീന ശിലായുഗത്തെയും പ്രതിനിധാനം ചെയ്യുന്നു. മഹാശിലായുഗത്തിലെ കല്ലുകൾ, പുലച്ചിക്കല്ലുകൾ എന്നിവയും നവീനശിലായുഗത്തിലെ കൽമഴുവും മൈക്രോലിത്തുകളും എടയ്ക്കലിനടുത്തുള്ള പ്രദേശങ്ങളിൽ നിന്നും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ ഈ കുന്നുകളിൽ നിന്നും പുരാതന ശ്മശാന സ്ഥലങ്ങളും മുനിയറകളും, പുരാതന മൺപാത്രങ്ങളുടെയും മൺപാത്രങ്ങളുടെയും സമ്പന്നമായ ശേഖരം കണ്ടെത്തിയിട്ടുണ്ട്. വിചിത്രമായ ഒരു അന്തരീക്ഷത്തിൽ പുരാതനവും വൈവിധ്യപൂർണ്ണവുമായ കൊത്തുപണികളുള്ള എടക്കൽ ഗുഹകളുടെ ചരിത്രം സാങ്കേതികമായി ഭൂതകാലഘട്ടത്തിലേയ്ക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു. ഇന്ന് വയനാട്ടിലെ പ്രധാന കാഴ്ചാകർഷണങ്ങളിൽ ഒന്നാണ് എടക്കൽ ഗുഹകൾ.

ഗുഹകൾക്കുള്ളിലെ ചിത്ര ലിപികളും കൊത്തുപണികളും ഈ പ്രദേശത്ത് പുരാതന മനുഷ്യവാസകേന്ദ്രങ്ങളുടെ സാന്നിധ്യം ഉണ്ടായിരുന്നു എന്നതിന്റെ സൂചനയാണ്. വളരെ പരിഷ്കൃതമായ ഒരു ചരിത്രാതീത സമൂഹത്തിന്റെ അടയാളങ്ങളായി ഈ റോക്ക് ആർട്ടുകൾ നിലകൊള്ളുന്നു.എല്ലാം ഗുഹകളുടെ പരുക്കൻ പ്രതലത്തിലാണ് നിർമ്മിച്ചിരിക്കുന്നത്.ചിത്രങ്ങൾ പാറയിൽ തുരന്ന് കൊത്തിയതും ആഴമുള്ള രേഖകളായും കാണപ്പെടുന്നു.ചില ചിഹ്നങ്ങൾ ലിപി പ്രതീകങ്ങളെപ്പോലെയും, ചിലത് ദേവാരാധനാചിഹ്നങ്ങളെയും അനുസ്മരിപ്പിക്കുന്നു. ചതുരങ്ങൾ, ത്രികോണങ്ങൾ, അമ്പുകൾ, മനുഷ്യമുഖങ്ങൾ, പാതിരൂപങ്ങൾ, മൃഗങ്ങളുടെയും സൂര്യചിഹ്നങ്ങളുടെയും ആകൃതികൾ കാണാം. അവയെ വ്യവസ്ഥാപിത ലിപിയിലേക്കുള്ള പ്രാരംഭച്ചുവടുകൾ എന്ന് ഗവേഷകർ കരുതുന്നു. നിയോലിത്തിക്ക് (പുതിയശിലായുഗം), ചാൽക്കോലിത്തിക്ക് (ചെമ്പ് യുഗം), മെസോലിത്തിക്ക് (ഇരുമ്പുയുഗം), എന്നിങ്ങനെ വ്യത്യസ്ത കാലഘട്ടങ്ങളിലും സംസ്കാരങ്ങളിലും പെട്ടവയാണ് അവയെന്നാണ് ഗവേഷക മതം.

എടക്കൽ ഗുഹയിലെ ഇടതുവശത്തെ ചുവരിൽ കൊത്തുപണികളിൽ ശിരോവസ്ത്രം ധരിച്ച ഒരു പ്രമുഖ മനുഷ്യ രൂപം, ശിരോവസ്ത്രവും അലങ്കാര വസ്തുക്കളും ധരിച്ച മറ്റൊരു മനുഷ്യ രൂപം, വിപുലമായ ശിരോവസ്ത്രം ധരിച്ച ഒരു മനുഷ്യ രൂപം, ഒരു ആന, ഒരു കാട്ടുനായ, ഒരു മയിൽ, രണ്ട് കാട്ടുനായ്ക്കൾ, ചെടിയും പൂക്കളും, ചതുരാകൃതിയിലുള്ള ശിരോവസ്ത്രം ധരിച്ച ഒരു മനുഷ്യ രൂപം, ചക്രവണ്ടി, കുറച്ച് ജ്യാമിതീയ ചിഹ്നങ്ങൾ എന്നിവ ഉൾപ്പെടുന്നു. വലതുവശത്തെ ചുവരിൽ കുറച്ച് പുരുഷ, സ്ത്രീ രൂപങ്ങൾ, ഒരു മനുഷ്യരൂപത്തെ പ്രതിനിധീകരിക്കുന്ന ത്രികോണ ചിഹ്നം, ചക്രവണ്ടിയിലെ മനുഷ്യ രൂപം, കുറച്ച് ജ്യാമിതീയ ചിഹ്നങ്ങൾ, കോണാകൃതിയിലുള്ള ചിഹ്നത്തോടൊപ്പം ഒരു മനുഷ്യരൂപം എന്നിവ ഉൾപ്പെടുന്നു. വേട്ടയാടലും കൃഷിയും അടിസ്ഥാനമാക്കിയുള്ള ഒരു ഗോത്ര വാസസ്ഥലത്തെയാണ് ഈ കൊത്തുപണികൾ സൂചിപ്പിക്കുന്നത്.

ഗുഹാഭിത്തികളുടെ പ്രതലങ്ങളിലുടനീളമുള്ള പ്രതിനിധാനങ്ങൾ കനോ, കുരിശ്, ത്രികോണം, ചതുരം, വൃത്തം, വോള്യൂട്ട് എന്നിങ്ങനെ ആറ് അടിസ്ഥാനഘടകങ്ങൾ ഉൾക്കൊള്ളുന്നു. ഇവ ചരിത്രാതീത കാലത്തെ ഏതൊരു കൊത്തുപണി പ്രതിനിധാനത്തിന്റെയും പ്രാരംഭ അടയാളമായിരിക്കാം. കുരിശ്, ത്രികോണം, ചതുരം തുടങ്ങിയ മറ്റ് അടയാളങ്ങൾ ചരിത്രാതീതകാലത്തെ ആളുകൾക്ക് പരിചിതമായ പ്രാഥമിക ചിഹ്നത്തിൽ നിന്ന് വികസിപ്പിച്ചെടുത്ത ജ്യാമിതീയ ചിഹ്നങ്ങളാണ്. ശിലാചിത്രങ്ങളുടെ ഒരു രൂപമെന്ന നിലയിൽ, ഒരു പാറയുടെ ഉപരിതലത്തിന്റെ ഒരു ഭാഗം മുറിച്ചോ, കൊത്തിയോ, കൊത്തിയോ, ഉരച്ചിലോ നീക്കം ചെയ്ത് സൃഷ്ടിക്കുന്ന ഒരു ചിത്രമാണ് പെട്രോഗ്ലിഫ്. ഈ പദം സാധാരണയായി പുരാതന ഉത്ഭവത്തിലെ പാറ കൊത്തുപണികളെ സൂചിപ്പിക്കുന്നത്, പലപ്പോഴും ചരിത്രാതീത കാലത്തെ ആളുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന പെട്രോഗ്ലിഫുകൾ പടിഞ്ഞാറൻ ഓസ്ട്രേലിയയിലെ മുരുജൂഗയിലുള്ളവയാണെന്ന് കണക്കാക്കപ്പെടുന്നു, അവ 40,000–50,000 വർഷം പഴക്കമുള്ളവയാണ്.

എടക്കൽഗുഹകളുടെ ചില ഭാഗങ്ങൾ പെട്രോഗ്ലിഫുകളാണ്, ഇവ ഗുഹകളല്ല, മറിച്ച് പാറകളിലെ വിള്ളലുകളോ വിള്ളലുകളോ ആണ്. എടക്കൽഗുഹകളിൽ മൂന്ന് സെറ്റ് പെട്രോഗ്ലിഫുകൾ കാണാൻ കഴിയും, ചില ചിത്രീകരണങ്ങൾക്ക് ഏകദേശം 7,000 വർഷം പഴക്കമുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു.

നിയോലിത്തിക്ക്, മെസോലിത്തിക്ക് കാലഘട്ടങ്ങളിലെ കൊത്തുപണികളിൽ പുരാതന ശിലാലിഖിതങ്ങൾ, പുരാതന ആയുധരൂപങ്ങൾ, ചിഹ്നങ്ങൾ, മനുഷ്യരൂപങ്ങൾ, മൃഗങ്ങൾ, ജ്യാമിതീയ രൂപകൽപ്പനകൾ എന്നിവ ഉൾപ്പെടുന്നു. ഈ ഗുഹകളിലെ മനുഷ്യ പ്രതിമകൾക്ക് മുടി ഉയർത്തിയിരിക്കുന്നു, ചിലത് മുഖംമൂടികൾ ധരിക്കുന്നു. ഭരണി പോലുള്ള തലയും കൊമ്പും ഉള്ള മനുഷ്യൻ, വില്ലും അമ്പും ഉള്ള മനുഷ്യൻ, തുടങ്ങിവ മനുഷ്യരൂപങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നു. മനുഷ്യരൂപങ്ങൾക്കു പുറമെ, പല ദിശകളിലെയും നിലകളിലെയും മൃഗരൂപങ്ങൾ ഗുഹയിൽ കാണാം.വേട്ടനായ, മാൻ, ആട്, മയിൽ, ആന തുടങ്ങിയവ. ഈ മൃഗരൂപങ്ങൾ അവയുടെ ജീവിതശൈലിയെയും, കാലത്തെ പ്രകൃതിസ്ഥിതിയെയും, പരിസരസസ്യജന്തുജാലത്തെയും കുറിച്ച് വിലപ്പെട്ട സൂചനകൾ നൽകുന്നു. പ്രത്യേകിച്ച് ആനയുടെ ചിത്രം പാറയിൽ കൊത്തിയിരിക്കുന്നതിൽ പ്രകൃതിസൗന്ദര്യത്തിന്റെ തിളക്കം കാണാം.

എടക്കൽ ഗുഹകളിലെ മോട്ടിഫുകളും കൊത്തുപണികളും

ചരിത്രാതീത സമൂഹങ്ങളുടെ കലാപരവും സാംസ്കാരികവുമായ രീതികളുടെ തെളിവാണ്. വ്യത്യസ്ത ഭാവങ്ങളിലുള്ള മനുഷ്യരൂപങ്ങൾ, മൃഗങ്ങൾ, പ്രതീകാത്മക പാറ്റേണുകൾ, ലിഖിതങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന മോട്ടിഫുകൾ കൊത്തുപണികളിൽ ഉൾപ്പെടുന്നു. ഈ ചിത്രീകരണങ്ങൾ ആചാരപരവും ആശയവിനിമയപരവുമായ ആവശ്യങ്ങൾക്ക് സഹായകമായതും സാമൂഹിക ശ്രേണികൾ, ദൈനംദിന പ്രവർത്തനങ്ങൾ, വിശ്വാസ വ്യവസ്ഥകൾ എന്നിവയെക്കുറിച്ചുമുള്ള സൂചനകൾ നൽകുന്നു. ജ്യാമിതീയ ചിഹ്നങ്ങളുടെ സാന്നിധ്യം ആദ്യകാല കലകളെ പ്രതിനിധീകരിക്കുന്നവയാകാം. അതേസമയം ലിഖിതങ്ങൾ ഭാഷാപരമായ വികാസത്തെ സൂചിപ്പിക്കുന്നു. ചരിത്രാതീത സംസ്കാരത്തെ ആദ്യകാല ചരിത്ര കാലഘട്ടങ്ങളുമായി ബന്ധിപ്പിക്കാനും, സാംസ്കാരിക തുടർച്ച, കലാപരമായ പരിണാമം, ആദ്യകാല മനുഷ്യ ചിന്താ പ്രക്രിയകൾ എന്നിവയിലേക്ക് വെളിച്ചം വീശാനുമുള്ള കഴിവിലാണ് ഈ റോക്ക് ആർട്ടുകളുടെ പ്രസക്തി.

എടക്കൽ ഗുഹാഭിത്തികളിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന വസ്തുക്കളുടെ കൊത്തുപണികൾ കാണാം. ഈ കൊത്തുപണികൾ കലാപരമായ ആവിഷ്കാരങ്ങൾ മാത്രമല്ല, ഈ പ്രദേശത്ത് ജീവിച്ചിരുന്ന പുരാതന ജനതയുടെ ജീവിതം, സംസ്കാരം, വിശ്വാസങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളുടെ ഉറവിടങ്ങൾ കൂടിയാണ്. കൃഷി, ജ്യോതിശാസ്ത്രം, ഗണിതം, ലോഹശാസ്ത്രം മുതലായവയെക്കുറിച്ചുള്ള അവരുടെ അറിവ് അവ വെളിപ്പെടുത്തുന്നു. അവ അവരുടെ സാമൂഹിക സംഘടന, മതപരമായ ആചാരങ്ങൾ, വ്യാപാര ബന്ധങ്ങൾ മുതലായവയെയും പ്രതിഫലിപ്പിക്കുന്നു. ഇന്ത്യയുടെയും അവിടുത്തെ ജനങ്ങളുടെയും സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പൈതൃകത്തിന് സാക്ഷ്യം വഹിക്കുന്നവയാണ് ഈ കൊത്തുപണികൾ.

എടക്കൽ ഗുഹകൾക്ക് സിന്ധുനദീതട സംസ്കാരവുമായി ചില ബന്ധങ്ങൾ ഉണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന പുരാവസ്തുവകുപ്പ് നടത്തിയ പഠനങ്ങളിൽ എടക്കൽ ഗുഹകളിൽ നിന്നുള്ള ചില ശിലാ കൊത്തുപണികളും അതുല്യമായ ചിഹ്നങ്ങളും ഹാരപ്പൻ സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ സൂചിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. സിന്ധുനദീതട നാഗരികതയെ ദക്ഷിണേന്ത്യയുമായി ബന്ധിപ്പിക്കുന്ന, ഹാരപ്പൻ സംസ്കാരത്തിന്റെ വ്യക്തമായ അവശിഷ്ടങ്ങൾ സൂചിപ്പിക്കുന്ന ഒരു പാറ കൊത്തുപണി എടക്കൽ ഗുഹകളിൽ കാണാം. “കർണാടകയിലും തമിഴ്നാട്ടിലും സിന്ധുനദീതട നാഗരികതയുമായി സമാനമായ അവശിഷ്ടങ്ങളുടെ സൂചനകൾ ഉണ്ടായിരുന്നു. എന്നാൽ ഈ പുതിയ കണ്ടെത്തലുകൾ ഹാരപ്പൻ നാഗരികതയ്ക്ക് ഈ മേഖലയിലും സാന്നിധ്യമുണ്ടെന്ന് തെളിയിക്കുന്നു, ഇരുമ്പുയുഗത്തിനപ്പുറത്തേക്ക് പോലും കേരളത്തിന്റെ ചരിത്രം കണ്ടെത്താൻ ഇതിന് കഴിയും.” എന്ന് ചരിത്ര ഗവേഷകനായ എം.ആർ. രാഘവവാര്യർ അഭിപ്രായപ്പെടുന്നു.(“സിന്ധുനദീതട സംസ്കാരവുമായി ബന്ധപ്പെട്ട ചിഹ്നങ്ങൾ കേരളത്തിൽ കണ്ടെത്തി“, ഹിന്ദു ദിനപത്രത്തിൽ 29 സെപ്റ്റംബർ 2009ൽ വന്ന വാർത്ത) ഇവിടെ കണ്ടെത്തിയ മറ്റ് സംയുക്ത അക്ഷരങ്ങൾ ബിസി 2300 മുതൽ ബിസി 1700 വരെയുള്ള കാലഘട്ടത്തിലേതാണ്, അവ ഹാരപ്പൻ സംസ്കാരത്തിന്റെ അവശിഷ്ടങ്ങ ളാണെന്ന് തിരിച്ചറിയപ്പെടുന്നു. ഗുഹയിൽ നിന്ന് ഏകദേശം 429 വ്യത്യസ്ത അടയാളങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് സിന്ധു നാഗരികതയുടെ പ്രത്യേകതയായ ‘ജാർ പാത്രമുള്ള ഒരു മനുഷ്യൻ‘ ആണ്. എടക്കൽ ഗുഹകളിൽ ഇരുമ്പുയുഗം വരെയുള്ള അവശിഷ്ടങ്ങൾ ഉണ്ട് എന്നുള്ള കണ്ടെത്തലും എടക്കൽ ഗുഹകളുടെ ചരിത്രപരവും പുരാവസ്തുപരവുമായ പ്രാധാന്യത്തെയാണ് വെളിപ്പെടുത്തുന്നത്. സിന്ധുനദീതട നാഗരികത നിലനിന്നിരുന്ന ഭാഗങ്ങളിൽ സാധാരണയായി കാണപ്പെടുന്ന ഒരു അവിഭാജ്യ അവശിഷ്ടമായ “കുപ്പായം ധരിച്ച മനുഷ്യൻ” എന്ന ചിഹ്നത്തിന്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കർണാടകയിലും തമിഴ്നാട്ടിലും കണ്ടെത്തിയതിനേക്കാൾ കൂടുതൽ സമാനതകൾ കാണാം.'കുപ്പായം ധരിച്ച മനുഷ്യൻ' എന്നത് സിന്ധുനദീതട ചിഹ്നങ്ങളുടെ ഒരു പ്രത്യേക രൂപമാണ്.

എടക്കൽ ഗുഹാലിപികളുടെ-രൂപഘടനയും അർത്ഥവും

മനുഷ്യൻ ആദ്യം ചിത്രങ്ങളിലൂടെയും ചിഹ്നങ്ങളിലൂടെയും ആശയങ്ങൾ രേഖപ്പെടുത്തു കയായിരുന്നു.തുടർന്ന് ആ ചിത്രങ്ങൾ ചിഹ്നാത്മക അക്ഷരരൂപങ്ങളിലേക്കും പിന്നീട് സംവേദനീയ ലിപികളിലേക്കും വികസിച്ചു.ഇത് മനുഷ്യചരിത്രത്തിലെ "ചിഹ്നസംസ്കാര" (Symbolic Culture) വികസനത്തിന്റെ തുടക്കമാണ്.

ശിലാചിത്രങ്ങളിൽ നിന്ന് ലിപിയിലേക്കുള്ള വളർച്ച

ആദിമകാലത്ത് പാറകളിൽ വേട്ടയാടൽ ദൃശ്യങ്ങൾ, മൃഗചിഹ്നങ്ങൾ, മനുഷ്യരൂപങ്ങൾഎന്നിവ രേഖപ്പെടുത്തിയിരുന്നു. പിന്നീട് ഈ രേഖകൾക്ക് വ്യക്തമായ അർത്ഥം ലഭിക്കുകയും സമൂഹങ്ങൾ അവയെ മാനവചിഹ്നഭാഷയായി ഉപയോഗിക്കുകയും ചെയ്തു. ഇതാണ് പാലിയോ-ലിപികൾ (Proto-scripts) എന്നറിയപ്പെടുന്നത്. എടക്കൽ ഗുഹയിലെ ചില രേഖകൾ ഇതിന് ഉദാഹരണമാണ്. അതായത് എഴുത്തിന് മുൻകാല ചിഹ്നരൂപങ്ങൾ. എടക്കൽ ഗുഹയിലെ രേഖകൾ (Eddakal Inscriptions) വയനാട്ടിലെ എടക്കൽ ഗുഹകളിലെ ചിഹ്നങ്ങൾ ആശയവിനിമയത്തിനും ചിന്തയുടെ പ്രകടനത്തിനും ഉള്ള ഉപാധികളായി കാണാം. ഫോസെറ്റിന് ശേഷം ആർ. സി. ടേബിൾ, കോളിൻ മക്കിൻസി, ബ്രൂസ് ഫൂട്ട്, ഹൽറ്റ്സ്, എച്ച്. ഡി. സങ്കാലിയ എന്നിവരായ ശാസ്ത്രജ്ഞരും ഗവേഷകരും ഈ ഗുഹകളുടെ പുരാവൈജ്ഞാനിക ഉള്ളടക്കവും പാറച്ചിത്രങ്ങളുടെ സ്വഭാവവും ആഴത്തിൽ പഠിച്ചവരാണ്. എടക്കൽഗുഹയിലെ പാറകളിൽ കാണുന്ന രേഖകൾ ലിപിയുടെയും കലാരൂപങ്ങളുടെയും ഇടനിലയിലുള്ളവയാണ്.അവയെ ചില ഗവേഷകർ Proto-Harappan, ചിലർ South Indian Megalithic കാലഘട്ടത്തിലേക്കാണ് ചേർക്കുന്നത്.

ലിപികളുടെ ചരിത്രപരമായിട്ടുള്ള പ്രാധാന്യം

ഒരു സംസ്കാരം വികസിപ്പിച്ചതിന്റെ തെളിവും മാനവശാസ്ത്രപരമായി മനുഷ്യൻ ആശയ വിനിമയം എങ്ങനെ വികസിപ്പിച്ചു എന്നതിന്റെ തെളിവും ആണ് ലിപി. സാമൂഹ്യമായിട്ടവ സമൂഹം നിശ്ചിത നിയമങ്ങൾ, മതാചാരങ്ങൾ എന്നിവ സ്ഥാപിച്ച ഘട്ടത്തെ കാണിക്കുന്നു. സാംസ്കാരികമായി കലയും ഭാഷയും ചേർന്ന് ഒരു ആത്മാവിന്റെ അടയാളം കൂടിയാണ്. എടക്കൽ ഗുഹയിൽ കൊത്തുപണികൾ കൂടാതെ ഈ പ്രദേശത്ത് വസിച്ചിരുന്ന ജനങ്ങളുടെ ജീവിതം, സംസ്കാരം, സാമൂഹിക ആചാരങ്ങൾ എന്നിവ പ്രതിഫലിപ്പിക്കുന്ന ലിഖിതങ്ങളും കാണാം. ഗുഹയുടെ തെക്കേ ഭിത്തിയിലാണ് ഈ ലിഖിതം കാണപ്പെടുന്നത്. തമിഴ് ബ്രാഹ്മി ലിപിയിലുള്ള ഈ ലിഖിതം "പാൽപുലിത്തകരി" എന്നാണ് വായിക്കുന്നത്, നിരവധി കടുവകളെ വേട്ടയാടി കൊന്ന രാജാവിനെ ഇത് സൂചിപ്പിക്കാം. ബ്രാഹ്മി ലിപിയിൽ രേഖപ്പെടുത്തിയിരിക്കുന്ന രണ്ടാമത്തെ ലിഖിതം "വെട്ട്കോമല്ലേ പാനകചാനന്ദുചതി" എന്നാണ് വായിക്കുന്നത്. നന്ദു എന്ന രാജാവ് തന്റെ ഭരണകാലത്ത് ഈ സ്ഥലം സന്ദർശിച്ചിരുന്നു. വടക്കൻ ബ്രാഹ്മി ലിപിയിൽ "ശ്രീ വിഷ്ണുവർമ്മ കുടുംബിയ കുലവർദ്ധനസ്യ ലിഗിതം" എന്ന് വായിക്കുന്നു. ഇവിടെ, "ശ്രീ" എന്നാൽ സംസ്കൃത ഭാഷയിൽ ബഹുമാനിച്ചിരുന്ന അല്ലെങ്കിൽ മഹത്വമുള്ള വ്യക്തി എന്നാണ് അർത്ഥമാക്കുന്നത്, "വിഷ്ണു വർമ്മ" എന്നത് രാജാവിന്റെ പേരോ നേതാവിന്റെ പേരോ ആണ്; കുടുംബ്യ കുല എന്നത് വിഷ്ണു വർമ്മന്റെ കുടുംബത്തെ സൂചിപ്പിക്കുന്നു. മുകളിൽ പരാമർശിച്ച തമിഴ് ബ്രാഹ്മി ലിപിയിൽ "ശ്രീ വഴുമി" എന്നാണ് വായിക്കുന്നത്. ഗുഹയുടെ ചുമരുകളിലെ പഴയ കൊത്തുപണികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ലിഖിതങ്ങൾ ആധുനികമാണ്. വ്യത്യസ്ത സമയങ്ങളിൽ ആളുകൾ ഗുഹ തുടർച്ചയായി ഉപയോഗിച്ചിരുന്നു എന്നതിന് ഈ ലിഖിതങ്ങൾ സുപ്രധാന തെളിവുകൾ നൽകുന്നു.

എടക്കലിലെ തമിഴ് ബ്രാഹ്മിലിഖിതങ്ങൾ

എഴുത്തിന്റെ ഉത്ഭവത്തിന് മുമ്പ് ഇത്തരത്തിലുള്ള ചിഹ്നങ്ങൾ -ആദിമ ലിപികളുടെ മുൻപഥങ്ങൾ ആയിരിക്കാമെന്നു കരുതപ്പെടുന്നു. അവ ആദിമ സമൂഹങ്ങളിലെ ആശയവിനിമയ മാർഗ്ഗങ്ങൾ ആയിരുന്നു.ഇത്തരത്തിലുള്ള അടയാളങ്ങളെ പഠിക്കുമ്പോൾ ഏറ്റവും പ്രധാനമായി പരിഗണിക്കേണ്ടത് അതെഴുതിയ കാലഘട്ടവും സാഹചര്യവും ആണ്. ആദ്യം മനുഷ്യൻ താൻ കണ്ടതിനെ വരച്ചുവെച്ചു, തുടർന്ന് അവയിൽ നിന്ന് ചിഹ്നങ്ങൾ വികസിച്ചു. ആ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ചിഹ്നങ്ങൾ പിന്നീട് ചിത്രങ്ങളുമായി ചേർന്ന്, പിന്നീട്ട വാക്കുകളും സന്ദേശങ്ങളുമായി വിപുലമായ ഭാഷാരൂപങ്ങളായി വളർന്നു.

എടക്കൽഗുഹയുടെ സംരക്ഷണവും പ്രാധാന്യവും

എടക്കൽ ഗുഹകൾ കേരളത്തിലെ പൈതൃക സംരക്ഷണത്തിന്റെ ഏറ്റവും മികച്ച ഉദാഹരണങ്ങളിലൊന്നാണ്. ഗുഹകൾക്കുള്ളിലെ ശിലാലിഖിതങ്ങൾ സംരക്ഷിക്കുന്നതിന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും കേരള സർക്കാരും വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എടക്കൽ ഗുഹയിലെ പൈതൃക വിഭവങ്ങൾ സംരക്ഷിക്കുന്നതിൽ ടൂറിസം, പൈതൃക സംരക്ഷണ വകുപ്പ് എന്നിവയുടെ ഇടപെടലുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ടൂറിസം വികസനം ഈ സ്ഥലത്തിന്റെ പൈതൃക മൂല്യത്തെ മാറ്റിമറിച്ചു എന്നു തന്നെ പറയാം. എടക്കൽ ഗുഹകളെ ചുറ്റിപ്പറ്റിയുള്ള വിനോദസഞ്ചാരത്തിന്റെ കാതൽ സംരക്ഷണമാണ്. ഗുഹകളുമായി ബന്ധപ്പെട്ട നിരവധി സ്ഥലങ്ങൾ ഇതുമൂലം തിരിച്ചറിയാൻ കാരണമായി. എന്നിരുന്നാലുംനിയമവിരുദ്ധ നിർമ്മാണങ്ങൾ, ഖനനം, നഗരവൽക്കരണം എന്നിവയിൽ നിന്ന് ഈ പർവതത്തെ ഇപ്പോൾ സംരക്ഷിക്കേണ്ടതുണ്ട്. ഖനന പ്രവർത്തനങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു, ഇത് ടൂറിസം റിസോർട്ടുകൾ കൂണുപോലെ മുളച്ചു പൊങ്ങുന്നതിന്റെ സമ്മർദ്ദം വർദ്ധിപ്പിക്കുന്നു, ഇത് ഭൂപ്രകൃതിയെ സാരമായി ബാധിക്കുന്നു.

എടക്കൽ ഗുഹകൾ പോലുള്ള റോക്ക് ആർട്ട് സൈറ്റുകൾ സംരക്ഷിക്കുന്നത് പരിസ്ഥിതി നശീകരണം, മഴ, കാറ്റ്, താപനിലയിലെ ഏറ്റക്കുറച്ചിലുകൾ തുടങ്ങിയവും വെല്ലുവിളികൾ ഉയർത്തുന്നു. കുന്നിന്റെ കിഴക്കൻ ഭാഗത്ത് 2019ലെ കനത്ത മഴയിൽ ഉണ്ടായ ഒരു വലിയ വിള്ളൽ എടക്കൽ ഗുഹകളെക്കുറിച്ചുള്ള ആശങ്കകൾ വർദ്ധിപ്പിക്കുന്നു. എടക്കൽ ഗുഹകൾ പോലുള്ള റോക്ക് ആർട്ട്കൾ സംരക്ഷിക്കുന്നതിലെ വെല്ലുവിളികൾ നിസ്സാരമല്ല എന്ന വസ്തുതയിലേയ്ക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.ചരിത്രാതീത, ചരിത്ര കാലഘട്ടങ്ങൾ തമ്മിലുള്ള ഒരു കണ്ണിയായിട്ടാണ് എടക്കൽ ഗുഹകളെ നോക്കി കാണേണ്ടത്. സഹസ്രാബ്ദങ്ങളിലെ സാംസ്കാരിക പരിവർത്തനങ്ങളും ഇടപെടലുകളും, കല, ഭാഷ, സാമൂഹിക ഘടനകൾ എന്നിവയുടെ പരിണാമങ്ങളും മനസ്സിലാക്കാൻ ഈ സ്ഥലങ്ങൾ ഗവേഷകരെ സഹായിക്കുന്നു. ഭാവിതലമുറകൾക്കായി ഇന്ത്യയുടെ പുരാവസ്തു പൈതൃകം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അവ എടുത്തുകാണിക്കുന്നു. ചരിത്രപരമായ പുരാവസ്തുക്കൾ ചരിത്രാതീതകാലം മുതലുള്ള മനുഷ്യവികസനത്തെക്കുറിച്ച് ഉൾക്കാഴ്ച നേടുന്നതിന് അവ സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പുരാവസ്തു ഗവേഷകർക്കും, ചരിത്രകാരന്മാർക്കും, ഗവേഷകർക്കും ഗവേഷകർക്കും ഇനിയും ധാരാളം പഠന സാധ്യതകളും ഇവിടെ ഉണ്ട് എന്നതും വിസ്മരിക്കാൻ പാടില്ല.

ഉപസംഹാരം

എടക്കൽ ഗുഹാഭിത്തികളിലെ പുരാതന കൊത്തുപണികളിലും കൊത്തു പണികളിലും ആകൃഷ്ടനായ ഫോസെറ്റ് അവയെ ഒരു ചരിത്രാതീത നാഗരികതയുടെ അവശിഷ്ടങ്ങളായി തിരിച്ചറിഞ്ഞു. ഈ കണ്ടെത്തലുകൾ ഗുഹകളെ ഒരു പുരാവസ്തു സംവേദനമാക്കി മാറ്റുകയും പണ്ഡിതന്മാരെയും ചരിത്രകാരന്മാരെയും ആകർഷിക്കുകയും ചെയ്തു, ഇത് വിനോദ സഞ്ചാരികളുടെ ഒഴുക്കിന് കാരണമായി. എടക്കൽ ഗുഹ വയനാടിന്റെ മാത്രമല്ല, മുഴുവൻ കേരളത്തിന്റെയും മാനവവികസനത്തിന്റെ ചരിത്രസാക്ഷിയാണ്. പാറയിൽ കൊത്തിവെച്ച ആ ചിത്രങ്ങൾ, മനുഷ്യൻ തന്റെ കാലഘട്ടത്തെ രേഖപ്പെടുത്തിയ ആദ്യ ശ്രമങ്ങളാണ്. അത് നമ്മുടെ വേരുകളെയും സാംസ്കാരിക തുടർച്ചയെയും ഓർമിപ്പിക്കുന്ന ഒരു സ്മാരകം കൂടിയാണ്. ഗുഹകളിലെ ലിപികൾ മനുഷ്യൻ തന്റെ ചിന്തകളെ കല്ലിൽ കൊത്തിയ ആദ്യഭാഷകളാണ്. ഗുഹകളിലെ ലിപികൾ കാലാവസ്ഥാ വ്യതിയാനത്താൽ, വിനോദസഞ്ചാര രംഗത്തിലെ അനിയന്ത്രിത ഇടപെടലുകളാൽ നശിക്കുന്നതിന്റെ ഭീഷണിയിലുണ്ട്. അതിനാൽ Digital Documentation, 3D Scanning, Replica Preservation തുടങ്ങിയ ശാസ്ത്രീയ മാർഗങ്ങൾ സ്വീകരിക്കണം. ഭാവിതലമുറയ്ക്ക് ഈ ലിപികൾ മാനവമനസ്സിന്റെ ജീവിതയാത്രയുടെ തെളിവുകൾ ആയി നിലനിർത്തുന്നത് അത്യാവ ശ്യമാണ്. ഗുഹാ ചിത്രങ്ങൾ സംരക്ഷിക്കുന്നതിന്, കർശനമായ സംരക്ഷണ നിയമങ്ങൾ നടപ്പിലാക്കുകയും പൊതുജന അവബോധം വർദ്ധിപ്പിക്കുകയും ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. സർക്കാർ സ്ഥാപനങ്ങൾ, പുരാവസ്തു ഗവേഷകർ, പ്രാദേശിക സമൂഹങ്ങൾ എന്നിവ തമ്മിലുള്ള സഹകരണം സംരക്ഷണ നടപടികൾ വികസിപ്പിക്കാനും നിലനിർത്താനും സഹായിക്കും. ഡിജിറ്റൽ ഡോക്യുമെന്റേഷൻ, മോണിറ്ററിംഗ്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

സിസ്റ്റങ്ങൾ പോലുള്ള സാങ്കേതിക പരിഹാരങ്ങൾക്കും ഈ വിലയേറിയ സാംസ്കാരിക നിധികൾ സംരക്ഷിക്കുന്നതിൽ നിർണായക പങ്ക് വഹിക്കാൻ കഴിയും.

ഗ്രന്ഥസൂചി

1. മിത്ര, പഞ്ചാനൻ, ചരിത്രാതീത ഇന്ത്യ: ലോക സംസ്കാരങ്ങളിൽ അതിന്റെ സ്ഥാനം, കൊൽക്കത്ത സർവകലാശാല, കൊൽക്കത്ത ,1927.
2. Breuil, Henri., Four Hundred Centuries of Cave Art, Centre d'Etudes et de Documentation Prehistoriques Montignac, 1952.
3. Gombrich, Ernst Hans, Art and Illusion: A Study in the Psychology of Pictorial Representation, Pantheon Books, London. 1960.
4. Graziosi, Paolo, Paleolithic Art, Faber & Faber, London, 1960.

ആനുകാലികങ്ങൾ

1. കന്നിംഗ്ഹാം, എ., ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, 1872–73 വർഷത്തെ റിപ്പോർട്ട് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, കൽക്കട്ട, വാല്യം 5, പേജ് 105–108, 1875.
2. ഫോസെറ്റ്, എഫ്., വയനാട്ടിലെ എടക്കൽ ഗുഹകളിലെ ശിലാകൊത്തു പണികളെക്കുറിച്ചുള്ള കുറിപ്പുകൾ, ഇന്ത്യൻ ആന്റിക്വറി, 30, 409–421,1901.
3. ഗുരുക്കൾ, ആർ. ദക്ഷിണ പശ്ചിമഘട്ടത്തിലെ ചരിത്രാതീത ജീവിതം: ശിലാകലയെ വ്യാഖ്യാനിക്കുന്നു. ആദ്യകാല ദക്ഷിണേന്ത്യയിലെ സാമൂഹിക രൂപീകരണങ്ങളിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ഡൽഹി,പേജ്. 95–120, 2010.
4. നാദിൻ, മിഹായ്, ചരിത്രാതീതകാലത്തെ ചിത്രങ്ങളെക്കുറിച്ചുള്ള അവബോധം: ഒരു വൈജ്ഞാനിക പദ്ധതി, എമിയോട്ടിക്ക ,100 (2–4): 387–404, 1994.
5. രാജേന്ദ്രൻ, പി., കേരളത്തിലെ ഇന്ത്യൻ മെസോലിത്തിക്ക് സംസ്കാരത്തിന്റെയും ആദ്യകാല റോക്ക് ആർട്ടിന്റെയും ഒരു അവലോകനം,എം. ആർ. മന്മഥൻ (എഡിറ്റർ), കേരളത്തിലെ പുരാവസ്തുശാസ്ത്രം: ഭൂതകാലവും വർത്തമാനവും, ഫാറൂക്ക് കോളേജ് പബ്ലിക്കേഷൻ ഡിവിഷൻ, കോഴിക്കോട്,75–86, 2007.

About the researcher:
ഡോ. ബിന്ദു എ. സി.
അസിസ്റ്റന്റ് പ്രൊഫസർ
ബിഷപ്പ് എബ്രഹാം മെമ്മോറിയൽ കോളേജ്
തുരുത്തിക്കാട്, മല്ലപ്പള്ളി

Email: binmaria74@gmail.com
Mob: 7025983277

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0014

യാഥാർത്ഥ്യത്തിന്റെ നിഴൽച്ചിത്രങ്ങൾ
ആദ്യകാല മലയാളകഥകളിലെ ഭ്രമകല്പനകൾ

» **ജയകൃഷ്ണൻ ആർ. എം.**

പ്രബന്ധസംഗ്രഹം
മലയാളചെറുകഥയുടെ പ്രാരംഭഘട്ടത്തിലെ ആഖ്യാനപരമായ പരിണാമങ്ങളെ 'ഭ്രമകല്പന' എന്ന സവിശേഷതന്ത്രത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന പഠനമാണിത്. കേവലമായ സംഭവവിവരണങ്ങൾക്കപ്പുറം സാംസ്കാരികോത്പന്നം എന്ന നിലയിൽ കഥയെ സമീപിക്കുന്ന ഈ പ്രബന്ധം, യഥാതഥാവിഷ്കാരങ്ങളുടെ അതിപ്രസരമുണ്ടായിരുന്ന ആദ്യകാലത്ത് ഭാവനയുടെയും മിത്തിന്റെയും വിഭ്രമാത്മകതലങ്ങൾ എങ്ങനെ ആവിഷ്കരിക്കപ്പെട്ടു എന്ന് പരിശോധിക്കുന്നു. സെവെറ്റൻ ടോഡോറോവ് (Tzvetan Todorov), ജെറാർഡ് ജനറ്റ് (Gerard Genette) തുടങ്ങിയവരുടെ ആഖ്യാനസിദ്ധാന്തങ്ങളെ മുൻനിർത്തി, കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'ദ്വാരക', ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' എന്നീ കഥകളിലെ ഉത്തമപുരുഷ വീക്ഷണകോണും സ്വപ്നാത്മകമായ പശ്ചാത്തലസൃഷ്ടിയും ഇവിടെ ചർച്ചയാകുന്നു. ശാസ്ത്രീയമായ ആധുനികതയും പുരാണസ്മൃതികളും തമ്മിലുള്ള സാംസ്കാരിക വിനിമയമായി ഭ്രമകല്പനയെ അടയാളപ്പെടുത്തുന്നതിലൂടെ, മലയാളത്തിലെ പിൽക്കാല ആധുനികതയ്ക്ക് ആവശ്യമായ ഭാവുകത്വപരമായ അടിത്തറ ഈ ആദ്യകാല രചനകൾ എങ്ങനെ നിർമ്മിച്ചു എന്ന് ഈ പ്രബന്ധം സ്ഥാപിക്കുന്നു.

താക്കോൽവാക്കുകൾ:
സർഗ്ഗാത്മകത (Creativity), സംസ്കാരികോത്പന്നം (Cultural Product), ഭ്രമകല്പന (Fantasisation), പശ്ചാത്തല സൃഷ്ടി, സ്വപ്നാത്മകം, ഉത്തമപുരുഷവീക്ഷണകോൺ (First person Point of View).

....

മനുഷ്യാനുഭവങ്ങളുടെ സങ്കീർണ്ണതകളെ ഭാഷാപരമായ അടയാളപ്പെടുത്തലുകളിലൂടെ പുനരാവിഷ്കരിക്കുന്ന സർഗ്ഗാത്മക പ്രക്രിയയാണ് ആഖ്യാനം (Narrative). കേവലം സംഭവവിവരണങ്ങൾക്കപ്പുറം, സംസ്കാരത്തിന്റെയും കാലത്തിന്റെയും അടരുകളെ സംവഹിക്കുന്ന ഒരു 'സാംസ്കാരികോത്പന്നം' എന്ന നിലയിലാണ് ആധുനികപഠനങ്ങൾ ചെറുകഥയെ സമീപിക്കുന്നത്. നൂറ്റിയമ്പതോളം വർഷത്തെ ചരിത്രമുള്ള മലയാളചെറുകഥാസാഹിത്യം, അതിന്റെ പരിണാമദശകളിൽ രൂപപരമായ അനേകം പരീക്ഷണങ്ങൾക്ക് വിധേയമായിട്ടുണ്ട്. നാടോടിക്കഥകൾ, ഐതിഹ്യങ്ങൾ, ഗുണപാഠകഥകൾ തുടങ്ങിയ വാമൊഴി–വരമൊഴി പാരമ്പര്യങ്ങളിൽ നിന്ന് ആധുനികമായ ആഖ്യാന രീതികളിലേക്കുള്ള പരിവർത്തനം ഏറെ കൗതുകകരമാണ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ആദ്യകാല മലയാളചെറുകഥകൾ മിക്കവാറും യഥാതഥാവിഷ്കാരങ്ങളിലൂന്നിയ വിവരണാത്മക ശൈലിയാണ് പിന്തുടർന്നിരുന്നത് എങ്കിലും, ചില രചനകൾ ഭാവനയുടെ അതിരുകൾ ലംഘിക്കുന്ന 'ഭ്രമകല്പന' എന്ന സവിശേഷ ആഖ്യാനതന്ത്രത്തെ പരീക്ഷിച്ചിരുന്നു. സാഹിത്യ സിദ്ധാന്തമനുസരിച്ച് 'ഫാന്റസി' എന്നത് യാഥാർത്ഥ്യത്തിൽ നിന്നുള്ള വിടുതലല്ല, മറിച്ച് അബോധമനസ്സിലെ ആഗ്രഹങ്ങളെയും ഭീതികളെയും യുക്തിരഹിതമായ ദൃശ്യങ്ങളിലൂടെ ആവിഷ്കരിക്കുന്നരീതിയാണ്. മലയാളചെറുകഥയുടെ ചരിത്രപരമായ വികാസത്തെ കേവലം ഇതിവൃത്തപരമായ മാറ്റങ്ങളായല്ല, മറിച്ച് ആഖ്യാനപരമായ പരീക്ഷണങ്ങളുടെ തുടർച്ചയായാണ് വിലയിരുത്തേണ്ടത്. കഥപറച്ചിലിന്റെ പരമ്പരാഗത രീതികളിൽ നിന്ന് ആധുനികമായ ആഖ്യാനതന്ത്രങ്ങളിലേക്കുള്ള പരിണാമത്തിൽ 'ഭ്രമകല്പന' എന്ന സങ്കല്പം വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. യാഥാർത്ഥ്യത്തെ ലംഘിക്കുകയല്ല, മറിച്ച് യാഥാർത്ഥ്യത്തിന്റെ മറ്റൊരു തലം വെളിപ്പെടുത്തുകയാണ് ഭ്രമകല്പന ചെയ്യുന്നത്. കേവലമായ വിവരണാത്മകതയിൽ നിന്ന് ആത്മനിഷ്ഠമായ ആവിഷ്കാരങ്ങളിലേക്കുള്ള മലയാളകഥയുടെ മാറ്റം ഈ വിഭ്രമാത്മകശൈലികളിലൂടെയാണ് സാധ്യമായത്.

ആഖ്യാനം എന്നത് സംഭവങ്ങളുടെ ക്രമീകരണം മാത്രമല്ല, അത് ആഖ്യാതാവും വായനക്കാരനും തമ്മിലുള്ള ഒരു സാംസ്കാരിക വിനിമയം കൂടിയാണ്. ജെറാർഡ് ജനറ്റ്, റൊളാങ് ബാർത്ത് തുടങ്ങിയ ചിന്തകർ ആഖ്യാനത്തെ ഒരു ശാസ്ത്രമായി സമീപിച്ചിട്ടുണ്ട്. ഈ പ്രബന്ധം ചർച്ച ചെയ്യുന്ന 'ദ്വാരക', 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' എന്നീ കഥകളിൽ ഉത്തമപുരുഷ വീക്ഷണകോൺ (First-person perspective) സ്വീകരിച്ചിരിക്കുന്നത് ഭ്രമകല്പനയെ 'അനുഭവിച്ചറിഞ്ഞ സത്യമായി' മാറ്റാനാണ്. കഥ ആരുടെ കണ്ണിലൂടെ കാണുന്നു എന്നത് ആഖ്യാനത്തിന്റെ വിശ്വാസ്യതയെ നിർണ്ണയിക്കുന്നു. ഇവിടെ ആഖ്യാതാവ് ഒരു സാക്ഷിയായി മാറുന്നതിലൂടെ അവിശ്വസനീയമായ കാര്യങ്ങൾക്കും 'യഥാതഥാത്മകമായ' പരിവേഷം ലഭിക്കുന്നു.സാഹിത്യത്തിലെ ഭ്രമകല്പനയെക്കുറിച്ച് ഏറ്റവും ശ്രദ്ധേയമായ പഠനം നടത്തിയത് സെവെറ്റൻ ടോഡോറോവ് ആണ്. അദ്ദേഹത്തിന്റെ നിരീക്ഷണപ്രകാരം ഫാന്റസി എന്നത് അത്ഭുതം (The Marvelous), വിചിത്രം (The Uncanny) എന്നീ രണ്ട് അവസ്ഥകൾക്കിടയിലുള്ള ഒരു അനിശ്ചിതാവസ്ഥയാണ് (The Fantastic). വായനക്കാരൻ അത്ഭുതത്തിനും യുക്തിക്കും ഇടയിൽ നിൽക്കുന്ന ഈ നിമിഷമാണ് ഭ്രമകല്പനയുടെ കരുത്ത്. മലയാളത്തിലെ ആദ്യകാല ഫാന്റസി കഥകളിൽ ഈ അനിശ്ചിതാവസ്ഥ ആഖ്യാനത്തിന്റെ മനോഹാരിതയായി മാറുന്നു. മലയാളത്തിലെ ഭ്രമകല്പന പാശ്ചാത്യ സ്വാധീനത്തിൽ മാത്രം ഉണ്ടായ ഒന്നല്ല എന്നതും ശ്രദ്ധേയമാണ്. ഭാരതീയ ഇതിഹാസങ്ങളിലും പുരാണങ്ങളിലും ദശകുമാരചരിതം പോലെയുള്ള കഥകളിലും വിഭ്രമാത്മകമായ ആഖ്യാനങ്ങൾ സമൃദ്ധമാണ്.

മിത്തുകളെയും ഐതിഹ്യങ്ങളെയും ആധുനികചെറുകഥയുടെ ഘടനയിലേക്ക് പറിച്ചുനടാനാണ് ഇ.വി. കൃഷ്ണപിള്ളയെപ്പോലുള്ളവർ ശ്രമിച്ചത്. പൗരസ്ത്യമായ മിത്തോളജിയെ പാശ്ചാത്യ ആഖ്യാനരൂപങ്ങളുമായി സംയോജിപ്പിക്കുന്ന ഒരു ഹൈബ്രിഡ് ആഖ്യാനതന്ത്രമാണിത്. ഇത്തരത്തിൽ പൗരസ്ത്യമായ കഥാപാരമ്പര്യത്തെ പാശ്ചാത്യമായ ചെറുകഥാരൂപവുമായി സമന്വയിപ്പിക്കാനാണ് ആദ്യകാല കഥാകൃത്തുക്കൾ ഭ്രമകല്പനയിലൂടെ ശ്രമിച്ചത്. യഥാതഥാവിഷ്കാരങ്ങളുടെ (Realism) അതിപ്രസരമുണ്ടായിരുന്ന ആദ്യകാല മലയാളചെറുകഥാസാഹിത്യത്തിൽ, ആത്മനിഷ്ഠവും ഭാവനാത്മകവുമായ ആഖ്യാനങ്ങൾ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. പിൽക്കാലത്ത് മലയാളത്തിലുണ്ടായ ആധുനികതാപ്രസ്ഥാനത്തിന് ആവശ്യമായ ഭാവുകത്വപരമായ അടിത്തറ ഈ കഥകൾ നിർമ്മിച്ചു. കേവലം വിനോദത്തിനപ്പുറം, മനുഷ്യമനസ്സിന്റെ ഗഹനമായ തലങ്ങളെ ആവിഷ്കരിക്കാനുള്ള ഒരു ഉപാധിയായി ഭ്രമകല്പന മാറിയതെങ്ങനെയെന്ന് പരിശോധിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

മനുഷ്യർ ഭാഷയിലൂടെ ആശയവിനിമയം ചെയ്യുവാനാരംഭിച്ച കാലം മുതൽക്കുതന്നെ കഥകളുമുണ്ടായിട്ടുണ്ട്. ജീവിതാവിഷ്കാരമാണ് കഥ. ഏതെങ്കിലും തരത്തിലുള്ള അനുഭവത്തിന്റെയോ സങ്കല്പത്തിന്റെയോ സാന്നിദ്ധ്യം എല്ലാ കഥകളിലും ഉണ്ടായിരിക്കും. ഗോത്രജീവിതത്തിലെ വിശ്രമവേളകളാകും കഥ പറച്ചിലിന് ആദ്യം കിട്ടിയ അവസരങ്ങൾ. വാമൊഴിയിലൂടെ തലമുറകളായി കൈമാറിവന്ന പലതരം കഥകൾ സംസ്കാരവികാസത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ വരമൊഴിയിലേക്കും പകർന്നു. ഗദ്യരൂപത്തിലും പദ്യരൂപത്തിലും നാടൻമൊഴി മുതൽ ബൃഹത്തായ ഇതിഹാസം വരെയുള്ള എല്ലാ സർഗ്ഗാത്മക ആഖ്യാനരൂപങ്ങളിലും കഥകൾ വ്യാപിച്ചു. സംസ്കാരികോത്പന്നം എന്ന രീതിയിൽ കഥയ്ക്ക് ജീവിതത്തിൽ വലിയ പങ്കുണ്ട്. വളരെ ലളിതമായി, അനുക്രമമായ സംഭവവിവരണമാണ് കഥ എന്നു പറയാം. ആദ്യമാദ്യം ആഖ്യാനം ചെയ്യുന്ന സംഭവങ്ങളിലൂടെ ഒരു സവിശേഷസാഹചര്യത്തെയോ അതിൽ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

നിന്നുണ്ടാകുന്ന പ്രശ്നത്തെയോ അവതരിപ്പിക്കുകയും തുടർന്നുവരുന്ന സംഭവങ്ങളിലൂടെ ആ പ്രശ്നത്തിന് പരിഹാരം തേടുകയും ചെയ്യുന്നു. കഥ പുരോഗമിക്കുന്നതിനനുസൃതമായി ഇനിയെന്ത് എന്ന ആകാംക്ഷ അനുവാചകനിൽ ഉണരുന്നു. അതിന് പരിഹാരം നിർദ്ദേശിക്കുന്നതോടെ കഥ അവസാനിക്കുന്നു. ഇപ്രകാരത്തിലുള്ള സംഭവത്തുടർച്ച കഥയുടെ അടിസ്ഥാനഘടകമാണെന്ന് നിരീക്ഷിക്കാം.

ഇതര ഗദ്യസാഹിത്യശാഖകളെപ്പോലെ പാശ്ചാത്യസാഹിത്യവുമായുള്ള സമ്പർക്കത്തിൽ നിന്നുതന്നെയാണ് മലയാളചെറുകഥയുടെയും ഉത്ഭവമെന്നത് തർക്കമറ്റ വസ്തുതയാണ്. കേസരി വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, മൂർക്കോത്ത് കുമാരൻ, സി. എസ്. ഗോപാലപ്പണിക്കർ, അമ്പാടി നാരായണപ്പൊതുവാൾ, ഒട്ടവിൽ കുഞ്ഞികൃഷ്ണമേനോൻ, എം.ആർ.കെ.സി തുടങ്ങിയ ആദ്യകാല കഥാകൃത്തുകൾ ചെറുകഥയെ ആകർഷണീയവും ജനകീയവുമായ ഒരു സാഹിത്യരൂപമാക്കി.

മലയാളഗദ്യസാഹിത്യത്തിലെ വിപ്ലവമായാണ് 'വാസനാവികൃതി' വിലയിരുത്തപ്പെട്ടത്. മലയാളഭാഷയുടെ പരിമിതികളെപ്പോലും അതിജീവിച്ച് കഥയുടെ ആഖ്യാനത്തിനു പാകത്തിൽ ഭാഷയെ മെരുക്കിയെടുക്കുന്നതിൽ വേങ്ങയിൽ കുഞ്ഞിരാമൻനായനാർ വിജയിച്ചു. ആറുമാസത്തെ ജയിൽശിക്ഷ കഴിഞ്ഞ് മടങ്ങിയെത്തിയ കള്ളൻ സ്വയം പറയുന്ന രീതിയിലാണ് 'വാസനാവികൃതി'യുടെ ആഖ്യാനം. ഗുണപാഠകഥകളുടെ പാരമ്പര്യത്തിൽ നിന്നുള്ള ഈ വ്യതിയാനം ഏറെ ശ്രദ്ധിക്കപ്പെടുകയുണ്ടായി. നിലവിലുള്ള കഥപറച്ചിൽ രീതിയിൽ നിന്നും വിഭിന്നമാകുമ്പോൾത്തന്നെ ഭാവതലത്തിൽ അതിന്റെ ആന്തരികസവിശേഷതകളെ നിലനിർത്താനും 'വാസനാവികൃതി' ശ്രമിക്കുന്നുണ്ട്. നാടോടിക്കഥയുടെ ലാളിത്യവും ഗുണവും സൂചനകളും ഇതാണ് വ്യക്തമാക്കുന്നത്. സ്വപ്നാത്മകമായ ഘടനയും നാടകീയതയും കൊണ്ട് ശ്രദ്ധേയമാണ് വേങ്ങയിൽ കുഞ്ഞിരാമൻനായനാരുടെ മറ്റൊരു കഥയായ 'ദ്വാരക', മനശ്ശാസ്ത്രപരമായ ആഖ്യാനകൗശലത്തിന്റെ നിദർശനമായി ഈ കഥ വിലയിരുത്തപ്പെട്ടിട്ടുണ്ട്. "ഉയർന്ന സാങ്കേതികപരിജ്ഞാനം, ചരിത്ര പുരാണങ്ങളിലെ അവബോധം എന്നീ ഘടകങ്ങൾ കഥയെ ഉയർന്ന വിതാനത്തിലേക്കു നയിക്കുമ്പോൾ നീണ്ട വാക്യങ്ങളിലൂടെയുള്ള ആഖ്യാനം ആസ്വാദനത്തെ പരിമിതപ്പെടുത്തുന്നു" (ഡോ. വത്സലൻ വാതുശ്ശേരി, 2007: 28) എന്ന നിരീക്ഷണം ഇവിടെ അനുസ്മരിക്കാം. ഉത്തമപുരുഷസ്ഥാനത്തു നിന്നുകൊണ്ടുള്ള ആഖ്യാനം ഈ കഥയ്ക്ക് അനുഭവരസികത പകരുന്നുവെന്ന (ഡോ. രവികുമാർ കെ.എസ്, 1999:19) അഭിപ്രായവും ശ്രദ്ധേയമാണ്. സംഭാഷണത്തിലൂടെ ഒരു സംഭവം വിവരിക്കുന്ന രീതിയിൽ ആഖ്യാനം ചെയ്യുന്ന "മദിരാശിപ്പിത്തലാട്ടം' എന്ന കഥ സ്വാതന്ത്ര്യപൂർവ്വവർഷങ്ങളിലെ മരുമക്കത്തായ വ്യവസ്ഥിതിയുടെ തീക്ഷ്ണതയെ യാതൊരു വിധ അസ്വാഭാവികതയുമില്ലാതെ അവതരിപ്പിക്കുന്നു.

ഇംഗ്ലീഷിലെ ഡിറ്റക്റ്റീവ് രചനകൾ മലയാളത്തിലെ ആദ്യകാലകഥകളെ സ്വാധീനിച്ചിട്ടുണ്ടെന്നു കരുതാം. പരിണാമഗുപ്തിയെ യഥാവിധി ഗോപനം ചെയ്തു കൊണ്ടുപോകാനുള്ള മിടുക്ക് ഇതിലേക്ക് നിദർശനമായി ചൂണ്ടിക്കാട്ടാം (എന്റെ ആദ്യത്തെ ഫീസ്–അച്യുതമേനോൻ). ഇരുപതാം നൂറ്റാണ്ടിലെ ആദ്യപകുതി വ്യവഹാരങ്ങളാൽ സജീവമാക്കപ്പെട്ടവയായിരുന്നു. വ്യവഹാരകോലാഹലങ്ങളിൽ നിപുണരും നിഷ്ണാതരുമായിരുന്നു ആകാലത്തെ മിക്ക തറവാട്ടുകാരണവന്മാരും. കേസുകളുടെ ചുരുളുകളഴിയുന്ന 'ഒരു മരണപത്രം' (മൂർക്കോത്തു കുമാരൻ) എന്ന കഥ സംഭവബഹുലവും കോടതി രംഗങ്ങൾ ഉള്ളതുമായ ഒരു വ്യവഹാരലോകത്തിന്റെ ആഖ്യാനമാണ്. പരിണാമഗുപ്തി വെളിപ്പെടുത്തുന്ന ഘട്ടത്തിൽ ചടുലമായ സംഭാഷണത്തിലേക്ക് കഥയുടെ രൂപശില്പത്തെ വിന്യസിക്കുന്നതും ആഖ്യാനത്തിന്റെ പ്രത്യേകതയാണ്. ഒരു ചെറുകഥയെന്നതിനേക്കാൾ ആദർശാത്മകവും അത്ഭുതരസദ്യോതകവുമായ റൊമാൻസിനിണങ്ങുന്ന അസംഭാവ്യത നിറഞ്ഞ ഗതിപരിണാമങ്ങൾ കൊണ്ട് ശ്രദ്ധേയമാണ് ഒട്ടവിൽ കുഞ്ഞികൃഷ്ണമേനോന്റെ 'കല്യാണിക്കുട്ടി'. അതേ പോലെ ഡയറിയെഴുത്തിന്റെ മാതൃകയിൽ ആഖ്യാനത്തിന്റെ നൂതനരീതി ആവിഷ്കരിക്കുകയായിരുന്നു, എം.ആർ.കെ.സി. 'ചങ്കരൻ കോതകൈമളുടെ ഡയറി' എന്ന കഥയിലൂടെ.

ആദ്യകാലകഥകളുടെ ആഖ്യാനസവിശേഷതകളെ ഡോ.എ.എം.ശ്രീധരൻ ഇങ്ങനെ സംഗ്രഹിക്കുന്നു.

1. തീർത്തും വിവരണാത്മകമാണ് ഈ കഥകളെല്ലാം. അതുകൊണ്ട് ഇവയ്ക്ക് പാഠാന്തര സാദ്ധ്യതകളില്ല എന്ന് പറയാൻ സാധിക്കും.
2. ആഖ്യാനത്തിന്റെ പുതുമാതൃകകളാൽ പരീക്ഷണാത്മകമായിരുന്നു ഇവയെല്ലാം.

3. സംഭവബാഹുല്യവും സ്ഥലവർണ്ണനകളും ഇഴഞ്ഞ ആഖ്യാനവും പലപ്പോഴും ചെറുകഥയെന്ന മാധ്യമത്തോട് പൊരുത്തപ്പെടാത്തവയായിരുന്നു.
4. കഥയിലെ കഥാപാത്രമോ നിരീക്ഷകനോ ആഖ്യാതാവിന്റെ സ്ഥാനത്തു നിന്ന് കഥ പറയുന്ന രീതി ആധുനികരീതി പരീക്ഷിച്ചു കണ്ടു.
5. ഉത്തമപുരുഷന്റെ വീക്ഷണത്തിലുള്ള ആഖ്യാനവും ഈ കഥകളെ ആത്മാനുഭവസ്പർശികളാക്കി മാറ്റി. (ഡോ. ശ്രീധരൻ എം.എ., 2012:50)

ഭ്രമകല്പന കഥകളിൽ (Fantasisation)

ഭാവനാത്മകമായ പ്രപഞ്ചചിത്രീകരണം സാധ്യമാക്കുന്നതിനാണ് ഈ ആഖ്യാനസമ്പ്രദായം മുഖ്യമായും ഉപയോഗിക്കുന്നത്. കഥ നടക്കുന്നത് മറ്റൊരു ലോകത്താണെന്ന തോന്നൽ വായനക്കാരനിൽ ജനിപ്പിക്കുവാൻ ഈ രീതി സഹായകമാകുന്നു. ഇന്ത്യൻ ആഖ്യാനസമ്പ്രദായങ്ങളിൽ ഭ്രമകല്പനയ്ക്ക് വലിയ പ്രാധാന്യമുണ്ട്. മിത്തുകൾ, കെട്ടുകഥകൾ, യക്ഷിക്കഥകൾ, വേദം, പുരാണം എന്നിവയിൽ ഈ സമ്പ്രദായം വളരെ ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചു കാണാം. യഥാർത്ഥ ജീവിതവുമായോ സംഭവങ്ങളുമായോ ബന്ധമില്ലാത്ത കാര്യങ്ങളാണ് ഇത്തരത്തിൽ ആഖ്യാനം ചെയ്യപ്പെടുന്നത്. കഥാപാത്രങ്ങളും ഇത്തരത്തിൽ കല്പിതമായി സൃഷ്ടിക്കപ്പെട്ടവരായിരിക്കും.

'ദ്വാരക' സ്വപ്നാത്മകമായ ഭ്രമഭാവനയുടെ ആവിഷ്കാരമാണ്. "മനുഷ്യ മനസ്സിന്റെ അബോധ മേഖലകളിൽ വിലയം കൊണ്ടിരിക്കുന്ന ആഗ്രഹങ്ങളും ഭീതികളുമൊക്കെ വിഭ്രമദൃശ്യങ്ങളായി ഉയർന്നുവരും. അത്തരമൊരു അനുഭവത്തിന്റെ – ഒരു സ്വപ്നത്തിന്റെ – സ്വച്ഛന്ദമായ ആഖ്യാനമാണ് ഈ കഥ" (ഡോ. കെ. എസ്. രവികുമാർ, 1997:18) എന്ന് നിരീക്ഷിക്കുന്നുണ്ട്. ബിലാത്തിയിൽ നിന്ന് ബിരുദം നേടിയ കഥാ നായകൻ, എൻജിനീയറായ സായ്‌വിന്റെ കൂടെ ഏഡനിൽ നിന്നും ബോംബെയിലേക്ക് കമ്പിത്തപാൽ നടപ്പാക്കുന്നതിനുവേണ്ടി കടലിൽ കമ്പിയിടാൻ പോകുന്ന കപ്പലിൽ യാത്ര ചെയ്യുകയാണ്. ഇതിനിടയിൽ അറബിക്കടലിൽ വച്ച് കമ്പിയിടൽ തടസ്സമുണ്ടാവുകയും തുടർന്ന് കഥാനായകൻ ജല മജ്ജന കവചം ധരിച്ചു കടലിൽ മുങ്ങുന്നതും, പുരാണ പ്രസിദ്ധമായ ദ്വാരകാപുരിയിൽ ചെല്ലാനിടയായതുമായ സംഭവങ്ങളാണ് കഥയിലെ ഉള്ളടക്കം. കഥാനായകൻ, തന്റെ സുഹൃത്തായ മേനോൻ പറഞ്ഞുകേട്ട ബിലാത്തി വിശേഷങ്ങളും വിദ്യുച്ഛക്തിമാഹാത്മ്യവുമാണ് ഈ സ്വപ്നയാത്രയുടെ പ്രേരണയായിരുന്നതെന്ന് വിവരണാന്ത്യത്തിലാണ് വ്യക്തമാകുന്നത്. ഈ ഘട്ടം എത്തുന്നതുവരെ ഇത് വാസ്തവമാണെന്ന തോന്നൽ ജനിപ്പിക്കുന്ന രീതിയിൽ വളരെ മനോഹരമായാണ് കഥാഖ്യാനം നടത്തിയിരിക്കുന്നത്. കഥയിലെ മുഖ്യകഥാപാത്രമോ നിരീക്ഷകനോ ആഖ്യാതാവിന്റെ സ്ഥാനത്തു നിന്നുകൊണ്ട് കഥപറയുന്ന ഏറെക്കുറെ ആധുനികമായ രീതി 'ദ്വാരക'യിൽ വളരെ ഫലപ്രദമായി പ്രയോഗിച്ചിരിക്കുന്നു എന്നു തന്നെ പറയാം. ഭ്രമകല്പനയാണ് ആഖ്യാനത്തിന്റെ അടി സ്ഥാനമെങ്കിലും ഉത്തമപുരുഷസ്ഥാനത്തു നിന്നുകൊണ്ടുള്ള ആഖ്യാനരീതി കഥയ്ക്ക് അനുഭവരസികത നൽകി ആകർഷണീയമാക്കുന്നുണ്ട്. കഥാരംഭം മുതൽക്കു തന്നെ ഓരോ സംഭവങ്ങളും ഇഴയടുപ്പിച്ചു ചേർത്തുകൊണ്ടുള്ള ആഖ്യാനം കഥാശില്പത്തിന്റെ മികവുതന്നെയാണ് വെളിപ്പെടുത്തുന്നത്. ഏകാഗ്രമായ കഥാഗതിയും അനായാസമായ ആഖ്യാനവും കഥയെ മികവുറ്റതാക്കിയിട്ടുണ്ട്.

സിഗ്മണ്ട് ഫ്രോയിഡിന്റെ 'സ്വപ്ന വിശകലന' (Dream Interpretation) സിദ്ധാന്തപ്രകാരം, മനുഷ്യൻ ജാഗ്രതാവസ്ഥയിൽ ആർജ്ജിക്കുന്ന വിവരങ്ങളും അനുഭവങ്ങളും അബോധമനസ്സിൽ (Unconscious mind) വിഭ്രമദൃശ്യങ്ങളായി പുനർനിർമ്മിക്കപ്പെടാറുണ്ട്. 'ദ്വാരക'യിൽ ഈ പ്രക്രിയ വളരെ വ്യക്തമാണ്. കഥാനായകൻ തന്റെ സുഹൃത്തായ മേനോനിൽ നിന്ന് കേട്ട വിദേശ വിദ്യുച്ഛക്തി വിശേഷങ്ങളും ബിരുദപഠനകാലത്തെ അറിവുകളും പുരാണപ്രസിദ്ധമായ ദ്വാരകയുമായി ഇഴചേരുന്നതാണ് നാം ഇവിടെ കാണുന്നത്. ഇത് പത്തൊമ്പതാം നൂറ്റാണ്ടിലെ കൊളോണിയൽ ആധുനികതയെ സ്വന്തം സാംസ്കാരികബോധ്യങ്ങളിലൂടെ വ്യാഖ്യാനിക്കാനുള്ള മലയാളിയുടെ ബോധപൂർവ്വമല്ലാത്ത ശ്രമമായി വിലയിരുത്താം. ആധുനികശാസ്ത്രം നൽകുന്ന അത്ഭുതങ്ങളെ പഴയകാല പുരാണ അത്ഭുതങ്ങളുമായി തുലനം ചെയ്യുന്നതിലൂടെ ഭ്രമകല്പന ഇവിടെ ഒരു സാംസ്കാരിക സംവാദമായി മാറുന്നു.
ടോഡോറോവിന്റെ 'ഫന്റാസ്റ്റിക്' (The Fantastic) എന്ന സങ്കല്പം ഈ കഥയിൽ കൃത്യമായി പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. കടലിനടിയിലെ ദ്വാരകാനഗര വർണ്ണനകളിൽ വായനക്കാരൻ അനുഭവിക്കുന്ന അത്ഭുതം, കഥയുടെ അവസാനം അതൊരു സ്വപ്നമാണെന്ന് വെളിപ്പെടുത്തുന്നതോടെ 'വിചിത്രം' (The Uncanny) എന്ന അവസ്ഥയിലേക്ക് മാറുന്നു. അതായത്, അവിശ്വസനീയമെന്ന് തോന്നിയ കാര്യങ്ങൾക്ക്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കഥാകൃത്ത് ഒരു മനശ്ശാസ്ത്രപരമായ വിശദീകരണം (സ്വപ്നം) നൽകുന്നു. എങ്കിലും, ആ സ്വപ്നത്തിലൂടെ ആവിഷ്കരിക്കപ്പെട്ട വൈകാരികമായ തീവ്രത വായനക്കാരനിൽ ഭ്രമകല്പനയുടെ മാന്ത്രികത അവശേഷിപ്പിക്കുന്നു. ഉത്തമപുരുഷ സ്ഥാനത്തു നിന്നുകൊണ്ടുള്ള ആഖ്യാനം ഈ വിഭ്രമാത്മകമായ അനുഭവത്തെ കൂടുതൽ ആത്മനിഷ്ഠവും തീക്ഷ്ണവുമാക്കാൻ സഹായിക്കുന്നുണ്ട്.

ഭാഷാപരമായ തലത്തിൽ പരിശോധിക്കുമ്പോൾ, പാരമ്പര്യവും ആധുനികതയും തമ്മിലുള്ള സംഘർഷം ആഖ്യാനത്തിലുടനീളം കാണാം. പുരാണങ്ങളിലെയും മഹാകാവ്യങ്ങളിലെയും ശൈലികളെ അനുസ്മരിപ്പിക്കുന്ന രീതിയിലുള്ള വർണ്ണനകൾ കഥാകാരൻ ഉപയോഗിക്കുമ്പോൾ തന്നെ, ശാസ്ത്രസാങ്കേതികപദങ്ങളെ മലയാളത്തിലേക്ക് ആവാഹിക്കാനും അദ്ദേഹം ശ്രമിക്കുന്നു. "മഹാഭാരതം, ഭാഗവതം മുതലായ ഇതിഹാസപുരാണങ്ങൾ" പരാമർശിക്കപ്പെടുന്ന അതേ ശ്വാസത്തിൽ തന്നെ കൊളംബസിനെയും വാസ്കോ ഡി ഗാമയെയും കുറിച്ചുള്ള ചരിത്രപരമായ സൂചനകൾ കടന്നുവരുന്നത് ശ്രദ്ധേയമാണ്. ഇത്തരത്തിൽ ആഗോളചരിത്രത്തെയും പ്രാദേശികസ്മൃതികളെയും ഭ്രമകല്പനയുടെ നൂലിൽ കോർത്തെടുക്കുന്നതിലൂടെ കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ മലയാള ചെറുകഥയിൽ പുതിയൊരു ആഖ്യാനചക്രവാളം സൃഷ്ടിക്കുകയായിരുന്നു.

പരമ്പരാഗത കഥാഖ്യാനസമ്പ്രദായങ്ങളെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് സ്ഥലകാല വർണ്ണനകൾ കഥയിൽ നടത്തിയിരിക്കുന്നത്. "ഭാരതം, ഭാഗവതം മുതലായ ഇതിഹാസ പുരാണങ്ങളിലും, 'മാഘം' മുതലായ മഹാകാവ്യങ്ങളിലും, വളരെ വിസ്തരിച്ച വർണ്ണിച്ചതും വലിയ പുണ്യസ്ഥലവുമായ പണ്ടത്തെ ദ്വാരകയിലുള്ള മഹിമയേറിയ ഒരു രാജധാനിയിൽ ഇങ്ങിനെയെങ്കിലും ഒന്നു ചേർന്നു നിൽക്കാനായി സംഗതി വന്നതോർത്തു തത്കാലം എനിക്കുണ്ടായ പരിഭ്രമവും, സന്തോഷവും വിചാരിച്ചാൽ അമേരിക്ക രാജ്യം ആദ്യമായിക്കണ്ട കൊളംബസ് എന്ന നാമധേയത്തോട്ടു കൂടിയ ആ മഹാപുരുഷനാകട്ടെ, അഥവാ ഈ ഭാരതഖണ്ഡത്തിലേക്കു വരാൻ പുതുതായ മാർഗം കണ്ടു പിടിച്ച വാസ്കോ ഡി ഗാമയ്ക്കാവട്ടെ, അല്ലെങ്കിൽ അതിവിസ്തീർണ്ണമായ ശാന്തസമുദ്രം ഒന്നാമതായിക്കണ്ടപ്പോൾ പൈസാറേ എന്ന മഹാനാവട്ടെ ഉണ്ടായ സന്തോഷം എത്രയോ ശിഥിലമാണെന്നേ പറഞ്ഞുകൂട്ടൂ "(വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, 1997: 31). 'ദ്വാരക'യിലെ ഒരു കഥാഭാഗമാണ് മേല്കൊടുത്തിരിക്കുന്നത്. ആധുനിക ശാസ്ത്രവികാസവും ഭാവനയും മുഖ്യമായി കടന്നുവരുന്ന കഥയിൽ പാരമ്പര്യബോധത്തിന്റെ ശക്തമായ അടിത്തറയുണ്ടെന്നു പറഞ്ഞുവയ്ക്കുന്നുണ്ട് 'ദ്വാരക'. ഇന്ത്യൻ ആഖ്യാനങ്ങളിൽ വിശേഷിച്ചും നാടോടിക്കഥകൾ, യക്ഷിക്കഥകൾ, ഇതിഹാസം, പുരാണം തുടങ്ങിയവയിലെല്ലാം കാണപ്പെടുന്ന 'വിഭ്രമവത്കരണം' എന്ന ആഖ്യാനരീതി തന്നെയാണ് കഥാകാരൻ ഉപയോഗിച്ചിട്ടുള്ളതെന്നു കാണാം. ആത്മാനുഭവസ്പർശം കൊണ്ടുള്ള ആശയ സംവേദനീയത കഥയിലുടനീളം കാണാം. ഒരു കഥാഭാഗം ശ്രദ്ധിക്കാം; "ഞങ്ങൾ രണ്ടുപേരും കമ്പി പതുക്കെ പതുക്കെ പൊന്തിച്ച് ഏതാണ്ട് വെള്ളത്തിനു മീതെ എത്താറായപ്പോൾ അദ്ദേഹം മുൻപേ ഊഹിച്ചതുപോലെ തന്നെ, ദാ – ദാ – ദാ – മെല്ലെ – പോയി – പോയി – ദാ – ഛെ !എന്തിനു പറയുന്നു ! കഷ്ടം കമ്പി രണ്ടു കഷ്ണം! പോരെ ഗ്രഹപ്പിഴ !" (വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, 1997: 27). കഥ നേരിട്ടു കണ്ടനുഭവിക്കാൻ വായനക്കാരന് സാധിക്കുന്ന രീതിയിലാണ് കുഞ്ഞിരാമൻ നായനാർ കഥാശിൽപം തയ്യാറാക്കിയിട്ടുള്ളത്. കഥാന്ത്യത്തിൽ മാത്രമാണ് വായനക്കാരന് 'ദ്വാരക'യിലേക്കുള്ള യാത്ര സ്വപ്നമാണെന്ന തിരിച്ചറിവുണ്ടാകുന്നത്. ആ സ്വപ്നനഗരവർണ്ണനയും അതിലൂടെ പ്രകടിപ്പിക്കുന്ന അനുഭൂതിയുടെ നേർകാഴ്ചയും അത്രയധികം വായനക്കാരനെ സ്വാധീനിക്കുന്നുണ്ട്. സംഭാഷണങ്ങളും ചിന്തകളുമെല്ലാം കഥാഗതി പുരോഗമിക്കുമ്പോൾ കൂടെ ചേർത്തുതന്നെയാണ് പ്രയോഗിച്ചിട്ടുള്ളതെന്നു കാണാം. ഓരോ കഥാപാത്രത്തിനും വേണ്ടി സവിശേഷമായി ചിന്തകളോ സംഭാഷണങ്ങളോ നൽകിയിട്ടില്ല. വളരെ ആധുനികമായി കണ്ടുവരുന്ന സ്വഗതാഖ്യാനരീതി കഥയെ മുന്നോട്ടു കൊണ്ടുപോകുന്ന പ്രധാനപ്പെട്ട മറ്റൊരു ഘടകമാണ്. ഭാവത്തിനൊത്ത സാന്ദ്രമായ ഭാഷാശൈലിയാണ് കഥയിലുടനീളം പ്രയോഗിച്ചുകാണുന്നത്. ആദ്യകാലകഥകളിൽ തികച്ചും വ്യത്യസ്തമായ ആഖ്യാന ശൈലി കൊണ്ട് വേറിട്ടുനിൽക്കുന്ന ഒന്നുതന്നെയാണ് 'ദ്വാരക'.

'ദ്വാരക'യ്ക്കുശേഷം ഭ്രമകല്പനയിലൂടെ ആഖ്യാനം ചെയ്യപ്പെട്ട കഥയാണ് ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ'. 1927–ൽ പ്രസിദ്ധീകൃതമായ കഥ പറയുന്നത് ഗ്രന്ഥകാരനെയും അദ്ദേഹത്തിന് യാദൃച്ഛികമായി ലഭിച്ച ഒരു ഗന്ധർവ്വ സുഹൃത്തിനെയും പറ്റിയാണ്. ഉത്തമപുരുഷ സ്ഥാനത്തു നിന്നുതന്നെയാണ് കഥാഖ്യാനം

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

നടത്തിയിട്ടുള്ളത്. "വൃശ്ചിമാസത്തിലെ ഒരു രാത്രിയാണ്. നേരം പന്ത്രണ്ടു മണിക്കു മേലായി" (ഇ.വി.കൃഷ്ണപിള്ള, 1997: 200) എന്നു തുടങ്ങുന്ന കഥ ആരംഭത്തിൽത്തന്നെ സമയത്തിനും കാലത്തിനും നൽകുന്ന പ്രാധാന്യം വ്യക്തമാകുന്നതാണ്. ഐതിഹ്യത്തിലും മിത്തുകളിലും മാത്രം നമുക്ക് പരിചയമുള്ള പ്രണയലോലനായ ഗന്ധർവ്വൻ തന്നെയാണ് കഥയിൽ പ്രത്യക്ഷപ്പെടുന്നത്. ഗ്രന്ഥകാരനൊപ്പം താമസിക്കുന്ന ഗന്ധർവ്വൻ ലക്ഷ്മിക്കുട്ടി എന്ന സുന്ദരിയും നിർമ്മലയുമായ യുവതിയിൽ അനുരക്തനാവുകയും തുടർന്ന് യഥാസമയം ഭൂമിയിൽ നിന്നുപോകാൻ മടിച്ചുകൊണ്ടുതന്നെ ഇവിടെത്തന്നെ ചാരമായി അവശേഷിക്കുന്നതുമാണ് കഥയിലെ ഉള്ളടക്കം. കഥ ഒരു ഫാന്റസിയാണെങ്കിൽക്കൂടിയും യഥാർത്ഥജീവിതസ്പർശവും കഥയിൽ ഉള്ളടങ്ങുന്നതായി കാണാം. ഗ്രന്ഥകാരന് ആദ്യം തോന്നുന്ന സംശയങ്ങൾക്കു ശേഷം ഒരുറ്റ സുഹൃത്തിനോടെന്നപോലെയാണ് ഗന്ധർവ്വനോടും സംസാരിക്കുന്നത്. സംഭാഷണങ്ങൾക്കും വിശേഷിച്ചുള്ള ഏച്ചുകെട്ടലുകൾ ദൃശ്യമല്ല. വളരെ ലളിതവും തന്മയത്വമാർന്നതുമായ സംഭാഷണരീതിതന്നെയാണ് കഥയിലുടനീളം ഉള്ളത്. ആഖ്യാതാവിനൊപ്പം തന്നെ പ്രാധാന്യം കഥയിൽ പ്രത്യക്ഷത്തിൽ വരുന്ന മറ്റു രണ്ടു കഥാപാത്രങ്ങൾക്കും നല്കിയിരിക്കുന്നുമുണ്ട് എന്നതും ശ്ലാഘനീയമായ വസ്തുതയാണ്.

ഇ.വി. കൃഷ്ണപിള്ളയുടെ കഥകളിൽ പൊതുവെ കാണപ്പെടുന്ന പല സവിശേഷതകളും ഈ കഥയിലും ഉള്ളടങ്ങിയിരിക്കുന്നു. "ഇ.വി. ജീവിതയാഥാർത്ഥ്യങ്ങളുമായി കൂടുതൽ ബന്ധം പുലർത്തി; മാംസനിബന്ധമായ അനുരാഗം ഉപേക്ഷിച്ച് ദിവ്യപ്രേമത്തിന്റെ ഉജ്ജ്വലതയെയും നിസ്വാർത്ഥതയെയും ആവിഷ്കരിച്ചു. പശ്ചാത്തല സൃഷ്ടിയിലും പാത്രസൃഷ്ടിയിലും വസ്തുനിഷ്ഠത പുലർത്താൻ ശ്രമിച്ചു: ഋജുവും നിർമ്മലവുമായ ആഖ്യാനരീതി സ്വീകരിച്ചു" (ഡോ.ബഷീർ എം.എം., 2002: 135). വിഭ്രമാത്മകതയോടൊപ്പം തന്നെ യാഥാർത്ഥ്യവും കഥയിൽ ഉള്ളടങ്ങുന്നു. ആന്തരിക സ്വഗതോക്തിക്കും പ്രാധാന്യമുള്ള കഥയാണിത്. ആഖ്യാതാവിനൊപ്പം തന്നെ വൈകാരിക ചേഷ്ടകൾ പ്രകടിപ്പിക്കുന്ന കഥാപാത്രങ്ങളും കഥയുടെ പ്രത്യേകതയാണ്. സംഭവങ്ങൾ വെറുതെ അവതരിപ്പിക്കുക മാത്രമല്ല, തന്റെ ചിന്തകളിലൂടെ വിധിയെ വിശദീകരിക്കുക കൂടിയാണ് ഗ്രന്ഥകാരൻ ഇവിടെ ചെയ്യുന്നത്. ഭ്രമാത്മകത ഉള്ളടങ്ങുന്ന കഥയാണെങ്കിൽ കൂടിയും മറ്റൊരു ലോകത്തേക്ക് കഥ അനുവാചകനെ കൂട്ടിക്കൊണ്ടു പോകുന്നില്ല. അടുത്തത് എന്ത് സംഭവിക്കും എന്ന ജിജ്ഞാസ ഉണർത്തിക്കൊണ്ടുതന്നെയാണ് ആഖ്യാനം ചെയ്തിട്ടുള്ളതെന്നു കാണാം. കഥാപാത്രങ്ങളോട് നേരിട്ടു സംസാരിച്ചു കൊണ്ടുതന്നെ അവരുടെ വൈകാരിക ചിന്താമണ്ഡലങ്ങളെ നേരിട്ടു വെളിവാക്കുന്ന ആഖ്യാനരീതി വളരെ ആധുനികമാണെന്നു പറയാം. ഒരു കഥാഭാഗം ഇങ്ങനെയാണ് ;

"എന്താശ്ചര്യം ! കനകവീചികളുടെ നിരന്തര വിഹാരക്കളമായിരുന്ന ശചീനാ ഥന്റെ മുഖം ചാമ്പൽ പോലെ വിളറി, ശബ്ദം നിന്നു. അദ്ദേഹം പ്രാണവേദന കാട്ടിത്തുടങ്ങി. ഞാൻ ചാടി എഴുന്നേറ്റു വീഴാൻ പോയ എന്റെ ഗന്ധർവ്വസ്നേഹിതനെ പിടിച്ചു.
"അയ്യോ ! വിട്ടുവിൻ, വിട്ടുവിൻ, ഞാൻ നിങ്ങൾക്കൊന്നും തരുവാനില്ല. പിന്നെന്തിന് ഈ മരണസമയത്തെന്നെ പിടിക്കുന്നു ".
"ശചീനാഥാ ! സ്നേഹിതാ !"
"ഐ –ഹെന്റെ പേരല്ല –ആര്? "
"നിങ്ങൾ ചെമ്പകോട്ട് ലക്ഷ്മിക്കുട്ടിയെ ഓർക്കുന്നില്ലേ? "
"ആര്? ഹാര്? അറിയില്ല. ഞാൻ ചാവട്ടെ സുഖമായി ".
ശചീനാഥന്റെ ദേഹം പോലും കണ്ടില്ല, കുറെ ചാരം മാത്രം ആ മുറിയുടെ തറയിൽ ചിതറി ശേഷിച്ചു." (ഇ.വി. കൃഷ്ണപിള്ള , 1997: 204)

ഈ വിധം അവസാനിക്കുന്ന കൃതിയിൽ ഈ ഭാഗത്തും തുടക്കവും മാത്രമാണ് ശക്തമായ ഫാന്റസിയുടെ അംശമുള്ളത് വളരെ സ്വാഭാവികമായി മനുഷ്യനെപ്പോലെ തന്നെ ഇടപെടുന്ന ഗന്ധർവ്വനും അയാളുടെ പ്രണയബന്ധവുമെല്ലാം തന്നെ അനുവാചകനിൽ ഇത് യാഥാർത്ഥ്യമോ മിഥ്യയോ എന്ന സംശയം ജനിപ്പിക്കുന്നുണ്ട്. പിൽക്കാലത്തു മാധവിക്കുട്ടിയടക്കമുള്ള റൊമാന്റിക്, ഫാന്റസി കഥാകൃത്തുക്കൾ പിന്തുടർന്ന് ഇ.വി. കൃഷ്ണപിള്ള തുടങ്ങിവച്ച ഈ രീതി തന്നെയാണെന്നത് വ്യക്തമാണ്. പത്മരാജന്റെ 'പ്രതിമയും രാജകുമാരിയും' എന്ന നോവലും ഈ കഥയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് രചിക്കപ്പെട്ടതാണ്. ഇങ്ങനെ നോക്കുമ്പോൾ പല

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കാരണങ്ങൾകൊണ്ടും, ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' ആദ്യകാല മലയാളകഥകളുടെ പൊതുചട്ടക്കൂടിൽ നിന്നും വേറിട്ടു നിൽക്കുന്നതായി കാണാം.

മലയാള ചെറുകഥാ ചരിത്രത്തിൽ 'റൊമാന്റിക് ഫാന്റസി' (Romantic Fantasy) എന്ന ആഖ്യാന ശാഖയ്ക്ക് കരുത്തുറ്റ അടിത്തറ പാകിയ രചനയാണ് ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ'. മിത്തുകളെയും ഐതിഹ്യങ്ങളെയും ആധുനിക കാലത്തിന്റെ യുക്തിയുമായി കൂട്ടിയിണക്കുന്നതിൽ കഥാകൃത്ത് പുലർത്തിയ വൈഭവം ഈ കഥയെ വേറിട്ടു നിർത്തുന്നു. ആഖ്യാനശാസ്ത്രപരമായ വീക്ഷണത്തിൽ, അമാനുഷികനായ ഒരു ഗന്ധർവ്വനെ മർത്യരുടെ വൈകാരികതലത്തിലേക്ക് കൊണ്ടുവന്നു എന്നതാണ് ഈ കഥയുടെ ഏറ്റവും വലിയ സവിശേഷത. ഐതിഹ്യങ്ങളിൽ നാം കേട്ടുപരിചയിച്ച ഭീതിദമായ ഗന്ധർവ്വ സങ്കല്പത്തിന് പകരം, പ്രണയലോലനും വിനീതനുമായ ഒരു സ്നേഹിതനെയാണ് ഇവിടെ അവതരിപ്പിക്കുന്നത്. സൈദ്ധാന്തികമായി പരിശോധിക്കുമ്പോൾ, ഈ കഥയിൽ ഭ്രമകല്പന പ്രവർത്തിക്കുന്നത് ആന്തരികവും ബാഹ്യവുമായ രണ്ട് തലങ്ങളിലാണ്. ഒന്നാമതായി, കഥയുടെ പശ്ചാത്തലം സൃഷ്ടിക്കുന്നതിലെ അതീന്ദ്രിയ സ്വഭാവം. "വൃശ്ചികമാസത്തിലെ ഒരു രാത്രി" എന്ന തുടക്കം തന്നെ വായനക്കാരനെ ഒരു പ്രത്യേക മാനസികാവസ്ഥയിലേക്ക് നയിക്കുന്നു. രണ്ടാമതായി, വ്ലാദിമിർ പ്രോപ്പിന്റെ രൂപഭദ്രതാവാദ (Formalism) സിദ്ധാന്തമനുസരിച്ച്, അത്ഭുതകഥ കളിലെ കഥാപാത്രങ്ങൾ നിർവ്വഹിക്കുന്ന പ്രത്യേക ധർമ്മങ്ങൾ ഈ കഥയിലും കാണാം. എന്നാൽ ഇ.വി. കൃഷ്ണപിള്ള ആ പരമ്പരാഗത ചട്ടക്കൂടിനെ ഭേദിച്ചു കൊണ്ട് ഗന്ധർവ്വനെ ഒരു ശരാശരി മനുഷ്യനെപ്പോലെ ചിന്തിപ്പിക്കുകയും സംസാരിപ്പിക്കുകയും ചെയ്യുന്നു. ഇത് ഭ്രമകല്പനയ്ക്ക് ഒരുതരം 'ലൗകിക പരിവേഷം' നൽകുന്നു.

ടോഡോറോവിന്റെ സൈദ്ധാന്തിക ചട്ടക്കൂടിൽ 'വിചിത്രം' (The Uncanny), 'ഫന്റാസ്റ്റിക്' (The Fantastic) എന്നീ അവസ്ഥകൾ ഈ കഥയിൽ ഇഴചേർന്നു കിടക്കുന്നു. കഥയുടെ അന്ത്യത്തിൽ ഗന്ധർവ്വൻ ചാരമായി മാറുന്നത് വായനക്കാരനിൽ വലിയൊരു സന്ദേഹം അവശേഷിപ്പിക്കുന്നു. അതീന്ദ്രിയ ശക്തിയായ ഗന്ധർവ്വൻ തന്റെ പ്രണയത്തിനായി ഭൂമിയിൽ തങ്ങിയതും ഒടുവിൽ ചാരമായി മാറിയതും ആഖ്യാതാവ് തന്റെ ചിന്തകളിലൂടെ വിശദീകരിക്കുന്നത് ഒരു മനശ്ശാസ്ത്രപരമായ സത്യമായി വായനക്കാരൻ ഏറ്റെടുക്കുന്നു. ഇവിടെ ഭ്രമകല്പന എന്നത് യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല, മറിച്ച് പ്രണയം, വിരഹം, മരണം തുടങ്ങിയ സാർവ്വലൗകികസത്യങ്ങളെ കൂടുതൽ തീവ്രമായി അവതരിപ്പിക്കാനുള്ള ഒരു ഉപാധിയായി മാറുകയാണ് ചെയ്യുന്നത്.

ഉത്തമപുരുഷ ആഖ്യാനശൈലി ഈ കഥയ്ക്ക് നല്കുന്ന ആധികാരികത ശ്രദ്ധേയമാണ്. ആഖ്യാതാവ് ഗന്ധർവ്വനോട് നടത്തുന്ന സംഭാഷണങ്ങളും അവരുടെ ആത്മബന്ധവും വായനക്കാരനെ ഒരു വിഭ്രമ ലോകത്തേക്ക് തടസ്സമില്ലാതെ കൂട്ടിക്കൊണ്ടുപോകുന്നു. പിൽക്കാലത്ത് മലയാളത്തിലുണ്ടായ പത്മരാജന്റെയും മാധവിക്കുട്ടിയുടെയും കഥകളിലെ ഫാന്റസി സ്വഭാവത്തിന് ഈ കഥ വലിയൊരു പ്രചോദനമായിട്ടുണ്ട്. കേവലം അത്ഭുതരസം ജനിപ്പിക്കുക എന്നതിനപ്പുറം, മനുഷ്യജീവിതത്തിലെ വിധിയെയും നിസ്സഹായതയെയും ഭ്രമകല്പനയുടെ നൂലിൽ കോർത്തെടുക്കാൻ ഇ. വി. കൃഷ്ണപിള്ളയ്ക്ക് സാധിച്ചു. പാരമ്പര്യമായി മലയാളികൾക്കുണ്ടായിരുന്ന ഐതിഹ്യബോധത്തെ ആധുനികമായ ചെറുകഥാ ശില്പത്തിലേക്ക് പരിവർത്തനം ചെയ്ത രീതിയിലാണ് ഈ കഥയുടെ ആഖ്യാനപരമായ വിജയം നിലകൊള്ളുന്നത്.

ഉപസംഹാരം

മലയാള ചെറുകഥയുടെ ആവിർഭാവഘട്ടത്തിൽ ആഖ്യാനകല കൈവരിച്ച സവിശേഷമായ ഒരു ഭാവുകത്വപരിണാമത്തെയാണ് ഈ പ്രബന്ധം അടയാളപ്പെടുത്താൻ ശ്രമിച്ചത്. യഥാതഥാവിഷ്കാര ങ്ങളുടെ ലളിതമായ വിവരണരീതികളിൽ നിന്ന് ഭാവനയുടെ അതിരുകൾ ലംഘിക്കുന്ന 'ഭ്രമകല്പന' എന്ന ആഖ്യാനതന്ത്രം എങ്ങനെയാണ് ആദ്യകാലകഥകളിൽ വിപ്ലവകരമായി പ്രയോഗിക്കപ്പെട്ടതെന്ന് വിശകലനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കേസരി വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ 'ദ്വാരക', ഇ.വി. കൃഷ്ണപിള്ളയുടെ 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' എന്നീ കഥകൾ കേവലം അത്ഭുതരസം ജനിപ്പിക്കാനല്ല, മറിച്ച് മനുഷ്യ മനസ്സിന്റെ അബോധതലങ്ങളെയും സാംസ്കാരികമായ സംഘർഷങ്ങളെയും ആവിഷ്കരിക്കാനാണ് ഭ്രമകല്പനയെ ഉപയോഗിച്ചത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

സൈദ്ധാന്തികമായി പരിശോധിക്കുമ്പോൾ, ഈ കഥകളിലെല്ലാം ഉത്തമപുരുഷ വീക്ഷണകോണിൽ നിന്നുള്ള ആഖ്യാനം (First-person Narration) ഭ്രമകല്പനയ്ക്ക് വായനക്കാരനിൽ വലിയ തോതിലുള്ള വിശ്വാസ്യത നൽകുന്നുണ്ട്. സെവെറ്റൻ ടോഡോറോവ് നിരീക്ഷിച്ചതുപോലെ, അത്ഭുതത്തിനും യുക്തിക്കും ഇടയിലുള്ള ആ അനിശ്ചിതാവസ്ഥയാണ് ഈ കഥകളുടെ ആസ്വാദനത്തെ മനോഹരമാക്കുന്നത്. 'ദ്വാരക'യിൽ ശാസ്ത്രീയമായ ആധുനികതയും പുരാണസ്മൃതികളും തമ്മിലുള്ള സംവാദമാണ് നാം കാണുന്നതെങ്കിൽ, 'എന്റെ ഗന്ധർവ്വ സ്നേഹിതൻ' എന്ന കഥയിൽ ഐതിഹ്യങ്ങളിലെ അതിമാനുഷികതയെ ലൗകികമായ വൈകാരിക തലത്തിലേക്ക് ആനയിക്കുന്ന മാനുഷികവൽക്കരണമാണ് ദൃശ്യമാകുന്നത്. മലയാള ചെറുകഥയുടെ പിൽക്കാല വളർച്ചയിൽ ഈ ഭ്രമകല്പനകൾ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആധുനികതയുടെ കാലഘട്ടത്തിൽ ഒ.വി. വിജയനും പത്മരാജനും മാധവിക്കുട്ടിയും പിന്തുടർന്ന വിഭ്രമാത്മകമായ ആഖ്യാനശൈലിയുടെ ആദ്യകാല വിത്തുകൾ ഈ കഥകളിലുണ്ടായിരുന്നു എന്ന് നിസ്സംശയം പറയാം. കേവലം വിവരണാത്മകമായ കഥകളിൽ നിന്ന് സാന്ദ്രവും ചിന്തോദ്ദീപകവുമായ ആധുനിക കഥകളിലേക്കുള്ള പരിവർത്തനത്തിൽ ഒരു 'പാലം' ആയി ഭ്രമകല്പന എന്ന ആഖ്യാനതന്ത്രം വർത്തിച്ചു. ചുരുക്കത്തിൽ, മലയാള ചെറുകഥയുടെ ആഖ്യാനഭൂപടത്തിൽ ഭാവനയുടെയും മിത്തിന്റെയും ശാസ്ത്രത്തിന്റെയും പുതിയ ചക്രവാളങ്ങൾ തുറന്നിട്ടവയാണ് ഈ ആദ്യകാല ഫാന്റസി രചനകൾ.

ഗ്രന്ഥസൂചി

1. രവികുമാർ കെ. എസ്. (എഡി.), ആദ്യകാല കഥകൾ, കറന്റ് ബുക്സ്, കോട്ടയം, 1997.
2. രവികുമാർ കെ. എസ്., ചെറുകഥ വാക്കും വഴിയും, കറന്റ് ബുക്സ്, കോട്ടയം, 1999
3. ബഷീർ എം.എം. .ഡോ, മലയാള ചെറുകഥാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ,2002.
4. ശ്രീധരൻ എം. .എ ഡോ ., ആഖ്യാനം – കാലം – കഥ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2012.
5. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ് ,ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2007.
6. അപ്പൻ കെ. പി., കഥ: ആഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം, 1999.

About the researcher:
ജയകൃഷ്ണൻ ആർ. എം.
ഗവേഷകൻ
മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്
പാളയം, തിരുവനന്തപുരം

Email: rjayakrishnan16@gmail.com
Mob: 8075764580, 9496443233

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0015

ഉടൽരൂപങ്ങൾ ബൃന്ദയുടെ കവിതകളിൽ

» പാർവതികൃഷ്ണ പി. എൽ.

പ്രബന്ധസംഗ്രഹം

ഉത്തരാധുനികതയുടെ സവിശേഷതകളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്വതന്ത്രാവിഷ്കാരങ്ങൾ. കണ്ടതും കേട്ടതും അനുഭവങ്ങളും എല്ലാം തുറന്നെഴുതാനുള്ള ഒരു ഇടം ഉത്തരാധുനിക സാഹിത്യലോകം ഒരുക്കുന്നു. അവിടെ സൂക്ഷ്മവും സ്ഥൂലവും പ്രധാനവും അപ്രധാനവും എല്ലാം സർഗ്ഗസൃഷ്ടിയുടെ ഭാഗമാകുന്നു. എഴുത്തിലെ ഈ സ്വാതന്ത്ര്യം സ്ത്രീകളെ പുതിയ ഭാവുകത്വപരിണാമത്തിലേക്ക് നയിച്ചു. അവർ തങ്ങളുടെ ശരീരങ്ങളെ, സ്വത്വത്തെ തുറന്നാവിഷ്കരിക്കാൻ തുടങ്ങുകയും എഴുത്തിലൂടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുകയും, പ്രണയം, കുടുംബം, ദാമ്പത്യം, ഗാർഹികം, തൊഴിലിടം എന്നീ മേഖലകളിൽ അവരുടേതായ സ്വത്വപ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. അവർ തങ്ങളുടെ ആണിഷ്ടങ്ങളെ, ഉടൽ താത്പര്യങ്ങളെ വെളിപ്പെടുത്തുകയും ഇഷ്ടങ്ങളെ, ആഗ്രഹങ്ങളെ ഒളിപ്പിച്ചുവച്ച ഒരു കാലത്തുനിന്ന് ആകാശങ്ങളിലേക്ക് പറക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. പ്രണയത്തെ അവതരിപ്പിക്കാനും തന്റെ ഇഷ്ടങ്ങളെ അറിയിക്കാനും ഒപ്പം സ്ത്രീ സ്വത്വനിർമ്മിതിയിൽ നിലയുറപ്പിച്ചുകൊണ്ട് സ്വത്വപ്രതിസന്ധികളെ പ്രതിരോധിക്കാനും പുതുകവിതകൾ മുന്നോട്ട് വരുന്നു. സ്ത്രീ, ശരീരം മാത്രമാണെന്ന നിലപാടുകളെ എതിർക്കുകയും പുരുഷനെഴുതിയ സാഹിത്യത്തിലെ സ്ത്രീ ശരീരത്തിൽ നിന്നും വ്യത്യസ്തമായി സ്ത്രീ തന്നെ ശരീരമെഴുത്തിന്റെ പുതിയ ശൈലി രൂപപ്പെടുത്തി എന്നത് പുതുകവിതയുടെ ഒരു സവിശേഷതയാണ്. പ്രണയത്തിന്റെയും പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും ചിഹ്നമായും ഉടൽ പുതുകവിതയിൽ പ്രത്യക്ഷപ്പെടുന്നു. ബൃന്ദയുടെ ലിപ് ലോക്ക്, മുന്തിരിക്കടൽ, കടലുമ്മ, പ്രണയജാലകം എന്നീ തെരഞ്ഞെടുത്ത സമാഹാരങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പ്രബന്ധരചന നടത്തുന്നത്.

താക്കോൽ വാക്കുകൾ:
ഉത്തരാധുനികത, ഉടൽ, ഇടം, സ്വത്വം, ആവിഷ്കാരമാതൃകകൾ

....

ആമുഖം

മാറുന്ന സൗന്ദര്യബോധത്തെയും ഭാവുകത്വത്തെയും അടയാളപ്പെടുത്തിക്കൊണ്ട് പുതുകവിത സമകാലീനമാകുന്നു. പ്രകൃതി, ലിംഗം, വർണ്ണം, വംശം, തുടങ്ങിയവയുമായി ബന്ധപ്പെട്ട് ആൺകോയ്മകളെ പ്രതിരോധിക്കാൻ ഉത്തരാധുനിക മലയാളകവിതകളിലെ സ്ത്രീസ്വത്വം തയ്യാറാവുന്നു. പുരുഷാധിപത്യസങ്കൽപങ്ങൾക്ക് അഭിമുഖമായാണ് ശരീരത്തെക്കുറിച്ചുള്ള സ്ത്രീയെഴുത്ത് രൂപപ്പെടുന്നത്. ശരീരം സ്വാഭാവികമായ ആവിഷ്കാരത്തെക്കാൾ പ്രതിരോധമായി കവിതകളിൽ കടന്നുവരുന്നു. സ്ത്രീയനുഭവങ്ങളുടെ സത്യസന്ധമായ ആവിഷ്കാരത്തിലൂടെ സ്ത്രീസ്വത്വപ്രതിസന്ധികളെയും ചൂഷണ മനോഭാവങ്ങളെയും അവ അടയാളപ്പെടുത്തുന്നു. പൊതുവെ പെൺരചനകളിലെ ശരീരം ആലങ്കാരികമായി പറഞ്ഞാൽ ഒരു പടയോട്ടഭൂമിയാണ്. പരസ്പരം എതിരിടുകയും പോർവിളിക്കുകയും പാഞ്ഞടുക്കുകയും മാന്തിക്കീറുകയും മുറിവേൽപ്പിക്കുകയും ചെയ്യുന്ന ഒരു യുദ്ധക്കളം തന്നെയായി ശരീരമെഴുത്ത് മാറിയിട്ടുണ്ട് (ഉഷാകുമാരി, ജി. 2016:33).

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

പുരുഷാധിപത്യ സാമൂഹികക്രമത്തിൽ, സ്ത്രീയുടെ ഉടമസ്ഥാവകാശം പുരുഷനാവുകയും ആഗോള മുതലാളിത്ത വിപണനയിടങ്ങളിൽ സ്ത്രീകളെ വില്പനച്ചരക്കുകൾ ആക്കി മാറ്റുകയും ചെയ്യുന്ന സംസ്കാരങ്ങളെ കവിത ചോദ്യംചെയ്യുന്നു. വീട്, കുടുംബം, പാതിവ്രത്യം, കന്യകാത്വം, അമ്മ തുടങ്ങിയ മൂല്യങ്ങൾ സ്ത്രീകളിൽ അടിച്ചേൽപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളെ അളക്കുകയും ചെയ്യുന്നു. സ്ത്രീ, ശരീരം മാത്രമാണെന്നും ശരീരമാണ് അളവുകോൽ എന്നുമുള്ള ചിന്തകളിൽനിന്നും പുതുകവിത ഒരുപാട് ദൂരം സഞ്ചരിച്ചു കഴിഞ്ഞു. അവളുടെ ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും അഭിരുചികളെയും പൂർത്തീകരിക്കുന്ന ഇടമായി ശരീരമെഴുത്ത് കടന്നുവരുന്നു. ഇത്തരത്തിൽ വ്യത്യസ്തഭാവങ്ങളിൽ കവിതകളിൽ ഉടൽവിചാരങ്ങൾ പ്രത്യക്ഷപ്പെടുന്നു. പെണ്ണെഴുത്ത് മെയ്യെഴുത്തുകൂടിയാണെന്നും സ്ത്രീ തന്റെ ശാരീരികാനുഭവംകൊണ്ട് പിതൃപ്രധാനമായ പ്രതീകവ്യവഹാരങ്ങളെ വെല്ലുവിളിക്കുന്നുവെന്നും പാശ്ചാത്യ ഫെമിനിസ്റ്റ് നിരൂപകർ അഭിപ്രായപ്പെടുന്നു (രാമകൃഷ്ണൻ, ഇ. വി, 1994:22).

ശരീരവുമായി ബന്ധപ്പെട്ടുള്ള എല്ലാ വിലക്കുകളെയും പൊട്ടിച്ചെറിഞ്ഞുകൊണ്ടാണ് സ്ത്രീകൾ എഴുത്തിലേക്ക് പ്രവേശിക്കുന്നത്. നിലവിലുള്ള പ്രണയസങ്കൽപ്പങ്ങളെ തിരുത്തികൊണ്ടുള്ള പ്രണയാവതരണരീതി പുതുകാലസ്ത്രീകവിതകളെ കർതൃത്വസ്ഥാനത്തേക്ക് എത്തിക്കുന്നു. ഞാൻ പുരുഷനും, നീ സ്ത്രീയുമെന്ന വ്യവസ്ഥാപിത കാഴ്ചപ്പാടിൽ നിന്നും ഞാൻ സ്ത്രീയായി പരിണമിക്കുന്ന ഭാവുകത്വ സവിശേഷത പുതുസ്ത്രീകവിതകളിൽ ഉണ്ടായി. പരമ്പരാഗതമായി ഉപയോഗിക്കുന്ന പ്രണയഭാഷകൾ, ഉടലവതരണങ്ങൾ, പ്രമേയം, ആഖ്യാനം എല്ലാം വളരെയധികം വ്യത്യാസപ്പെട്ടു. ഏറ്റവും ഉന്മത്തമായ ഒരു പ്രണയത്തെ ബൃന്ദ അവതരിപ്പിക്കുന്നുണ്ട്. 'ഇല കാണാതെ പൂത്തുലഞ്ഞ്, ലിപ് ലോക്ക്, പ്രണയജാലകം, മുന്തിരിക്കടൽ, കടലുമ്മ' തുടങ്ങിയ കവിതാസമാഹാരങ്ങളെ പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നു.

ശരീരം മോഹനമായ കവിതയാകുന്നത് പ്രണയത്തിൽ മാത്രമാണ് (ബൃന്ദ, 2002:34).പ്രണയം തിരിച്ചറിഞ്ഞ, പ്രണയത്തെ ആവാഹിച്ച ഒരു ശരീരത്തെ ബൃന്ദയുടെ കവിതകളിൽ കാണാം.

"അവന്റെ മേനിയിൽ
പ്രണയച്ചൂട്
അവനെ ഓർക്കുമ്പോഴൊക്കെ
എന്റെ തണുപ്പു തുടുത്തമേനി
വിശന്ന ചെന്നായയെപ്പോലെ
ചുട്ടുപൊള്ളി"(ബൃന്ദ, 2022:32)

മാംസനിബദ്ധമായ, ശരീരാധിഷ്ഠിതമായ പ്രണയസങ്കല്പമാണ് ഈ കവിത. സർവ്വം സമർപ്പിതമെന്നതിൽനിന്നും വന്യമായ ഉടലാവിഷ്കാരത്തിലേക്ക് ആഖ്യാനം മാറുന്നത് കാണാം.

"ദാഹിക്കുന്നു
പെൺ സിംഹം പോലെ
ഞാൻ നിന്നെ
ആർത്തിയോടെ
കുടിക്കുന്നു" (ബൃന്ദ, 2022:35)

പ്രണയത്തിന്റെ മൃദുലവികാരങ്ങളെ മായ്ച്ചു കളയുന്ന ബൃന്ദയുടെ കവിതയാണ് 'തുണി'.
"നിന്നെ ഞാനെടുത്തങ്ങ്
ഉടുക്കട്ടെ?
കാമാക്രന്ദനത്തോടെ
അവൻ മുരണ്ടു
അപ്പോൾ അവൾ
വെറുമൊരു തുണിയായി" (ബൃന്ദ, 2009:39)

വന്യമായ പ്രണയാവതരണങ്ങൾക്കിടയിൽ ഉടൽ പ്രധാനപ്പെട്ട ബിംബമായി കടന്നുവരുന്നു. വിധേയത്വത്തിന്റെയും അധികാരത്തിന്റെയും അടിമത്തത്തിന്റെയും പ്രതീകമായി ഉടൽ അവതരിപ്പിക്കപ്പെടുന്നു. എല്ലാ തണുപ്പുകളെയും വിഴുങ്ങുന്ന ചൂടുള്ള ചിറകായും വിരിഞ്ഞ മാറിടവും ബലിഷ്ഠമായ ദന്തനിരകളും വിരിഞ്ഞ കൈകളുംകൊണ്ട് സ്ത്രീ തന്റെ പ്രണയം പ്രകടിപ്പിക്കുന്നു. 'ഉടുക്കട്ടെ?' എന്ന പ്രയോഗത്തിലൂടെ വെറുമൊരു തുണിയായി പെണ്ണു മാറുന്നു. ഉപയോഗശൂന്യമായി, വലിച്ചെറിയപ്പെടുന്ന തുണിയായി പെൺശരീരം മാറുന്ന ചൂഷണത്തിന്റെ പ്രതീകമായി കവിത മാറുന്നു. മാംസനിബദ്ധമല്ല രാഗം എന്ന് ബൃന്ദ വിളിച്ചുകൂവുന്നില്ല. മനോശരീരത്യാഗാവസ്ഥയാണ് ബൃന്ദയ്ക്ക് പ്രണയം. മുങ്ങിയും നിവർന്നും തുഴഞ്ഞും ഉറഞ്ഞും ഉറങ്ങിയും ഒടുക്കം എത്തിച്ചേരുന്ന ഒരു അജ്ഞാത ഭൂമിയാകുന്നു പ്രണയം. കവിതയിൽ ഇനി തുറന്നിടാത്ത മേനിയിടങ്ങളില്ല. പാപരഹിതമായ നിയമസ്പർശ്യങ്ങളില്ലാത്ത സ്വതന്ത്ര രതിമയം (ബൃന്ദ, 2020:16).

പ്രണയം പറയുന്നതിലൂടെ താങ്കൾ വെറും ശരീരമല്ലെന്നും ആനന്ദ മധുരങ്ങൾ എന്നും കവി പറയുന്നു (ബൃന്ദ, 2020:40). ശരീരത്തിന്റെ രതിയും ആത്മരതിയും ചേർന്നുള്ള പ്രണയാവിഷ്കാരം കവിതകളിൽ കടന്നുവരുന്നുണ്ട് (Kamaladas, 1973:54)1 സ്വത്വപ്രഖ്യാപനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കേന്ദ്രമായി ഉടൽരൂപങ്ങൾ മാറുന്നു. വെറും ശരീരം മാത്രമായി സ്ത്രീയെ കണ്ടിരുന്ന ഒരു സമൂഹത്തിനുമുന്നിൽ തലച്ചോറുള്ള, ചിന്തിക്കുന്ന, വികാരവിചാരങ്ങൾ ഉള്ള ഒരു സ്ത്രീ വ്യക്തിത്വത്തെ അവഗണിക്കാനാവാത്തവിധം അവർ പിടിച്ചുനിർത്തി. നിങ്ങൾ സങ്കൽപ്പിക്കുന്ന സ്ത്രീയല്ല ശരിയായ സ്ത്രീ എന്നാണ് ഷിന്ദേ പ്രഖ്യാപിച്ചത് (മാനസി, 2019:13).

"പ്രണയം ഹൃദയത്തിന്റെ സദാചാരമാണ്
ചുംബനങ്ങളുടെ സ്വാതന്ത്ര്യമാണ്
ശരീരങ്ങളുടെ പുഴയാണ് " (ബൃന്ദ, 2014:43).

ശരീരം ഇവിടെ അസ്ഥിരമാകുന്നു. പ്രണയം നിറഞ്ഞ ഉടൽ ആനന്ദത്തിലേക്കുള്ള വാതിലാണ്. രതിയുടെ ധ്യാനോദ്യാനങ്ങൾ തീർത്ത് ശരീരത്തെ അലങ്കരിക്കാം. ആത്മാവിന്റെ തീർത്ഥഘട്ടങ്ങളിൽ മുങ്ങിനിവരാം. ഉള്ളിനെ സ്വതന്ത്രമാക്കിക്കൊണ്ടുള്ള ഉടലിന്റെ ധ്യാനമാണ് രതി (ബൃന്ദ, 2014:9). പുരുഷ വചനങ്ങളിൽ, എഴുത്തിൽ രൂപപ്പെട്ട സ്ത്രീ ശരീരത്തെ മോചിപ്പിക്കാൻ പുതുകാല പെണ്ണെഴുത്തുകൾക്ക് സാധിക്കുന്നുണ്ട്.

"നീ എന്റെ വസ്ത്രമായീടുക
ഒരു സ്ത്രീക്ക്
ഏറ്റവും പ്രിയപ്പെട്ട വസ്ത്രം
പുരുഷന്റെ നഗ്നതയാണ് " (ബൃന്ദ, 2014:47)

സ്ത്രീ സ്വാതന്ത്ര്യങ്ങളെ ഹനിക്കുന്ന ഒരു കുരുക്കായിട്ടാണ് ശരീരം എല്ലായിപ്പോഴും നിലകൊണ്ടിരുന്നത്. കുടുംബത്തിനുള്ളിൽ കാത്തുസംരക്ഷിക്കേണ്ട ഒന്നായി സ്ത്രീശരീരത്തെ മൂല്യവൽക്കരിക്കുമ്പോൾ വിപണന വസ്തുവായും ശരീരം അധഃപതിക്കുന്നു. പുകഴ്ത്തലുകൾക്കും ഇകഴ്ത്തലുകൾക്കും ഒരുപോലെ കവിതകളിൽ ശരീരത്തിന് പ്രാധാന്യമുണ്ടായിരുന്നു. എന്നാൽ, പുറത്തു കടക്കലിന്റെ, സ്വാതന്ത്ര്യം പ്രഖ്യാപിക്കലിന്റെ മൂർത്തമായ അടയാളമായി ഉടലെഴുത്തുകൾ മാറുന്നു (ഉഷാകുമാരി, ജി. 2016:75). ശരീരം കാടായും മരമായും കാടിന്റെ വന്യതയെ ഉൾക്കൊള്ളാൻ പാകത്തിനുള്ള ഒരു ശക്തിയായും മാറുന്നു.

സമൂഹമാധ്യമങ്ങളിൽ നിറയുന്ന പെൺശരീരങ്ങൾ, പെണ്ണുടലിനെ ഉപയോഗിക്കുന്ന വിപണനതന്ത്രത്തെ അടയാളപ്പെടുത്തുന്നു.

"ഉടൽ
ഒരു മഹാനഗരിയാണ്
ചുംബനം ഒരു രഥമാണ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

യാത്ര ചെയ്യുക –
രാത്രിയിൽ,
ആരും കാണാതെ
മഞ്ഞുതുള്ളികൾ
പതിക്കുന്നതു പോലെ
ഉടൽരഹസ്യങ്ങളെ അന്വേഷിക്കുക" (ബൃന്ദ, 2014:50).

ആത്മാവിനെ മറയ്ക്കുന്ന വസ്ത്രമാണ് ഇവിടെ ഉടൽ. ബിംബങ്ങളിലൂടെ അമൂർത്തമായി ശരീരത്തെ ധ്വനിപ്പിക്കുകയല്ല ഇവിടെ ചെയ്യുന്നത് (രാജലക്ഷ്മി (എഡി.), 2017:197)2. വളരെ പ്രത്യക്ഷമായി ഉടലിനെ ആവിഷ്കരിക്കുകയാണ്,
"ഞാൻ നിന്നെ
കോരിയെടുക്കട്ടെ
ഉടലുകളിൽ
കിണറുകൾ പൂത്തു" (ബൃന്ദ, 2014:54).

ചുരുക്കത്തിൽ വിപണിയിലെ ചെത്തിമിനുക്കിയ ഉടൽവടിവുകളുടെ നേരും നുണയും ചതിയും വെളിപ്പെടുത്തിക്കാട്ടാനെന്നപോലെ പെണ്ണുടലുകൾ പുതുകവിതകളിൽ അധികമധികം നിറയുകയാണ് (ഉഷാകുമാരി, ജി. 2016:41) എന്ന് ഉറപ്പിച്ചു പറയാനാവും.

ഉപസംഹാരം

പുതിയ ഭാവുകത്വത്തെ ഉൾക്കൊള്ളുന്ന ഉത്തരാധുനികത കവിതയിലും വലിയ വിപ്ലവം സൃഷ്ടിച്ചു. എഴുത്തുകാരി എന്ന നിലയിൽ സ്ത്രീ നേരിടുന്ന സാമൂഹികവും കുടുംബാധിഷ്ഠിതവുമായ പ്രശ്നങ്ങൾ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. തുറന്നാവിഷ്കാരങ്ങളുടെ പുതിയതലം സ്ത്രീയെ സ്വാതന്ത്ര്യത്തിലേക്കും സ്വത്വപ്രഖ്യാപനത്തിലേക്കും നയിച്ചു. അതിലൂടെ ശരീരത്തിനും മനസ്സിനും സ്ത്രീകൾ സ്വാതന്ത്ര്യപ്രഖ്യാപനം നടത്തി. സ്ത്രീജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങൾ കവിതയിൽ ഇടംപിടിച്ചു. ആൺബോധം നിർമ്മിച്ച പൊതുബോധത്തിൽ നിന്നും പുറത്തുകടക്കാൻ പുതുകവിതകൾക്കായി എന്നത് എടുത്തു പറയേണ്ട ഒന്നാണ്. ശരീരം ഒരേസമയം വീഞ്ഞായും അഗ്നിയായും കടലായും പുഴയായും വ്യത്യസ്ത അനുഭവങ്ങളിൽ ചിത്രീകരിച്ചിരിക്കുന്നു.

കുറിപ്പുകൾ

1. You called me wife,
I was taught to break saccharine into your tea and
To offer at the right moment the vitamins,
Cowering beneath your monsters ego, I ate
The magic Loaf and became a dwarf.
I lost my will and reason...
2. The women is not the space you can pollute by spitting of the poisonous smoke of your lust. Neither is her body to be treated as a depository for the toxin of last that you defecate. Worship the women meditate upon her, love her and only upon her silent approval, dissolve in her.

ഗ്രന്ഥസൂചി

1. ഉഷാകുമാരി ജി., വയലറ്റുനാവിലെ പാട്ടുകൾ, സൈകതം ബുക്സ്, കോതമംഗലം, 2016.
2. ബൃന്ദ, പ്രണയജാലകം, സൈന്ധവ ബുക്സ്, കൊല്ലം, 2009.
3. ബൃന്ദ, ലിപ് ലോക്ക്, നാഷണൽ ബുക്ക് സ്റ്റാൾ, തിരുവനന്തപുരം, 2014.
4. ബൃന്ദ, മുന്തിരിക്കടൽ, സുജിലി പബ്ലിക്കേഷൻസ്, കൊല്ലം, 2020.

5. ബൃന്ദ, ഇല കാണാതെ പൂത്തുലഞ്ഞ്, എസ്. ടി. വി പബ്ലിക്കേഷൻസ്, കാസർഗോഡ്, 2022.
6. രാജലക്ഷ്മി (എഡി.), പ്രണയം, രതി, ധ്യാനം മൂന്നാം കണ്ണിലെ കാഴ്ചകൾ, നാഷണൽ ബുക്സ്, കോട്ടയം, 2017.

ആനുകാലികങ്ങൾ

1. മാനസി, താരാബായ് തെളിച്ച പെൺപഥങ്ങൾ, മാതൃഭൂമി ആഴ്ച്ചപ്പതിപ്പ്, പുസ്തകം 96 ലക്കം 52, 2019.

About the researcher:
പാർവതികൃഷ്ണ പി. എൽ.
അതിഥി അധ്യാപിക
എസ്. എൻ. കോളേജ്, വർക്കല

Email: parvathikrishnapl@gmail.com
Mob: 9746898043

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0016

മലയാള ചലച്ചിത്രങ്ങളിലെ ഗാനപുനരാവിഷ്കാര വൈവിധ്യങ്ങൾ

നീഷ്മ വി. പി.

പ്രബന്ധസാസംഗ്രഹം

സാഹിത്യ-സാഹിത്യേതര കലകളിലെല്ലാം എല്ലാ കാലത്തും പുനരാവിഷ്കാരങ്ങൾ ഉണ്ടായിട്ടുണ്ട്. പല സാഹിത്യമണ്ഡലങ്ങളും ഉത്ഭവിച്ചത് പോലും പുനരാവിഷ്കാരത്തിലൂടെയാണെന്ന് കാണാം. മലയാളത്തിലെ ആദ്യ കാവ്യമായി കരുതുന്ന 'രാമചരിതം' ഒരു പുനരാവിഷ്കാരമാണ്. ഇത്തരത്തിൽ ഭാഷയ്ക്കുള്ളിൽ നിന്നുകൊണ്ടും ഭാഷയ്ക്ക് പുറത്തുമായും ധാരാളം പുനരാവിഷ്കാര സാധ്യതകൾ സാഹിത്യവും കലകളും ഉപയോഗിക്കുന്നു. ചലച്ചിത്രത്തിൽ ഇവ 'റീമേയ്ക്ക്'കൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഒരു ചലച്ചിത്രത്തിന്റെ കഥയെ/ഇതിവൃത്തത്തെ എടുത്ത് മറ്റൊരു ചലച്ചിത്രം നിർമ്മിക്കുന്നതാണ് റീമേയ്ക്കുകൾ/ പുനരാവിഷ്കാരചലച്ചിത്രങ്ങൾ എന്ന് പൊതുവിൽ പറയാറുണ്ടെങ്കിലും അതുമാത്രമല്ല ഈ ഗണത്തിൽ വരുന്നത്. ഒരു ചലച്ചിത്രത്തിലെ കഥാപാത്രമോ, ഗാനമോ, രംഗങ്ങളോ വേറെയൊരു ചലച്ചിത്രത്തിന്റെ ഭാഗമായാലും അത് റീമേയ്ക്കിന്റെ പരിധിക്കുള്ളിൽ തന്നെയാണ് വരുന്നത്. ഒരു ചിത്രത്തിൽ ഉപയോഗിച്ച ഗാനം പിന്നീട് വരുന്ന ചിത്രങ്ങളിൽ ഉപയോഗിക്കുന്ന രീതിയെ ഗാനപുനരാവിഷ്കാരം എന്നു പറയാം. ഗാനപുനരാവിഷ്കാരത്തിന്റെ സാധ്യതകളെ നവതലമുറ ചലച്ചിത്രങ്ങൾ വലിയതോതിൽ ഉപയോഗിക്കുന്നതായി കാണാം. മലയാളത്തിലെ ഗാന പുനരാവിഷ്കാരത്തിന്റെ ചരിത്രത്തെ അടയാളപ്പെടുത്തിക്കൊണ്ട് സമകാലീന ചലച്ചിത്രലോകത്ത് അവ ചെലുത്തുന്ന സ്വാധീനത്തെ വിശകലനം ചെയ്യാനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

താക്കോൽവാക്കുകൾ:

ചലച്ചിത്രപുനരാവിഷ്കാരം,സ്വഭാഷാ – അന്യഭാഷാപുനരാവിഷ്കാരങ്ങൾ, ഗാന പുനരാവിഷ്കാരം

....

ആമുഖം

എല്ലാ കലകളിലും എല്ലാകാലത്തും പുനരാവിഷ്കാരങ്ങൾ ഉണ്ടാവാറുണ്ട്. പല സാഹിത്യ ജനുസ്സുകളുടെയും ഉത്ഭവപരിണാമം പുനരാവിഷ്കാരത്തിലൂടെയാണെന്ന് കാണാം. ഭാഷയ്ക്കുത്തും പുറത്തും പുനരാവിഷ്കാരസാധ്യതകളുണ്ട്. ചലച്ചിത്രലോകത്ത് സംഭവിക്കുന്ന പുനരാവിഷ്കാരങ്ങളെ റീമേയ്ക്ക് (Remake) എന്ന പദംകൊണ്ടാണ് വിശേഷിപ്പിക്കാറുള്ളത്. പ്രേക്ഷകർക്ക് മുന്നിൽ ഒരിക്കൽ പ്രദർശനത്തിനെത്തിയ ചലച്ചിത്രത്തെ മറ്റൊരു ചലച്ചിത്രരൂപത്തിൽ പുനരവതരിപ്പിക്കുന്നതിനെയാണ് റീമേയ്ക്ക് എന്നു പറയുന്നത്. പൊതുവിൽ പുനരാവിഷ്കാര ചലച്ചിത്രങ്ങളെ അഥവാ ഫിലിം റീമേയ്ക്കുകളെ അന്യഭാഷാപുനരാവിഷ്കാരചലച്ചിത്രങ്ങൾ, സ്വഭാഷാപുനരാവിഷ്കാരചലച്ചിത്രങ്ങൾ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. ഒരു ഭാഷയിൽ നിർമ്മിക്കപ്പെട്ട ചലച്ചിത്രം പുനരവതരിപ്പിക്കപ്പെടുന്നത് ഇതരഭാഷയിലാണെങ്കിൽ അവ ആദ്യ ഗണത്തിൽപ്പെടുന്നു. ഭാഷയ്ക്കകത്തു നിന്നുകൊണ്ടുതന്നെ ഈ പുനരാവിഷ്കാര സാധ്യതകളെ കണ്ടെത്തുമ്പോൾ അവയെ സ്വഭാഷാപുനരാവിഷ്കാര ചലച്ചിത്രങ്ങളായി പരിഗണിക്കാം. ഉദാ:'മണിച്ചിത്രത്താഴ്'(മലയാളം) എന്ന ചിത്രത്തിന്റെ അന്യഭാഷാ പുനരാവിഷ്കാരമാണ് 'ചന്ദ്രമുഖി'(തമിഴ്),'ഭൂൽ ഭുലയ്യ'(ഹിന്ദി) എന്നിവ. 'ഭാർഗ്ഗവീനിലയം' എന്ന ചലച്ചിത്രത്തിന്റെ സ്വഭാഷാ പുനരാവിഷ്കാരമാണ് ' നീലവെളിച്ചം' എന്ന ചലച്ചിത്രം.

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ചലച്ചിത്രപുനരാവിഷ്കാരസാധ്യതകൾ

ഒരു ചലച്ചിത്രം ഉപയോഗിച്ച പ്രമേയത്തെ അവലംബിച്ച് മറ്റൊരു ചലച്ചിത്രം നിർമ്മിക്കുന്നതിനെയാണ് പൊതുവിൽ റീമേയ്ക്കുകളായി പരിഗണിക്കാറുള്ളത്. എന്നാൽ റീമേയ്ക്കുകളെ അത്തരമൊരു ഇടുങ്ങിയ ചട്ടക്കൂടിനുള്ളിൽ ഒതുക്കി പറയാൻ കഴിയില്ല. ഒരു ചലച്ചിത്രം ഉപയോഗിച്ച കഥാപാത്രങ്ങളെ, സംഭാഷണങ്ങളെ, രംഗങ്ങളെ, ഗാനങ്ങളെ, തലക്കെട്ടുകളെ എന്നിങ്ങനെ ഒരു ചലച്ചിത്രത്തിലേക്ക് വിരൽചൂണ്ടുന്ന ഏതൊരു ഘടകമായാലും അത് മറ്റൊരു ചലച്ചിത്രം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അവ റീമേയ്ക്കിന്റെ പരിധിയിൽ വരുന്നതാണ്. 'പഞ്ചാബിഹൗസ്' എന്ന ചിത്രത്തിലെ 'രമണൻ' എന്ന കഥാപാത്രം 'റോൾ മോഡൽസ്' എന്ന ചിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത് കഥാപാത്രപുനരാവിഷ്കാരത്തിന് ഉദാഹരണമാണ്. പ്രേക്ഷകർ കൈയടിച്ച പല മാസ് രംഗങ്ങളും പിൽക്കാലത്ത് കോമഡി രംഗങ്ങളായി വെള്ളിത്തിരയിലെത്തിയിട്ടുണ്ട്. ഒരു വിജയചലച്ചിത്രത്തിന്റെ ശീർഷകത്തോട് സാമ്യമുള്ള ശീർഷകത്തോടെ ധാരാളം ചലച്ചിത്രങ്ങൾ പിൽക്കാലത്ത് രംഗത്തെത്തുന്നത് നാം കാണാറുണ്ട്. കഥാപാത്ര പുനാവിഷ്കാരം, രംഗപുനരാവിഷ്കാരം, സംഭാഷണ പുനരാവിഷ്കാരം, ഗാനപുനരാവിഷ്കാരം, എന്നിങ്ങനെ റിമേയ്ക്ക് സാധ്യതകളെ പലതായി വർഗ്ഗീകരിക്കാവുന്നതാണ്. മലയാളചലച്ചിത്രശാഖ ഉപയോഗിച്ചിട്ടുള്ള ഗാനപുനരാവിഷ്കാരങ്ങളെക്കുറിച്ചുള്ള അന്വേഷണമാണീ പ്രബന്ധത്തിലൂടെ ഉദ്ദേശിക്കുന്നത്. ഒപ്പം സമകാലീന മലയാളചലച്ചിത്രങ്ങൾ ഗാനപുനരാവിഷ്കാര സാധ്യതകളെ ഏതൊക്കെ തരത്തിലാണ് ഉപയോഗിക്കുന്നത് എന്നതിനെ ക്കുറിച്ചുള്ള ആലോചനകളും പങ്കുവെക്കുന്നു. അന്യഭാഷകളിലായി പുറത്തിറങ്ങിയിട്ടുള്ള ചലച്ചിത്ര ഗാനങ്ങളെ മലയാളചലച്ചിത്രങ്ങളിൽ പലതവണ പുനരാവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ഭാഷയിൽ തന്നെ ചലച്ചിത്രഗാനങ്ങൾ, ആൽബങ്ങളിലെ ഗാനങ്ങൾ, മാപ്പിളപ്പാട്ടുകൾ, ഭക്തിഗാനങ്ങൾ, നാടൻപാട്ടുകൾ എന്നിങ്ങനെ വിവിധ ഗാനശാഖകളിൽ നിന്നും പാട്ടുകൾ ചലച്ചിത്രങ്ങളിലൂടെ പുനരാവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ സിംഹഭാഗം ഗാനങ്ങളും പ്രേക്ഷകർ ഇരുകൈയും നീട്ടി സ്വീകരിക്കുകയും അവ ആ ചലച്ചിത്രങ്ങൾക്കുള്ള പ്രചാരം വർദ്ധിപ്പിക്കുകയും സാമ്പത്തികവിജയം നേടികൊടുക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുണ്ട്. അതേസമയം പുനരവതരിപ്പിക്കപ്പെട്ട ചില ഗാനങ്ങൾ വലിയതോതിലുള്ള വിമർശനങ്ങൾക്കും പാത്രമായിട്ടുണ്ട്. പഴയഗാനത്തെ പുനരാവിഷ്കരിച്ച് വികൃതമാക്കി എന്ന തരത്തിലുള്ള കുറ്റപ്പെടുത്തലുകളാണ് അവ നേരിട്ടത്. അതിനാൽ ഗാനപുനരാവിഷ്ക്കാരങ്ങൾ ഒരു കൂട്ടം പ്രേക്ഷകരെ ആനന്ദിപ്പിച്ചപ്പോൾ മറ്റൊരു കൂട്ടത്തെ ചൊടിപ്പിക്കുകയാണ് ചെയ്തത്. പുനരാവിഷ്കരിച്ചിട്ടുള്ള മലയാളചലച്ചിത്രഗാനങ്ങളിലേക്കാണ് പ്രബന്ധം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

മലയാള ചലച്ചിത്രഗാനശാഖയുടെ പരിണാമം

മലയാളിയുടെ സാംസ്കാരിക ജീവിതത്തിന്റെ ഭാഗമാണ് ചലച്ചിത്രഗാനങ്ങൾ. ആദ്യത്തെ ശബ്ദചിത്രമായ ബാലനിലൂടെയാണ് മലയാള സിനിമയിൽ ആദ്യമായി പാട്ടുകൾ ഉദയം കൊള്ളുന്നത്. 1938 ജനുവരി 19 ന് റിലീസ് ചെയ്ത ചിത്രത്തിൽ ആകെ 23 പാട്ടുകൾ ഉണ്ടായിരുന്നു. കെ കെ അരൂർ, ഇബ്രാഹിം എന്നിവർ ചേർന്നാണ് സംഗീതം നൽകിയത്. പിന്നണിഗാനരീതി ഇല്ലാത്തതിനാൽ ക്യാമറയ്ക്ക് മുന്നിൽ നിന്ന് അഭിനയിക്കുന്ന നടീനടന്മാർ തന്നെയായിരുന്നു പാട്ടുകൾ പാടിയിരുന്നത്. എം കെ കമലം പാടിയ "ജാതകദോഷത്താലെ..." എന്ന് തുടങ്ങുന്ന പാട്ട് അക്കാലത്ത് വലിയ ഹിറ്റായിരുന്നു. സിനിമ തുടങ്ങുന്നത് തന്നെ "വിശ്വരൂപൻ അമൃതേശ്വരൻ" എന്ന പ്രാർത്ഥനാ ഗാനത്തോടെയാണ്. മലയാളത്തിലെ പിന്നണിഗാനാലാപന(playback singing)രീതിക്ക് തുടക്കം കുറിക്കുന്നത് 1948ലെ 'നിർമ്മല' എന്ന ചലച്ചിത്രത്തിലൂടെയാണ്. ഗായകർ പാടി റെക്കോർഡ് ചെയ്ത് പാട്ട് അഭിനേതാക്കൾ തങ്ങൾ ആലപിക്കുന്നത് പോലെ ചുണ്ടനക്കി അഭിനയിക്കുന്ന രീതി ആദ്യമായി പരീക്ഷിക്കപ്പെടുന്നത് ഈ ചിത്രത്തിലൂടെയാണ്. 'നിർമ്മല'യ്ക്ക് ശേഷം മലയാളചലച്ചിത്രലോകം ചലച്ചിത്രഗാനങ്ങളിൽ കൂടുതൽ ശ്രദ്ധയൂന്നി. മികച്ച ശബ്ദവും സംഗീതതാൽപര്യവുമുള്ളവർ സിനിമാലോകത്തേക്ക് കടന്നുവന്നു. ആദ്യകാലത്ത് തമിഴ്, ഹിന്ദി സിനിമകളിലെ ഈണങ്ങളെ അനുകരിച്ചായിരുന്നു മലയാളം പാട്ടുകൾ നിർമ്മിച്ചിരുന്നത്. പിന്നീട് മലയാളിത്തമുള്ള ഗാനങ്ങൾ പിറവിയെടുക്കുന്നത് 1954 ൽ 'നീലക്കുയിൽ' എന്ന ചിത്രത്തിലൂടെയാണ്. മലയാളസിനിമയുടെ സംഗീതശൈലി മാറ്റിയെഴുതിയ പി ഭാസ്കരൻ – രാഘവൻ മാസ്റ്റർ കൂട്ടുകെട്ടിന്റെ തുടക്കം നീലക്കുയിലിലൂടെയായിരുന്നു. ചിത്രത്തിലെ ഗാനങ്ങൾ വള്ളംകളിപ്പാട്ട്, കൊയ്ത്തുപ്പാട്ട് എന്നിവയുടെ ഈണങ്ങളോട് ചേർന്നുനിൽക്കുന്നവയായിരുന്നു. 1950 മുതൽ 1970 വരെയുള്ള കാലയളവിനെ മലയാള ചലച്ചിത്രസംഗീതത്തിന്റെ 'സുവർണ്ണകാലഘട്ടം' എന്ന് വിളിക്കാം. മലയാളസിനിമ അതിന്റെ പരമ്പരാഗതമായ ശൈലി രൂപപ്പെടുത്തിയതും എക്കാലത്തെയും മികച്ച ഗാനരചയിതാക്കളും സംഗീതജ്ഞരും

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

പിറവിയെടുത്തതും ഈ കാലത്താണ്. സിനിമാപാട്ടുകൾ വെറും വരികളല്ല, മറിച്ച് ഉന്നത നിലവാരമുള്ള കവിതകളാണെന്ന് തെളിയിക്കപ്പെട്ട കാലമാണിത്. 'വയലാർ–ദേവരാജൻ' കൂട്ടുകെട്ടിൽ നൂറുകണക്കിന് അനശ്വര ഗാനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ലളിതവും മനോഹരവുമായ വരികളിലൂടെ വയലാർ, പി.ഭാസ്കരൻ, ഒ.എൻ.വി കുറുപ്പ് തുടങ്ങിയവർ പ്രകൃതിയെയും ഓർമ്മകളെയും പ്രണയത്തെയും വിരഹത്തെയും തങ്ങളുടെ പാട്ടുകളിലൂടെ വരച്ചിട്ട് ഗാനശാഖയെ സമ്പന്നമാക്കി. മലയാളത്തിന് സ്വന്തമായൊരു ഈണം നൽകി സംഗീതസംവിധായകർ സജീവമായതും ഈ കാലത്താണ്. ശാസ്ത്രീയസംഗീതത്തെ സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ ലളിതമായി അവതരിപ്പിച്ചുകൊണ്ട് ദേവരാജൻ മാസ്റ്ററും ഹിന്ദുസ്ഥാനി സംഗീതശൈലികളും മാപ്പിളപ്പാട്ടിന്റെ ഈണങ്ങളും കോർത്തിണക്കി ബാബുരാജൻ മാഷും നാടൻപാട്ടുകളുടെ താളം സിനിമയിലേക്ക് ആവാഹിച്ചുകൊണ്ട് കെ.രാഘവൻ മാഷും കർണ്ണാടകസംഗീതത്തിൽ അധിഷ്ഠിതമായ ഭക്തിസാന്ദ്രമായ ഗാനങ്ങൾക്ക് ജന്മംനൽകി ദക്ഷിണാമൂർത്തിയും സംഗീത ഇതിഹാസങ്ങൾ സൃഷ്ടിച്ചതും ഈ കാലത്ത് തന്നെ.

1961–ൽ 'കാൽപ്പാട്ടുകൾ' എന്ന സിനിമയിലൂടെ കെ.ജെ. യേശുദാസ് എന്ന ഗാനഗന്ധർവ്വൻ പിന്നണിഗാനലോകത്തെത്തിയതോടെ മലയാളസിനിമാസംഗീതം പുതിയൊരു തലത്തിലേക്ക് മാറുകയായിരുന്നു. പി. ലീല, എസ്. ജാനകി, പി. ജയചന്ദ്രൻ, കെ.പി. ഉദയഭാനു തുടങ്ങി അനേകം ഗായകരും ഈ കാലഘട്ടത്തിന്റെ തന്നെ സന്തതികളാണ്. എൺപതുകളിലെയും തൊണ്ണൂറുകളിലെയും മലയാള ചലച്ചിത്രഗാനശാഖയെ 'മെലഡികളുടെ കാലം' എന്ന് വിളിക്കാം. വരികൾക്ക് നൽകിയിരുന്ന പ്രാധാന്യത്തിനൊപ്പം തന്നെ പശ്ചാത്തലസംഗീതത്തിനും (Backgroud music) ഓർക്കസ്ട്രേഷനും വലിയ പ്രാധാന്യം ലഭിച്ചു തുടങ്ങിയത് ഈ കാലയളവിലാണ്.

സംഗീതത്തിൽ 'മിനിമലിസം' കൊണ്ടുവന്ന വ്യക്തിയാണ് ജോൺസൺ മാസ്റ്റർ. ചുരുങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് വൈകാരികമായ മെലഡികൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആദ്യമായി പശ്ചാത്തലസംഗീതത്തിന് ദേശീയ അവാർഡ് മലയാളത്തിലേക്ക് എത്തിച്ചതും അദ്ദേഹമാണ്. ശാസ്ത്രീയസംഗീതത്തെ സാധാരണക്കാർക്ക് ആസ്വദിക്കാൻ പാകത്തിൽ സിനിമാഗാനങ്ങളിൽ രവീന്ദ്രൻമാസ്റ്റർ ലയിപ്പിച്ചു. 'ഹിസ് ഹൈനസ് അബ്ദുള്ള', 'ഭരതം' തുടങ്ങിയ ചിത്രങ്ങൾ ഇതിന് ഉദാഹരണമാണ്. 'നഖക്ഷതങ്ങൾ', 'സർഗ്ഗം', 'സദയം' തുടങ്ങിയ ചിത്രങ്ങളിലൂടെ ഉത്തരേന്ത്യൻ സംഗീതത്തിന്റെ രുചി മലയാളികൾക്ക് മുന്നിലെത്തിച്ചു ബോംബെ രവി. എസ് ജാനകിക്കും പി സുശീലയ്ക്കും ശേഷം മലയാളത്തിന് ലഭിച്ച ഗായികപ്രതിഭയാണ് കെ.എസ്. ചിത്ര. എൺപതുകളുടെ പകുതിയോടെയാണ് ചിത്രയുടെ വരവ്. മലയാള സിനിമയിൽ സ്ത്രീ ശബ്ദങ്ങൾക്ക് ചിത്ര പുതിയഭാവം നൽകി. ചിത്ര–യേശുദാസ് കൂട്ടുകെട്ടിലെ ഗാനങ്ങൾ മലയാളസിനിമയുടെ ആസ്തിയായി മാറി. ശ്യാം, ജെറി അമൽദേവ് തുടങ്ങിയവർ മലയാള സംഗീതത്തിലേക്ക് പാശ്ചാത്യശൈലികളെ കൂട്ടിയോജിപ്പിച്ചു. 'മഞ്ഞിൽ വിരിഞ്ഞ പൂക്കൾ' എന്ന ചിത്രത്തിലൂടെ ജെറി അമൽദേവ് വെസ്റ്റേൺ ഹാർമണിയും നൊസ്റ്റാൾജിക് ഈണങ്ങളും മലയാളികൾക്ക് പരിചയപ്പെടുത്തി. ശ്യാം തന്റെ ഗാനങ്ങളിലൂടെ സ്പാനിഷ്, വെസ്റ്റേൺ സംഗീത ശൈലികൾ ജനപ്രിയമാക്കി. പൂവച്ചൽ ഖാദർ, ബിച്ചു തിരുമല, ഗിരീഷ് പുത്തഞ്ചേരി തുടങ്ങിയവർ ഭാഷാപരമായി ലളിതവും എന്നാൽ ഹൃദയസ്പർശിയുമായ വരികളൊരുക്കി ഈ കാലം സമ്പന്നമാക്കി.

രണ്ടായിരമാണ്ടോടെ സംഗീതത്തിൽ സാങ്കേതികവിദ്യയിലുണ്ടായ വളർച്ച വഴി ഡിജിറ്റൽ റെക്കോർഡിംഗ്, ശബ്ദസംയോജനത്തിലെ പരീക്ഷണങ്ങൾ, പുതിയ വാദ്യോപകരണങ്ങളുടെ ഉപയോഗം എന്നിവയിലൂടെ ഗാനങ്ങളുടെ ശബ്ദഘടനയിൽ പുതുഭാവങ്ങൾ ഉടലെടുത്തു. വിദ്യാസാഗർ, എം. ജയചന്ദ്രൻ, ദീപക് ദേവ്, അൽഫോൺസ് ജോസഫ്, എന്നിവർ സംഗീതത്തിൽ പുതിയ പരീക്ഷണങ്ങൾ നടത്തി. 'ഫോർ ദി പീപ്പിൾ' എന്ന ചിത്രത്തിലൂടെ ജാസി ഗിഫ്റ്റ് കൊണ്ടുവന്ന പാശ്ചാത്യ സംഗീതശൈലി വലിയ തരംഗമാണ് അക്കാലത്ത് സൃഷ്ടിച്ചത്. മലയാളത്തിൽ ന്യൂജനറേഷൻ സിനിമയുടെ തരംഗം ആരംഭിക്കുന്നതായി കണക്കാക്കുന്നത് 2010നു ശേഷമാണ്. സിനിമയുടെ പ്രമേയം, സാങ്കേതികവിദ്യ, ആഖ്യാനരീതി എന്നിവയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഇക്കാലത്തുണ്ടായി. ഇത്തരം മാറ്റങ്ങളെ ചലച്ചിത്രഗാനശാഖയും ഉൾക്കൊണ്ടു. ദൈർഘ്യം കുറഞ്ഞ ഗാനങ്ങൾ, പലതരം സംഗീതശൈലികളെ കോർത്തിണക്കിക്കൊണ്ടുള്ള ഗാനങ്ങൾ, കുറഞ്ഞ വാദ്യോപകരണങ്ങളുടെ പിൻബലത്തോടെയുള്ള ഗാനങ്ങൾ, റാപ്പ് ഗാനങ്ങൾ, റീമേക്ക് ഗാനങ്ങൾ എന്നിവയെല്ലാം സംഗീതജ്ഞർ വലിയ തോതിലുള്ള ഉപയോഗിച്ചത് ഈ കാലത്താണ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ഗാനപുനരാവിഷ്കാരം

ഒരു ചലച്ചിത്രത്തിലുപയോഗിച്ച ഗാനം മറ്റൊരു ചലച്ചിത്രത്തിനുവേണ്ടി പുനരുപയോഗിക്കുന്നതിനെ ഗാനപുനരാവിഷ്ക്കാരം എന്നു പറയാം. നവതലമുറ ചലച്ചിത്രങ്ങളുടെ ഉദയത്തിനുശേഷമാണ് മലയാളത്തിൽ ഈ പുനരാവിഷ്കാരസാധ്യതയെ കൂടുതലായി ഉപയോഗിച്ചിട്ടുള്ളതെന്ന് പറഞ്ഞുവല്ലോ. പക്ഷേ അതിനുമുമ്പും ഈ ഗണത്തിൽപെട്ട ഗാനങ്ങൾ മലയാളചലച്ചിത്രത്തിലുണ്ടായിട്ടുണ്ട്. 1995–ൽ പുറത്തിറങ്ങിയ 'ആദ്യത്തെ കൺമണി' എന്ന ചലച്ചിത്രം അതിൽ പ്രധാനപ്പെട്ടതാണ്. ചിത്രത്തിന്റെ സംഗീതം നിർവഹിച്ചിട്ടുള്ളത് എസ് പി വെങ്കിടേഷാണ്. 1970 ൽ പുറത്തിറങ്ങിയ 'മിണ്ടാപ്പെണ്ണ്' എന്ന ചലച്ചിത്രത്തിനുവേണ്ടി എം.എസ്. ബാബുരാജ്–ശ്രീകുമാരൻ തമ്പി കൂട്ടുകെട്ടിൽ, യേശുദാസിന്റെയും ജാനകിയുടെയും മനോഹരമായ ശബ്ദത്തിൽ പിറന്ന 'അകലെ അകലെ നീലാകാശം….' എന്ന ഗാനം പ്രേക്ഷകർ ഇരുകൈയുംനീട്ടി സ്വീകരിച്ചിരുന്നു. ഗാനത്തിനു ലഭിച്ച ഈ ജനപ്രീതിയാവാം 'ആദ്യത്തെ കൺമണി' എന്ന ചലച്ചിത്രത്തിലേക്ക് രാജസേനൻ ഈ ഗാനത്തെ പുനരാവിഷ്ക്കരിച്ചുപയോഗിക്കാൻ തീരുമാനിച്ചത്. ജയറാം, സുധാറാണി എന്നിവർ അവതരിപ്പിച്ച കഥാപാത്രങ്ങൾ നാട്ടിലെ സ്റ്റേജ് ഗാനമേളയിൽ ആലപിക്കുന്നതായിട്ടാണ് ചിത്രത്തിൽ ഈ ഗാനത്തെ അവതരിപ്പിക്കുന്നത്. കേട്ടുശീലിച്ച ഒരു ഗാനത്തെതന്നെ രംഗത്തവതരിപ്പിച്ചപ്പോൾ തങ്ങളൊരു ഗാനമേള ആസ്വദിക്കുകയാണെന്ന പ്രതീതി പ്രേക്ഷകർക്ക് ലഭിച്ചു. പഴയ ഗാനത്തെ പ്രേക്ഷകർക്കു മുന്നിൽ പുതിയ രൂപത്തിൽ ഓർമ്മപ്പെടുത്തുക മാത്രമാണ് ചെയ്യുന്നതെന്ന് പറയാതെ പറയുകയുമാണ് ഇത്തരമൊരു രംഗത്തിലൂടെ സംവിധായകൻ. ഇത് പിന്നീടുണ്ടാവാൻ സാധ്യതയുള്ള പല വിമർശനങ്ങളെയും ഒരു പരിധിവരെ കുറയ്ക്കാൻ സഹായിക്കുന്ന തരത്തിലുള്ള ഒരു പുനരുപയോഗമായിരുന്നു. 1975 ൽ പുറത്തിറങ്ങിയ 'പിക്നിക്' എന്ന ചലച്ചിത്രത്തിലെ 'കസ്തൂരി മണക്കുന്നല്ലോ കാറ്റേ…' എന്ന ഗാനം 2011 ൽ നായിക എന്ന ചിത്രത്തിനുവേണ്ടി പുനരാവിഷ്കരിച്ചു. പണ്ടത്തെ ഗാനത്തെ ഓർമ്മിക്കുന്നതരം വിഷ്വൽസായിരുന്നു ഈ ഗാനരംഗത്ത് സംവിധായകൻ ജയരാജ് ഉപയോഗിച്ചത്. 'പിക്നിക്' സിനിമയിൽ പ്രേം നസീർ– ലക്ഷ്മി എന്നിവർ ചേർന്ന് അഭിനയിച്ച ഗാനത്തെ അനുസ്മരിക്കുന്ന വിധത്തിലാണ് 'നായിക' യിൽ ജയറാമും പത്മപ്രിയയും ചേർന്ന് ഗാനരംഗം പുനരവതരിപ്പിച്ചത്. യേശുദാസാണ് ഇരു ചലച്ചിത്രങ്ങളിലും പിന്നണി പാടിയത്. സമീപകാലത്തെ ചലച്ചിത്രങ്ങളിൽ ഗാനങ്ങൾ പുനരാവിഷ്കരിക്കുമ്പോൾ അതിലെ പിന്നണിഗായകർ മാറാറുണ്ട്. എന്നാൽ 'അകലെ അകലെ നീലാകാശം' , 'കസ്തൂരി മണക്കുന്നല്ലോ കാറ്റേ' എന്നീ ഗാനങ്ങളുടെ ആദ്യഗാനത്തിനും പുനരാവിഷ്ക്കാരഗാനത്തിനും പിന്നണി പാടിയത് ഒരേ ആളുകൾ തന്നെയാണ്. പ്രേക്ഷകർ നെഞ്ചിലേറ്റിയ ഗാനങ്ങൾ പുതിയ ശബ്ദത്തിൽ അവരുടെ മുന്നിലേക്കെത്തുമ്പോൾ അതവർക്ക് ഉൾക്കൊള്ളാൻ സാധിക്കുമോ എന്ന തോന്നൽ അണിയറ പ്രവർത്തകരെ അലട്ടിയതിനാലാവാം അത്തരമൊരു പരീക്ഷണത്തിനവർ മുതിരാതിരുന്നത്.

1980–ൽ പുറത്തിറങ്ങിയ 'അങ്ങാടി' എന്ന ചലച്ചിത്രത്തിൽ ജയൻ – സീമ ജോഡികൾ അവിസ്മരണീയമാക്കിയ 'കണ്ണും കണ്ണും തമ്മിൽ തമ്മിൽ ' എന്ന് തുടങ്ങുന്ന ഗാനം 'വെനീസിലെ വ്യാപാരി' എന്ന ചിത്രത്തിനുവേണ്ടി ബിജിപാൽ പുനരാവിഷ്കരിക്കുകയുണ്ടായി. ആദ്യഗാനത്തിൽ പിന്നണിപാടിയത് യേശുദാസും ജാനകിയും ചേർന്നായിരുന്നു. എന്നാൽ പുതിയ ചിത്രത്തിൽ പിന്നണി പാടിയത് രാജലക്ഷ്മിദേവി, സുധീപ് കുമാർ എന്നിവർ ചേർന്നാണ്. ദിവാസ്വപ്നമായിട്ടാണ് ഇരു ചിത്രങ്ങളും ഈ ഗാനരംഗത്തെ അവതരിപ്പിക്കുന്നത്. ആദ്യഗാനത്തിലെ പശ്ചാത്തലം, നായികാനായകന്മാർ ഉപയോഗിക്കുന്ന വസ്ത്രം, അഭിനയശൈലി എന്നിവയോട് സാമ്യത തോന്നുന്നതരത്തിലുള്ള ആവിഷ്കാരം തന്നെയാണ് പുതിയ ചിത്രത്തിലും.

നിലവിലുള്ള ഒരു സംഗീത സൃഷ്ടിയെ (Original Song) ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മാറ്റം വരുത്തി പുതിയ രൂപത്തിൽ അവതരിപ്പിക്കുന്നതിനെയാണ് റീമിക്സ് (Remix) എന്ന് പറയുന്നത്. ഒരു പാട്ടിന്റെ 'അടിസ്ഥാന ശൈലി' നിലനിർത്തിക്കൊണ്ടുതന്നെ അതിലെ താളം (Beats), ശബ്ദം (Sound effects), വേഗത (Tempo) എന്നിവയിൽ മാറ്റം വരുത്തുന്ന പ്രക്രിയയാണിത്. ഗാനപുനരാവിഷ്കാരത്തിന് മറ്റൊരു മാനം കൊണ്ടുവന്നത് 'ഒരു മധുരക്കിനാവിൻ ലഹരിയിലെങ്ങോ.. ' എന്ന ഗാനത്തിന്റെ പുനരവതരണത്തിലൂടെയാണ്. റീമിക്സ് ഗാനങ്ങൾക്ക് പ്രചാരം വർദ്ധിക്കുന്നതും ഈ ഗാനത്തോടെയാണെന്ന് കരുതാം. ബിച്ചു തിരുമലയുടെ വരികൾക്ക് ശ്യാം സംഗീതം നൽകി യേശുദാസിന്റെ ശബ്ദത്തിൽ 1984–ൽ 'കാണാമറയത്ത്' എന്ന ചലച്ചിത്രത്തിലൂടെയാണ് ആദ്യമായി മലയാളി ഈ ഗാനം കേൾക്കുന്നത്. റഹ്മാൻ,ശോഭന എന്നിവർ ആടിത്തിമിർത്ത ഗാനം പിന്നീട് പൃഥ്വിരാജിന്റെയും സംഘത്തിന്റെയും നൃത്തച്ചുവടുകളോടെ 'തേജാഭായ് ആൻഡ് ഫാമിലി' എന്ന ചിതത്തിലൂടെ വീണ്ടും വെള്ളിത്തിരയിലെത്തി. പ്രശംസകളോടൊപ്പം ധാരാളം വിമർശനങ്ങളും ഈ ഗാനപുനരാവിഷ്കാരം നേരിട്ടു. റീമിക്സ്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

രൂപത്തിൽ ഗാനം പരിവർത്തനം ചെയ്തപ്പോൾ പഴയ ഗാനത്തിന്റെ ആത്മാവ് നഷ്ടപ്പെട്ടുപോയിയെന്നും ഗാനത്തെ വികൃതരൂപത്തിലാക്കിയെന്നുമെല്ലാം മലയാളക്കരയിൽ വിമർശനങ്ങൾ ഉയർന്നു. എങ്കിലും പഴയ പലപാട്ടുകളും പിന്നീട് റീമിക്സ് രൂപത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങിയത് ഈ ഗാനത്തിന്റെ പുനരവതരണശ്രമത്തിനുശേഷമാണ് എന്നത് ശ്രദ്ധേയമാണ്. അവയിൽ കൂടുതലും ചടുലതാളത്തിലുള്ള ഗാനങ്ങളായിരുന്നു. 'കല്യാണപ്രായത്തിൽ പെണ്ണുങ്ങൾ ചൂടുന്ന...' (നെല്ല്), 'ചെട്ടിക്കുളങ്ങര ഭരണി നാളിൽ...' (സിന്ധു), 'മഴ തുള്ളി തുള്ളി തുള്ളി നൃത്തമാടി വരുംവാനിൽ..' (സരിത) എന്നീഗാനങ്ങൾ 'ബഡാദോസ്ത്', 'ഛോട്ടാ മുംബൈ', 'സ്റ്റൈൽ' എന്നീ ചിത്രങ്ങളിൽ റീമിക്സ് രൂപത്തിലെത്തി. 'രാക്കുയിലിൻ രാഗസദസ്സിൽ' (1986) എന്ന ചിത്രത്തിലെ 'പൂമുഖ വാതിക്കൽ സ്നേഹം വിടർത്തുന്ന...' എന്നു തുടങ്ങുന്ന ഗാനം റീമിക്സ് രൂപത്തിൽ 'ഇവർ വിവാഹിതരായാൽ' എന്ന ചിത്രത്തിലൂടെയും 'റോസി' (1965) എന്ന ചിത്രത്തിലെ 'അല്ലിയാമ്പൽ കടവിലന്നരയ്ക്കു വെള്ളം ' എന്ന ഗാനം 'ലൗഡ് സ്പീക്കർ' എന്ന ചിത്രത്തിലൂടെയും വീണ്ടും പ്രേക്ഷകർക്ക് മുന്നിലെത്തി. യേശുദാസിന്റെ ശബ്ദത്തിൽ കേട്ട ഈ പാട്ടുകൾ പുനരാവിഷ്കരിച്ചപ്പോൾ മകൻ വിജയ് യേശുദാസിന്റെ ശബ്ദത്തിലാണ് മലയാളി കേട്ടത്.

'നോക്കെത്താ ദൂരത്ത് കണ്ണുംനട്ട് 'എന്ന ചിത്രത്തിലെ 'ആയിരം കണ്ണുമായ്....' എന്ന് തുടങ്ങുന്ന ഗാനത്തിന്റെ ചെറിയൊരു ഭാഗം 'തട്ടത്തിൻ മറയത്ത്' എന്ന ചിത്രത്തിൽ പുനരാവിഷ്കരിക്കപ്പെട്ടു. അതുവരെ വല്യമ്മച്ചിയും കൊച്ചുമകളും തമ്മിലുള്ള വാത്സല്യത്തെയും സ്നേഹത്തെയും കുറിച്ചു പാടിയ ഗാനത്തിന് ഒരു പ്രണയഗാനസ്വഭാവം കൈവരുന്നത് ഈ പുനരവതരണത്തോടെയാണ്. പിന്നീട് മുഴുവൻ പാട്ടുകൾക്കൊപ്പം മലയാളികൾ നെഞ്ചിലേറ്റിയ ഗാനങ്ങളുടെ ചെറിയഭാഗങ്ങൾ റീമേയ്ക്ക് ചെയ്യുന്ന സ്വഭാവം മലയാളചലച്ചിത്രങ്ങൾ ശീലിക്കുന്നതായികാണാം. 'സ്വപനങ്ങൾ സ്വപനങ്ങളെ നിങ്ങൾ'(ഗ്യാങ്സ്റ്റർ), 'ഉണ്ണികളെ ഒരു കഥ പറയാം' (ജേക്കബിന്റെ സ്വർഗ്ഗരാജ്യം), 'മിഴിയോരം നനഞ്ഞൊഴുകും' (ആദി), 'കിളിയെ കിളിയെ' (ലോക) എന്നിവ ഉദാഹരണങ്ങളാണ്. ഇത്തരത്തിൽ തിരഞ്ഞെടുക്കുന്ന ഗാനങ്ങളിലെ ചില വരികൾ മാത്രമാണ് പുതിയ ചലച്ചിത്രം ഉപയോഗിക്കുക. കഥാസന്ദർഭത്തിന് ചേരുന്ന വരികളെ മാത്രം ശ്രദ്ധാപൂർവ്വം കണ്ടെത്തി, അവയ്ക്ക് ആദ്യഗാനത്തിൽ നിന്നും വ്യത്യസ്തമായതും പുതിയകഥയ്ക്ക് യോജിച്ചതുമായ ഭാവം പകരുന്ന ഈണം നൽകി പ്രേക്ഷർക്ക് മുന്നിലെത്തുന്നു.

മലയാളത്തിൽ കവർസോങ്ങുകൾക്ക് വലിയ പ്രചാരം നേടുന്നത് 2010നു ശേഷമാണ്. പുതിയ ചലച്ചിത്രങ്ങളിലൂടെ പഴയഗാനങ്ങൾ പുതിയശബ്ദത്തിലും താളത്തിലുമെല്ലാം പ്രേക്ഷകർ കേൾക്കുകയും അവയ്ക്ക് വലിയ സ്വീകാര്യത ലഭിക്കുകയും ചെയ്തതിന്റെ ധൈര്യത്തിലാവണം സംഗീതപ്രേമികൾ കവർസോങ്[1] സംഗീതശൈലിയെ തെരഞ്ഞെടുക്കാൻ തുടങ്ങിയത്. ഗാനപുനരാവിഷ്കാരങ്ങളിൽ ഏറ്റവും ജനപ്രിയമായ ഒന്നാണ് കവർ സോങ്ങുകൾ. കവർ സോങ്ങുകൾ ഒറിജിനൽ ഗാനത്തെ അതേപടി അനുകരിക്കുകയല്ല ചെയ്യുന്നത്. ഓരോ ഗായകരും തന്റേതായ ആലാപന ശൈലിയും ഭാവങ്ങളും നൽകി ആ ഗാനത്തെ പുതിയൊരു അനുഭവമാക്കി മാറ്റുന്നു. പലപ്പോഴും വലിയ ഓർക്കസ്ട്രകൾക്ക് പകരം ഒരു ഗിറ്റാറോ പിയാനോയോ മാത്രം ഉപയോഗിച്ച് ലളിതമായ രീതിയിലാണ് ഇവ അവതരിപ്പിക്കാറുണ്ട്. യൂട്യൂബ്, ഇൻസ്റ്റഗ്രാം തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി പുതിയ ഗായകർ തങ്ങളുടെ കഴിവ് തെളിയിക്കാനായി കവർ സോങ്ങുകൾ ഉപയോഗിക്കുന്നു. പരിചിതമായ പാട്ടുകളിലൂടെ വേഗത്തിൽ ശ്രദ്ധിക്കപ്പെടാനും ഇവ സഹായിക്കുന്നു. പഴയ കാലത്തെ മികച്ച ഗാനങ്ങൾ പുതുതലമുറയിലേക്ക് എത്തിക്കുന്നതിൽ കവർ സോങ്ങുകൾക്ക് വലിയ പങ്കുണ്ട്. ഒരു ക്ലാസിക്കൽ പാട്ടിനെ റോക്ക് ശൈലിയിലോ, ഫാസ്റ്റ് നമ്പറിനെ മെലഡി ശൈലിയിലോ മാറ്റി പരീക്ഷിക്കാനും ഇവ ഉപയോഗിക്കാറുണ്ട്. സാമൂഹ്യമാധ്യമങ്ങളിലൂടെ കവർസോങ്ങുകൾക്ക് വലിയ പ്രചാരവും പ്രോത്സാഹനവും ഇക്കാലത്ത് ലഭിക്കുന്നുണ്ട്.

പഴയ ചലച്ചിത്രഗാനങ്ങളെ പുതിയ ചലച്ചിത്രങ്ങളിൽ ഉപയോഗിക്കുന്ന ശൈലിയെ റെട്രോഗാനങ്ങൾ എന്നാണ് വിളിക്കുന്നത്. അടുത്തകാലത്തായി പുറത്തിറങ്ങിയ 'കളങ്കാവൽ' എന്ന ചലച്ചിത്രത്തിൽ റെട്രോമ്യൂസിക്[2] ശൈലിയെ ഓർമ്മിപ്പിക്കുന്നതരം ഗാനങ്ങളാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. സാധാരണയായി 1960–കൾ മുതൽ 80–കളുടെ അവസാനം വരെയുള്ള കാലഘട്ടത്തിലെ സംഗീതത്തെയാണ് 'റെട്രോ' എന്ന് വിളിക്കുന്നത്. മലയാളസംഗീത ചരിത്രത്തിലെ 'സുവർണ്ണ കാലഘട്ടം' എന്നാണ് റെട്രോകാലം അറിയപ്പെടുന്നത്. ഇന്നത്തെ ഗാനപുനരാവിഷ്കാരങ്ങളിൽ 90 ശതമാനവും ഈ കാലഘട്ടത്തിലെ പാട്ടുകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇന്നത്തെ ഡിജിറ്റൽ സംഗീതത്തിന് വിപരീതമായി തബല, ഹാർമോണിയം, വയലിൻ, ഫ്ലൂട്ട് തുടങ്ങിയ തത്സമയ വാദ്യോപകരണങ്ങളുടെ (Live Instruments) മനോഹരമായ ഉപയോഗം ഈ പാട്ടുകളിൽ കാണാം. വെറും താളത്തിനപ്പുറം, ആഴമേറിയ അർത്ഥമുള്ള വരികളായിരുന്നു റെട്രോഗാനങ്ങളുടെ കരുത്ത്. വയലാർ, പി. ഭാസ്കരൻ, ഒ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

എൻ വി തുടങ്ങിയവരുടെ വരികൾ ഇന്നും മലയാളിക്ക് പ്രിയപ്പെട്ടതാണ്. മ്യൂസിക് ബാൻഡുകളും കവർ വേർഷൻ ചെയ്യുന്നവരും ചലച്ചിത്രങ്ങളിൽ ഗാനപുനരാവിഷ്കാരം നടത്തുന്നവരും റെട്രോഗാനങ്ങളെയാണ് പ്രധാനമായും അവയ്ക്കായി തിരഞ്ഞെടുക്കുന്നത്.

2020നു ശേഷമുള്ള മലയാള ചലച്ചിത്രങ്ങളെ പരിശോധിക്കുമ്പോൾ ഗാനപുനരാവിഷ്കാരത്തിന്റെ വലിയ സ്വാധീനം കാണാൻ കഴിയും. ഒരേ ഗാനം തന്നെ വ്യത്യസ്ത ചിത്രങ്ങളിൽ പുനരാവിഷ്കരിച്ചതായി കാണാം. 'ദേവദൂതർ പാടി' (കാതോട് കാതോരം) എന്ന ഗാനം 'ന്നാ താൻ കേസ് കൊട്' എന്ന ചിത്രത്തിലും 'രേഖാചിത്രം' എന്ന ചിത്രത്തിലും ഉപയോഗിച്ചതായി കാണാം. 'മിഴിയോരം നനഞ്ഞൊഴുകും' (മഞ്ഞിൽ വിരിഞ്ഞ പൂവ്) എന്ന ഗാനം 'ആദി', 'ജാൻ എ മൻ' എന്നീ ചിത്രങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഇവയെ ആവർത്തന പുനരാവിഷ്ക്കാരങ്ങൾ എന്ന് വിളിക്കാം. ഒരു ഗാനം തന്നെ കലഘട്ടത്തിനിപ്പുറം പല ചലച്ചിത്രങ്ങളിലായി അവതരിപ്പിക്കപെടുമ്പോൾ അവ കേവലം ഒരു ക്ലാസിക് ഗാനം എന്നതിനുപരി ഒരു കൾട്ട് ക്ലാസിക് പദവിയിലേക്ക് ഉയരുകയാണ്. പ്രേക്ഷർക്ക് ചലച്ചിത്രവുമായി പെട്ടെന്ന്തന്നെ ഒരു വൈകാരിക അടുപ്പമുണ്ടാവാൻ പരിചിതമായൊരു ഗാനം വീണ്ടും കേൾപ്പിക്കുന്നത് സഹായിക്കും.

2024–ൽ 'ഭാർഗ്ഗവീനിലയം' എന്ന ചിത്രം 'നീലവെളിച്ചം' എന്ന പേരിൽ റീമേക്ക് ചെയ്തപ്പോൾ ചലച്ചിത്രത്തിലെ ഒട്ടുമിക്കഗാനങ്ങളും പുനരാവിഷ്കരിക്കപ്പെട്ടു. ഇതേവർഷം പുറത്തിറങ്ങിയ 'മഞ്ഞുമ്മൽ ബോയ്സ്' എന്ന ചിത്രത്തിൽ 'കൺമണി അൻപോട് കാതലൻ' (ഗുണ) എന്നു തുടങ്ങുന്ന തമിഴ് പാട്ട് പുനരാവിഷ്ക്കരിച്ചപ്പോൾ വലിയതോതിലുള്ള ജനപ്രീതി നേടുകയുണ്ടായി. തമിഴ് പ്രണയഗാനമായി മാത്രം ആസ്വദിച്ചഗാനത്തിന് സൗഹൃദഗാനത്തിന്റെ മുഖമാണ് പുനരാവിഷ്കാരഗാനം നൽകിയത് . മലയാളി – തമിഴ് പ്രേക്ഷകരിൽ ഒരുപോലെ അത് പുതുമയുണർത്തി. 2025–ൽ പുറത്തിറങ്ങിയ 'തുടരും' എന്ന ചലച്ചിത്രത്തിലെ പലരംഗങ്ങളുടെ പശ്ചാത്തലത്തിലും ഇളയരാജയുടെ പാട്ടുകൾ ഉപയോഗിക്കുന്നുണ്ട്. ചിത്രത്തിലെ നായക കഥാപാത്രം ഇളയരാജയുടെ കടുത്ത ആരാധകനും പഴയകാല തമിഴ് ചലച്ചിത്രങ്ങളിൽ പിന്നണിയിൽ പ്രവർത്തിക്കുകയും ചെയ്ത ആളാണെന്നു കാണികൾക്ക് വ്യക്തമാക്കാൻ ഈ ഗാനപുനരാവിഷ്കാരങ്ങൾ വഴി സാധിച്ചു. സ്റ്റേജിലെ ഗാനമേള രൂപത്തിൽ പഴയപാട്ടുകൾ പുതിയ ചിത്രത്തിൽ ഉപയോഗിക്കുന്നരീതി ഈ കാലഘട്ടത്തിൽ തിരിച്ചു വന്നതായികാണാം. 'ദേവദൂതർപാടി' (ന്നാ താൻ കേസ് കൊട്), 'പൂമാനമേ....' (രേഖാചിത്രം), 'ശാന്തമീ രാത്രിയിൽ...' (തുടരും) എന്നിവ ഉദാഹരണങ്ങളാണ്. ഗാനങ്ങളെ ഈ രീതിയിൽ പുനരുപയോഗിക്കുമ്പോൾ പ്രേക്ഷകർക്ക് അത് കൂടുതൽ ആസ്വാദ്യകരമാവും എന്ന തോനാലും കുറച്ചുകൂടി സ്വതന്ത്രമായി ഗാനത്തെ പുനരുപയോഗിക്കാം എന്ന ചിന്തയും കൊണ്ടാവാം അണിയറപ്രവർത്തകർ ഗാനമേളരംഗങ്ങൾ വഴി പുനരാവിഷ്കാര ഗാനത്തെ അനുവാചകർക്ക് മുന്നിലെത്തിക്കുന്നരീതി ഇന്നുമുപയോഗിക്കുന്നത്.

പ്രമേയപരമായും ആഖ്യാനപരമായും പുതിയ തരംഗങ്ങൾ സൃഷ്ടിച്ച് മലയാളചലച്ചിത്രലോകം മുന്നേറികൊണ്ടിരിക്കുന്ന ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഇന്ത്യയിലെ ഇതരഭാഷാ ചലച്ചിത്രസമൂഹങ്ങളെല്ലാം തന്നെ മലയാളത്തെ മാതൃകയായി കണ്ടുകൊണ്ട് തങ്ങളുടെ ചലച്ചിത്രസംസ്കാരത്തെ പുതുക്കിപണിയുന്നതിനായിട്ടുള്ള ശ്രമങ്ങളും നടത്തിവരുന്നു. വ്യത്യസ്തമായ കഥകളും കഥനരീതികളുമായും മലയാളചലച്ചിത്രശാഖ പുതിയമാനങ്ങൾ സൃഷ്ടിക്കുമ്പോഴും പഴമയെ പുത്തൻ പ്രേക്ഷകർക്കുമുന്നിൽ പുതുരീതിയിൽ അവതരിപ്പിക്കാനും ചലച്ചിത്രങ്ങൾ ശ്രമിക്കാറുണ്ട്. ഗാനങ്ങളുടെ രൂപത്തിലാണ് ഇത്തരം അവതരണങ്ങൾ കൂടുതലായും പുതുതലമുറ ചലച്ചിത്രങ്ങളിൽ കാണപ്പെടുന്നത്. ആദ്യകാലത്ത് പഴയകാല നടന്മാരോടോ ഗായകരോടോ ഉള്ള ബഹുമാനസൂചകമായി അവരുടെ ഹിറ്റ് പാട്ടുകൾ പുതിയ സിനിമകളിൽ ഉപയോഗിച്ചിരുന്നു. പഴയ പാട്ടുകൾക്ക് ജനങ്ങൾക്കിടയിലുള്ള സ്വാധീനം മുതലാക്കി പുതിയ സിനിമയിലേക്ക് ജനശ്രദ്ധ ആകർഷിക്കാനും പുനരാവിഷ്കാരഗാനങ്ങൾ ഉപയോഗിച്ചിരുന്നു. ഒരു പഴയ മെലഡിഗാനത്തിനെ തമാശരംഗങ്ങൾക്കോ സംഘട്ടനരംഗങ്ങൾക്കോ അനുയോജ്യമായ രീതിയിൽ ഫാസ്റ്റ് ബീറ്റിലേക്ക് മാറ്റുന്നതും അവയുടെ പ്രത്യേകതയാണ്. പുനരാവിഷ്കാരഗാനങ്ങൾ വെറും കച്ചവടതന്ത്രമായി മാത്രം ഒരുകാലത്ത് ഉപയോഗിച്ചിരുന്നു ഇന്നവ പലപ്പോഴും സിനിമയുടെ പ്രമേയവുമായി ആഴത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ഒരു കഥാപാത്രത്തിന്റെ സ്വഭാവം അല്ലെങ്കിൽ അവർ ജീവിക്കുന്ന സാഹചര്യം വെളിപ്പെടുത്താൻ പഴയ പാട്ടുകളെ പ്രയോജനപെടുത്തുന്നത് കാണാം. ഒരു കഥാപാത്രം പഴയ പാട്ടുകളുടെ ആരാധകനാണെങ്കിൽ, ആ സിനിമയിലുടനീളം അത്തരം പാട്ടുകൾ പുനരാവിഷ്കരിക്കപ്പെടുന്നത് കഥാപരമായ അനിവാര്യതയായാണ്. 'തുടരും' ചിത്രത്തിൽ വരുന്ന ഇളയരാജയുടെ പാട്ടുകൾ ഇതിനു ഉദാഹരണമാണ്. കഥ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

നടക്കുന്ന കാലഘട്ടത്തെ അടയാളപ്പെടുത്താൻ പുനരാവിഷ്കാരങ്ങൾ ഉപയോഗിക്കുന്നു. 'രേഖാചിത്രം' എന്ന ചലച്ചിത്രത്തിൽ വരുന്ന 'പൂമാനമേ…' 'ദേവദൂതർ പാടി' എന്നീ ഗാനങ്ങൾ ആ കാലഘട്ടത്തെ അടയാളപെടുതാനായി ഉപയോഗിച്ചിട്ടുള്ളതാണ്. 'ലോക' എന്ന ചലച്ചിത്രത്തിൽ 'കിളിയെ കിളിയെ' എന്നാ ഗാനം ഉപയോഗിച്ചിട്ടുള്ളത് പ്രമേയത്തോട് ചേർന്ന് നിൽക്കുന്നതിനാലാണ്. സമകാലീനമലയാളസിനിമയിൽ ഗാനപുനരാവിഷ്കാരങ്ങൾ കേവലം സംഗീതപരമായ മാറ്റങ്ങൾ മാത്രമല്ല, മറിച്ച് പ്രമേയപരമായ അനിവാര്യത കൂടിയാണെന്ന് കാണാം. തിരക്കഥയുടെ ആവശ്യകതയനുസരിച്ച്, കഥാപാത്രങ്ങളുടെ മനോഭാവത്തെയോ കഥാപരിസരത്തെയോ പ്രേക്ഷകരിലേക്ക് എത്തിക്കാൻ ഇത്തരം ഗാനങ്ങൾ ഉപയോഗിക്കപ്പെടുന്നു. റെട്രോ സംഗീതത്തോടുള്ള നവതലമുറയുടെ ആഭിമുഖ്യം ഗാനപുനരവിഷ്കാരങ്ങൾ പുതുചിത്രങ്ങളിൽ ഉൾപെടുത്താൻ ചലച്ചിത്രകാർക്ക് പ്രചോദനമാവുന്നുണ്ട്.

ഉപസംഹാരം

- 2010 ന് ശേഷമാണ് മലയാളചലച്ചിത്ര ലോകത്ത് നവതലമുറ ചലച്ചിത്രങ്ങൾ ഉടലെടുക്കുന്നത്. ചലച്ചിത്രശാഖയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഈ . കാലത്തുണ്ടായി. ഗാനപുനരാവിഷ്കാരങ്ങളെ കൂടുതലായി ഉപയോഗിച്ച തുടങ്ങുന്നതും ഈ ഘട്ടം മുതലാണ്.

- ആദ്യഗാനത്തിൽ പിന്നണി പാടിയവർ തന്നെയാണ് പുനരാവിഷ്കാരത്തിലും ആദ്യകാലത്ത് പാടിയിരുന്നത്. ആദ്യഗാനത്തെ അനുസ്മരിക്കും വിധത്തിലുള്ള പശ്ചാത്തലങ്ങളും മേക്കപ്പും വസ്ത്രങ്ങളും അഭിനയരീതികളുമൊക്കെയായിരുന്നു പുനരാവിഷ്കാരഗാനരംഗങ്ങളിൽ ഉപയോഗിച്ചിരുന്നത്.
- പഴയ ഗാനങ്ങൾ റീമിക്സ് രൂപത്തിൽ പുതിയ ചലച്ചിത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പ്രശംസകൾക്കൊപ്പം തന്നെ ധാരാളം വിമർശനങ്ങളും ആദ്യകാലങ്ങളിലുണ്ടായിരുന്നു.

- കേട്ടു ശീലിച്ച ശബ്ദത്തിൽ നിന്നും മാറി പുതിയ ശബ്ദങ്ങളിൽ ഗാനങ്ങൾ പുനരാവിഷ്കരിക്കാൻ തുടങ്ങിയത് വലിയ മാറ്റങ്ങൾക്ക് വഴിതെളിച്ചു. മലയാളത്തിൽ കവർ സോങ്ങുകളുടെ ഉത്ഭവത്തിന് ഇത് കാരണമായി.

- റെട്രോ മ്യൂസിക് എന്ന പദം കൊണ്ടാണ് പുതിയ കാലം പഴയകാല പാട്ടുകൾ പുതിയ ചലച്ചിത്രങ്ങളിൽ ഉപയോഗിക്കുന്നതിനെ സൂചിപ്പിക്കുന്നത്.
- മുഴുനീള ഗാനങ്ങൾക്കൊപ്പം കഥാപശ്ചാത്തലത്തിന് യോജിക്കുന്ന തരത്തിൽ ചില ഗാനശകലങ്ങൾ മാത്രം പുനരവതിപ്പിക്കുന്ന പ്രവണത വന്നുതുടങ്ങിയതും ഈ കാലത്താണ്.

- സമകാലീനമലയാളസിനിമയിൽ ഗാനപുനരാവിഷ്കാരങ്ങൾ കേവലം സംഗീതപരമായ മാറ്റങ്ങൾ മാത്രമല്ല, മറിച്ച് പ്രമേയപരമായ അനിവാര്യത കൂടിയായി മാറുന്നു.

- 2020നു ശേഷമുള്ള ചലച്ചിത്രങ്ങൾ ഗാനപുനരാവിഷ്കാരങ്ങളുടെ വിവിധ സാധ്യതകളെ സവിശേഷമായി ഉപയോഗിക്കുന്നതായി കാണാം. ചലച്ചിത്ര പ്രമേയത്തോട് ചേർന്നു നിൽക്കുന്നതരത്തിൽ പഴയ ഗാനങ്ങളെ പുനരുപയോഗിക്കുക എന്നത് പുതിയ ചലച്ചിത്ര ശൈലിയായി മാറിക്കഴിഞ്ഞിരിക്കുന്നു.

കുറിപ്പുകൾ

1. കവർ സോങ്ങ് (Cover Song): നിലവിലുള്ള ഒരു സംഗീത സൃഷ്ടിയെ മറ്റൊരു കലാകാരൻ തന്റേതായ ശൈലിയിൽ വീണ്ടും ആലപിക്കുകയോ അവതരിപ്പിക്കുകയോ ചെയ്യുന്ന രീതിയാണ്.
2. റെട്രോമ്യൂസിക് (Retro music): ഒരു കാലഘട്ടത്തിലെ (പ്രത്യേകിച്ച് 1960–കൾ മുതൽ 1990–കൾ വരെയുള്ള) ജനപ്രിയ സംഗീത ശൈലിയെയാണിത്. 'റെട്രോ' എന്ന വാക്കിന്റെ അർത്ഥം തന്നെ 'പിന്നിലേക്ക് നോക്കുന്നത്' എന്നാണ്.

ഗ്രന്ഥസൂചി

ദിവാകരൻ ആർ.വി.എം, സിനിമയുടെ കാവ്യശാസ്ത്രം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2017.
രവിമേനോൻ, അതിശയരാഗം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011.
രവിമേനോൻ. പാട്ടുവഴിയോരത്ത്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2011.
രവിമേനോൻ. സ്വർണചാമരം, മാതൃഭൂമി ബുക്സ്, കോട്ടയം, 2013.
ശ്രീകുമാരൻ തമ്പി,എന്റെ ഹൃദയരാഗങ്ങൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2019
Verevis, Constantine, Film Remakes, Edinburgh university Press,(2006).

ദൃശ്യസൂചിക

ആദ്യത്തെ കണ്മണി (ഇന്ത്യ/മലയാളം/1995/137), രാജസേനൻ (സംവിധാനം), ശാരദ പ്രൊഡക്ഷൻ.
മിണ്ടാപ്പെണ്ണ് (ഇന്ത്യ/മലയാളം/1970/121), വി എം ശ്രീനിവാസൻ, വിമലാ റിലീസ് കമ്പനി.
നായിക (ഇന്ത്യ/മലയാളം/2011/116), ജയരാജ് (സംവിധാനം), മകയിര്യം ക്രിയേഷൻസ്.
പിക്നിക് (ഇന്ത്യ/മലയാളം/1975/139), ജെ ശശികുമാർ (സംവിധാനം), എം എസ് പ്രൊഡക്ഷൻസ്.
അങ്ങാടി (ഇന്ത്യ/മലയാളം/1980/146),ഐ വി ശശി (സംവിധാനം), ഗൃഹലക്ഷ്മി പ്രൊഡക്ഷൻസ്.
വെനീസിലെ വ്യാപാരി (ഇന്ത്യ/മലയാളം/2011/140), ഷാഫി(സംവിധാനം), മാധവൻ നായർ.
കാണാമറയത്ത് (ഇന്ത്യ/മലയാളം/1984 /137), ഐ വി ശശി (സംവിധാനം), വി സി ഫിലിംസ് ഇൻറർനാഷണൽ.
തേജാഭായി & ഫാമിലി (ഇന്ത്യ/മലയാളം/2011 / 126), ദീപു കരുണാകരൻ (സംവിധാനം), അനന്തവിഷൻ.
നെല്ല് (ഇന്ത്യ/മലയാളം/1974 / 119), രാമു കാര്യാട്ട് (സംവിധാനം), ജമ്മു ഫിലിംസ് ഇൻറർനാഷണൽ
സിന്ധു (ഇന്ത്യ/മലയാളം/1972/137), ശശികുമാർ (സംവിധാനം), സൂര്യ പിക്‌ച്ചേർസ്.
സരിത (ഇന്ത്യ/മലയാളം/1977/128), പി ഗോവിന്ദൻ (സംവിധാനം), സുവർണരേഖ.
ബഡാദോസ്ത് (ഇന്ത്യ / മലയാളം/2016 /122), വിജി തമ്പി (സംവിധാനം), കോഓപ്പറേറ്റ് സിനിമാസ്.
ഛോട്ടാ മുംബൈ (ഇന്ത്യ/ മലയാളം/2007/ 129), അൻവർ റഷീദ് (സംവിധാനം), മണിയൻപിള്ളരാജു പ്രൊഡക്ഷൻ.
സ്റ്റൈൽ (ഇന്ത്യ/മലയാളം/2016 /155), വിനു സദാനന്ദൻ(സംവിധാനം), സി.എൻ.സി ഫിലിം ഹൗസ്.
രാക്കുയിലിൻ രാഗസദസ്സിൽ (ഇന്ത്യ/മലയാളം/1986/129), പ്രിയദർശൻ (സംവിധാനം), സൂര്യോദയ ക്രിയേഷൻസ്.
ഇവർ വിവാഹിതരായാൽ (ഇന്ത്യ/മലയാളം/2009/160), സജി സുരേന്ദ്രൻ (സംവിധാനം), വി.എൻ.പി. പ്രൊഡക്ഷൻ.
ലൗഡ് സ്പീക്കർ (ഇന്ത്യ/മലയാളം/2016/140), പി. എം. മേനോൻ (സംവിധാനം), വൃന്ദാവൻ പിക്ചേഴ്സ്.
നോക്കെത്താ ദൂരത്ത് കണ്ണുംനട്ട് (ഇന്ത്യ/മലയാളം/ 1984 /130), ഫാസിൽ (സംവിധാനം), ബോധിചിത്ര ഫിലിംസ്.
തട്ടത്തിൻ മറയത്ത് (ഇന്ത്യ/മലയാളം/2012/127), വിനീത് ശ്രീനിവാസൻ (സംവിധാനം), ലൂമിയർ ഫിലിംസ് കമ്പനി.
ഗ്യാങ്സ്റ്റർ (ഇന്ത്യ/മലയാളം/2014 /150), ആഷിഖ് അബു (സംവിധാനം), ഒ.പി.എം ഫിലിംസ്.
ജേക്കബിന്റെ സ്വർഗരാജ്യം (ഇന്ത്യ/മലയാളം/2016 /145), വിനീത് ശ്രീനിവാസൻ (സംവിധാനം), ബിഗ്ബാങ്ക് എന്റർടൈൻമെന്റ്
ആദി (ഇന്ത്യ/മലയാളം/2018 /158), ജിത്തു ജോസഫ് (സംവിധാനം), ആഷിർവാദ് സിനിമാസ്.
ലോക (ഇന്ത്യ/മലയാളം/2025/150), ഡൊമനിക് അരുൺ (സംവിധാനം), വേഫേറൽ മൂവിസ്.
കളങ്കാവൽ (ഇന്ത്യ/മലയാളം/2025/137), ജിതിൻ കെ കോസ് (സംവിധാനം), മമ്മൂട്ടി കമ്പനി.
കാതോട് കാതോരം (ഇന്ത്യ/മലയാളം/1985/120), ഭരതൻ (സംവിധാനം), സെവൻ ആഡ്സ് പ്രൊഡക്ഷൻ
ന്നാ താൻ കേസ് കൊട് (ഇന്ത്യ/മലയാളം/2022 /139), രതീഷ് ബാലകൃഷ്ണ പൊതുവാൾ (സംവിധാനം), ഉദയ പ്രൊഡക്ഷൻ.
രേഖാചിത്രം (ഇന്ത്യ/മലയാളം/2025/140), ജോഫിൻ ടി ചാക്കോ (സംവിധാനം), കാവ്യ ഫിലിം കമ്പനി.
മഞ്ഞിൽ വിരിഞ്ഞ പൂവ് (ഇന്ത്യ/മലയാളം/1980/150), ഫാസിൽ (സംവിധാനം), നവോദയ സ്റ്റുഡിയോ
ജാൻ എ മൻ (ഇന്ത്യ/മലയാളം/2021/147), ചിദംബരം (സംവിധാനം), ചിയേഴ്സ് എന്റർടെയിൻമെന്റ്സ്.
ഭാർഗവീനിലയം (ഇന്ത്യ/മലയാളം/1964 /162), എ വിൻസെന്റ്(സംവിധാനം), ചന്ദ്രതാര പ്രൊഡക്ഷൻസ്.
നീലവെളിച്ചം (ഇന്ത്യ/മലയാളം/2023/132), ആഷിഖ് അബു(സംവിധാനം), ഒ.പി.എം. സിനിമ.
മഞ്ഞുമ്മൽ ബോയ്സ് (ഇന്ത്യ/മലയാളം/2024 /135), ചിദംബരം(സംവിധാനം), പറവ ഫിലിംസ്.
ഗുണ (ഇന്ത്യ/തമിഴ്/1991/180), സന്താനഭാരതി (സംവിധാനം), രാജ്കമൽ ഫിലിംസ്,
തുടരും (ഇന്ത്യ/മലയാളം/2025/166), തരുൺ മൂർത്തി (സംവിധാനം), രജപുത്ര വിഷ്വൽ മീഡിയ.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

About the researcher:
നീഷ്മ വി. പി.
ഗവേഷക
മലയാള -കേരളപഠനവിഭാഗം,
കോഴിക്കോട് സർവകലാശാല

Email: neeshmavp551@gmail.com
Mob: 9539628386

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0017

മാനവികതയുടെ സൗന്ദര്യം
എം. ഗോവിന്ദന്റെ നാടകങ്ങളിലെ സമഗ്രദർശനം

ഡോ. അനൂപ് വി.

പ്രബന്ധസംഗ്രഹം

മലയാളസാഹിത്യത്തിൽ സവിശേഷരചനാശൈലി കൊണ്ടും ഭാഷാശൈലികൊണ്ടും വേറിട്ടു നിൽക്കുന്ന രചനകളാണ് എം.ഗോവിന്ദന്റേത്. താൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ഭാവുകത്വത്തോടും ഭാഷാവ്യവഹാരത്തോടും നിരന്തരമായ ഇടച്ചിലുകളിലൂടെ നടത്തിയ സർഗ്ഗാത്മകകലാപങ്ങളായിരുന്നു അദ്ദേഹത്തിന്റെ രചനകളെല്ലാം തന്നെ എന്നു കാണാം. സമഗ്രമായ ലോകബോധവും മാനവികതയിലൂന്നിയ ദർശനവും അദ്ദേഹത്തിന്റെ രചനകളെ സമകാലികരായിരുന്ന സാഹിത്യകാരന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്നുണ്ട്. മാനവികതയിലൂന്നിയ ഗോവിന്ദന്റെ സമഗ്രദർശനമാണ് അദ്ദേഹത്തിന്റെ രചനകളുടെ കാതലെന്ന ആശയം അദ്ദേഹത്തിന്റെ നാടകരചനകളെ മുൻനിർത്തി പരിശോധിക്കുവാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

താക്കോൽ വാക്കുകൾ:

ഭാവുകത്വം – മാനവികതാവാദം – സമഗ്രദർശനം – ആധുനികത

....

കാലത്തിനു മുമ്പേസഞ്ചരിച്ച രചനകളാണ് എം. ഗോവിന്ദന്റേത്. മലയാളസാഹിത്യശാഖയിലെ പുതുപ്രവണതകളുടെ പ്രോദ്ഘാടകനും പ്രോത്സാഹകനുമായിരുന്ന അദ്ദേഹം പലപ്പോഴും കേസരിയെപ്പോലെ ഒരു ഗുരുപരിവേഷവും കൈവരിച്ചിരുന്നു. കവിതയിലും കഥയിലുമെല്ലാം അദ്ദേഹം നടത്തിയ പരീക്ഷണങ്ങൾ പിൽക്കാലത്ത് വായിക്കപ്പെടാനുള്ള ആന്തരികോർജ്ജം നിലനിർത്തിയിരുന്നപ്പോഴും അക്കാലത്തെ ഭാവുകത്വവും രചനാശൈലിയുമായി പലതരത്തിൽ വിച്ഛേദിച്ചു നിന്നിരുന്നു. ഈ സവിശേഷമായ വിച്ഛേദം അത്രെകണ്ട് വിശകലനം ചെയ്യപ്പെടാതെപോയ അദ്ദേഹത്തിന്റെ നാടകങ്ങളിലും കണ്ടെത്താം. മലയാളനാടകവേദിയിൽ ആധുനികതയുടെ അടയാളങ്ങൾ കോറിയിട്ട സി.ജെ തോമസ്സിന്റേയും ശ്രീകണ്ഠൻനായരുടെയും രചനകൾക്കു മുമ്പേ പിറന്ന ഗോവിന്ദന്റെ നാടകങ്ങൾ ചില സവിശേഷസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. മനുഷ്യത്വവിരുദ്ധമായ യുദ്ധമുൾപ്പടെയുള്ള സാർവ്വലോകാശയങ്ങളെ മാനവികതാവാദത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുകയും രൂപപരമായി സവിശേഷസ്വഭാവം പ്രകടിപ്പിക്കുകയും ചെയ്ത എം.ഗോവിന്ദന്റെ നാടകങ്ങൾ മലയാളത്തിലെ നാടകചരിത്രത്തിൽ സവിശേഷസ്ഥാനമർഹിക്കുന്നുണ്ട്.

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

മദിരാശിയിൽ ജീവിച്ച്, മാസികകളിലൂടെയും സൗഹൃദസദസ്സുകളിലൂടെയും സർഗ്ഗാത്മക രചനകളിലൂടെയും അദ്ദേഹം നടത്തിയ ധൈഷണികപ്രവർത്തനങ്ങൾ ആധുനികമലയാള സാഹിത്യത്തിലെ എല്ലാ സാഹിത്യരൂപങ്ങളിലേയും ഭാവുകത്വപരിണാമത്തെ രൂപപ്പെടുത്തുന്നതിൽ വളരെ പങ്കുവഹിച്ചിട്ടുണ്ട്. അക്കാലഘട്ടത്തിലെ മലയാളത്തിലെ പ്രധാനസാഹിത്യമേഖലകളിലെല്ലാം തന്നെ ഒരേ സമയം സർഗ്ഗാത്മകമായും ധൈഷണികമായും ഇടപെടുവാൻ എം.ഗോവിന്ദനു സാധിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. എം. ഗോവിന്ദന്റെ ഉപന്യാസങ്ങളെപ്പറ്റിയും കാവ്യങ്ങളെപ്പറ്റിയും വലിയതരത്തിലുള്ള വിശകലങ്ങൾ നടന്നിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ സർഗ്ഗാത്മകജീവിതത്തെ സംബന്ധിച്ചുള്ള ചർച്ചകളിൽ അധികമൊന്നും വിലയിരുത്തപ്പെടാതെ പോയിട്ടുള്ളതാണ് നാടകരചനകൾ.

'നീ മനുഷ്യനെ കൊല്ലരുത്'' (1954), 'ഒസ്യത്ത്'' (1957), 'ചൈത്താനും മനുഷ്യനും' (1959) എന്നിവയാണ് എം. ഗോവിന്ദന്റെ നാടകരചനകൾ. സി.ജെ തോമസ്സിന്റെ മരണാനന്തരം ഉയർന്നുവന്ന (1961 ന് ശേഷം) നാടകചർച്ചകളും തനത് നാടകപ്രസ്ഥാനത്തിന്റെ രൂപീകരണവും സാധ്യമാക്കിയ പുതുനാടകപ്രവർത്തനങ്ങളിലെ ധൈഷണികമായ ഇടപെടൽ എന്ന നിലയ്ക്കാണ് ഗോവിന്ദന്റെ നാടകപ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുള്ളത്. എന്നാൽ അദ്ദേഹത്തിന്റെ സർഗ്ഗാത്മകരചനകൾ മൂന്നും പ്രസിദ്ധീകരിക്കപ്പെടുന്നത് ഇതിനും ഏറെ മുമ്പ് അമ്പതുകളിലാണ്.
ആയിരത്തിതൊള്ളായിരത്തി അമ്പതുകൾ ആവുമ്പോഴേക്കും മലയാളനാടകവേദിയിൽ ക്രിയാത്മകമായ പല ചലനങ്ങളും നടന്നുകഴിഞ്ഞിരുന്നതായി കാണാം. ഗതാനുഗതികത്വത്തിൽ നിന്ന് വിടുതൽ നേടി മലയാളനാടകവേദി സാമൂഹികമായും രാഷ്ട്രീയമായും ഉണർവ്വ് നേടിയിരുന്നു (എം.ഗോവിന്ദൻ,1993:218)1. സി.ജെ തോമസ്സിന്റെ ആ മനുഷ്യൻ നീ തന്നെ എന്ന നാടകവും ഇടശ്ശേരിയുടെ കൂട്ടുകൃഷി എന്ന നാടകവും വന്ന 1949ൽ തന്നെയാണ് എം. ഗോവിന്ദന്റെ നീ മനുഷ്യനെ കൊല്ലരുത് എന്ന നാടകവും പ്രസിദ്ധീകരിക്കുന്നത്. മലയാളനാടകത്തിന്റെ പുതുഭാവുകത്വത്തെ ശില്പപരമായും ആശയപരമായും കുറേക്കൂടി മുന്നോട്ടുകൊണ്ടുപോകുവാൻ ആ നാടകത്തിനാവുന്നുണ്ട്.

1949 ലാണ് നീ മനുഷ്യനെ കൊല്ലരുത് എന്ന നാടകത്തിന്റെ രചനയെങ്കിലും അതിന്റെ ആദ്യ പതിപ്പ് പ്രസിദ്ധീകരിക്കുന്നത് 1954 ൽ ആണ്. മൂന്നുവർഷത്തിനുള്ളിൽ തന്നെ ഈ നാടകത്തിന്റെ രണ്ടാംപതിപ്പും പ്രസിദ്ധീകൃതമായി. രംഗാവതരണത്തിനുശേഷമുണ്ടായിട്ടുള്ള അഭിപ്രായങ്ങളും പ്രത്യേകിച്ച് സി.ജെ തോമസ്സിന്റെ നിരീക്ഷണവും എല്ലാം പരിഗണിച്ചുള്ള ഭേദഗതിയോടെയാണ് പുസ്തകപതിപ്പ് പ്രസിദ്ധീകരിക്കുന്നത് (എം കെ സാനു,2002 : 141)2. എം. ഗോവിന്ദന്റെ ഈ നാടകം വേണ്ടവിധത്തിൽ ശ്രദ്ധിക്കപ്പെടാതെപോയി എന്ന് മലയാളനാടകസാഹിത്യചരിത്രകാരന്മാരെല്ലാവരും വിലയിരുത്തിയിട്ടുണ്ട്.

യുദ്ധം എന്ന ആശയത്തെ സമഗ്രമായ മാനവികതാവാദത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിയ്ക്കുന്ന ഒന്നാണ് ഈ നാടകത്തിന്റെ ആശയതലം. സമകാലികാന്തരീക്ഷത്തിൽ ഈ കൃതി പലപ്രകാരത്തിലും പുനർവായനയ്ക്കുള്ള സാധ്യതകൾ നല്കുന്നുണ്ട്. യുദ്ധമെന്ന സാർവ്വലൗകികമായ ആശയത്തെ പ്രതിരോധിക്കുവാൻ മാനവികതയുടെ സമഗ്രദർശനങ്ങൾക്കു മാത്രമേ സാധ്യമാവൂ എന്ന് ആ കൃതി അടയാളപ്പെടുത്തുന്നു. ദാർശിനകമായ ആ സമഗ്രതയിലാണ് പുതുക്കപ്പെടുന്ന കാലത്തിലും കൃതി വീണ്ടും വായിക്കപ്പെടുന്നത്.

ഒരു നിഴൽഅങ്കമുൾപ്പടെ നാലു അങ്കങ്ങൾ ചേർന്ന ശില്പഘടനയാണ് ഈ നാടകത്തിന്റേത്. യുദ്ധമെന്ന ആശയത്തേയും മനുഷ്യചരിത്രത്തിൽ അതിന്റെ ഇടപെടലുകളേയും ആശയപരമായും (Ideologically) യഥാതഥപരമായും (Realistic) ആവിഷ്ക്കരിക്കുന്ന ഈ നാടകത്തിൽ അധികാരി എന്ന പ്രധാന കഥാപാത്രമുൾപ്പെടെ ഒമ്പത് കഥപാത്രങ്ങളാണുള്ളത്. അധികാരി (ഭരണവർഗ്ഗത്തിന്റെ / യുദ്ധമാഗ്രഹിക്കുന്നവരുടെ പ്രതിനിധി) എന്ന കേന്ദ്രകഥാപാത്രത്തിലൂടെയും അതിനെ ഉപജീവിച്ചുള്ള സംഭവപരമ്പരകളിലൂടെയുമാണ് ഈ നാടകം മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെയാകാം ഏകകഥാപാത്രകേന്ദ്രീകൃതമായ നാടകമാണിതെന്ന് സി.ജെ തോമസ്സ് ഇതിനെ വിമർശിച്ചിട്ടുള്ളത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

പെരുമാക്കന്മാരുടെ സേനാനായകനായ മാനവിക്രമന്റെ പുരാവൃത്തം നിഴൽ രംഗമാക്കിയാണ് അദ്ദേഹത്തിന്റെ പാരമ്പരയിലുള്ള അധികാരി എന്ന കഥാപാത്രത്തിലേക്ക് നാടകം പ്രവേശിക്കുന്നത്. നിഴൽ നിന്ന് ആദ്യരംഗത്തിലേക്കുനീളുന്ന നാടകത്തിന്റെ സാർവ്വസൗകികപ്രമേയം സമകാലിക യുദ്ധപരമ്പരകളിലേക്കും നീട്ടാവുന്നതാണ്. ആദ്യരംഗത്തിനൊടുവിൽ പട്ടാളത്തിലേക്ക് ആളുകളെ ചേർക്കുന്നതിന് ആഹ്വനാനം ചെയ്യുന്ന സമ്മേളനത്തിന്റെ അറിയിപ്പാണ്. ആ രംഗത്തിനുശേഷം പട്ടാളത്തിലേക്ക് ആളുകളെ ആകർഷിക്കുന്ന കവിതകളും
"ആർമിയിൽ നിങ്ങൾ ചേർന്നോളിൻ
പട്ടിണിയില്ലാതാവൂലോ
മാസാമാസം മണിയോർഡർ
ആർമ്മിയിൽ നിങ്ങൾ ജോയിൻ സാർ" (എം. ഗോവിന്ദൻ,1957 : 29)
ക്ലാസുകളുമൊക്കെയുള്ള രണ്ടാം രംഗമാണ്. ഈ രംഗങ്ങൾ ഒരേ സമയം ഹാസ്യാത്മകവും അതിലുൾച്ചേർന്നിരിക്കുന്ന ഭീതിദമായ അവസ്ഥയെ വെള്ളിപ്പെടുത്തുന്നതുമാണ്. ഈ രംഗത്തിന് ഒടുവിൽ ആദ്യമകനെ യുദ്ധത്തിൽ നഷ്ടപ്പെട്ട അധികാരി രണ്ടാമത്തെ മകനെയും കൂടി സൈന്യത്തിൽ ചേർക്കുവാൻ ഒരുങ്ങുന്ന കാഴ്ചയാണ്. മാനവിക്രമന്റെ പാരമ്പര്യം എന്ന ബാധ്യതയുടെ കൂടി ഫലമാണിതെന്നുകാണാം.

അധികാരിയുടെ യുദ്ധാവേശവും പാരമ്പര്യബോധവും നിമിത്തം അവഗണിക്കപ്പെടുന്നവരാണ് ഭാര്യ, മകൻ, മകൾ എന്നീ കഥാപാത്രങ്ങൾ. കുടുംബകാര്യങ്ങളും കാർഷികകാര്യങ്ങളും പാടെ മറന്ന അധികാരി കൃഷികാര്യങ്ങൾ നോക്കുവാനായി നിയമിച്ച കാര്യസ്ഥനിൽ നിന്നും കേൾക്കുന്ന വെളിപ്പെടുത്തലുകൾ നാടകത്തെ അത്യന്തം സംഘർഷഭരിതമാക്കുന്നു. പട്ടാളത്തിൽ നിന്നും വിരമിച്ച ആ കാര്യസ്ഥൻ അധികാരിയുടെ മൂത്തമകന്റെ മരണരഹസ്യം വെളിപ്പെടുത്തുന്നു. മനുഷ്യനെ കൊന്നു മടുത്ത് തോക്ക് വലിച്ചെറിഞ്ഞ ആയാളെ സൈനികഅധികാരികൾ കൊല്ലുകയായിരുന്നു. മാത്രവുമല്ല തന്റെ മകൾ കാര്യസ്ഥനിൽ നിന്ന് ഗർഭിണിയാണെന്നതുകൂടി അറിയുന്നതോടെ പരാജിതനും പാരമ്പര്യാഭിമാനിയുമായ അധികാരിയുടെ ദുരന്തംപൂർണ്ണമാക്കിക്കൊണ്ട് യുദ്ധത്തിൽ നഷ്ടപ്പെട്ട കാലുമായി ഇളയമകനുമെത്തുന്നു. ഈ ആഘാതത്തിൽനിന്ന് വിടുതൽ നേടിയ അധികാരി ഒടുവിൽ മൂത്തമകനെപ്പോലെ തോക്ക് വലിച്ചെറിയുന്നിടത്താണ് ഈ നാടകം അവസാനിക്കുന്നത്.

യുദ്ധമെന്ന സാർവ്വലൗകികാശയത്തെ എം.ഗോവിന്ദൻ പരിചരിച്ച രീതിയാണ് ഈ നാടകത്തെ പ്രസക്തമാക്കുന്നത്. എക്കാലത്തും മാനവരാശിക്ക് ദുരന്തമുഖങ്ങൾ നല്കുവാൻ മാത്രം പ്രാപ്തിയുള്ള ആക്രമണങ്ങൾ പലപ്പോഴും പാരമ്പര്യബാധ്യതകളുടെ (മതത്തിന്റെയാവാം അധികാരത്തിന്റെയാവാം) മാനവരാശിയെ പിടിച്ചുലക്കുമ്പോൾ സമഗ്രമായ മാനവികതയിലൂടെ ആയുധങ്ങൾ വലിച്ചെറിഞ്ഞു പുതിയലോകത്തിലേക്ക് പ്രവേശിക്കുന്ന അധികാരിയിലൂടെ ഗോവിന്ദൻ തന്റെ കാവ്യലോകത്തിലുടനീളം മുന്നോട്ടുവച്ച മാനവികദർശനം ഇവിടെയും മുറകെപിടിക്കുന്നതായികാണാം.
മലയാളത്തിലെ ആദ്യത്തെ ദുരന്തകഥാപാത്രമെന്ന് സി.ജെ തോമസ്സ് വിശേഷിപ്പിച്ച അധികാരിയുടെ ദുരന്തപൂർണ്ണവും സംഘട്ടനാത്മകവുമായ ജീവിതാവിഷ്ക്കാരത്തിലൂടെ കൊരുത്തെടുത്ത നീ മനുഷ്യനെ കൊല്ലരുത് എന്ന നാടകം രൂപതലത്തിലും ആശയതലത്തിലും മലയാളനാടകവേദിയിൽ ഒറ്റപ്പെട്ടു നിൽക്കുന്നു ; അതിന് തുടർച്ചകളുണ്ടായില്ല എന്നർത്ഥം. അതിനാലാണ് എം.കെ സാനു ചിന്തകനായ ഒരു എഴുത്തുകാരൻ തന്റെ വീക്ഷണത്തിന് സ്ഥിരീകരണം നൽകുവാൻ സർഗ്ഗാത്മകമായി പരിശ്രമിച്ചതിന്റെ ഫലമത്രെ 'നീ മനുഷ്യനെ കൊല്ലരുത്'. ആ വഴിക്ക് തുടർന്നിരുന്നുവെങ്കിൽ എം.ഗോവിന്ദന് ഏറെ പ്രൗഢിയുള്ള നാടകങ്ങൾ കൈരളിയ്ക്ക് സംഭാവന ചെയ്യുവാൻ കഴിഞ്ഞേനെ. ചിന്തയും നാടകീയതയും സമ്മേളിക്കുന്നിടത്ത് പ്രൗഢിയുളവാകാതെ തരമില്ല (എം.കെ സാനു ,2002: 149) എന്ന് നിരീക്ഷിക്കുന്നത്.

ആയിരത്തിതൊള്ളായിരത്തി അമ്പത്തേഴിൽ പുറത്തുവന്ന ഒസ്യത്ത് ആണ് എം. ഗോവിന്ദന്റെ രണ്ടാമത്തെ നാടകം. പാശ്ചാത്യനാടകത്തെ മുൻനിർത്തി എഴുതിയ ഈ നാടകത്തിലെ പ്രമേയം കുടുംബബന്ധത്തിൽ വിള്ളൽവീഴ്ത്തുന്ന സ്വാർത്ഥതയും സ്വത്ത് മോഹവുമൊക്കെയാണ്. കഥാനായകന്റെ സ്വത്ത് വീതം വയ്ക്കുന്നതിലെ തർക്കങ്ങളും ദുഃഖം കാണിക്കുന്നതിലെ വ്യഗ്രതയും ഒടുക്കം ആയാൾ ജീവിച്ചിരിക്കുന്നുവെന്നറിയുമ്പോൾ ഒരുക്കുന്ന ഫലിതസാഹചര്യവും സംഘർഷവും ഈ കൃതിയ്ക്ക് നാടകീയാംശങ്ങൾ നൽകുന്നുണ്ടെന്നതൊഴിച്ചാൽ അത്രകണ്ട് വിശകലനസാധ്യതകൾ നൽകുന്ന ഒരു നാടകമാണിത് എന്ന് പറയാനാവില്ല. നാടകത്തിലെ കേന്ദ്രകഥാപാത്രമായ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

പങ്ങശ്ശമേനോന്റെ മരണത്തെത്തുടർന്ന് വിലാപകാവ്യത്തിന് വട്ടംകൂട്ടുന്ന മക്കളും മരുമക്കളും ചേർന്ന് നടത്തുന്ന ചർച്ചകൾ അക്കാലത്തെ സാഹിത്യസമീപനങ്ങൾക്ക് നേരെയുള്ള വിമർശനം കൂടിയാവുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

മനുഷ്യനും അവനുള്ളിൽ തന്നെ കുടിയിരിക്കുന്ന ചെകുത്താനും ബൈബിൾ കഥയുടെ പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ഗോവിന്ദന്റെ ചൈത്താനും മനുഷ്യനും എന്ന മൂന്നാമത്തെ നാടകം പ്രസിദ്ധീകരിക്കുന്നത് 1959 ൽ ആണ്. കവിതകളിലൂടെ സ്വതന്ത്രമായ മിത്ത് വാർത്തെടുക്കുവാൻ ഗോവിന്ദൻ നടത്തിയ ശ്രമങ്ങളുടെ തുടക്കമോ തുടർച്ചയോ ഈ നാടകത്തിലും കാണാം. ഗായകസംഘങ്ങളുടെ ഗീതങ്ങളും ഇതിവൃത്തത്തിലെ ഗദ്യാഖ്യാനങ്ങളും ഇടകലർത്തി നിർമ്മിക്കപ്പെട്ട ഈ നാടകത്തിന്റെ ഘടന മലയാളനാടകവേദിയിലതുവരെ പരീക്ഷിക്കപ്പെടാത്ത ഒന്നായിരുന്നു. ആശയതലത്തിൽ ഗോവിന്ദന്റെ കൃതികളിൽ മുന്നിട്ടുനില്ക്കുന്ന സമഗ്രമായ മാനവികതാവാദത്തിന്റെ അടിയടരുകൾ കുറച്ചുകൂടി പ്രകടമായി കാണാം.

നാടകത്തിലെ ക്രിയാംശത്തിലധികവും ഗായകസംഘമാണ് നിർവഹിക്കുന്നത്. ബൈബിൾ പഴയനിയമത്തിലെ കഥ ശീലുകളാക്കി ഗായകസംഘം നിർവചിച്ചെടുക്കുന്ന 'മനുഷ്യൻ' എന്ന സങ്കൽപ്പത്തിലാണ് ആദ്യരംഗം അവസാനിക്കുന്നത്. രണ്ടാം രംഗത്തിൽ ജീവിതത്തിലെ പൊരുത്തക്കേടുകളുടെ വിരസതകളിൽ ഉഴലുന്ന സാറാമ്മ – എബ്രഹാം ദമ്പതിമാർക്കിടയിൽ സംഗീതം പൊഴിച്ചുകൊണ്ടെത്തുന്ന സുലൈമാൻ എന്ന മനുഷ്യനിലൂടെ അവരുടെ ജീവിതം പ്രതീക്ഷയിലേക്ക് ഉയർത്തപ്പെടുന്നു. മനുഷ്യൻ എന്ന മഹത്തായ സങ്കല്പത്തെ സംബന്ധിച്ച് ഗോവിന്ദനുണ്ടായിരുന്ന ധാരണകളുടെ നാടകരൂപമാണിത് എന്നുപറയാം. രൂപപരമായ പരീക്ഷണമായിരുന്നുവെന്നതിനാൽ തന്നെ മലയാളനാടകചരിത്രത്തിലെ ഒറ്റപ്പെട്ട ഒന്നായി ഈ നാടകവും അവശേഷിക്കുന്നു.

ഉപസംഹാരം

ഒറ്റപ്പെട്ടതും വ്യതിരിക്തവുമായ സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന എം. ഗോവിന്ദന്റെ നാടകങ്ങൾ അവ അർഹിക്കുന്ന വിധത്തിൽ നിരൂപണശ്രദ്ധനേടിയില്ല. എങ്കിലും മലയാളനാടകവേദിയുടെ ഭാവുകത്വപരിണാമത്തിൽ ക്രിയാത്മകമായ പങ്കുവഹിക്കുവാൻ ഗോവിന്ദൻ എന്ന നാടകകൃത്തിന് സാധിച്ചിട്ടുണ്ട്. കൂത്താട്ടുകളത്തെ നാടകകളരിയിൽ നിന്നാരംഭിക്കുന്ന ആധുനികനാടകവേദിയുടെ പരിഷ്ക്കരണങ്ങളിൽ കരുത്തായി നില്ക്കുമ്പോഴും അദ്ദേഹത്തിന്റെ സർഗ്ഗാത്മകരചനകൾ എന്തുകൊണ്ട് ശ്രദ്ധിക്കപ്പെടാതെപോയി എന്നത് അത്ഭുതമാണ്. എം. ഗോവിന്ദന്റെ, എക്കാലത്തും ചർച്ചചെയ്യപ്പെടുന്ന ധൈഷണികമായ ആശയങ്ങളുടെ സാന്നിധ്യവും ഈ നാടകങ്ങളിൽ കാണാം. രൂപതലത്തിലും ആശയതലത്തിലും പരീക്ഷണങ്ങളായിരുന്ന ആ നാടകങ്ങളിൽ ഗോവിന്ദൻ എക്കാലത്തും മുന്നോട്ടുവച്ച സമഗ്രമായ മാനവികതയുടെ പ്രതിഫലനങ്ങൾ കണ്ടെത്താവുന്നതാണ്. ആ മാനവികതയുടെ സൗന്ദര്യമാണ് ഈ കൃതികളെ പ്രസക്തമാക്കുന്നത്.

കുറിപ്പുകൾ

1. ഗോവിന്ദന്റെ നാടകങ്ങളെപ്പറ്റി പറയുന്ന വി.കെ പ്രഭാകരൻ "ആയിരത്തിതൊള്ളായിരത്തി അമ്പതാകുമ്പോഴേക്കും ....വി.ടി ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്', എൻ. കൃഷ്ണപിള്ളയുടെ 'ഭഗ്നഭവനം' തുടങ്ങിയ പ്രഖ്യാതനാടകങ്ങൾ എഴുതപ്പെടുകയും അതത് രംഗങ്ങളിൽ ശക്തമായ ചലനങ്ങൾ ഉരുവാകുകയും ചെയ്തിരുന്നു" എന്ന് നിരീക്ഷിക്കുന്നുണ്ട്.
2. എം കെ സാനുവിന്റെ എം. ഗോവിന്ദൻ എന്ന പുസ്തകത്തിൽ ഗോവിന്ദന്റെ തന്നെ വാക്കുകൾ ഉദ്ധരിക്കുന്നുണ്ട്: "ഈ നാടകത്തിന്റെ ഉടലിലും ഉയിരിലില്ലമെന്നുതന്നെ പറയട്ടെ, വ്യത്യാസങ്ങൾ വരുത്തുന്നതിനുതകിയ നിരൂപണം കൊണ്ട് എന്നെ സഹായിച്ച രണ്ടുപേരെ എനിക്ക് എടുത്തുപറയാതിരിക്കുവാൻ ഗത്യന്തരമില്ല. മിസ്റ്റർ സി.ജെ തോമസ്സ്, ആനന്ദകുട്ടൻ എന്നിവർ."

ഗ്രന്ഥസൂചി

1. ഗോവിന്ദൻ, എം, ഒസ്യേത്ത്. കോട്ടയം : നാഷണൽ ബുക് സ്റ്റാൾ,1957.

2. ഗോവിന്ദൻ, എം, ചൈത്താനും മനുഷ്യനും. കോട്ടയം : നാഷണൽ ബുക് സ്റ്റാൾ,1957.
3. ഗോവിന്ദൻ, എം, നീ മനുഷ്യനെ കൊല്ലരുത്. കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 1957.
4. തോമസ് സി.ജെ, ധിക്കാരിയുടെ കാതൽ. കോട്ടയം : നാഷണൽ ബുക് സ്റ്റാൾ, 2015.
5. സാനു എം.കെ , എം.ഗോവിന്ദൻ. കോട്ടയം : ഡി.സി ബുക്സ്, 2002.

ആനുകാലികങ്ങൾ

1. എം. ഗോവിന്ദൻ സ്മരണിക, മലയാള കലാഗ്രാമം– ന്യൂ മാഹി, 1993 ആഗസ്റ്റ്.

About the researcher:
ഡോ. അനൂപ് വി.
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ശ്രീ ശങ്കരവിദ്യാപീഠം കോളേജ്
വളയൻചിറങ്ങര

Email: anoopvellani@gmail.com
Mob: 8547009793

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0018

മലയാള ചലച്ചിത്രങ്ങളിലെ കോടതിഭാഷാപദങ്ങൾ
ഒരു വിശകലനം

സുകന്യ ബി.

പ്രബന്ധസംഗ്രഹം

മാറുന്ന കാലഘട്ടത്തിനനുസൃതമായി പുതിയ വിഷയങ്ങളും സാങ്കേതികതകളും പ്രേക്ഷകനു മുന്നിൽ അവതരിപ്പിക്കുന്ന ജനപ്രിയകലയാണ് സിനിമ. സമൂഹത്തിനു നേർക്കുപിടിച്ച കണ്ണാടി എന്നപോലെ പല പ്രശ്നങ്ങൾക്കും മുന്നിൽ ചോദ്യങ്ങൾ ഉയർത്താനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും സിനിമകൾ ശ്രമിക്കാറുണ്ട്. സമൂഹത്തിലെ പ്രശ്നങ്ങൾക്ക് നിയമപരമായ പരിഹാരം നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളാണ് കോടതികൾ. കോടതിയിലെ വ്യവഹാരങ്ങളെ സിനിമകളിൽ ആവിഷ്കരിക്കുന്നത് പുതുമയുള്ള സമീപനമല്ല. എന്നാൽ, മാറിവരുന്ന സാമൂഹികസാഹചര്യങ്ങൾക്കനുസൃതമായി കോടതിവ്യവഹാരങ്ങളെ ചിത്രീകരിക്കുന്നതിൽ ഇടക്കാലത്തു പുറത്തിറങ്ങിയ ചലച്ചിത്രങ്ങൾപോലും പ്രത്യേകതാല്പര്യം പുലർത്തുന്നുണ്ട്. വിവിധ കാലങ്ങളിലായി മലയാളത്തിലെ കോടതിചലച്ചിത്രങ്ങളും മറ്റു ചിത്രങ്ങളും അനേകം കോടതിഭാഷാപദങ്ങൾ നമുക്കു പരിചയപ്പെടുത്തിയിട്ടുണ്ട്. കോടതികളിലും നിയമമേഖലയിലും മാത്രം പ്രയോഗിക്കപ്പെട്ടിരുന്ന പദങ്ങൾ സാധാരണക്കാരനു തിരിച്ചറിയാവുന്നവിധത്തിലാക്കിയത് ചലച്ചിത്രങ്ങൾതന്നെയാണ്. നീതിന്യായവ്യവസ്ഥയിൽ നിലനിൽക്കുന്ന ഇത്തരം പദങ്ങളും അവയുടെ സാമൂഹികമാനവും മനസ്സിലാക്കാനുള്ള ശ്രമമാണ് ഈ പഠനം.

താക്കോൽവാക്കുകൾ:
കോടതിവ്യവഹാരം, കോടതിഭാഷ, അധികാരം

....

ആമുഖം

അറിവുനേടുക എന്നത് മനുഷ്യസഹജമായ വാസനയാണ്. പുതിയ കാര്യങ്ങൾ അറിയാനും കണ്ടെത്തുവാനും മനുഷ്യൻ പലവിധത്തിലാണ് താല്പര്യം പ്രകടിപ്പിക്കുന്നത്. സാമൂഹികസ്വാധീനം നിലനിൽക്കുന്നതിനാൽ മനുഷ്യനിലെ സംസ്കാരവും വീക്ഷണവും മാറ്റങ്ങൾക്കു വിധേയമായേക്കാം. കാലഘട്ടങ്ങളെയും വ്യത്യസ്തജനവിഭാഗങ്ങളെയും അതിജീവിച്ച് കടന്നുപോയിക്കൊണ്ടിരിക്കുന്ന ഒന്നാണ് ശരിതെറ്റുകളുടെ ആപേക്ഷികത. പൊതുസമൂഹത്തിനെ സംബന്ധിച്ച് ഭിന്നതകൾ കൂടാതെ ഈ ശരിതെറ്റുകളെ ഉൾക്കൊള്ളുന്നതിന് തയ്യാറാക്കപ്പെട്ട ഒരു നിയമവ്യവസ്ഥ ആവശ്യമാണ്. അതായത് നീതിനിർവഹണം ഏറ്റെടുത്തിരിക്കുന്ന ഒരു സാമൂഹികസ്ഥാപനമാണ് ഈ വ്യവസ്ഥയെ കോട്ടംതട്ടാതെ മുന്നോട്ടുകൊണ്ടുപോകുന്നത്. അത്തരം സർക്കാർ സംവിധാനമാണ് നമ്മുടെ കോടതികൾ. പ്രശ്നങ്ങളുടെ തരം അനുസരിച്ച് വ്യത്യസ്തകോടതികളാണ് ഓരോ കേസും കൈകാര്യം ചെയ്യുന്നത്. കൊളോണിയൽ വ്യവസ്ഥിതിയുടെ അവശിഷ്ടങ്ങളായി ഒട്ടേറെകാര്യങ്ങൾ ഇന്നും നിലനിൽക്കുന്നു. അക്കൂട്ടത്തിൽ ഒന്നാണ് നമ്മുടെ നീതിന്യായസംവിധാനം. കാലങ്ങൾ പിന്നിട്ടുവെങ്കിലും അധികാരത്തിന്റെ തിരുശേഷിപ്പുകളിൽ പലതും മാറ്റമില്ലാതെ തുടരുകയാണ്. സാധാരണക്കാരനു മനസ്സിലാകുന്നവിധം കോടതിവ്യവഹാരത്തിൽ മാതൃഭാഷയുടെ പൂർണ്ണമായ ഉപയോഗം കൊണ്ടുവരാൻ ഇന്നും സാധിച്ചിട്ടില്ല എന്നത് ഒരു ഉദാഹരണം മാത്രം. നിയമനടപടികളിൽ ഉൾപ്പെടുന്ന പലപദങ്ങളും മലയാളിക്കു സുപരിചിതമായത് കോടതിചലച്ചിത്രങ്ങളിലൂടെയാണ്. കോടതി പശ്ചാത്തലമായി പ്രേക്ഷകർക്കു മുന്നിലെത്തിയ അനവധി ചലച്ചിത്രങ്ങൾ മലയാളത്തിലുണ്ട്. അവയിൽ കാണുന്ന കോടതിവ്യവഹാരങ്ങൾ യഥാർത്ഥസാഹചര്യത്തിൽ നിന്നും വളരെയധികം വ്യത്യസ്തമാണ്. എന്നാൽ, നിരക്ഷരനുപോലും പല നിയമങ്ങളെക്കുറിച്ചും ബോധ്യമുണ്ടാകാൻ കാരണം കോടതിചലച്ചിത്രങ്ങളിലെ നാടകീയരംഗങ്ങൾ തന്നെയാണ്. അപ്രകാരം സിനിമകളിലൂടെ മലയാളി മനസ്സിലാക്കിയ ഏതാനും കോടതിഭാഷാപദങ്ങളിലൂടെ കടന്നുചെല്ലാം.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കോടതിവ്യവഹാരം

നിയമപരമായ വിധേയത്വത്തിലൂടെ നീതി നടപ്പിലാക്കുന്നതിനുള്ള ഔദ്യോഗികനടപടികളുടെ സമുച്ചയമാണ് കോടതിവ്യവഹാരം. കോടതിയിൽ കൈകാര്യം ചെയ്യുന്ന ഭാഷ, രേഖകൾ, പ്രക്രിയകൾ എന്നിവയെല്ലാം കോടതിവ്യവഹാരത്തിലാണ് ഉൾപ്പെടുന്നത്. ഭരണഘടനയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് നീതിനടപ്പിലാക്കാൻ രൂപവൽക്കരിച്ചിട്ടുള്ള നിയമപരമായ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും നിറവേറ്റുന്നതിനുള്ള പ്രക്രിയയാണ് കോടതിവ്യവഹാരം. ഒരു കേസ് ഫയൽ ചെയ്യുന്നതു മുതൽ അതിന്റെ വിധി വരെയുള്ള ഓരോ ഘട്ടങ്ങളും ഇവിടെ പരിഗണനീയമാണ്. ഇന്നും ആംഗലേയപദങ്ങളാണ് ഇവയിലെല്ലാം സ്ഥാനംപിടിച്ചിരിക്കുന്നത്. അവയുടെ അർത്ഥവും വ്യാപ്തിയും സാധാരണക്കാരന് ഉൾക്കൊള്ളാൻ പ്രയാസമാണ്. എന്നാൽ, ചലച്ചിത്രങ്ങളിൽ ഇവ ആവിഷ്കൃതമായപ്പോൾ നിയമപരമായ വസ്തുതകൾ എല്ലാവരിലേക്കും എത്തിച്ചേരാൻ തുടങ്ങി. കോടതിഭാഷാപദങ്ങളിൽ പലതും കേട്ടുതുടങ്ങിയതുപോലും ചലച്ചിത്രങ്ങളിലൂടെയാണെന്നു പറയേണ്ടിവരും. അറിവ് ആർജ്ജിക്കുക എന്നതുപോലെ പ്രധാനപ്പെട്ടതാണ് നേടിയ അറിവിന്റെ പ്രയോഗവും. വ്യക്തിജീവിതത്തിൽ നിയമങ്ങളുടെ അടിസ്ഥാന ആശയങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും ചലച്ചിത്രങ്ങൾ സഹായംചെയ്തിട്ടുണ്ട് .

കോടതിഭാഷ

കോടതിയിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭാഷയെ കോടതിഭാഷ എന്നു വിശേഷിപ്പിക്കാം. അനേകം പരിശ്രമങ്ങളുടെ ഫലമായാണ് നമ്മുടെ ഔദ്യോഗികഭാഷയായി മാതൃഭാഷ (മലയാളം) മാറിയത്. അതിനൊപ്പം കോടതിഭാഷയും മലയാളമാക്കാനുള്ള ശ്രമങ്ങൾ നടന്നിരുന്നു. എന്നാൽ അതിനുള്ള നീക്കങ്ങൾ വിഫലമായിരിക്കുന്നു. മലയാളം ഉപയോഗിക്കാമെങ്കിലും മേൽക്കോയ്മ ഇന്നും ഇംഗ്ലീഷിനു തന്നെയാണ്. അധികാരവർഗ്ഗത്തിന്റെ ആധിപത്യം ഭാഷയിലും പ്രകടമാണെന്നതിന്റെ സൂചനയാണ് ഓരോ പദങ്ങളിൽപോലും കാണുന്ന ആംഗലേയസ്വാധീനം. ഒരു അഭിഭാഷകന്റെ കേസ് ഡയറി, വക്കാലത്ത് നാരായണൻകുട്ടി, ക്രൈംഫയൽ, ഹരികൃഷ്ണൻസ്, ഇവിടം സ്വർഗ്ഗമാണ്, ദൃശ്യം, മഹാവീര്യർ, നേര്, വാശി എന്നിങ്ങനെ നിരവധി ചലച്ചിത്രങ്ങളിൽ നിയമപരമായ വസ്തുതകളും കോടതിഭാഷാപദങ്ങളുടെ ഉപയോഗവും കാണാം. കോടതിചലച്ചിത്രങ്ങളിൽ മാത്രമല്ല മറ്റുള്ള ചിത്രങ്ങളിലും കോടതിഭാഷാപദങ്ങൾ പ്രയോഗിക്കപ്പെടുന്നുണ്ട്.

ഹർജി : മിക്ക സിനിമകളിലും നമ്മൾ കേൾക്കാറുള്ള പദമാണ് ഹർജി. അപേക്ഷ എന്നതാണ് ഈ അറബിവാക്കിന്റെ സാമാന്യമായ അർത്ഥം. നിയമത്തിന്റെ സഹായം ആവശ്യമായിവരുമ്പോൾ കോടതിയിൽ സമർപ്പിക്കുന്ന ഔദ്യോഗിക അപേക്ഷയാണിത്.

വക്കാലത്ത് : 2001ൽ പുറത്തിറങ്ങിയ 'വക്കാലത്ത് നാരായണൻകുട്ടി' എന്ന സിനിമയിലൂടെയാണ് ഈ പദം ശരിക്കും നമുക്ക് സുപരിചിതമായിത്തീർന്നത്. കേസ് ഫയൽ ചെയ്ത വ്യക്തിയും വക്കീലും തമ്മിലുള്ള നിയമപരമായബന്ധം നിലകൊള്ളുന്നത് വക്കാലത്തിലൂടെയാണ്. പ്രാതിനിധ്യം എന്നർത്ഥം വരുന്ന അറബിപദമാണിത്. ഒരു കേസ് നടത്താൻ വക്കീലിനെ ചുമതലപ്പെടുത്തുന്നതിനായി ഹർജിക്കാരൻ സമർപ്പിക്കുന്ന രേഖയാണ് വക്കാലത്ത്.

വാദം : കോടതിരംഗങ്ങൾ ആവിഷ്കരിച്ചിട്ടുള്ള ഏതൊരു ചിത്രത്തിലും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വാദം. ഉജ്ജ്വലവും നാടകീയവുമായ കഥാമുഹൂർത്തങ്ങൾ അരങ്ങേറുന്നത് കോടതിവാദങ്ങളിലാണ്. 'നരസിംഹം' പോലുള്ള സിനിമകളിൽ കാണുന്ന വാദപ്രതിവാദങ്ങൾ പ്രേക്ഷകനിൽ ആവേശമുണർത്തുന്നത് പതിവാണ്. എന്നാൽ, ഇത്തരം രംഗങ്ങൾ യഥാർത്ഥ കോടതിമുറികളിൽ കാണാനാകില്ല എന്നതാണ് സത്യം. സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിലുള്ള പരാമർശങ്ങളും (പാവാട, പുണ്യാളൻ അഗർബത്തീസ്, ജെ.എസ്.കെ.) വക്കീലന്മാർ തമ്മിലുള്ള വാഗ്വാദങ്ങളും വെല്ലുവിളികളും പരിഹാസശരങ്ങളുമൊന്നും യഥാർത്ഥകോടതികളിൽ കാണാനാകില്ല. സിനിമയ്ക്ക് വേണ്ടി തയ്യാറാക്കുന്ന ഇത്തരം രംഗങ്ങളിൽ തങ്ങൾക്കനുകൂലമായ പലകാര്യങ്ങളും പ്രേക്ഷകൻ ആഗ്രഹിക്കും. അതേസമയം തെറ്റായ ധാരണകൾ സൃഷ്ടിക്കുന്ന ചില സാഹചര്യങ്ങളും ഇവയിൽ ഉണ്ടാകാം.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ബെഞ്ച് : കോടതിയിൽ ഒരു കേസ് കൈകാര്യം ചെയ്യുമ്പോൾ അത് വീക്ഷിക്കുന്നതിനുള്ള ജഡ്ജിമാരുടെ സംഘത്തെയാണ് ബെഞ്ച് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സിംഗിൾ ബെഞ്ച്, ഡിവിഷൻ ബെഞ്ച് എന്നിങ്ങനെ ജഡ്ജിമാരുടെ എണ്ണമനുസരിച്ച ബെഞ്ചുകൾ വ്യത്യാസപ്പെടുന്നു. കേസിന്റെ ഗൗരവമനുസരിച്ചാണ് ഇത് നിശ്ചയിക്കുന്നത്. പഴയകാല കോടതി– കുറ്റാന്വേഷണചലച്ചിത്രങ്ങളിൽ സുപരിചിതമായ ഈ പദം നേര്, വാശി പോലുള്ള നവസിനിമകളിലും കേൾക്കാനാവും.

വാറണ്ട് : മലയാളിക്ക് സുപരിചിതമായ കോടതിഭാഷാപദമാണ് വാറണ്ട്. കോടതിയോ അധികാരമുള്ള ഉദ്യോഗസ്ഥനോ നൽകുന്ന ഉത്തരവിനെയാണ് വാറണ്ട് (അറസ്റ്റ് വാറണ്ട്/ സെർച്ച് വാറണ്ട്) എന്ന ആംഗലേയപദം കൊണ്ട് അർത്ഥമാക്കുന്നത്. അറസ്റ്റ് രംഗങ്ങളിലും തിരച്ചിൽ രംഗങ്ങളിലും സ്ഥിരം കേൾക്കാറുള്ള പദമാണിത്. "വാറണ്ടുണ്ടോ?" എന്ന ഒറ്റ ചോദ്യത്തിൽ എതിരാളിയായി വരുന്ന ഉദ്യോഗസ്ഥന്റെ മുട്ടുമടക്കുന്ന നായകന്മാർ മലയാളസിനിമകളിൽ വിരളമല്ല.

ഹേബിയസ് കോർപ്പസ് : നിയമവിരുദ്ധമായി തടവിലാക്കപ്പെട്ട ഒരു വ്യക്തിയെ കോടതിയിൽ ഹാജരാക്കുന്നതിനുള്ള ഒരു റിട്ടാണ് ഇത്. ഈ ലാറ്റിൻ പദം മമ്മൂട്ടി ചിത്രമായ 'അടിക്കുറിപ്പി'ലൂടെ വ്യക്തമായി മനസ്സിലാക്കിയപ്പോൾ അതിന്റെ ശരിക്കുള്ള വിശദീകരണം മലയാളി തിരിച്ചറിഞ്ഞത് ദൃശ്യത്തിലെ ജോർജുകുട്ടിയുടെ (മോഹൻലാൽ) വാക്കുകളിലൂടെയായിരുന്നു.

അമിക്കസ് ക്യൂറി : കോടതിയിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള സ്ഥാനപ്പേരുകളും അവരുടെ പദവിയും അറിയാൻ സിനിമകൾ ഒരുപാട് സഹായിച്ചിട്ടുണ്ട്. ജഡ്ജി (വിധികർത്താവ്), മജിസ്ട്രേറ്റ് (ശിക്ഷാധികാരി), പബ്ലിക് പ്രോസിക്യൂട്ടർ (സർക്കാർ വക്കീൽ), ഡിഫെൻസ് ലോയർ (പ്രതിഭാഗം വക്കീൽ) തുടങ്ങിയ വാക്കുകൾ കേട്ടു പഴകുന്നതിലും കാര്യങ്ങൾ തിരിച്ചറിയുന്നതിലും സിനിമയാണ് കാരണമായിട്ടുള്ളത്. 'കോടതിയുടെ സുഹൃത്ത്' എന്ന അർഥത്തിൽ ഉപയോഗിക്കുന്ന 'അമിക്കസ് ക്യൂറി' എന്ന വാക്ക് ഒരു കേസിൽ നേരിട്ട് പങ്കാളിയാകാതെ കോടതിക്ക് നിഷ്പക്ഷമായ അഭിപ്രായങ്ങൾ നൽകുന്നതിനായി നിയമിക്കുന്ന വക്കീലിനെ സൂചിപ്പിക്കുന്നു. 'ഇവിടം സ്വർഗ്ഗമാണ്' എന്ന സിനിമയിലെ പ്രബലൻ വക്കീൽ (ശ്രീനിവാസൻ) ഈ പദവിയിൽ തിളങ്ങിയപ്പോഴാണ് ഇത്തരം രീതികൾ ഉണ്ടെന്നു സാധാരണജനങ്ങൾ തിരിച്ചറിയുന്നത്.

ഇങ്ങനെ നോക്കിയാൽ പല ഭാഷകളിൽനിന്നും കോടതി സ്വീകരിച്ചിട്ടുള്ള എത്രയോ വാക്കുകളാണ് മലയാളചലച്ചിത്രങ്ങൾ നമുക്ക് പരിചയപ്പെടുത്തിയിട്ടുള്ളതെന്നു ബോധ്യമാകും. വിദ്യാഭ്യാസം ഇല്ലാത്തതിന്റെ കാരണത്താൽ മനസ്സിലാക്കാൻ സാധിക്കാത്ത നിരവധി കാര്യങ്ങളാണ് സിനിമയിലൂടെ വ്യക്തമാക്കപ്പെടുന്നത്. എന്നാൽ, രംഗപ്പൊലിമയ്ക്കു വേണ്ടി ദൃശ്യവൽക്കരിക്കുന്ന കോടതിരംഗങ്ങളെ കണ്ണടച്ചു വിശ്വസിക്കാൻ കഴിയില്ല എന്നത് ഒരു യാഥാർഥ്യമാണ്. ചുരുക്കത്തിൽ, നീതിന്യായവ്യവസ്ഥയിൽ അറിഞ്ഞിരിക്കേണ്ട അടിസ്ഥാനപദങ്ങളും ആശയങ്ങളും ലഭ്യമാക്കുന്നു എന്നതിൽ സിനിമകൾ വിജയിച്ചിട്ടുണ്ട് എന്നു പറയാം.

സമൂഹവും അധികാരവും

മനുഷ്യജീവിതത്തിൽ ഏതൊരു പ്രവർത്തനങ്ങളിലും ഭൗതികമായി സ്വാധീനം ചെലുത്തുന്ന ഉപാധിയാണ് ഭാഷ. അധികാരത്തിന്റെ പ്രതിഫലനം ഭാഷയിലും കാണാൻ സാധിക്കും. വിദ്യാഭ്യാസം, സമ്പത്ത്, ജാതി, മതം, വർഗം എന്നിവയുടെ അടിസ്ഥാനത്തിൽ ഭാഷ വ്യത്യാസപ്പെടുമ്പോൾ ചൂഷകരും ചൂഷിതരുമായ ഒരു വിഭാഗം ഉദയം ചെയ്യുന്നു. ഭരണത്തിലും നിയമനടത്തിപ്പിലും ഈ അന്തരം കാണുന്നുണ്ട്. അധികാരം കയ്യാളുന്നവരുടെ ഭാഷയും നിലപാടുകളും സ്വാഭാവികമായും മുന്നിൽ നിൽക്കുന്നു. അരികുവൽക്കരിക്കപ്പെടുന്ന പാവപ്പെട്ടവന് അവിടെ സ്ഥാനമില്ല. ഭാഷയുടെ കാര്യത്തിൽ ഇത് വ്യക്തമാണ്. അധികാരിയുടെ താല്പര്യമനുസരിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഭാഷ ഒരുകാലത്തു മറയായിരുന്നെങ്കിൽ ഇന്നും ചില സാഹചര്യങ്ങളിലെങ്കിലും അതേ അവസ്ഥ തുടരുന്നുണ്ട്. കോടതികൾ സമൂഹത്തിന്റെ നീതിപാലനവേദി ആണെങ്കിലും ഇന്നും സുപ്രധാനനടപടികളെല്ലാം ഇംഗ്ലീഷിൽ തന്നെയാണ് നടക്കുന്നത്. മാത്രമല്ല, പല ഭാഷകളിൽ നിന്നായി കടംകൊണ്ട വ്യവഹാരപദങ്ങളെ മലയാളീകരിക്കാൻ സാധിച്ചിട്ടുമില്ല. ഇതിനു പുറകിൽ പല സങ്കീർണതകളും ഉണ്ട് എന്നതും ചിന്തിക്കേണ്ടതാണ്. കോടതിഭാഷാപദങ്ങൾ സാമൂഹികതയിൽ നിന്നും നിർണയിക്കപ്പെടുന്നതാകണം. നീതിനിർവഹണത്തിൽ കോടതികൾ സ്വീകരിക്കുന്ന വ്യവഹാരരീതികൾ അധികാരത്തിന്റെ അടയാളപ്പെടുത്തലാണ് എന്ന് മനസ്സിലാക്കാം.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ഉപസംഹാരം

സമൂഹത്തിലെ നീതിപാലനത്തിനുവേണ്ടി സംവിധാനം ചെയ്തിട്ടുള്ള സ്ഥാപനങ്ങളാണ് കോടതികൾ. ഇവിടെ വ്യവഹാരത്തിനുപയോഗിക്കുന്ന മലയാളമല്ലാത്ത പദങ്ങൾ മലയാളിക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചത് സിനിമകളിലൂടെയാണ്.

അധികാരവും സമൂഹവും തമ്മിലുള്ള ബന്ധം പ്രതിഫലിപ്പിക്കാൻ സിനിമകൾക്ക് സാധിക്കുന്നു.

നിയമനടപടികളെക്കുറിച്ച് മാത്രമല്ല കോടതിഭാഷാപദങ്ങളുടെ അർഥം പോലും മനസ്സിലാക്കാൻ സിനിമകളാണ് സഹായിക്കുന്നത്.

സമൂഹത്തിന്റെ പ്രതിബിംബമായി വിശേഷിപ്പിക്കാവുന്ന ചലച്ചിത്രങ്ങൾ, ഭാഷയിലൂടെ അധികാരത്തെ അടയാളപ്പെടുത്തുന്ന നീതിന്യായസംവിധാനത്തിന്റെ കാഠിന്യത്തെ മൃദുലമാക്കിമാറ്റി.

സിനിമകൾ പലപ്പോഴും പുതിയ അറിവുകൾ നൽകാറുണ്ട്. അവയിൽ എല്ലാം ശരിയാകണമെന്നില്ല. നാടകീയത മുൻനിർത്തി പലതും ഭാവനാത്മകമായി ദൃശ്യവൽക്കരിക്കുന്നതുമാകാം. അതിനാൽ ത്യാജ്യഗ്രാഹ്യബോധ്യത്തോടെ വേണം ഓരോ വസ്തുതകളെയും സമീപിക്കാൻ. എന്നാൽ, കോടതിഭാഷാപദങ്ങളുടെ കാര്യത്തിൽ വ്യക്തമായ ധാരണ നൽകാൻ മലയാളചലച്ചിത്രങ്ങൾ വളരെയധികം സഹായിച്ചിട്ടുണ്ടെന്നും ഉറപ്പിച്ചുപറയാൻ സാധിക്കും.

ശരിയായതും ഉപകാരപ്രദവുമായ അറിവുകൾ പ്രദാനംചെയ്യുന്ന ചലച്ചിത്രങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

ഗ്രന്ഥസൂചി

- ഉഷാനമ്പൂതിരിപ്പാട് ഡോ., സാമൂഹികഭാഷാവിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.
- ഗിരീഷ് പി. എം., മലയാളം സ്വത്വവും വിനിമയവും, വള്ളത്തോൾ വിദ്യാപീഠം, മലപ്പുറം, 2013.
- ശിവകുമാർ ആർ. ഡോ., നിയമനിഘണ്ടു, ചിന്ത പബ്ലിഷേഴ്സ്, കോഴിക്കോട്, 2000.
- സ്മിത കെ. നായർ ഡോ., കോടതിമലയാളം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, മലപ്പുറം, 2019.

About the researcher:
സുകന്യ ബി.
ഗവേഷക
മലയാളവിഭാഗം
ഗവ. കോളേജ്
നെടുമങ്ങാട്, തിരുവനന്തപുരം

Email: abcsukanya20@gmail.com
Mob: 9633447321

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0019

സ്വർണ്ണാഭരണ പരസ്യങ്ങളിലെ സവർണ്ണാധികാരരൂപങ്ങൾ

മൈഥിലി പി. എസ്.

പ്രബന്ധസംഗ്രഹം
ഉത്പന്നങ്ങളുടെ ഉപഭോക്താക്കളെ രൂപപ്പെടുത്തുകയും കണ്ടെത്തുകയും ചെയ്യുന്നവയാണ് പരസ്യവ്യവഹാരങ്ങൾ. സവർണ്ണാധികാര രൂപങ്ങളെ നിലനിർത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള ഉപാധിയായാണ് സ്വർണ്ണാഭരണ പരസ്യങ്ങൾ പ്രവർത്തിക്കുന്നത്. സ്വർണ്ണാഭരണ പരസ്യങ്ങളിലെ മതപരമായ സവർണ്ണ ലിംഗാധികാര പ്രത്യയശാസ്ത്രതലം പ്രകടമാകുന്നതെങ്ങനെയെന്ന അന്വേഷണത്തിന്റെ ഭാഗമാണ് പ്രബന്ധം. സമൂഹത്തിലെ സവർണ്ണ അധികാരരൂപങ്ങളെ പ്രതിഫലിപ്പിക്കുന്നവയാണ് സ്വർണ്ണാഭരണ പരസ്യങ്ങൾ. ഇത്തരമൊരു പരികല്പനയുടെ അടിസ്ഥാനത്തിൽ സ്വർണ്ണ/ഡയമണ്ട് ആഭരണ പരസ്യങ്ങളിലുള്ള സവർണ്ണാധികാര നിർമ്മിതിയെയും സംരക്ഷണത്തെയും വിശകലനം ചെയ്ത് ഉപദർശനത്തിലേക്ക് എത്താനാണ് പ്രബന്ധം ശ്രമിച്ചിട്ടുള്ളത്.

താക്കോൽ വാക്കുകൾ:
ലിംഗപദവി, അധികാരം, പരസ്യവ്യവഹാരം

....

ആമുഖം
ഉത്പന്നങ്ങൾ വിറ്റഴിഞ്ഞു പോകുന്നതിനുള്ള ഉപാധിയാണ് പരസ്യങ്ങൾ. പരസ്യങ്ങൾ വഴി രൂപപ്പെടുന്ന പ്രത്യയശാസ്ത്രത്തിലൂടെയോ അനുമാനത്തിലൂടെയോയാണ് ഉത്പന്നങ്ങളുടെ ഉപഭോഗം നിർണയിക്കുന്നത്. ഒരു സവിശേഷമായ ഉത്പന്നമോ സേവനമോ വാങ്ങാൻ ഉപഭോക്താവിനെ പ്രേരിപ്പിക്കുന്നതിനുള്ള വ്യക്തമായ പ്രവർത്തനരീതി പരസ്യങ്ങൾക്കുണ്ട്. ഒരു പ്രത്യേക രീതിയിലുള്ള ബോധത്തിലേക്കും ഉപഭോഗത്തിലേക്കും പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്ന സാമൂഹിക ശക്തിയാണ് പരസ്യപ്രചാരണങ്ങൾ (ആന്റണി കോർട്ടീസ്, 2008: 3). അതിനാൽ സമൂഹത്തിലെ വംശീയ ബന്ധങ്ങൾ, ലിംഗപദവി , അധികാരം, സാമൂഹിക അതിരുകൾ എന്നിവയെക്കുറിച്ചുള്ള ധാരണകൾ പരസ്യത്തിലൂടെ രൂപപ്പെടുന്നുണ്ട്. സമൂഹത്തിൽ സൂക്ഷ്മമായി ഇത്തരം ധാരണകളെ/കാഴ്ചപ്പാടുകളെ നിർമ്മിക്കാനും വിനിമയം ചെയ്യാനും സാധിക്കുന്നവയാണ് പരസ്യവ്യവഹാരങ്ങൾ.

സമൂഹത്തിലെ സവർണ്ണ അധികാര നിർമ്മിതികളെ സംരക്ഷിക്കുന്നതിലും പ്രചരപ്പിക്കുന്നതിലും പരസ്യ വ്യവഹാരങ്ങൾക്കു നിർണ്ണായക സ്ഥാനമാണുള്ളത്. സ്വർണ്ണാഭരണ പരസ്യങ്ങളിലുള്ള സവർണ്ണ അധികാരത്തെ വിനിമയം ചെയ്യുന്ന പ്രധാന ഘടകങ്ങളിലൊന്നാണ് ലിംഗപദവി. സമൂഹത്തിലെ ലിംഗാധികാര ബന്ധങ്ങളെ അധികാരശ്രേണിയായി നിർവചിക്കുന്ന ലിംഗപരമായ അസമത്വത്തിന്റെ അടയാളത്തെ ലിംഗപദവിയെന്നു പറയാം (യാക്കോബ് തോമസ് 2020 ; 385). സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും പണയം വെയ്ക്കുന്നതും സമ്പത്തിനെ നിയന്ത്രിക്കുന്ന ഉപാധികളിൽ ഒന്നാണ്. അതിനാൽ സ്വർണ്ണവും സ്വർണ്ണാഭരണവും സമ്പത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രമായാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. കാലത്തിനനുസരിച്ച് പലതരം പുതുമകൾ സ്വർണ്ണാഭരണം വാങ്ങുന്നതിലും ഉപയോഗിക്കുന്നതിലും കടന്നുവരുന്നുണ്ട്. ഇത്തരം പുതുമയുള്ള സ്വർണ്ണാഭരണ പരസ്യങ്ങളിൽ സവർണ്ണാധികാരം പ്രകടമാകുന്നതെങ്ങനെയെന്ന അന്വേഷണമാണ് പ്രബന്ധത്തിലൂടെ നടത്തുന്നത്. ഇതിനായി കല്യാൺ, ഭീമ, ജോയ് ആലൂക്കാസ്, എന്നീ ജ്വല്ലറികളുടെ പരസ്യങ്ങളെയാണ് വിശകലനം ചെയ്യുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

പരസ്യങ്ങളിലെ പുരുഷാധികാരരൂപങ്ങൾ

പരസ്യവ്യവഹാരങ്ങളിലെ ദൃശ്യങ്ങളിലൂടെയാണ പ്രധാനമായും സവർണ്ണപുരുഷാധികാരവും വിധേയത്വവും പ്രകടമാകുന്നത്. സ്വർണ്ണാഭരണത്തോടൊപ്പം പ്രത്യക്ഷപ്പെടുന്ന സ്ത്രീ,പുരുഷദൃശ്യങ്ങളിലെ കൊടുക്കൽ, വാങ്ങലുകൾ, അവതരണരീതികൾ, ശരീരഘടന തുടങ്ങിയവയെല്ലാം സവർണ്ണ പുരുഷാധികാരത്തിൻ്റെയും വിധേയത്വത്തിൻ്റെയും സൂചനകളാൽ നിർമ്മിതമാണ്. ഇതിന് ഉദാഹരണമാണ 2007 മുതൽ 2017 വരെയുള്ള ഭീമ ,കല്യാൺ , ജോയ് ആലൂക്കാസ് എന്നീ ജ്വല്ലറികളിലെ പരസ്യങ്ങൾ . ഈ കാലഘട്ടത്തിലെ പരസ്യങ്ങളിൽ എല്ലാം സ്വർണ്ണം / ഡയമണ്ട് വാങ്ങുന്നതും സമ്മാനമായി കൊടുക്കുന്നതും പുരുഷന്മാരിലൂടെ അവതരിപ്പിക്കുന്ന രീതിയാണ സ്വീകരിക്കുന്നത്. ‘പെണ്ണേ നിന്നെ സുന്ദരിയാക്കിയതാര് ആര് ’ എന്ന പരസ്യ വാചകവുമായാണ 2007–ൽ (ജോയ്ആലൂക്കാസ്, 1:25) ജോയ് ആലൂക്കാസിൻ്റെ പരസ്യവിപണി ശ്രദ്ധിക്കപ്പെടുന്നത്. യുവാവ്/പ്രതിശ്രുതവരൻ യുവതിയുടെ കൈയ്യിൽ മോതിരം ഇട്ടു നൽകുന്നത്. വെളുത്ത നിറത്തിൽ, മെലിഞ്ഞു , പാൻ്റ്സും ഷർട്ടും, കുർത്തയും ഷാർവാണിയും ധരിക്കുന്ന, വിരലുകളിൽ മോതിരമുള്ള യുവാവാണ / പ്രതിശ്രുതവരനാണ പരസ്യത്തിലുള്ളത്. യുവതി ചുവന്ന പട്ടുസാരിയുടുത്തു നവവധുവായി ജോയ് ആലൂക്കാസിന്റെ സ്വർണ്ണാഭരണങ്ങൾ ധരിച്ചുവരുന്നതും പരസ്യ ദൃശ്യത്തിൽ കാണാം. ജോയ് ആലൂക്കാസ് ജ്വല്ലറിയുടെ 2013 – ലുള്ള പരസ്യത്തിൽ (ജോയ്ആലൂക്കാസ്,0:52) അഭിനയിക്കുന്നത് സുരേഷ് ഗോപിയാണ്. അദ്ദേഹം പാൻ്റസും കോട്ടും ടൈയുമായി ആധുനിക വേഷത്തിൽ തന്റെ ഭാര്യയ്ക്കു സമ്മാനമായി കൊടുക്കുന്ന വജ്രമോതിരത്തെയാണ പരസ്യത്തിൽ ചിത്രീകരിക്കുന്നത്. പിന്നീടു സ്വർണ്ണാഭരണ വിപണിയിലേക്കു ജോയ് ആലൂക്കാസിൻ്റെ പരസ്യം ഇറങ്ങുന്നതു 2016, (ജോയ് ആലൂക്കാസ്,1:00) 2017 (ജോയ്ആലൂക്കാസ്,1:00) വർഷങ്ങളിലാണ്. രണ്ടു പരസ്യങ്ങളിലും മകളുടെ വിവാഹത്തിനായി അച്ഛൻ സ്വർണ്ണം വാങ്ങാൻ പോകുന്നതാണ പ്രമേയമായി വരുന്നത്. വെളുത്ത ഷർട്ടും കാക്കി പാൻ്റുമിട്ട അച്ഛൻ, വെളുത്തമുണ്ടും ഷർട്ടും ധരിച്ച അച്ഛൻ, ആധുനിക സ്യൂട്ടുകളും റോസ് ഷർട്ടും കറുപ്പു പാൻ്റുമിട്ട സ്റ്റാഫുകളുമാണ പരസ്യദൃശ്യങ്ങളിലുള്ളത്. 2020–ൽ (ജോയ് ആലൂക്കാസ്,1:06) സ്വർണ്ണം വിൽക്കാനായി തീരുമാനിക്കുന്ന 2 യുവാക്കളുടെ ബിസിനസ്സ് ചർച്ചയെ അവതരിപ്പിക്കുന്ന പരസ്യമായാണ ജോയ് ആലൂക്കാസ് കോറോണ കാലയളവിലെ വിപണിയെ ചലനാത്മകമാക്കുന്നത്. ജോയ് ആലൂക്കാസിന്റെ പരസ്യങ്ങളിലെ സ്വർണ്ണം വാങ്ങുന്നതും സമ്മാനമായി കൊടുക്കുന്നതും അച്ഛൻ, ഭർത്താവ്, പ്രതിശ്രുതവരൻ, യുവാവ് എന്നിവരാണ്. ഇവരുടെ വെളുത്തനിറവും കരുത്തും ലാളിത്യവും പ്രകടമാക്കുന്ന ശരീരഘടനയും ക്ലാസ്സിക്കോ /ആധുനിക പരിഷ്കൃതമോ ആയ പ്രൗഢിയുള്ള വസ്ത്രധാരണ രീതികളും സവർണ്ണതയെയാണ സൂചിപ്പിക്കുന്നത്. അതിനാൽ സമൂഹത്തിലെ സവർണ്ണ പുരുഷാധികാരം ഇവരിലൂടെയാണ (അച്ഛൻ ഭർത്താവ്, പ്രതിശ്രുതവരൻ, യുവാവ്) വിനിമയം ചെയ്യുന്നത്. ഇതിൽനിന്നു സമൂഹത്തിലെ സവർണ്ണ പുരുഷാധികാരരൂപങ്ങളെ നിർമ്മിക്കുന്നവയും സംരക്ഷിക്കുന്നവയും പ്രചരിപ്പിക്കുന്നവയുമാണ് ജോയ് ആലൂക്കാസിന്റെ സ്വർണ്ണാഭരണ പരസ്യങ്ങളെന്നു സുവ്യക്തമാണ്.

എൺപത്തിയഞ്ചു വർഷത്തെ പരിശുദ്ധ സ്വർണ്ണ പാരമ്പര്യത്തെ പ്രചരിപ്പിക്കുന്നതാണ ഭീമ ജ്വല്ലറിയുടെ 2010 –ലെ (ഭീമ,1:33) പരസ്യം. ഓടുകൾ പതിച്ച ഗോപുരങ്ങളുള്ള വലിയ വീടിനെ ദൃശ്യവത്കരിച്ചാണ പരസ്യമാരംഭിക്കുന്നത്. ഈ വീട്ടിലേക്കു പാൻ്റും കോട്ടുമിട്ട പ്രതിശ്രുതവരൻ വന്നു യുവതിക്കു സമ്മാനമായി ഡയമണ്ട് ആഭരണങ്ങൾ നൽകുന്നുണ്ട്. പരസ്യത്തിൽ ഡയമണ്ടും സ്വർണ്ണവും ധരിച്ച ,ക്ലാസിക്ക് മോഡേൺ വേഷങ്ങളിലായി പല തവണ പ്രത്യക്ഷപ്പെടുന്ന യുവതിയെ യുവാവിന്റെ കാഴ്ചപ്പാടിലൂടെയാണ് (സവർണ്ണ പുരുഷാധികാര കാഴ്ചപ്പാടിലൂടെയാണ്) അവതരിപ്പിക്കുന്നത്.

“പെണ്ണായാൽ പൊന്നു വേണം
പൊന്നും കുടമായി വേണം
പത്തരമാറ്റവൾക്കേകാൻ ഭീമതൻ
സ്വർണ്ണം ചാർത്തിടേണം.”

“ആണായാൽ പെണ്ണു വേണം
ആഭരണ പ്രിയം വേണം
പത്തരമാറ്റ് അവൾക്കേകാൻ
ഭീമതൻ സ്വർണ്ണം ചാർത്തിടേണം.”

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

എന്നീ വരികളാണ് പരസ്യത്തിലുള്ളത്. സ്ത്രീയായാൻ സ്വർണ്ണം വേണമെന്നും സ്ത്രീകൾക്കു പത്തരമാറ്റ് നൽകുന്നതു സ്വർണ്ണമാണെന്നും സംഗീതാത്മകമായി സമൂഹത്തിൽ ഉറപ്പിക്കുന്ന പരസ്യമാണിത്. ആണായാൽ പെണ്ണു വേണമെന്നതുപോലെ തന്നെയാണ് ആഭരണങ്ങളോടുള്ള അവളുടെ പ്രിയമെന്നും അനുശീലിപ്പിക്കുന്ന വരികളാണിത്. ഭീമയുടെ സ്വർണ വിപണിയെ മാത്രമല്ല സ്ത്രീയ്ക്കു തുല്യമാണ് പൊന്നെന്ന ആശയത്തെ കൂടി സമൂഹത്തിൽ നിർമ്മിച്ചെടുക്കുന്നു. അല്ലെങ്കിൽ പെണ്ണായാൽ പൊന്നു വേണമെന്ന സമൂഹത്തിന്റെ സവർണ്ണ സൗന്ദര്യബോധമാണ് പരസ്യത്തിലൂടെ ഭീമജ്വല്ലറി പ്രതിഫലിപ്പിക്കുന്നത്.

നവവധുവിനുള്ള സ്വർണ്ണം വാങ്ങി സ്വപ്നം കാണുന്ന വരനെ/ യുവാവിനെ ചിത്രീകരിക്കുന്ന പരസ്യവുമായാണ് ഭീമ ജ്വല്ലറി 2012 –ൽ (ഭീമ,1:03) വിപണിയിലേക്കു വരുന്നത്. പരസ്യത്തെ ആവിഷ്കരിക്കുന്നതു സ്വർണ്ണമാല വധുവിന്റെ കഴുത്തിൽ വരൻ വച്ചു നോക്കുന്ന രീതിയിലാണ്.

"അവളുടെ മനമാകെ
തളിരിട്ടുമൊരു കാലം
നിനവുകളിൽ നിറയെ
പവനുതിരും ഭീമ."

എന്നവരികളാണ് പശ്ചാത്തലമായി പാടുന്നത്. അവളുടെ മനസ്സു മുഴുവൻ തളിരുടുന്ന പൂക്കുന്ന ഒരു കാലമുണ്ടെന്നു സൂചിപ്പിക്കുന്നതു വിവാഹത്തെയാണ്. ആ കാലത്തെ സ്വപ്നങ്ങളിൽ ഭീമയുടെ സ്വർണ്ണം നിറയുമെന്നു പറയുന്ന വരികളാണിത്. സ്ത്രീകളുടെ ജീവിതത്തിൽ വിവാഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ സ്വർണ്ണത്തിന്റെ സ്ഥാനത്തിനു പ്രാധാന്യം നൽകുന്ന വരികളും ദൃശ്യവുമാണ് പരസ്യത്തിൽ ഉടനീളമുള്ളത്. അതിനുശേഷമുള്ള ഭീമയുടെ പരസ്യം വിപണിയിലെത്തുന്നത് 2014 (ഭീമ, 1:20) ആഗസ്റ്റിലാണ്. മുപ്പതാമത്തെ വിവാഹവാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി ഭർത്താവ് ഭാര്യയ്ക്കു ഭീമയുടെ ഡയമണ്ട് കോളർ നെക്‌ലേസു നൽകുന്നുണ്ട് . ആർഭാടപൂർവ്വമായ വിവാഹ സുദിനവും ആ ദിവസം ധരിച്ച ആഭരണങ്ങളും വിവാഹ ചടങ്ങുകളും ദമ്പതികൾ ഓർമ്മിച്ചെടുക്കുന്ന രീതിയിലാണ് പരസ്യത്തെ സംവിധാനം ചെയ്തിരിക്കുന്നത്. ഭീമ ജ്വല്ലറിയുടെ 2019–കളിൽ ഇറങ്ങുന്ന രണ്ടു പരസ്യത്തിലും സ്വർണ്ണത്തെ വാങ്ങുന്നതും കൊടുക്കുന്നതും ഭർത്താവ്, പ്രതിശ്രുതവരൻ എന്നിവരാണ്. സമൂഹത്തിലെ സവർണ്ണ താല്പര്യങ്ങളുള്ള പുരുഷാധികാരരൂപമായാണ് ഭീമ ജ്വല്ലറിയുടെ പരസ്യങ്ങളിലെ ഭർത്താവ് പ്രതിശ്രുത വരൻ, യുവാവ് എന്നിവർ പ്രവർത്തിക്കുന്നത്. പെണ്ണായാൽ പൊന്നു വേണമെന്നും സവർണ്ണ സൗന്ദര്യത്തിൻ്റെയും സവർണ്ണ പുരുഷാധികാരത്തിൻ്റെയും പുനർ നിർമ്മിതിയാണ് ഭീമ ജ്വല്ലറിയുടെ പരസ്യങ്ങൾ.

കല്യാൺ ജ്വല്ലറിയുടെ നെക്‌ലേസുമേളയുമായി ബന്ധപ്പെട്ട പരസ്യം വിപണിയിൽ എത്തുന്നതു 2013–ലാണ്. (കല്യാൺ ,0:51) ദിലീപും മായയും കൂടി ജ്വല്ലറിയിൽ കയറുന്നു. കല്യാണത്തിനും ക്ലബിലെ ഫംഗ്ഷനും വിവാഹ വാർഷികത്തിനുമായി അഞ്ച് നെക്‌ലേസുകൾ തെരഞ്ഞെടുക്കുന്നതിലൂടെ സവർണ്ണ സൗന്ദര്യ ബോധമാണ് പ്രവർത്തിക്കുന്നത്. ഇതിനായി ബില്ലു കൈയ്യിലെടുത്ത് ആകെ തുക പരിശോധിച്ചു പണം ചിലവഴിക്കുന്നതു ദിലീപാണ്.5000 മുതൽ25000 രൂപ വരെയുള്ള വജ്രാഭരണ ശേഖരത്തിന്റെ വിൽപനയ്ക്കായി 2014–ൽ ഒന്നിലധികം പരസ്യങ്ങൾ കല്യാൺ ജ്വല്ലറി ഇറക്കുന്നുണ്ട്. ഒന്നാമത്തെ (കല്യാൺ ,0:50) പരസ്യത്തിൻ്റെ പ്രമേയം അച്ഛൻ്റെ പണമുപയോഗിച്ചു ഡയമണ്ട് മാല വാങ്ങി ഇട്ടുകൊണ്ടു പെണ്ണുകാണാൻ ചടങ്ങു നടത്തുന്നതാണ്. ജോലിയിൽനിന്നു കിട്ടിയ ആദ്യ ശമ്പളത്തിൽനിന്നു കാമുകിക്കായി ഡയമണ്ട് റിങ്ങ് വാങ്ങി കൊടുക്കതാണ് രണ്ടാമത്തെ (കല്യാൺ, 1:00) പരസ്യം. മറ്റു ജ്വല്ലറികളുടേതു പോലെ സ്വർണ്ണം വാങ്ങുന്നതും കൊടുക്കുന്നതും അച്ഛൻ, ഭർത്താവ്, പ്രതിശ്രുത വരൻ, കാമുകൻ എന്നിവരാണ്. ഈ പരസ്യങ്ങളിലെല്ലാം സവർണ്ണ ശരീരഘടനയും ആധുനികമോ ക്ലാസ്സിക്കോ ആയ വസ്ത്രധാരണ രീതിയുമുള്ള പുരുഷന്മാരെയാണ് കാണാൻ സാധിക്കുക. സവർണ്ണ പുരുഷാധികാരത്തെ ഉപയോഗിച്ചാണ് സ്വർണ്ണാഭരണങ്ങളുടെ വിപണി നിലനിൽക്കുന്നതെന്ന പ്രത്യയശാസ്ത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. അഥവാ സമൂഹത്തിൽ നിലനിൽക്കുന്ന സവർണ്ണ പുരുഷാധികാരം സ്വർണ്ണാഭാരണ വിപണിയിലൂടെ സംരക്ഷിക്കപ്പെടുകയും പ്രചരിപ്പിക്കുകയാണെന്നും പറയാം. സമൂഹത്തിലെയും കുടുംബത്തിലെയും സാമ്പത്തികവും സവർണ്ണവുമായ അധികാരം കേന്ദ്രീകരിക്കുന്നതു പുരുഷന്മാരിലാണ്. അതിനാൽ സ്വർണ്ണാഭരണ വിപണി സവർണ്ണപുരുഷ കേന്ദ്രിതമായ സാമൂഹ്യ ബന്ധങ്ങളെ ശക്തിപ്പെടുത്തിയാണ് മുന്നോട്ടു പോകുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

പരസ്യങ്ങളിലെ സ്ത്രീ – അധികാരരൂപങ്ങൾ

സമീപകാലങ്ങളിലായി പരസ്യവ്യവഹാരങ്ങളിലെ സവർണ്ണ പുരുഷാധികാരരൂപങ്ങൾ സവർണ്ണ സ്ത്രീ അധികാരരൂപങ്ങളിലേക്ക മാറുന്നുണ്ട്. ഈ പരിണാമ സ്വഭാവം 2013 – കൾ മുതൽക്കാണ പ്രകടമായി തുടങ്ങുന്നത്. ഇതിന് ഉദാഹരണമാണ 2013 –ൽ (ഭീമ,0:47) ഭീമ ജ്വല്ലറി വിപണിയിൽ എത്തിക്കുന്ന പരസ്യം. വീട്ടമ്മയും തൊഴിലുടമയുമായ വിമല എന്നുപേരുള്ള സ്ത്രീ. സ്വന്തം വരുമാനത്തെ സ്വർണ്ണം വാങ്ങുന്നതിനായി ഉപയോഗപ്പെടുത്തുന്നതാണ പരസ്യത്തിൻ്റെ പ്രമേയം. സ്വന്തമായി തയ്യൽകട നടത്തുന്ന, തൊഴിലുടമയും സ്വയം വരുമാനവുമുള്ള, സ്വന്തമായി വാഹനമോടിക്കുന്ന, സ്വർണ്ണ വളകൾ, കമ്മൽ, മാല എന്നിവ ധരിക്കുന്ന ,വെളുത്ത നിറമുള്ള, സാരിയുടുത്ത സ്ത്രീയെ അവതരിപ്പിക്കുന്ന ആദ്യത്തെ പരസ്യം ഭീമ ജ്വല്ലറിയുടേതാണ്. ഈ പരസ്യത്തിലെ സ്ത്രീയുടെ തൊഴിലുടമയായുള്ള അവതരണം, സ്വർണ്ണാഭരണങ്ങൾ ഉപയോഗിക്കുന്നതും വെളുത്തനിറവും വസ്ത്രധാരണ രീതിയും സവർണ്ണതയെയാണ സൂചിപ്പിക്കുന്നത്. സ്ത്രീകൾ മാത്രമുള്ള ഭീമ ജ്വല്ലറിയുടെ അടുത്ത പരസ്യം വരുന്നതു 2017 – (ഭീമ, 1:01) ലാണ്. തൂക്കുവിളക്കുകൾക്കിടയിലൂടെ വലിയ തറവാട്ടു വീട്ടിൽനിന്നു സ്വർണ്ണാഭരണങ്ങൾ ധരിച്ച സ്ത്രീകൾ നൃത്തം ചെയ്യുന്നതിലൂടെയാണ പരസ്യമാരംഭിക്കുന്നത്. നൃത്തം പഠിക്കുന്ന നിരവധി പെൺകുട്ടികൾ, കുളത്തിൽനിന്നു വെളുത്ത ശംഖിലേക്ക വെള്ളം നിറയ്ക്കുന്ന സ്വർണ്ണവളകളിട്ട രണ്ടു കൈകൾ, വിവിധ തരത്തിലുള്ള ആഭരണങ്ങൾ ധരിച്ച സ്ത്രീകൾ വലിയ വീട്ടു മുറ്റത്തു തിരുവാതിരകളിക്കുന്നതുമാണ പരസ്യത്തിൽ ദൃശ്യവത്കരിക്കുന്നത്. വലിയ വീട്, പടികെട്ടുകളുള്ള കുളം, വെള്ളം നിറയ്ക്കുന്ന ശംഖ്, സ്ത്രീകളുടെ വെളുപ്പുനിറം, ധരിച്ചിരിക്കുന്ന ആഭരണങ്ങളുടെ ശൈലിയുമെല്ലാം സവർണ്ണാധികാരമുള്ള സ്ത്രീത്വത്തിന്റെ ഭാഗമാണ്. 'പവിത്ര' എന്നപേരിലുള്ള വിവാഹ ആഭരണ ശേഖരത്തെ പ്രചരിപ്പിക്കുന്ന പരസ്യമാണ ഭീമ വിപണിയിലേക്ക 2021 ൽ (ഭീമ, 0:25) കൊണ്ടുവരുന്നത്. സ്ത്രീയെന്നാൽ പ്രായത്തിനനുസരിച്ചോ അതിൽ കവിഞ്ഞോ പക്വത (കുലീനത)യുള്ള വ്യക്തിത്വമാണ്. കൂടാതെ ആരെയും വശത്താക്കാൻ കഴിയുന്ന (വശ്യം) പ്രകാശിക്കുന്ന (ദീപ്തം) വളാണെന്ന സമൂഹത്തിന്റെ സാമ്പ്രദായിക ബോധത്തിനെയാണ സ്വർണ്ണാഭരണങ്ങൾ അണിഞ്ഞ വ്യത്യസ്ത ഭാവത്തോടെ അവതരിപ്പിക്കുന്ന സ്ത്രീകളിലൂടെ ഉറപ്പിച്ചെടുക്കുന്നത്. മേൽ പറഞ്ഞ ഗുണങ്ങളെല്ലാം സ്ത്രീ സഹജമാണ്. അതിനു സുവർണ്ണസ്പർശം ഉണ്ടാകണമെങ്കിൽ ഭീമയുടെ വിവാഹ ആഭരണങ്ങൾ ധരിക്കണമെന്നു സ്ഥാപിച്ചെടുക്കുന്ന പരസ്യമാണിത്. വിവാഹപ്രായമായ സ്ത്രീകൾ കുലീനരും വശ്യഗുണമുള്ളവരും പ്രകാശിക്കുന്നവരുമാകണമെന്ന സവർണ്ണവും പുരുഷാധിപത്യപരവുമായ അധികാരത്തിന്റെ വിനിമയമാണ പരസ്യ ദൃശ്യങ്ങളിൽ കാണാൻ സാധിക്കുക.

എന്നാൽ 2022–ൽ (ഭീമ,1:36) ഭീമ ജ്വല്ലറി സ്വർണ്ണാഭരണങ്ങൾ ധരിച്ച വ്യത്യസ്ത നവവധുക്കളെ അവതരിപ്പിക്കുന്ന പരസ്യവുമായാണ വിപണിയിൽ വരുന്നത്. ചരിഞ്ഞു കിടക്കുന്ന ആനയുടെമേൽ തലവച്ചു കിടക്കുന്ന വധുവിനെ ദൃശ്യവത്കരിച്ചാണ പരസ്യം ആരംഭിക്കുന്നത്. സ്വർണ്ണാഭരണങ്ങൾ ധരിച്ച കളരി ചുവടുകൾ വയ്ക്കുന്ന വധുവിനെയാണ് അടുത്ത ദൃശ്യത്തിൽ അവതരിപ്പിക്കുന്നത്. ചകിരി പിരിച്ചു കെട്ടിവച്ചിരിക്കുന്ന കയറുകൾക്കിടയിലൂടെ സ്വർണ്ണാഭരണം ധരിച്ച വരുന്ന നവവധുവാണ പിന്നീട്ടു പ്രത്യക്ഷപ്പെടുന്നത്. സ്വർണ്ണാഭരണം ധരിച്ച വീരനായികയായി കളരിപ്പയറ്റിന്റെ ചുവടുകളും അഭ്യാസവും കാണിക്കുന്ന, ചിഹ്നം വിളിക്കുന്ന ആനയുടെ അടുത്തു ധൈര്യശാലിയായി നിൽക്കുന്ന, തന്റെ തൊഴിലിനെയും സംസ്കാരത്തെയും അഭിമാനത്തോടെ കാണുന്ന സവർണ്ണ സ്ത്രീകളെയാണ ഭീമ ജ്വല്ലറി അവതരിപ്പിക്കുന്നത്.

സവർണ്ണ സ്ത്രീത്വത്തിന്റെ പ്രതീകമായി മഞ്ജു വാര്യരെ അവതരിപ്പിക്കുന്നതാണ കല്യാൺ ജ്വല്ലറിയുടെ പരസ്യ വ്യവഹാരങ്ങൾ.' ഇപ്പോൾ നാടാകെ കല്യാണം' എന്നപരസ്യ വാചകത്തോടെ 2015 –ൽ (കല്യാൺ , 1;30) കല്യാൺ ജ്വല്ലറിയുടെ പരസ്യം വന്നിട്ടുണ്ട്. കഥകളി പ്രതിമയും ചുവർചിത്രങ്ങളും കൊത്തുപണികളുമായി അലങ്കരിച്ചിരിക്കുന്ന മുറിയിൽ കുഞ്ചാക്കോ ബോബൻ പത്രം വായിക്കുന്നതോടെയാണ പരസ്യം ആരംഭിക്കുന്നത്. ഇതുവരെ റെഡിയായില്ലേ എന്നുചോദിച്ച പച്ചപട്ടുസാരി , ചുവന്ന ബ്ലൗസ്, സ്വർണ്ണമാല, കമ്മൽ , വള എന്നിവ ധരിച്ച വരുന്ന മഞ്ജുവാര്യരെയാണ അടുത്ത ദൃശ്യത്തിൽ കാണാനാവുക. രണ്ടു പേരും സവർണ്ണ പശ്ചാത്തലമുള്ള വിവിധ വിവാഹ ആഘോഷങ്ങളിൽ പങ്കെടുത്തു കല്യാൺ ജ്വല്ലറി വെട്ടിക്കുറച്ച പണിക്കൂലിയെ പറ്റി പറയുന്നതാണ പരസ്യത്തിൻ്റ പ്രമേയം. അലങ്കരിച്ച മുറിയും, മഞ്ജുവാര്യർ ധരിക്കുന്ന വേഷവും ആഭരണങ്ങളും പങ്കെടുക്കുന്ന വിവാഹ ചടങ്ങുകളുമെല്ലാം സവർണ്ണ സൗന്ദര്യവും പശ്ചാത്തലവും പ്രവർത്തിക്കുന്ന പരസ്യ ഘടകങ്ങളാണ്. വിവാഹത്തിനു മാത്രമായി കല്യാൺ പുറത്തിറക്കിയ ആഭരണ ശേഖരമാണ 'മുഹൂർത്ത്'. ഇതിന്റെ ഭാഗമായി വിവാഹത്തിനു വേണ്ട പരമ്പരാഗതസവർണ്ണ ശൈലിയിലുള്ള ആഭരണങ്ങളെയാണ (നാഗപടത്താലി, ലക്ഷ്മി മാല, നഗാസ്

മാല ,നവരത്നവള, മാണിക്യ മാല) ദൃശ്യവത്കരിക്കുന്നത്. സ്വർണ്ണാഭരണ പരസ്യങ്ങളിലെ സവർണ്ണ പുരുഷാധിപത്യരീതികൾ സവർണ്ണ സ്ത്രീത്വത്തിന്റെതായി , പുതിയ പരസ്യത്തിലേക്കു ഉൾപ്പെടുത്തുന്നതിന്റെ സൂചനകൾ ഇവിടെ വ്യക്തമാണ്.

അക്ഷയതൃതീയ ദിനത്തെ സ്വർണ്ണാഭരണം വാങ്ങി ആഘോഷിക്കുന്ന രീതിയെ പ്രചരിപ്പിക്കുന്നതാണ് ജോയ് ആലുക്കാസിന്റെ 2022–ലെ പരസ്യം. വൈശാഖമാസത്തിലെ ശുക്ലപക്ഷ തൃതീയയാണ് അക്ഷയതൃതീയയായി വരുന്നത്. ഈ ദിവസത്തിലുള്ള ദാനം നൽകൽ, പുതിയ സംരംഭങ്ങളുടെ ആരംഭം, പുതിയ വസ്തുക്കൾ വാങ്ങൽ, എന്നിവയെല്ലാം ഐശ്വര്യവും സമൃദ്ധിയും വർദ്ധിപ്പിക്കുമെന്ന വിശ്വാസം സവർണ്ണ വിഭാഗക്കാർക്കിടയിലുണ്ട്. ഈ വിശ്വാസത്തെ മുൻനിർത്തിയാണ് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നതിലൂടെ സന്തോഷവും ഐശ്വര്യവും ലഭിക്കുമെന്ന് ജോയ് ആലുക്കാസ് പരസ്യം ചെയ്യുന്നത്. സവർണ്ണതയുടെ ഭാഗമായ ആഘോഷരീതി, ആഭരണ ശൈലി, വസ്ത്രധാരണം, ഗൃഹങ്ങൾ, മതാചാരങ്ങൾ എന്നിവയെല്ലാം ആഭരണ പരസ്യങ്ങളിൽ അവതരിപ്പിക്കുന്നതു സവർണ്ണസ്ത്രൈണതയെ കേന്ദ്രീകരിച്ചാണ്. ഇതോടെ ദളിത് , ആദിവാസി വിഭാഗങ്ങളുടെ വൈവിധ്യമാർന്ന വസ്ത്ര ശൈലി, കല, ആഘോഷം, വിവാഹ ചടങ്ങുകൾ എന്നിവയെല്ലാം അരുകുവത്കരിക്കപ്പെടുന്നു. സമൂഹത്തിൽ ആഭരണങ്ങൾ ധരിച്ച് ഉത്സവങ്ങൾ ആഘോഷിക്കുന്ന സവർണ്ണ സ്ത്രീയ്ക്കു സ്വീകാര്യതയും പ്രചാരവും ലഭിക്കുന്ന രീതിയാണ് സ്വർണ്ണാഭരണ പരസ്യങ്ങൾ മുന്നോട്ടു വയ്ക്കുന്നത്.

പരസ്യങ്ങളിലെ മതാത്മകരൂപങ്ങൾ

സ്വർണ്ണാഭരണ പരസ്യങ്ങളിലെ അധികാരം, സമൂഹത്തിലെ മതം,സവർണ്ണത, ലിംഗപദവി (പുരുഷൻ, സ്ത്രീ) എന്നിവയിലൂടെയാണ് വിനിമയം ചെയ്യുന്നത്. തലമുറകൾ മാറിയാലും മായാത്ത വിശ്വാസത്തെ പറ്റി പറയുന്ന 2024–ലെ ഭീമ (ഭീമ, 1:00) ജ്വല്ലറിയുടെ പരസ്യം ഇതിന് ഉദാഹരണമാണ്. "നിങ്ങൾ ബെസ്റ്റ് ആവണമെങ്കിൽ നിങ്ങളോടൊപ്പം ബെസ്റ്റായവർ തന്നെ വേണം" എന്ന ദൃഢ ശബ്ദത്തിൽ പറയുന്നതോടെയാണ് പരസ്യം ആരംഭിക്കുന്നത്. അതിനുശേഷം കൈചെയിനും മാലയും മോതിരവും ധരിച്ച ആധുനികമായ വേഷത്തിൽ (പാൻറ്സും കോട്ടും ടൈയും) ഭീമ ജ്വല്ലറിയിൽ എത്തുന്നു. അതിനുശേഷം ഭീമയിലെ ആഭരണങ്ങളെ ചൂണ്ടിക്കാട്ടി 'നിങ്ങളുടെ പണത്തിനു ദ ബെസ്റ്റ് വാല്യൂ നൽകുന്നതു ഭീമയാണെന്ന്' ഉറപ്പിക്കുന്നുണ്ട്. തുടർന്നു വരുന്ന പരസ്യദൃശ്യങ്ങളിൽ ലക്ഷ്മി, സരസ്വതി, ഗണപതി എന്നിവരുടെ ചിത്രം ആലേഖനം ചെയ്തിരിക്കുന്ന സ്വർണ്ണമാലകൾ കാണാൻ സാധിക്കും. പരസ്യത്തിലെ ഇത്തരം ദൃശ്യങ്ങളിൽ ക്ഷേത്രകേന്ദ്രിതമായ സ്വർണ്ണാഭരണ ശൈലിയെ വിപണി വൽകരിക്കുന്നതും പരസ്യപ്പെടുത്തുന്നതുമായ വരേണ്യ സൗന്ദര്യാത്മകതയാണ് പ്രകടമാകുന്നത്.

സമൂഹത്തിലുള്ള മതാധിഷ്ഠിതമായ സവർണ്ണ പുരുഷാധികാരത്തെ അനുശീലിപ്പിക്കുന്നതാണ് ഒക്ടോബർ 2025– ലെ കല്യാൺ (കല്യാൺ, 1:13)ജ്വല്ലറിയുടെ പരസ്യം. പരസ്യ ചിത്രീകരണത്തിന്റെ ആദ്യഭാഗത്തു പൂക്കളും ദീപങ്ങളുമുള്ള താലമെടുത്തു നിൽക്കുന്ന അമിതാഭ് ബച്ചനെയാണ് കാണാൻ സാധിക്കുക. ഈ ദീപതാലത്തെ തൊഴുതു തല ഉയർത്തുന്ന ചെറുമകളാണ് അടുത്ത ദൃശത്തിലുള്ളത്. മുത്തശ്ശനായ അമിതാഭ് ബച്ചൻ ഈ ചെറുമകൾക്കു കല്യാൺ ജ്വല്ലറിയുടെ ആഭരണം ദീപാവലി സമ്മാനമായി നൽകുന്നു. പിന്നീട് ദീപാവലി ആഘോഷത്തിന്റെ ഭാഗമായി കുടുംബാംഗങ്ങൾ (ചേച്ചി അനിയത്തിക്ക്, ഭർത്താവ് ഭാര്യയ്ക്ക്) പരസ്പരം ആഭരണങ്ങൾ സമ്മാനമായി കൈമാറുന്നുണ്ട്. അവസാനം മകൾ മുത്തശ്ശനു സമ്മാനമായി ഡയമണ്ട് മാല നൽകുന്ന ദൃശ്യമാണ് പരസ്യത്തിലുള്ളത്. ആഢംഭരമുള്ള ഗൃഹാന്തരീക്ഷവും ദീപങ്ങളും പൂക്കളുംകൊണ്ടുള്ള അലങ്കാരവും പരസ്യത്തിൻ്റെ പശ്ചാതലമാകുന്നതു സവർണ്ണതയുടെ ഭാഗമായാണ്. മുത്തശ്ശനായ അമിതാഭ് ബച്ചൻ ദീപങ്ങളുള്ള താലമെടുത്തു നിൽക്കുന്നതും കുടുംബത്തിലെ മേലധികാരിയായി വേഷമിടുന്നതും ചെറുമകൾ നൽകുന്ന ഡയമണ്ട് മാലധരിക്കുന്നതുമായ ദൃശ്യങ്ങൾ പരസ്യത്തിലുണ്ട്. മേൽ പറഞ്ഞ ദൃശ്യങ്ങളിൽ പരസ്യത്തിലെ മതപരമായ സവർണ്ണ പുരുഷാധികാര പ്രത്യയശാസ്ത്ര തലമാണ് പ്രവർത്തിക്കുന്നത്. പൊതുവേ ദീപങ്ങൾ തെളിയിച്ചും മധുരം നൽകിയുമാണ് ദീപാവലി ആഘോഷിക്കുക. എന്നാൽ കല്യാൺജ്വല്ലറിയുടെ പരസ്യത്തിൽ സ്വർണ്ണാഭരണങ്ങൾ സമ്മാനമായി നൽകി, ദീപാവലിയെ സവർണ്ണ താല്പര്യത്തോടു ചേർക്കുന്ന ഗൃഹാന്തരീക്ഷത്തിൽ ആഘോഷിക്കുന്നുവെന്നതു ശ്രദ്ധേയമാണ് . സമൂഹത്തിലെ സവർണ്ണ പുരുഷാധിപത്യത്തെ മതവുമായി കൂട്ടിയിണക്കി സംരക്ഷിക്കുന്ന പരസ്യതന്ത്രമാണിത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

സ്വർണ്ണാഭരണങ്ങളുടെ വിപണയിലേക്കു 2022–23 കൾക്കു ശേഷമാണു മതാധിഷ്ഠിതമായ സമീപനം രൂപപ്പെടുന്നത്. കല്യാൺ ജ്വല്ലറി 2024 (കല്യാൺ,0:53)ജനുവരിയിൽ സീതാ കല്യാണമെന്ന സങ്കല്പത്തെ മുൻനിർത്തിയാണു സ്വർണ്ണാഭരണ പരസ്യത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. അയോദ്ധ്യാക്ഷേത്രവും രാംലല്ലയുടെ രൂപവുമുള്ള ആഭരണ നിർമ്മാണ രീതിയാണു പരസ്യത്തിലുള്ളത്. പശ്ചാതലമായി ജയ ജയറാം, ജയ് സീയാറാം, ജയ് രാജാറാം, ജയ്ശ്രീറാം, എന്നവരികൾ സംഗീതാത്മകമായി പാടുന്നുണ്ട്.ഏപ്രിൽ2025–ൽ(ജോയ് ആലുക്കാസ്,1:00) ജോയ് ആലുക്കാസ് ജ്വല്ലറിയുടെ വിഷു ആശംസകൾ നൽകുന്ന പരസ്യം വരുന്നുണ്ട്.' കൃഷ്ണലീല' ആഭരണ ശേഖരത്തെ ഉപഭോക്താകൾക്കു പരിചയപ്പെടുത്താനുള്ള ശ്രമമാണ് ഈ പരസ്യം. കൃഷ്ണ നീ വേഗേന ബാറോ എന്ന ഗാനത്തിനനുസരിച്ചു ശ്രീകൃഷ്ണ രൂപമുള്ള മോതിരങ്ങൾ, വളകൾ, പലതരം നെക്‌ലേസുകൾ , മാലകൾ ധരിച്ച യുവതിയെയാണു ചിത്രീകരിക്കുന്നത്. 'രാസലീല' ആഭരണ ശേഖരത്തെ ദൃശ്യവത്കരിക്കുന്ന ഭീമജ്വല്ലറിയുടെ (2025) പരസ്യമാണു (ഭീമ,1:10) രാസലീല. രാധയും തോഴിമാരും ചേർന്നു നൃത്തം ചെയ്യുന്ന രാധാകൃഷ്ണ സങ്കല്പത്തിലുള്ള ചിത്രങ്ങളും സംഗീതവും അതിനനുസൃതമായ ആഭരണത്തെയും പരസ്യത്തിൽ പ്രചരിപ്പിക്കുന്നുണ്ട്. മയിൽപ്പീലിയുടെയും ഓടക്കുഴലിന്റെയും മുകളിലാണു ഭീമയെന്ന പേരു വരുന്നത്. ഒരു മത വിഭാഗത്തിൻ്റെ ചിഹ്നങ്ങളെയും പാരമ്പര്യത്തെയും മാത്രം കേന്ദ്രീകരിക്കുന്ന പരസ്യങ്ങളിലെല്ലാം സ്വർണ്ണാഭരണങ്ങൾ ധരിച്ചു വരുന്നതു സ്ത്രീകളാണ്. മതാധികാരത്തിനുള്ളിൽ വിധേയത്വമുള്ള സ്ത്രീയെയാണു രാസലീല, കൃഷ്ണലീല ആഭരണ ശേഖരങ്ങളിൽ കാണാൻ കഴിയുന്നത്. ഇത്തരം പരസ്യങ്ങളുടെ പ്രത്യയശസ്ത്രമായി പ്രവർത്തിക്കുന്നതു സമൂഹത്തിലെ മത കേന്ദ്രിതമായ സവർണ്ണ അധികാരമാണ്.

അമേരിക്കൻ ഐക്യനാടുകളിലെ പരസ്യങ്ങളെക്കുറിച്ചു പഠനം നടത്തിയിട്ടുള്ള പണ്ഡിതനാണു ജെയിംസ് ബി. ട്വിറ്റ്ചെൽ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മാന്ത്രിക സ്വഭാവമാണു മതത്തിന്റെയും പരസ്യത്തിന്റെയും കാതൽ (ആന്റണി കോർട്ടീസ്, 2008:8). അദ്ദേഹത്തിന്റെ അഭിപ്രായത്തിനനുസരിച്ചു പ്രണയം, ഭക്തി, രാധകൃഷ്ണ സങ്കല്പം, ആത്മീയത ഇവയ്ക്കു പ്രാധാന്യം നൽകിയുള്ള അനുഭവമാണു പരസ്യത്തിലൂടെ ശബ്ദമായും ദൃശ്യമായും ആവിഷ്കരിക്കുന്നത്. പുരാതനമായ ക്ഷേത്ര ആഭരണങ്ങളിൽനിന്നു പ്രചോദനം ഉൾക്കൊണ്ടു ആഭരണ ശേഖരമാണു ജോയ് ആലുക്കാസിന്റെ കൃഷണലീല. രാധാകൃഷ്ണ സങ്കല്പത്തെ മുൻനിർത്തിയുള്ള ആഭരണ ശേഖരമാണു ഭീമയുടെ രാസലീല. രാമായണത്തിൽനിന്നു പ്രചേദനം , ഉൾക്കൊണ്ടു കല്യാൺ ജ്വല്ലേഴ്സിന്റെ ശേഖരമാണു നിമാഹ് . ക്ഷേത്ര കേന്ദ്രിതമായ സമ്പത്തിന്റെയും അധികാരത്തിന്റെയും സ്വാധീനം സ്വർണ്ണാഭരണ പരസ്യങ്ങളിലുള്ളതായി ഇതിൽനിന്നു വിലയിരുത്താൻ സാധിക്കും. 2023കൾക്കു ശേഷം വരുന്ന ഈ മാറ്റത്തോടെ മതാധിഷ്ഠിതമായ അധികാരം സ്ത്രീകളിലൂടെയും സ്വർണ്ണത്തിലൂടെയും പ്രചരിപ്പിക്കുന്ന ഉപാധിയായി സ്വർണ്ണാഭരണ പരസ്യങ്ങൾ മാറുന്നു.

ഉപദർശനം

- പരസ്യവ്യവഹാരങ്ങളിലുള്ള സവർണ്ണാധികാരത്തെ വിനിമയം ചെയ്യുന്ന ഘടകങ്ങളിലൊന്നായി ലിംഗപദവി പ്രവർത്തിക്കുന്നുണ്ട്.
- സവർണ്ണാധികാരത്തിന്റെ ഭാഗമായുള്ള പുരുഷത്വനിർമ്മിതിയാണു 2007 മുതൽ 2017 വരെയുള്ള സ്വർണ്ണാഭരണ പരസ്യങ്ങളിൽ പ്രകടമാകുന്നത്.
- സ്വർണ്ണാഭരണ പരസ്യങ്ങളിൽ 2017 കൾക്കു ശേഷമാണു പൂർണ്ണമായും സവർണ്ണ പുരുഷാധിപത്യരീതികൾ സവർണ്ണ സ്ത്രീത്വത്തിന്റെ സവിശേഷതകളുമായി സംയോജിക്കുന്നത്.
- സ്വർണ്ണാഭരണ പരസ്യങ്ങളിൽ 2022–2023കൾക്കു ശേഷമാണു മതപരമായ സവർണ്ണ പുരുഷാധികാര പ്രത്യകശാസ്ത്രതലം രൂപപ്പെടുന്നത്.
- മതാധിഷ്ഠിതമായ സവർണ്ണ അധികാരം സ്ത്രീകളിലൂടെയും സ്വർണ്ണാഭരണത്തിലൂടെയ വിനിമയം ചെയ്യുന്ന ഉപകരണമായി 2023 കളോടെ സ്വർണ്ണാഭരണപരസ്യങ്ങൾ മാറുന്നു.

ഗ്രന്ഥസൂചി

അജയ് ശേഖർ, സംസ്കാരം, പ്രതിനിധാനം, പ്രതിരോധം, സംസ്കാരരാഷ്ട്രീയത്തിലേക്കുള്ള കുറിപ്പുകൾ, ഫേബിയൻ ബുക്സ്, കോട്ടയം, 2009.

ആദർശ് സി., രാജേഷ് എം.ആർ.(എഡി), സൂത്രവാക്കുകൾ കലാസൗന്ദര്യശാസ്ത്രത്തിലേക്കൊരു പദകോശം, ഗയ പുത്തകച്ചാല, തൃശ്ശൂർ, 2020.
ഗിരീഷ്. പി.എം, അധികാരവും ഭാഷയും, പാപ്പിയോൺ, കോഴിക്കോട്, 2001
സന്തോഷ് മാനിച്ചേരി, ശരീരി പരസ്യങ്ങളിലെ ശരീരജീവിതം, സൈകതം ബുക്സ്, കോതമംഗലം , 2012.
Anthony J. Cortese , provocative images of women and minorities in advertising, Littlefield Publishers, New York , 2008.
Chong Wang, critical discourse analysis of chinese advertisement, Shanghai jiao Tong university Press,china, 2017.
JuanRey (editor) , The Male body advertisement, Petter lang publishing, New York , 2015. (Translated by Francisco Uceda)

ദൃശ്യസൂചിക

ജോയ്ആലൂക്കാസ്ജ്വല്ലറി
https://youtu.be/XhUcJr4TiBE?si=ViEkcgvHcYV
ജോയ്ആലൂക്കാസ്ജ്വല്ലറി
https://youtu.be/38n7W2dDtOk?si=dJql2wxnt-p
ജോയ്ആലൂക്കാസ്ജ്വല്ലറി
https://youtu.be/NpCfMiLSSkQ?si=p1AozlZho3U
ജോയ്ആലൂക്കാസ്ജ്വല്ലറി
https://youtu.be/leCebw6TSHc?si=ZclPlqJqBowi
ജോയ്ആലൂക്കാസ് ജ്വല്ലറി
https://youtu.be/OiR77SenYzk?feature=shared
ഭീമ ജ്വല്ലറി
https://youtu.be/gUiSO5rtMsg?si=dmdBNfO2sTHLtwZZ
ഭീമ ജ്വല്ലറി
https://youtu.be/UFSRQbs5x3A?si=7kxPT6P8RRocBdih
ഭീമ ജ്വല്ലറി
https://youtu.be/iFGmDooq6hI?si=NAVSPlHgwmFSNWXm
കല്യാൺ ജ്വല്ലറി
https://youtu.be/313OlA0WQQU?si=z-ZJZ1edSKxkTdSz
കല്യാൺ ജ്വല്ലറി
https://youtu.be/4LTPH8-ppY4?si=mRlq7QUbqlmTjrli)
കല്യാൺ ജ്വല്ലറി
https://youtu.be/rDglexEfy8I?si=RmXczO303R2T5ZGB
ഭീമ ജ്വല്ലറി
https://youtu.be/HdlbTqgYBTg?si=xPTxqdyjFwl9qACC
ഭീമ ജ്വല്ലറി
https://youtu.be/-32KUizyK3w?si=Qaila93dFjAXxC14
ഭീമ ജ്വല്ലറി
https://youtu.be/MkXSPTlaUlg?si=K0S7er21ZwbSc52C
കല്യാൺ ജ്വല്ലറി
https://youtu.be/ppqHYeQqhcQ?si=2lfhJxw2O8HbZMbK
കല്യാൺ ജ്വല്ലറി
https://youtu.be/sKZqMuu1qwY?si=6kHHpw0ib_rmcHOD
കല്യാൺ ജ്വല്ലറി
https://youtu.be/tTqLZaHrE0g?si=0zUS6BblTCzwdBnl

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കല്യാൺ ജ്വല്ലറി
https://youtu.be/vyZS1wyqX2Q?si=uU4ZyJZdwEEE22rM
കല്യാൺ ജ്വല്ലറി
https://youtu.be/-HWS2nrDeic?si=T6fHwm8lQU8ikQ_H
ജോയ്ആലൂക്കാസ്ജ്വല്ലറി
https://youtu.be/uuL12HXFqRY?si=-xCTH4iUP6
ജോയ്ആലൂക്കാസ്ജ്വല്ലറി
https://youtu.be/X7xO6nWviTA?si=uvg83mE6Cz
കല്യാൺ ജ്വല്ലറി
https://youtu.be/YFgYQZVTllg?si=MLCsdtWZtMiZlX8l
ജോയ്ആലൂക്കാസ്ജ്വല്ലറി
https://youtu.be/hTlZqHnlomE?si=cdv2jTcllFDb
ഭീമ ജ്വല്ലറി
https://youtu.be/RanZ3Wsl4u0?si=isHchLkYJPURckdH

About the researcher:
മൈഥിലി പി. എസ്.
ഗവേഷക
മലയാളവിഭാഗം
മഹാരാജാസ് കോളേജ്
എറണാകുളം
Email: mydhilips1995@gmail.com
Mob: 9447380830

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0020

നിർമ്മിതബുദ്ധിയും സിനിമയും
സാധ്യതകളും വെല്ലുവിളികളും

പാർവതി നായർ എൽ.

പ്രബന്ധസംഗ്രഹം

ജനകീയമായ ഒരു ദൃശ്യകലയാണ് സിനിമ. അവ ജനങ്ങൾക്ക് വിജ്ഞാനവും വിനോദവും പകർന്നുനൽകുന്നു. പൊതുജനങ്ങൾക്കുവേണ്ടി ആദ്യമായി സിനിമ നിർമ്മിച്ചത് ലൂമിയർ സഹോദരന്മാരാണ് (അഗസ്തെ ലൂമിയർ, ലൂയി ലൂമിയർ). തൊഴിലാളികൾ ഫാക്ടറി വിടുന്ന രംഗം ചിത്രീകരിക്കുന്നതാണ് ഈ ചലച്ചിത്രം (1895). നിർമ്മിതബുദ്ധിയെന്ന സാങ്കേതികവിദ്യയുപയോഗിച്ച് നിർമ്മിക്കുന്ന ചലച്ചിത്രങ്ങൾ ഇക്കാലത്തു നിരവധിയുണ്ട്. എ.ഐ. കഥാപാത്രമാകുന്ന സിനിമകളും അക്കൂട്ടത്തിലുണ്ട്. മനുഷ്യനും യന്ത്രങ്ങളും തമ്മിലുള്ള ബന്ധവും സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധവും (Creator–Creation relation) ഈ സാങ്കേതികവിദ്യ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനവും ഈ ലേഖനത്തിൽ പഠനവിധേയമാക്കുന്നു. കൂടാതെ, സിനിമാമേഖലയിൽ നിർമ്മിതബുദ്ധി എപ്രകാരമാണ് ഒരേ സമയം പ്രത്യാഘാതമായും പ്രതീക്ഷയായും മാറുന്നതെന്നും ഇവിടെ ചർച്ചചെയ്യുന്നു.

താക്കോൽവാക്കുകൾ:

നിർമ്മിതബുദ്ധി, ഹ്യൂമനോയിഡ് റോബോട്ട്, മനുഷ്യ-യന്ത്രബന്ധം, ഡി-ഏജിംഗ്, ഫേസ് സിന്തസിസ്, ഡീപ്പ് ഫേക്ക് സാങ്കേതികവിദ്യ.

....

ആമുഖം

കഥാസൃഷ്ടി, കഥാപാത്രനിർമ്മാണം, ദൃശ്യാവിഷ്കാരം, പ്രൊഡക്ഷൻ, മാർക്കറ്റിംഗ് തുടങ്ങി സിനിമാമേഖലകളിൽ പല ഘട്ടങ്ങളിലും എ.ഐ. കടന്നുവന്ന് സാങ്കേതികമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ സാങ്കേതികവിദ്യയുപയോഗിച്ച് നിർമ്മിച്ച ഹ്യൂമനോയിഡ് റോബോട്ടുകൾ കഥാപാത്രമായി കടന്നുവരുന്ന ചലച്ചിത്രങ്ങൾ നിരവധിയാണ്. ഹ്യൂമനോയിഡ് റോബോട്ട് കഥാപാത്രമാകുന്ന ആദ്യസിനിമയാണ് ഫ്രിറ്റ്സ് ലാങ്ങ് സംവിധാനം ചെയ്ത മെട്രോപൊലിസ് (Metropolis, 1927). കൂടാതെ വെസ്റ്റ്‌വേൾഡ്(Westworld, 1973), ദ ടെർമിനേറ്റർ(The Terminator, 1984), ദ മെട്രിക്സ്(The Matrix, 1999), ഷോർട്ട്സർക്യൂട്ട് (Short Circuit, 1986), ദ ബൈസെന്റിനിയൽ മാൻ(The Bicentennial Man, 1999), എക്സ് മെഷീന(Ex Machina, 2014), ഹർ(Her, 2013), ചാപ്പി(Chappie, 2015), യന്തിരൻ(Enthiran, 2010), 2.0 (2018) തുടങ്ങിയ ചിത്രങ്ങളിലും ഹ്യൂമനോയിഡ് റോബോട്ടുകൾ കഥാപാത്രമായി പ്രത്യക്ഷപ്പെടുന്നുണ്ട്. മനുഷ്യനു മിത്രമായും ശത്രുവായും റോബോട്ടുകൾ മാറുന്നതിനെ പ്രമേയമാക്കി ചിത്രീകരിക്കുന്നവയാണ് ഈ സിനിമകൾ. മനുഷ്യർക്കുമാത്രം സ്വന്തമെന്നു കരുതുന്ന വൈകാരികബുദ്ധി യന്ത്രങ്ങൾക്കുണ്ടായാലുള്ള അവസ്ഥ പറയുന്ന ചിത്രങ്ങളും ഇക്കൂട്ടത്തിലുണ്ട്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

നിർമ്മിതബുദ്ധിയുടെ സാന്നിദ്ധ്യം മലയാളസിനിമയിലും ധാരാളമായി കാണാം. ആൻഡ്രോയിഡ് കുഞ്ഞപ്പൻ Ver 5.25 (2019), ജാക്ക് ആൻഡ് ജിൽ (2022), മോണിക്ക: ഒരു എ.ഐ സ്റ്റോറി (2024) എന്നീ മലയാളസിനിമകളിൽ മാത്രമാണ് ഹ്യൂമനോയിഡ് റോബോട്ടുകൾ കഥാപാത്രമാകുന്നത്. ഗഗനചാരി, രേഖാചിത്രം തുടങ്ങി നിരവധി ചലച്ചിത്രങ്ങളുടെ നിർമ്മാണത്തിൽ നിർമ്മിതബുദ്ധി ഉപയോഗിക്കുന്നു. മനുഷ്യനും യന്ത്രവും തമ്മിലുള്ള ബന്ധം സിനിമകളിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെ, സിനിമാ നിർമ്മാണത്തിൽ എ.ഐയുടെ പങ്ക്, നിർമ്മിതബുദ്ധി സിനിമാരംഗത്തു സൃഷ്ടിക്കുന്ന സാധ്യതകളും വെല്ലുവിളികളും എന്നിവ ഈ ലേഖനത്തിൽ ചർച്ചചെയ്യുന്നു.

നിർമ്മിതബുദ്ധി

മനുഷ്യന് ബൗദ്ധികപരമായി കൈകാര്യംചെയ്യാവുന്ന കാര്യങ്ങൾ കൃത്യതയോടെയും വേഗത്തിലും ചെയ്യുന്നതിനായി യന്ത്രങ്ങളെയോ കമ്പ്യൂട്ടർ സംവിധാനങ്ങളെയോ സൃഷ്ടിക്കുന്ന സാങ്കേതികവിദ്യയാണ് ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് (നിർമ്മിതബുദ്ധി). മനുഷ്യമസ്തിഷ്കത്തിന്റെ അതേ ശേഷിയുള്ള യന്ത്രങ്ങളെ നിർമ്മിക്കുക എന്നതാണ് എ.ഐയുടെ ലക്ഷ്യം. ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനായ അലൻട്യൂറിങ്ങിന്റെ (Father of Computerscience) ആശയങ്ങളാണ് ഈ സാങ്കേതികവിദ്യക്ക് അടിത്തറപാകിയത്. മനുഷ്യന് ചെയ്യാൻ കഴിയുന്ന ഗണിതക്രിയകൾ നിർവഹിക്കാൻ പ്രാപ്തിയുള്ള ഒരു കമ്പ്യൂട്ടർ മാതൃക (Universal Turing machine) അദ്ദേഹം സൃഷ്ടിച്ചു. അതോടൊപ്പംതന്നെ മനുഷ്യനെപ്പോലെ ചിന്തിക്കുവാൻ യന്ത്രങ്ങൾക്ക് എങ്ങനെയാണ് സാധിക്കുക എന്ന വിഷയത്തെ കുറിക്കുന്ന ചിന്തകളും അദ്ദേഹം മുന്നോട്ട് വച്ചു. ട്യൂറിങ്ങ് ടെസ്റ്റ് മെഷീൻ ലേണിങ്ങ്, ജനറ്റിക് അൽഗരിതങ്ങൾ എന്നിവയൊക്കെ നിർവചിച്ചുകൊണ്ട് അലെൻ ട്യൂറിങ്ങ് പ്രഭാഷണങ്ങൾ നടത്തുകയും പ്രസിദ്ധീകരണങ്ങൾവഴി ഈ വിഷയത്തെക്കുറിച്ച് വിവരിക്കുകയും ചെയ്തു. 1943 ൽ വാറൻ സ്റ്റർഗിസ് മക്കലോക്, വാൾട്ടർ ഹാരി പിറ്റ്സ് എന്നിവർ ചേർന്ന് മനുഷ്യമസ്തിഷ്കത്തിലെ ന്യൂറോണുകളുടെ പ്രവർത്തനം ഗണിതരീതിയിൽ വിശദീകരിച്ചു. ഇതിനെ കൃത്രിമ ന്യൂറോൺ മോഡൽ (Mc Culloch–Pitts Neuron) എന്ന് വിളിക്കാം. ഇരുവരും ചേർന്ന് രചിച്ച Alogical Calculus of the Ideas Immanent in Nervous Activity എന്ന പ്രബന്ധത്തിലാണ് ഇത് വിശദീകരിക്കുന്നത്. മനുഷ്യമസ്തിഷ്കത്തെ ഗണിതരൂപത്തിൽ അവതരിപ്പിക്കുക വഴി മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനം യന്ത്രങ്ങൾക്കും അനുകരിക്കാമെന്ന് അവർ തെളിയിച്ചു. എ.ഐയുടെ ചരിത്രത്തിൽ വളരെ നിർണ്ണായകമായ തുടക്കമാണ് ഇവർ സൃഷ്ടിച്ചത്.

ജോൺ മക്കാർത്തിയുടെ നേതൃത്വത്തിൽ 1956–ൽ ഡാർട്ട്മൗത്ത് കോളേജിൽ സംഘടിപ്പിച്ച ശില്പശാലയിൽ മനുഷ്യധിഷണയെ അനുകരിക്കുന്ന സാങ്കേതികവിദ്യയെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. തുടർന്ന് ആ സാങ്കേതികവിദ്യയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് (നിർമ്മിതബുദ്ധി) എന്ന് നാമകരണം ചെയ്തു. ജോൺമക്കാർത്തയാണ് ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്. അദ്ദേഹമാണ് എ.ഐയുടെ പിതാവായി അറിയപ്പെടുന്നത്. പ്രാരംഭത്തിൽ ആവേശമുണ്ടായിരുന്നിട്ടും 1970–1980 കാലഘട്ടങ്ങളിൽ എ.ഐയുടെ വളർച്ച മുരടിച്ചു. എ.ഐയുടെ സാധ്യതകളെക്കുറിച്ചുള്ള സംശയങ്ങൾ ഉയർന്നതും പണലഭ്യതയിലുണ്ടായ കുറവും എ.ഐയുടെ വളർച്ചയെ ദോഷകരമായി ബാധിച്ചു. ഈ കാലഘട്ടത്തെ എ.ഐയുടെ ശൈത്യകാലമെന്ന് (AI Winter) പറയുന്നു. 1980–1990 കളിൽ ബാക്ക് പ്രൊപഗേഷൻ പോലുള്ള ന്യൂറൽ നെറ്റ്‌വർക്കുകളുടെയും ഡീപ്‌ലേണിങ്ങ് എന്ന മെഷീൻ ലേണിങ്ങ് ടെക്നിക്കിന്റെയും വികാസത്തോടെ എ.ഐ.യ്ക്ക് പുനരുജ്ജീവനമുണ്ടായി. വേഗതകൂടിയ പ്രോസസ്സറുകളും ഡേറ്റ സംഭരണശേഷിയും ലഭ്യമായതോടെ പിന്നീടങ്ങോട്ട് എ.ഐ.യുടെ പുരോഗതി വേഗത്തിലായി.

നിർമ്മിതബുദ്ധി നിത്യജീവിതത്തിൽ

നാം അറിയാതെതന്നെ നിർമ്മിതബുദ്ധി നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ആരോഗ്യം, ഗതാഗതം, സാമ്പത്തികം, കൃഷി, വിനോദം തുടങ്ങി വ്യത്യസ്തമേഖലകളിൽ നിർമ്മിതബുദ്ധി സ്വാധീനംചെലുത്തുന്നുണ്ട്. മനുഷ്യകേന്ദ്രിതമായ കൃത്യങ്ങളെല്ലാം ചെയ്തുകൊണ്ട് നമ്മുടെ ജീവിതത്തെതന്നെ പരിവർത്തനവിധേയമാക്കുവാൻ എ.ഐക്ക് കഴിയുന്നു. ഇക്കാലത്ത് സ്മാർട്ട്ഫോൺ ഉപയോഗിക്കാത്തവർ വിരളമാണ്. സ്മാർട്ട്ഫോണുകളിൽ ഉള്ള വോയ്സ് അസിസ്റ്റന്റുകൾ (സിരി, ഗൂഗിൾ അസിസ്റ്റന്റ്, അലക്സ തുടങ്ങിയവ), ഫേസ് അൺലോക്ക്, ഫോട്ടോ എഡിറ്റിംഗ് ഓട്ടോകറക്ഷൻ തുടങ്ങിയവയെല്ലാം എ.ഐയുടെ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ഉദാഹരണങ്ങളാണ്. ഇവയെല്ലാം നാം നിത്യേന ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. മനുഷ്യരും യന്ത്രങ്ങളും തമ്മിലുള്ള വിടവ് നികത്താനായി കടന്നുവന്നവരാണ് വെർച്വൽ അസിസ്റ്റന്റുകൾ. സംസാരിക്കുന്നതോ എഴുതുന്നതോ ആയ നിർദ്ദേശങ്ങൾ മനസ്സിലാക്കാൻ നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിങ്ങ് ഉപയോഗിച്ചാണ് ഇവ പ്രവർത്തിക്കുന്നത്. നമ്മുടെ പ്രതിദിനജോലികൾ നിയന്ത്രിക്കുക, അവയെ ക്രമീകരിക്കുക, സ്മാർട്ട് ടി.വി., സ്മാർട്ട് ഫാൻ,റോബോട്ട് വാക്വംക്ലീനർ തുടങ്ങിയ സ്മാർട്ട് ഹോം ഉപകരണങ്ങൾ നിയന്ത്രിക്കുക, ട്രാഫിക്, കാലാവസ്ഥ എന്നിവയെക്കുറിച്ചുള്ള തത്സമയവിവരങ്ങൾ ലഭ്യമാക്കുക തുടങ്ങിയ സാങ്കേതികസഹായങ്ങൾ നൽകുകവഴി നിത്യജീവിതം സൗകര്യപ്രദമാക്കാൻ എ.ഐയ്ക്കു കഴിയുന്നു.

ഗതാഗതരംഗത്തും കാര്യക്ഷമമമായ പ്രവർത്തനം എ.ഐ. കാഴ്ചവയ്ക്കുന്നുണ്ട്. ഡ്രൈവർ ഇല്ലാതെ സ്വയം സഞ്ചരിക്കാൻ കഴിയുന്ന വാഹനങ്ങൾ (Autonomous Vehicles) എ.ഐ ആവിഷ്കരിച്ചിരിക്കുന്നു. സെൻസറുകൾ, മെഷീൻ ലേണിംഗ്, ക്യാമറകൾ, റഡാർ (Radar–Radio Detection and Ranging), ഡിജിറ്റൽ മാപ്പുകൾ തുടങ്ങി സാങ്കേതികഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് ഈ വാഹനങ്ങൾ പ്രവർത്തിക്കുന്നത്. ഇതുകൂടാതെ എ.ഐ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ട്രാഫിക് സിഗ്നൽ സിസ്റ്റങ്ങൾ, എ.ഐ ക്യാമറ എന്നിവയിലൂടെ വാഹനത്തിരക്ക് നിയന്ത്രിക്കുവാനും സുരക്ഷിതമായ ഗതാഗതസംവിധാനം സൃഷ്ടിക്കുവാനും സഹായിക്കുന്നു.

ഉപയോഗശൂന്യമായ വാഹനഭാഗങ്ങളും പുനരുപയോഗിക്കാൻ സാധിക്കുന്ന വസ്തുക്കളും ചേർത്തുവച്ച് നിർമ്മിച്ച ഫ്യൂച്ചറിസ്റ്റ് മോട്ടോർസൈക്കിളാണ് 'ഗരുഡ'. ഗുജറാത്ത് സൂറത്തിലെ ഭഗ്‌വാൻ മഹാവിർ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളായ ശിവംമൗര്യ, ഗുർപ്രീത് അറോറ, ഗണേഷ് പാട്ടീൽ എന്നിവർ ചേർന്നാണ് ഈ സൂപ്പർബൈക്ക് രൂപകൽപ്പന ചെയ്തത്. എ.ഐ. സാങ്കേതികവിദ്യയുടെ സഹായത്തോടെ അപകടം ഒഴിവാക്കാനുള്ള സുരക്ഷാസംവിധാനമാണ് ഇതിന്റെ സവിശേഷത. ടച്ച് സ്ക്രീൻ, ഡാഷ്ബോർഡ്, ജി.പി.എസ് നാവിഗേഷൻ, ഫോൺ കണക്ടിവിറ്റി, മുന്നിലും പിന്നിലും ക്യാമറകൾ, വയർലസ് മൊബൈൽ ചാർജിങ്ങ് തുടങ്ങിയ സംവിധാനങ്ങളും ഈ ബൈക്കിൽ ഒരുക്കിയിട്ടുണ്ട്. എ.ഐയുടെ മികവ് വ്യക്തമാക്കുന്ന ഏറ്റവും നൂതനമായ കണ്ടുപിടിത്തങ്ങളിലൊന്നാണിത്.

രോഗനിർണ്ണയം, രോഗസാധ്യത പ്രവചനം, രോഗിനിരീക്ഷണം, മരുന്നുകളുടെ കണ്ടെത്തൽ തുടങ്ങിയവയിലൂടെ മനുഷ്യന്റെ ജീവൻ രക്ഷാസഹായിയായി എ.ഐ മാറിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്തും ഒട്ടനവധി മാറ്റങ്ങൾ വരുത്താൻ നിർമ്മിതബുദ്ധിയ്ക്കു കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികളുടെ കഴിവിന് അനുസരിച്ച് പഠനവസ്തുക്കൾ ലഭ്യമാക്കികൊണ്ട് വ്യക്തിഗതപഠനത്തിനുള്ള സൗകര്യം എ.ഐ ഒരുക്കുന്നു, കൂടാതെ ചാറ്റ് ജി.പി, ജാസ്പർ, എ.ഐ, ന്യൂട്ടൻ ആൾട്ട്, ആൽഫ, വോൾഫ്രം, ക്വിസ്‌ലെറ്റ്, സൊക്രാറ്റിക്ക് ബൈ ഗൂഗിൾ തുടങ്ങിയ എ.ഐ ടൂൾസ് വിദ്യാഭ്യാസരംഗത്തിനൊരു മുതൽക്കൂട്ടാണ്. വിദ്യാർത്ഥികൾക്കുള്ള സംശയനിവാരണം നടത്തുന്നതിനും പഠനം സുഗമമാക്കുന്നതിനും ഇവ സഹായിക്കുന്നു. പരീക്ഷകളുടെ നീതിപൂർവ്വമായ മൂല്യനിർണ്ണയം നടത്താനും എ.ഐ സഹായിക്കുന്നു. ഓട്ടോമാറ്റിക് മൂല്യനിർണ്ണയസംവിധാനങ്ങൾ വഴി പരീക്ഷാഫലങ്ങൾ വേഗത്തിൽ ലഭിക്കുകയും വിദ്യാർത്ഥികളുടെ പഠനപുരോഗതി വിശകലനം ചെയ്യുന്നതിനും സഹായിക്കുന്നു. ഇപ്പോൾ സ്കൂൾ ക്ലാസ്സുകളിൽപോലും നിർമ്മിതബുദ്ധി പഠനവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനുദാഹരണങ്ങളാണ് എസ്.സി.ഇ.ആർ.ടി. (SCERT) ഏഴാംക്ലാസിലെ ഐ.സി.റ്റി. (ICT) പുസ്കതത്തിലെ കമ്പ്യൂട്ടർവിഷൻ, പത്താംക്ലാസിലെ 'ദി വേൾഡ് ഓഫ് റോബോർട്ട് എന്നീ അദ്ധ്യായങ്ങൾ മനുഷ്യരുടെ മുഖഭാവങ്ങൾ (നിഷ്പക്ഷത, സന്തോഷം, ദേഷ്യം, വെറുപ്പ്, ഭയം തുടങ്ങി ഏഴോളം മുഖഭാവങ്ങൾ) തിരിച്ചറിയുന്ന ഒരു എ.ഐ പ്രോഗ്രാം കുട്ടികൾ സ്വയം തയ്യാറാക്കുംവിധമാണ് കമ്പ്യൂട്ടർവിഷൻ എന്ന അധ്യായം ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ എ.ഐ നിർമ്മിത അദ്ധ്യാപകരും ഇപ്പോൾ രംഗത്തുണ്ട്. തിരുവനന്തപുരത്തെ കെ.ടി.സി.ടി. ഹയർ സെക്കന്ററി സ്കൂളിലാണ് കേരളത്തിലെ ആദ്യത്തെ എ.ഐ ടീച്ചർ (Iris) പ്രവർത്തനമാരംഭിച്ചത്. ദേശീയ വിദ്യാഭ്യാസനയം (NEP 2020) പ്രകാരം സ്കൂൾ വിദ്യാഭ്യാസത്തിൽ നിർമ്മിതബുദ്ധിയെക്കുറിച്ചുള്ള പാഠങ്ങൾ സമഗ്രമായി ഉൾപ്പെടുത്താനുള്ള നടപടികൾ കേന്ദ്രവിദ്യാഭ്യാസമന്ത്രാലയവും ഊർജ്ജിതമാക്കിയിട്ടുണ്ട്. 2026–2027 അധ്യയനവർഷത്തിൽ മൂന്നാം ക്ലാസ് മുതൽ എല്ലാ സ്കൂളുകളിലും എ.ഐ വിദ്യാഭ്യാസം തുടങ്ങാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

എ.ഐ കാലത്തെ സിനിമ

ചലിക്കുന്ന ചിത്രമാണ് ചലച്ചിത്രം. മനുഷ്യമനസ്സിനെ പല പ്രകാരത്തിൽ ചലിപ്പിക്കാൻ കഴിയുന്ന ദൃശ്യ-ശ്രാവ്യകലാരൂപമാണ് സിനിമ. ലോകത്തിൽ ആദ്യമായി (1895 ഡിസംബർ 28) ചലച്ചിത്രപ്രദർശനം നടത്തിയത് ലൂമിയർ സഹോദരന്മാരാണ്. 1912 മെയ് 18നാണ് 'ശ്രീ പുണ്ഡലിക് ' എന്ന ആദ്യ ഇന്ത്യൻ സിനിമ പുറത്തിറങ്ങുന്നത്. പക്ഷേ ആദ്യ ഇന്ത്യൻ സിനിമ എന്ന പദവി നൽകുന്നത് 'രാജാ ഹരിശ്ചന്ദ്ര' എന്ന ചിത്രത്തിനാണ്. രാമചന്ദ്ര ഗോപാൽ ടർണി (ദാദാസാഹേബ് ടർണി) സംവിധാനം ചെയ്ത നിശബ്ദചിത്രമാണ് 'ശ്രീ പുണ്ഡലിക്'. ഒരു മറാത്തി നാടകത്തിന്റെ ഫോട്ടോഗ്രാഫിക് റെക്കോർഡിംഗ് ആയതിനാലും ക്യാമറാമാൻ ജോൺസൺ ഒരു ബ്രിട്ടീഷ് പൗരനായിരുന്നതിനാലും ഫിലിം പ്രോസസ്സിംഗും മറ്റ് സാങ്കേതിക പ്രവർത്തനങ്ങളും ലണ്ടനിൽ നടന്നതിനാലും ഈ ചിത്രം പൂർണ്ണമായും ഇന്ത്യയിൽ നിർമ്മിച്ചതായി കണക്കാക്കാൻ സാധിക്കുകയില്ല എന്നു ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പിന്നീട് 1913 ഏപ്രിൽ 21 ന് പുറത്തിറങ്ങിയ 'രാജാഹരിശ്ചന്ദ്ര' പൂർണ്ണമായും ഇന്ത്യയിൽ നിർമ്മിച്ച ആദ്യ ഇന്ത്യൻ ഫീച്ചർ സിനിമയായി അംഗീകരിക്കപ്പെട്ടു. സിനിമ നിരന്തരം വളർച്ചപ്രാപിച്ചുകൊണ്ടിരിക്കുകയാണ്. നിശ്ശബ്ദതയിൽനിന്നു ശബ്ദത്തിലേക്കുമുള്ള പരിവർത്തനങ്ങൾക്കു സമയമെടുത്തുവെങ്കിലും അനലോഗിൽനിന്നു ഡിജിറ്റലിൽ എത്തിയതോടെ മാറ്റങ്ങൾ വേഗത്തിലായി. സിനിമയുടെ പരിണാമഘട്ടം ഇപ്പോൾ എത്തിനിൽക്കുന്നത് നിർമ്മിതബുദ്ധിയുടെ യുഗത്തിലാണ്. ചലച്ചിത്രങ്ങളുടെ നിർമ്മാണം മുതൽ പ്രദർശനംവരെ എല്ലാഘട്ടങ്ങളിലും എ.ഐയുടെ സാന്നിധ്യം കാണാം.

സിനിമയുടെ ആത്മാവാണ് തിരക്കഥ. മുൻകാല വിജയചിത്രങ്ങളുടെ ഡാറ്റ വിശകലനം ചെയ്ത് പ്രേക്ഷക സ്വീകാര്യതയ്ക്കു സാധ്യതയുള്ള പ്രമേയങ്ങൾ നിർദ്ദേശിക്കുക വഴി സിനിമാകഥയുടെ ആശയരൂപീകരണത്തിലും തിരക്കഥാരചനയിലും എ.ഐ. സഹായിക്കുന്നു. മുൻചിത്രങ്ങളുടെ വിജയപരാജയങ്ങൾ, പുതിയ ട്രെൻഡുകൾ, പ്രേക്ഷകപ്രതികരണങ്ങൾ എന്നിവ അടിസ്ഥാനമാക്കി കഥാപാത്രങ്ങൾക്കു അനുയോജ്യമായ അഭിനേതാക്കളെ തിരഞ്ഞെടുക്കാനും നിർമ്മിതബുദ്ധി ഉപയോഗിക്കുന്നു.

എ.ഐ അധിഷ്ഠിത ക്യാമറകൾ, ലൈറ്റിംഗ് സംവിധാനങ്ങൾ തുടങ്ങിയവ ഉപയോഗിച്ചു ഷൂട്ടിംഗ് പ്രക്രിയ കൃത്യമായും സമയബന്ധിതമായും പൂർത്തിയാക്കുന്നു. സിനിമയുടെ ദൃശ്യനിർമ്മാണത്തെ മികവുറ്റതാക്കുന്ന സാങ്കേതികവിദ്യയാണ് വെർച്വൽ പ്രൊഡക്ഷൻ. യാഥാർത്ഥ്യവും ഡിജിറ്റൽ ലോകവും ഒരുമിച്ചുചേർത്ത് ഷൂട്ടിംഗ് സമയത്തുതന്നെ ദൃശ്യങ്ങൾ സൃഷ്ടിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സംവിധാനമാണിത്. ഫാന്റസി, സയൻസ് ഫിക്ഷൻ സിനിമകൾ, ചരിത്രചിത്രങ്ങൾ തുടങ്ങിയവ ചിത്രീകരിക്കുന്നതിനാണ് ഈ സംവിധാനം കൂടുതൽ ഉപയോഗപ്പെടുക. രാധാകൃഷ്ണകുമാർ സംവിധാനം ചെയ്ത രാധേ ശ്യാം (തെലുങ്ക്), വിക്രംഭട്ട് സംവിധാനം ചെയ്ത ജൂദാ ഹോക്കെ ഭി (ഹിന്ദി) തുടങ്ങിയ ഇന്ത്യൻ സിനിമകളിൽ ഈ സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുണ്ട്. മാജിക് ഫ്രെയിംസിന്റെയും പൃഥിരാജ് പ്രൊഡക്ഷൻസിന്റെയും ബാനറിൽ ലിസ്റ്റിൻ സ്റ്റീഫനും സുപ്രിയമേനോനും ചേർന്ന് പൂർണ്ണമായും വെർച്വൽ പ്രൊഡക്ഷനിൽ ചിത്രീകരിക്കുന്ന ആദ്യ ഇന്ത്യൻചിത്രം നിർമ്മിക്കുന്നുവെന്ന വാർത്തകൾ 2020 ൽ പുറത്തുവന്നിരുന്നു. ഗോകുൽരാജ് ഭാസ്കർ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ പേര്, മറ്റുവിവരങ്ങൾ, റിലീസ് ഡേറ്റ് എന്നിവ ഇതുവരെ പുറത്ത് വിട്ടിട്ടില്ല.

ഹ്യൂമനോയിഡ് റോബോട്ടും സിനിമയും

മനുഷ്യശരീരത്തോട് സാദൃശ്യമുള്ള ശരീരപ്രകൃതിയോടു കൂടിയ റോബോട്ടുകളാണ് ഹ്യൂമനോയിഡ് റോബോട്ടുകൾ. പുരുഷശരീരത്തോടു സാദൃശ്യമുള്ള ഹ്യാമനോയിഡ് റോബോട്ടുകളെ ആൻഡ്രോയിഡ് എന്നും സ്ത്രീ സാദൃശ്യമുള്ളവയെ ഗൈനോയിഡ് എന്നും പറയുന്നു. ഓട്ടോണമസ് ഹ്യൂമനോയ്ഡ്, ഓട്ടോണമസ് സോഷ്യൽ ഹ്യൂമനോയിഡ് എന്നിങ്ങനെ ഹ്യൂമനോയിഡുകളെ വർഗ്ഗീകരിക്കാം. സ്വയം നിയന്ത്രിത ഹ്യൂമനോയിഡുകളാണ് ഓട്ടോണമസ് ഹ്യൂമനോയിഡ്. നിർമ്മിതബുദ്ധിയുപയോഗിച്ചു രൂപപ്പെടുത്തിയതും മനുഷ്യരെപ്പോലെ സാമൂഹികമായി പെരുമാറാൻ കഴിവുള്ളവയുമാണ് ഓട്ടോണൊമസ് സോഷ്യൽ ഹ്യൂമനോയിഡുകൾ. 1972-ൽ ജപ്പാനിലെ വസേദ യൂണിവേഴ്സിറ്റി സൃഷ്ടിച്ച റോബോട്ട്-1 ആണ് ലോകത്തിലെ ആദ്യത്തെ ഹ്യൂമനോയിഡ് റോബോട്ട്. അദ്യത്തെ ലക്ഷണമൊത്ത ഹ്യൂമനോയിഡ് റോബോട്ടാണ് അസിമോ (അഡ്വാൻസ്ഡ് സ്റ്റെപ്പ് ഇൻ ഇന്നൊവേറ്റീവ് മൊബിലിറ്റി). ഐകബ്, നാവോ, പോപ്പി, അറ്റ്ലസ്, ക്യൂരിയോ, പെറ്റ്മാൻ, റോബോയ്, റോബോതെസ്പിയർ, കൊമാൻ, എച്ച്.ആർ.പി.-4, റോബോണറ്റ്, മിലോ, ഡാർവിൻ ഒ.പി., ഹീറോ (ഹ്യൂമനോയിഡ് ഇന്റൻഡ് ഫോർ റോബോട്ടിക്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ഓപ്പറേഷൻസ്), ആക്ട്രോയ്ഡ് സിറ്റ് തുടങ്ങി ശ്രദ്ധേയമായ നിരവധി ഹ്യൂമനോയിഡു റോബോട്ടുകള ഇക്കാലത്തുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, വിഷ്വൽ ഡേറ്റാ പ്രോസസ്സിങ്, സോഷ്യൽ റെക്കഗ്നിഷൻ ഇന്റലിജൻസ് എന്നീ സാങ്കേതികവിദ്യകളുപയോഗിച്ച പ്രവർത്തിക്കുന്ന ഓട്ടോണമസ് സോഷ്യൽ ഹ്യൂമനോയിഡ് റോബോട്ടാണ് സോഫിയ. വികാരങ്ങൾ മനസ്സിലാക്കാൻ കഴിയുന്ന ആദ്യത്തെ റോബോട്ടാണിത്. സോഫിയയ്ക്കു കൂട്ടായി വന്ന ഇന്ത്യൻ ഓട്ടോണമസ് സോഷ്യൽ ഹ്യൂമനോയിഡ് റോബോട്ടാണു രശ്മി.

ഹ്യൂമനോയിഡ് റോബോട്ട് കഥാപാത്രമാകുന്ന ആദ്യ സിനിമയാണ് ഫ്രിറ്റ്സ് ലാങ്ങ് സംവിധാനം ചെയ്ത മെട്രോപൊലിസ് (1929). ഭാവികാലനഗരത്തെ പശ്ചാത്തലമാക്കിയ സൈലന്റ് സയൻസ് ഫിക്ഷൻ ചിത്രമാണിത്. അധികാരത്തിനുമേൽ അദ്ധ്വാനത്തിനുള്ള പ്രാധാന്യവും, സാങ്കേതിക വിദ്യയും മനുഷ്യവികാരവും തമ്മിലുള്ള ബന്ധവും വളരെ ആഴത്തിലവതരിപ്പിക്കുന്ന സിനിമയാണിത്. ഈ ചിത്രത്തിലെ ഹ്യൂമനോയിഡ് കഥാപാത്രം (മരിയ) പ്രതിനായക വേഷത്തിലാണു പ്രത്യക്ഷപ്പെടുന്നത്. 'ചിന്തയ്ക്കും (തല) പ്രവൃത്തിക്കും (കൈകൾ) ഇടയിൽ മദ്ധ്യസ്ഥനായിരിക്കേണ്ടതു ഹൃദയമാണ്' എന്ന സന്ദേശം നൽകുന്ന സിനിമയാണിത്.

മൈക്കൽ ക്രൈറ്റൺ സംവിധാനം ചെയ്ത സയൻസ് ഫിക്ഷൻ സിനിമായാണ് വെസ്റ്റ് വേൾഡ്. വെസ്റ്റ് വേൾഡ് എന്ന അമ്യൂസ്മെന്റ് പാർക്കിലെത്തുന്ന സന്ദർശകരെ സഹായിക്കുന്നത് റോബോട്ടുകളാണ്. അവ മനുഷ്യരെപ്പോലെ പെരുമാറുന്നു. എന്നാൽ, ഒരു ഘട്ടത്തിൽ അവയെ നിയന്ത്രിക്കുന്ന സിസ്റ്റം തകരാറിലാവുകയും റോബോട്ടുകൾക്കു നിയന്ത്രണംവിട്ടുകയും ചെയ്യുന്നു. അവ മനുഷ്യരെ ആക്രമിക്കാൻ തുടങ്ങുന്നു. ഇതാണു സിനിമയുടെ കഥാസാരം. മനുഷ്യനിർമ്മിതമായ എ.ഐ. യും യന്ത്രങ്ങളും മനുഷ്യർക്കുതന്നെ വിനയാകുമോ എന്നു ചിന്തിക്കാൻ പ്രേരിപ്പിക്കുകയാണ് ഈ സിനിമ. ഇതുകൂടാതെ ജെയിംസ് കാമറൂൺ സംവിധാനം ചെയ്ത 'ദി ടെർമിനേറ്റർ', വാച്ചോവ്സ്കി സഹോദരങ്ങൾ സംവിധാനം ചെയ്ത 'ദി മെട്രിക്സ്' തുടങ്ങിയവയും എ.ഐ.യുടെ ദൂഷ്യവശങ്ങൾ ചിത്രീകരിക്കപ്പെടുന്ന സിനിമകളാണ്. നിർമ്മിതബുദ്ധി മനുഷ്യനുമേൽ ആധിപത്യം സ്ഥാപിക്കുമോ എന്ന ആശങ്ക ജനിപ്പിക്കുന്നവയാണീ സിനിമകൾ.

ഐസക് അസിമോവും റോബർട്ട് സിൽവർബർഗും ചേർന്ന് രചിച്ച 'ദി പോസിട്രോണിക് മാൻ' എന്ന നോവലിനെ ആസ്പദമാക്കി ക്രിസ് കൊളംബസ് സംവിധാനം ചെയ്ത ചിത്രമാണ് 'ബൈസെന്റീനിയൻ മാൻ'. ഈ സിനിമയുടെ കേന്ദ്രകഥാപാത്രം ആൻഡ്രൂ എന്ന റോബോട്ടാണ്. ഒരു വീട്ടിൽ ജോലിസഹായത്തിനായാണ് ആൻഡ്രൂവിനെ എത്തിക്കുന്നത്. ആദ്യം മനുഷ്യന്റെ നിർദ്ദേശങ്ങളനുസരിച്ച പ്രവർത്തിച്ചിരുന്ന അതിനു മനുഷ്യനാകാനുള്ള ആഗ്രഹമുണ്ടാകുന്നു. അതു സ്വാതന്ത്ര്യം കാംക്ഷിക്കുന്നു. തുടർന്ന് അതു മനുഷ്യനാകാനായി നിയമപോരാട്ടം നടത്തുന്നു. ഒടുവിൽ ആൻഡ്രൂ മനുഷ്യനായി അംഗീകരിക്കപ്പെടുന്ന അതേ ദിവസം തന്നെ അവൻ മരിക്കുന്നു. ഇവിടെ സ്നേഹത്തിന്റെയും കരുണയുടെയും പ്രതീകമായി എ.ഐ.യെ അവതരിപ്പിക്കുന്നു.

മനുഷ്യനാകാൻ കൊതിക്കുന്ന നമ്പർ: 5 എന്ന സൈനികറോബോട്ടിന്റെ കഥ പറയുന്ന ചിത്രമാണ് 'ഷോർട്ട് സർക്യൂട്ട്'. ജോൺ ബാദമാണ് ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്. മാനവികതാബോധമുള്ള ഒരു റോബോട്ടിനെ ഈ ചിത്രത്തിൽക്കാണാം. ചാപ്പി എന്ന സയൻസ് ഫിക്ഷൻ സിനിമ റോബോട്ട് പോലീസായ ചാപ്പിയുടെ കഥയാണു പറയുന്നത്. ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് നീൽ ബ്ലോംകാംപ് ആണ്. മനുഷ്യരുടെ തെറ്റായ മാർഗ്ഗനിർദ്ദേശമാണ് നിർമ്മിതബുദ്ധിയെ ഹിംസയിലേക്കു നയിക്കുന്നത് എന്നു വ്യക്തമാക്കുന്ന സിനിമയാണിത്. കൂടാതെ വളരുന്ന പരിസരം ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ കാര്യമായ പങ്കുവഹിക്കുന്നുവെന്ന സന്ദേശവും ഇതു നൽകുന്നു.

മനുഷ്യലോകത്തേക്കു കടക്കാൻ കൊതിക്കുന്ന 'അവ'എന്ന ഹ്യൂമനോയിഡ് റോബോട്ടിന്റെ കഥ പറയുന്ന ചലച്ചിത്രമാണ് അലക്സ് ഗാർലാൻഡ് സംവിധാനംചെയ്ത ഹർ. മനുഷ്യനെതിരെ പ്രവർത്തിക്കുന്ന 'അവ'യിലൂടെ ആർട്ടിഫിഷ്യൽ ഇന്റലിജെൻസ് മനുഷ്യനെതിരെ തിരിഞ്ഞേക്കാമെന്ന സൂചന നൽകുന്നു. മനുഷ്യബന്ധങ്ങൾക്കു പൂർണ്ണമായും പകരംവയ്ക്കാൻ സാങ്കേതികവിദ്യയ്ക്കു കഴിയില്ലെന്ന സന്ദേശം നൽകുന്ന സിനിമയാണ് സ്പൈക്ക് ജോൺസ് സംവിധാനം ചെയ്ത 'ഹർ'.

റോബോക്കോപ്പ്, റെഡ് പ്ലാനെറ്റ്, ആർട്ടിഫിഷ്യൽ ഇന്റലിജെൻസ്, ഐറോബോട്ട് തുടങ്ങി നിരവധി സിനിമകൾ നിർമ്മിതബുദ്ധിയെ പ്രമേയമാക്കി നിർമ്മിച്ചവയാണ്. ഹ്യൂമനോയിഡ് റോബോട്ടുകൾ കഥാപാത്രമാകുന്ന ആനിമേഷൻ ചിത്രങ്ങളാണ് വാൾ-ഇ, ദി അയൺ ജൈന്റ്, ആസ്ട്രോ ബോയ്, റോബോട്ട്സ് തുടങ്ങിയവ.

ഇന്ത്യൻ സിനിമയിൽ എ.ഐ.യെ ആഴത്തിലവതരിപ്പിച്ച പ്രാധന ചിത്രങ്ങളിലൊന്നാണ് ശങ്കർ സംവിധാനം ചെയ്ത 'യന്തിരൻ'. മനുഷ്യരെ സഹായിക്കാനാണ് ഡോ. വശീഗരൻ 'ചിട്ടി' എന്ന റോബോട്ടിനെ നിർമ്മിച്ചത്. സ്നേഹം, കോപം, പ്രതികാരം തുടങ്ങിയ വികാരങ്ങൾ ചിട്ടിക്ക നൽകുന്നതിലൂടെ അത് അപകടകാരിയായി മാറുന്നു. നിർമ്മിതബുദ്ധിയുടെ സാദ്ധ്യതകളും ഭീഷണിയും ഒരുപോലെ അവതരിപ്പിക്കപ്പെടുന്ന ചിത്രമാണിത്.

നിർമ്മിതബുദ്ധി മലയാളസിനിമയിൽ

ആൻഡ്രോയിഡ് കുഞ്ഞപ്പൻ Ver 5.25, ജാക്ക് ആൻഡ് ജിൽ, മോണിക്ക: ഒരു എ.ഐ. സ്റ്റോറി എന്നീ മലയാളസിനിമകളിൽ മാത്രമാണ് ഹ്യൂമനോയിഡ് റോബോട്ടുകൾ കഥാപാത്രമാകുന്നത്.രതീഷ് ബാലകൃഷ്ണൻ പൊതുവാൾ സംവിധാനം ചെയ്ത ആൻഡ്രോയിഡ് കുഞ്ഞപ്പൻ Ver 5.25 (2019) എന്ന സിനിമ വൃദ്ധനായ ഭാസ്കരപ്പൊതുവാളും എ.ഐ. നിർമ്മിത റോബോട്ടായ ആൻഡ്രോയിഡ് കുഞ്ഞപ്പന്റെയും സ്നേഹബന്ധത്തിന്റെ കഥ പറയുന്നു. സുബ്രഹ്മണ്യൻ തന്റെ അച്ഛൻ ഭാസ്കരപ്പൊതുവാളിന് ഒരു സഹായിയായി ആൻഡ്രോയിഡ് റോബോട്ടിനെ കൊണ്ടുവരുന്നു. എന്നാൽ, ആദ്യദിവസങ്ങളിൽ അതിനെ സ്വീകരിക്കാൻ ഭാസ്കരപ്പൊതുവാൾ തയ്യാറാകുന്നില്ല. പിന്നീടദ്ദേഹത്തിനു സ്വന്തം മകനോടെന്നപോലെ റോബോട്ടിനോടു വാത്സല്യമുണ്ടാകുന്നു. അദ്ദേഹമതിനെ കുഞ്ഞപ്പൻ എന്ന പേരിട്ടു വിളിക്കുന്നു. ഒറ്റപ്പെടുന്ന വാർദ്ധക്യത്തിനു താങ്ങായിവന്ന ആൻഡ്രോയിഡ് കുഞ്ഞപ്പൻ ഉത്തമനായ വീട്ടുജോലിക്കാരനും രഹസ്യസൂക്ഷിപ്പുകാരനും നാട്ടുകാർക്കു പ്രിയപ്പെട്ടവനുമായി മാറുന്നു. കുഞ്ഞപ്പനും ഭാസ്കരപ്പൊതുവാളും തമ്മിൽ ഇഴപിരിയാനാകാത്തവിധമുള്ള ആത്മബന്ധമുണ്ടാകുന്നു. നല്ല കാര്യങ്ങൾക്കൊപ്പം പൈശാചികമായ കൃത്യങ്ങൾ ചെയ്യാനും റോബോട്ടുകൾക്കാകും. അതുകൊണ്ടുതന്നെ റോബോട്ട് അപകടകാരിയായി മാറി തന്റെ അച്ഛനെ കൊല്ലുമോയെന്ന ഭയം സുബ്രഹ്മണ്യനിൽ ശക്തമാകുന്നു. തന്റെ അച്ഛനിൽനിന്നും കുഞ്ഞപ്പനെ വേർതിരിക്കാൻ സുബ്രഹ്മണ്യനെത്തുമ്പോൾ, ഭാസ്കരപ്പൊതുവാളും കുഞ്ഞപ്പനുംകൂടി കാടുകയറുന്നു. അവരെത്തേടി അവിടെയെത്തിയ സുബ്രഹ്മണ്യനെ ആൻഡ്രോയിഡ് കുഞ്ഞപ്പൻ ആക്രമിക്കുമ്പോൾ ഭാസ്കരപ്പൊതുവാൾ മകനെ രക്ഷിക്കുന്നു. തുടർന്ന് സുബ്രഹ്മണ്യനൊപ്പം ഭാസ്കരപ്പൊതുവാൾ മടങ്ങുന്നുവെങ്കിലും, അദ്ദേഹത്തിന്റെ മനസ്സിൽ കുഞ്ഞപ്പനോടുള്ള അടുപ്പം കുറയുന്നില്ല.

ഭാസ്കരപ്പൊതുവാളിന് റോബോട്ടിനോടു വൈകാരികമായ അടുപ്പമാണുള്ളത്. അതയാളുടെ സംഭാഷണങ്ങളിൽനിന്നും വ്യക്തമാണ്. "നിനക്കിതു മെഷീനാണ്, എനിക്കിതു മോനാണ്" എന്നു ഭാസ്കരപ്പൊതുവാൾ സുബ്രഹ്മണ്യനോടു പറയുന്ന രംഗം ഇതിനുദാഹരണമാണ്. മനുഷ്യർ മനുഷ്യരിൽ നിന്നകലുകയും യന്ത്രങ്ങളിലേക്കു ചുരുങ്ങുകയും ചെയ്യുമ്പോഴാണ് നിർമ്മിതബുദ്ധിയും റോബോട്ടുകളും മനുഷ്യനുമേൽ ആധിപത്യം സ്ഥാപിക്കുന്നതെന്ന സൂചന ഈചിത്രം നൽകുന്നു. ഇതിലെ സുബ്രഹ്മണ്യനും കാമുകിയും മൊബൈൽ നോക്കിക്കൊണ്ട് രണ്ടു ദിശയിലേക്കു തിരിഞ്ഞിരിക്കുന്നത് ഒരു ഫ്രെയിമിൽ കാണിക്കുന്നുണ്ട്. ഒരേ ദിശയിലേയ്ക്കു സഞ്ചരിക്കേണ്ടവർ പരസ്പരം നോക്കാതെ മൊബൈലിലേയ്ക്കു ശ്രദ്ധാകേന്ദ്രീകരിക്കുമ്പോൾ ബന്ധങ്ങൾ മുറിഞ്ഞുപോവുകയും യന്ത്രങ്ങൾ അരങ്ങുവാഴുകയും ചെയ്യുന്നു.

നിർമ്മിതബുദ്ധി കഥാപാത്രമായിവരുന്ന മറ്റൊരു മലയാളചലച്ചിത്രമാണ് ഇ.എം. അഷറഫ് സംവിധാനം ചെയ്ത മോണിക്ക: ഒരു എ. ഐ. സ്റ്റോറി. കുടുംബത്തിൽനിന്നും സ്നേഹവും കരുതലും ലഭിക്കാതെ മാനസികമായി ഒറ്റപ്പെടലനുഭവിക്കുന്ന സ്വരൂപ് എന്ന കുട്ടിക്ക്, അവനെ മനസ്സിലാക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന സുഹൃത്തായി എത്തുകയാണ് മോണിക്ക എന്ന എ.ഐ. സ്വരൂപിന് അമ്മയോടെന്നപോലെയുള്ള സ്നേഹം മോണിക്കയോടു തോന്നുന്നു. അവർ തമ്മിൽ വൈകാരികമായ ബന്ധം ഉടലെടുക്കുന്നു. സ്വന്തം ഉത്തരവാദിത്വങ്ങൾ യന്ത്രങ്ങളെയേൽപ്പിക്കുന്ന ജനതയെക്കുറിച്ചുള്ള ആശങ്ക ഈ ചിത്രം പങ്കുവയ്ക്കുന്നു.

സന്തോഷ് ശിവൻ സംവിധാനം ചെയ്ത ചിത്രമാണ് ജാക്ക് ആൻഡ് ജിൽ (2022). ലണ്ടനിൽ ജോലിചെയ്യുന്ന ശാസ്ത്രജ്ഞനായ കേശവ് ഒരു ഹ്യാമനോയിഡ് റോബോട്ടിനെ നിർമ്മിക്കുന്നു. തന്റെ അച്ഛന്റെ മുടങ്ങിപ്പോയ 'ജാക്ക് ആൻഡ് ജിൽ' എന്ന ആർട്ടിഫിഷ്യൻ ഇന്റലിജെൻസ് സ്വപ്നം യാഥാർത്ഥ്യമാക്കാൻ കേശവ് നാട്ടിലേക്കു തിരിച്ചെത്തുന്നു. പിന്നീടദ്ദേഹത്തിന്റെ ജീവിതത്തിൽ അപ്രതീക്ഷിതമായ കാര്യങ്ങൾ സംഭവിക്കുന്നു. പണത്തോടുള്ള മനുഷ്യന്റെ ആർത്തിയും അതു വരുത്തിവയ്ക്കുന്ന പ്രത്യാഘാതങ്ങളും ഈ ചിത്രം പറയുന്നു. എ.ഐ. എന്ന ആശയത്തെ സാധാരണക്കാരിലേയ്ക്കെത്തിക്കുവാനുള്ള ശ്രമം ഈ സിനിമയിൽ കാണാം.

റോബോട്ട് കഥാപാത്രങ്ങളായുള്ള നിരവധി സിനിമകളുണ്ട്. എന്നാൽ, ഒരു റോബോട്ട് മനുഷ്യകഥാപാത്രത്തെ അവതരിപ്പിക്കുന്ന ലോകത്തിലെ ആദ്യ സിനിമയാണ് കൊജി ഫുക്കാഡ സംവിധാനം ചെയ്ത 'സായനോര' (ജാപ്പനീസ് സിനിമ). ജെമിനോയിഡ് എഫ്' എന്നാണ് ഈ റോബോട്ടിന്റെ നാമം. ജപ്പാനിലെ ആണവദുരന്തത്തിനുശേഷമുള്ള സംഭവങ്ങളാണു സായനോരയുടെ പ്രമേയം. ഇരുകാലുകളും തളർന്ന് വീൽച്ചെയറിൽ കഴിയുന്ന ലിയോണയെന്ന യുവതിയെയാണ് ജെമിനോയിഡ് എഫ് അവതരിപ്പിച്ചത്. ഇതുകൂടാതെ തിരക്കഥാരചനാരംഗത്തും റോബോട്ടുകൾ സാന്നിദ്ധ്യമറിയിച്ചിട്ടുണ്ട്. ബഞ്ചമിൻ എന്ന റോബോട്ട് തിരക്കഥയെഴുതിയ സിനിമകളാണ് സൺസ്പ്രിങ്, ഇറ്റ്സ്നോ ഗെയിം എന്നിവ. നാനോബോട്ട് ടെക്നോളജിയിലാണ് ബഞ്ചമിന്റെ പ്രവർത്തനം.

എസ്. നരസിംഹമൂർത്തി സംവിധാനം ചെയ്ത കന്നഡ ചിത്രം ലൗ യു (2025), വിവേക് അൻചാലിയ സംവിധാനം ചെയ്ത ഹിന്ദിചിത്രം നൈഷ (2025) എന്നിവ പൂർണ്ണമായും എ.ഐ. ഉപയോഗിച്ചുള്ള സിനിമകളാണ്. ജോഫിൻ റ്റി. ചാക്കോ സംവിധാനം ചെയ്ത രേഖാചിത്രം (2025) എന്ന സിനിമയിൽ പൂർവ്വകാലം ചിത്രീകരിക്കുന്നതിനായി എ.ഐ. സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. മമ്മൂട്ടിയുടെ ചെറുപ്പകാലം ചിത്രീകരിക്കുന്നതിനായി ഡി-എജിങ്ങ് (De-Aging) സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുണ്ട്. ഒരു നടനെ / നടിയെ തന്നെ വ്യത്യസ്ത പ്രായങ്ങളിൽ കാണിക്കാൻ ഈ വിദ്യക്കു കഴിയുന്നു. അഭിനേതാക്കളുടെ ഫോട്ടോകൾ, സിനിമകൾ, വീഡിയോ ദൃശ്യങ്ങൾ എന്നിവയിൽനിന്നും എ.ഐ. ഡാറ്റ സ്വീകരിക്കുന്നു. കണ്ണ്, ചുണ്ടുകൾ, ത്വക്ക് തുടങ്ങിയവയ്ക്കു മാറ്റങ്ങൾ വരുത്തി യൗവനരൂപത്തിലേക്കോ വാർദ്ധക്യരൂപത്തിലേക്കോ മാറ്റാൻ എ.ഐ.ക്കു സാധിക്കുന്നു.

മനുഷ്യമുഖം കൃത്രിമായി സൃഷ്ടിക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്ന സാങ്കേതികവിദ്യയാണ് ഫേസ് സിന്തസിസ് (Face Synthesis). പൂർണ്ണമായും കൃത്രിമകഥാപാത്രങ്ങളെ സൃഷ്ടിക്കാനും മരണപ്പെട്ടുപോയ അഭിനേതാക്കളെ പുനരാവിഷ്കരിക്കാനും ഈ വിദ്യക്കു കഴിയുന്നു. ശങ്കർ സംവിധാനം ചെയ്ത ഇന്ത്യൻ 2 (2024) എന്ന ചിത്രം ഇതിനുദാഹരണമാണ്. ഇതുകൂടാതെ വ്യക്തിയുടെ മുഖം, ശബ്ദം, സംസാരശൈലി, ചലനം എന്നിവ മറ്റൊരാളുടേതായി കൃത്രിമമായി സൃഷ്ടിക്കുന്ന ഡീപ് ഫേക്ക് സാങ്കേതികവിദ്യയും സിനിമയിൽ ഉപയോഗിക്കുന്നുണ്ട്.

നിർമ്മിതബുദ്ധിയെ കേന്ദ്രവിഷയമാക്കി അവതരിപ്പിച്ച മലയാള ചിത്രങ്ങളാണ് ആൻഡ്രോയിഡ് കുഞ്ഞപ്പൻ Ver 5.25, മോണിക്ക: ഒരു എ ഐ സ്റ്റോറി, ജാക്ക് ആൻഡ് ജിൽ എന്നിവ. അത് കൂടാതെ നിരവധി മലയാള ചിത്രങ്ങളുടെ പോസ്റ്റ് പ്രൊഡക്ഷൻ മേഖലകളിൽ എ ഐ സാങ്കേതികവിദ്യ ഉപയോഗിച്ചിട്ടുണ്ട്. അരുൺ ചന്തു സംവിധാനം ചെയ്ത മോക്കുമെന്ററി ചിത്രമായ ഗഗനചാരി (2024) ഇതിനുദാഹരണമാണ്. സംസ്ഥാന ചലച്ചിത്രപുരസ്കാരത്തിൽ പ്രത്യേക ജൂറി പരാമർശം കരസ്ഥമാക്കിയ ചിത്രമാണിത്. പോസ്റ്റ് അപ്പോക്കലിപ്റ്റിക് (ദുരന്താനന്തരകാലം), ഡിസ്റ്റോപ്പിയൻ ലോകം എന്നിവ സൃഷ്ടിക്കുന്നതിനായി ഈ സിനിമയിൽ എ.ഐ. സാങ്കേതികവിദ്യ വ്യാപകമായി ഉപയോഗിച്ചിട്ടുണ്ട്. 2043-ലെ കേരളത്തിന്റെ ഡിസ്റ്റോപ്പിയൻ അവസ്ഥയെ ചിത്രീകരിക്കുന്ന ചിത്രമാണിത്. മൂന്നു യുവാക്കൾ താമസിക്കുന്ന അപ്പാർട്ട്മെന്റിലേയ്ക്ക് ഒരു അന്യഗ്രഹജീവിയായ സ്ത്രീ എത്തുന്നു. അവരുടെ ലോകത്തുനിന്ന് ഒളിച്ചോടിയ ആ സ്ത്രീയുടെ അഭയസ്ഥാനമായി ആ അപ്പാർട്ട്മെന്റ് മാറുമ്പോൾ അവിടെ സംഭവിക്കുന്ന പ്രശ്നങ്ങൾ ഹാസ്യപരമായി അവതരിപ്പിക്കുകയാണ് ഈ സിനിമയിൽ. ഗഗനചാരിയിൽ കേരളത്തിലെ യഥാർത്ഥ സ്ഥലങ്ങളെ എ.ഐ. ഉപയോഗിച്ച് ഡിസ്റ്റോപ്പിയൻ അന്തരീക്ഷമാക്കി മാറ്റുന്നുണ്ട്. അപ്രകാരം വളരെ കുറഞ്ഞ ചെലവിൽ വ്യത്യസ്ത ലൊക്കേഷനുകൾ ഈ സിനിമയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഭാവിയിലെ നഗരദൃശ്യങ്ങൾ സൃഷ്ടിക്കാനായി Stable Diffusion, Midjourney തുടങ്ങിയ എ.ഐ.ടൂൾസ് ഉപയോഗിച്ചതായി ഈ സിനിമയുടെ സംവിധായകൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. കുറഞ്ഞ ബജറ്റിൽ ഒരു സയൻസ് ഫിക്ഷൻ സിനിമ നിർമ്മിക്കുവാൻ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ഇത്തരം സാങ്കേതികവിദ്യകൾ സഹായിക്കുന്നു. എ.ഐ. ഉപയോഗിച്ച് ലോകത്തിന്റെ ഭാവികാലചിത്രീകരണം വ്യത്യസ്തമായ കാഴ്ചാനുഭവം നൽകുന്നുണ്ട്. മലയാളസിനിമാരംഗത്ത് പുത്തൻ സാങ്കേതികവിദ്യകൾ സ്വീകരിക്കാൻ ഗഗനചാരി പ്രചോദനമായിട്ടുണ്ട് എന്നു കരുതാം. നിർമ്മിതബുദ്ധിയെ ആശ്രയിച്ചുള്ള സാങ്കേതികവിദ്യകൾ ഈ ചിത്രത്തിനു ചില ന്യൂനതകൾ വരുത്തിയിട്ടുണ്ട്. ഈ സിനിമയിലെ പല ദൃശ്യങ്ങളിലും കൃത്രിമത്വം അനുഭവപ്പെടുന്നുണ്ട്. അത് അവയുടെ യാഥാർത്ഥ്യപ്രതീതി നഷ്ടപ്പെടുത്തുന്നു. എ.ഐ.യുടെ സഹായത്തോടെയുള്ള വിഷ്വൽ ഇഫക്റ്റ്സ് കടന്നുവരുന്ന രംഗങ്ങൾ അധികമായതിനാൽ എല്ലാ വിഭാഗം ജനങ്ങൾക്കും ഈ സിനിമ ആസ്വദിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത്തരം സാങ്കേതികവിദ്യകൾ സാങ്കേതികാശ്രിതത്വം വർദ്ധിപ്പിക്കാൻ കാരണമായേക്കാം. അതുമൂലം മനുഷ്യന്റെ സൃഷ്ടിപരത നശിക്കാനിടയാകും.

മനുഷ്യന്റെ വൈകാരികബുദ്ധിയും അനുഭവസമ്പത്തും സാങ്കേതികവിദ്യയും ഒത്തുചേർന്നാൽ മാത്രമേ ഉത്തമമായ സിനിമ പിറക്കുകയുള്ളൂ. എ.ഐ. സിനിമാരംഗത്ത് ഏറെ ഗുണപ്രദമാണെങ്കിലും അതുയർത്തുന്ന വെല്ലുവിളികളും ആശങ്കകളും കുറവല്ല. എ.ഐ.യുടെ സാദ്ധ്യതകൾ സൂക്ഷിച്ചുപയോഗിക്കുകയാണെങ്കിൽ, സിനിമാരംഗത്തു പുത്തനുണർവ് സൃഷ്ടിക്കാൻ സാധിക്കുന്നതാണ്.

ഉപസംഹാരം

- ഡാറ്റയും അൽഗോരിതങ്ങളും ഉപയോഗിച്ചു പഠിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന യന്ത്രബുദ്ധിയെയാണു നിർമ്മിതബുദ്ധിയെന്നു വിളിക്കുന്നത്.
- സിനിമയുട ആശയരൂപീകരണത്തിലും തിരക്കഥാരചനയിലും എ.ഐ. സഹായിക്കുന്നു എന്നാൽ, അനുഭവങ്ങളും വികാരങ്ങളും സംയോജിച്ചുണ്ടാകുന്ന മനുഷ്യന്റെ സൃഷ്ടിപരതയ്ക്ക് ഇവ പകരമാകുന്നില്ല.
- കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ രൂപീകരിക്കുവാനും അവയുടെ ദൈർഘ്യം, ഈണം, താളം തുടങ്ങിയവ പരിശോധിക്കുവാനും എ.ഐ. ഉപയോഗിക്കാം. എന്നാൽ, സംഭാഷണങ്ങൾ ഭാവസാന്ദ്രമായും വികാരതീവ്രതയോടെയും അവതരിപ്പിക്കാൻ മനുഷ്യനോളം കഴിവ് എ.ഐ.യ്ക്കില്ല.
- വൈകാരികബുദ്ധിയില്ലെങ്കിലും സ്വയം നവീകരിച്ചുമുന്നേറാനുള്ള കഴിവ് നിർമ്മിതബുദ്ധിക്കുണ്ട്.
- വെർച്വൽ പ്രൊഡക്ഷൻ എന്ന സിനിമ നിർമ്മാണരീതി ഷൂട്ടിംങ് സമയബന്ധിതമായി ചെയ്തുതീർക്കാൻ സഹായിക്കുന്നു. മാത്രമല്ല വ്യത്യസ്ത ഷൂട്ടിംഗ് സൈറ്റുകളിലേക്കുള്ള യാത്രാച്ചെലവ് കുറയ്ക്കുന്നു.
- ഫ്ളാഷ്ബാക്ക് സീനുകൾ യാഥാർത്ഥ്യ പ്രതീതിയുളവാക്കുംവിധം ചിത്രീകരിക്കുവാൻ ഡി ഏജിങ്ങ് സാങ്കേതികവിദ്യയ്ക്കു കഴിയുന്നു. എ.ഐയുടെ അമിതമായ ഉപയോഗം മനുഷ്യരുടെ സ്വകാര്യത നഷ്ടപ്പെടുത്തുകയും സാങ്കേതിക ആശ്രിതത്വം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഗ്രന്ഥസൂചി

ജിജോ പി. ഉലഹന്നാൻ (ഡോ.), നിർമ്മിതബുദ്ധി വികാസപരിണാമങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2025.
രഞ്ജിത്ത് കെ.എസ്. (എഡി.), ചിന്തിക്കുന്ന യന്ത്രം നിർമ്മിതബുദ്ധിയെക്കുറിച്ചുള്ള ആലോചനകൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2024.
ശ്രീധരൻനായർ എം.എൻ. (പ്രൊഫ.) (ഡോ.), നിർമ്മിതബുദ്ധി, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2024.
ശ്രുതി സുബ്രഹ്മണ്യൻ, റോബോട്ട് ഭാവനയുടെ ശാസ്ത്രചരിത്രം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
സോണി തോമസ് അബൂക്കൻ, സഞ്ജയ് ഗോപിനാഥ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്വാധീനമേഖലകൾ. സാധ്യതകൾ, ഗ്രീൻ ബുക്സ്, തിരുവനന്തപുരം, 2024.

ദൃശ്യസൂചിക

അരുൺ ചന്തു, ഗഗനചാരി, (ഇന്ത്യ/മലയാളം/2024/115min), അജിത്ത് വിനായകാ ഫിലിംസ്, കൃഷാന്ത് ഫിലിംസ്.
ഇ. എം. അഷറഫ്, മോണിക്ക ഒരു എ. ഐ. സ്റ്റോറി, (ഇന്ത്യ/മലയാളം/2024/93min), സാം പ്രൊഡക്ഷൻസ്.
രതീഷ് ബാലകൃഷ്ണൻ പൊതുവാൾ, ആൻഡ്രോയിഡ് കുഞ്ഞപ്പൻ Ver 5.25, (ഇന്ത്യ/മലയാളം/2019/140min), മൂൺഷോട്ട് എന്റർടൈൻമെൻഡ്സ്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

സന്തോഷ് ശിവൻ, ജാക്ക് ആൻഡ് ജിൽ, (ഇന്ത്യ/മലയാളം/2022/125min), സന്തോഷ് ശിവൻ പ്രൊഡക്ഷൻസ്, സേവാസ് ഫിലിംസ്

About the researcher:
പാർവതി നായർ എൽ.
ഗവേഷക
മലയാളവിഭാഗം
കേരള സർവകലാശാല
Email: parvathy9512@gmail.com
Mob: 9074521837

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0021

സർപ്പയജ്ഞം
ഒരു ഫൂക്കോയിയൻ വായന

ഗ്രീഷ്മ വി.

പ്രബന്ധസംഗ്രഹം
ഈ പ്രബന്ധത്തിൽ സാമൂഹികവ്യവസ്ഥയെ രൂപപ്പെടുത്തുന്ന ലൈംഗികവ്യവസ്ഥയുടെ അടിസ്ഥാനഘടകങ്ങളായ വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങൾ കെ. ആർ. മീരയുടെ സൃഷ്ടിയായ സർപ്പയജ്ഞത്തിൽ എപ്രകാരം പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കുന്നു. തുടർന്ന് ഭാരതീയ മൂല്യസങ്കല്പം രൂപപ്പെടുത്തിയ കുടുംബിനി എന്ന സങ്കല്പം സർപ്പയജ്ഞത്തിൽ അടയാളപ്പെ ടുത്തിയിരിക്കുന്നത് എങ്ങനെയെന്ന് പരിശോധിച്ച്, വ്യവസ്ഥാപിതമായ മൂല്യബോധത്തിന് എതിരെ നിലകൊള്ളുന്ന ജാരസങ്കല്പത്തെ സർപ്പയജ്ഞം അടയാളപ്പെടുത്തിയ രീതി രേഖപ്പെടുത്തുന്നു.

താക്കോൽ വാക്കുകൾ: ഫൂക്കോയുടെ അധികാരചിന്ത,കുടുംബവും അധികാരവും, കുടുംബിനി, അധികാരവും പുരുഷാധിപത്യവും, സാമൂഹികവ്യവസ്ഥയും ജാരബന്ധവും.

....

ഫൂക്കോയുടെ അധികാരചിന്ത
ഫ്രഞ്ച് തത്വചിന്തകനായ മിഷേൽ ഫൂക്കോയുടെ ഹിസ്റ്ററി ഓഫ് സെക്ഷ്വാലിറ്റി (The History of Sexuality) എന്ന പുസ്തകത്തിൽ ലൈംഗികത എന്ന ജൈവികചോദനയെ ചോദ്യം ചെയ്യുന്നു. നൈസർഗികമായ ഈ ജൈവവാസന വ്യവസ്ഥയുടെ ഭാഗമായി മാറിയത് എങ്ങനെയെന്ന് ഹിസ്റ്ററി ഓഫ് സെക്ഷ്വാലിറ്റിയിൽ കണ്ടെത്താനാവുന്നു. “ലൈംഗികത എന്നാൽ പ്രകൃതിയുടെ ജൈവികതയിൽ നിന്ന് ലഭിക്കുന്ന ശക്തി മാത്രമല്ല. മറിച്ച് അറിവുകളുടെ അറിയപ്പെടാത്ത ഒരു ഭൂമിക കൂടി അതിൽ തെളിഞ്ഞു കിടക്കുന്നു. എന്നാൽ ലൈംഗികതയെ നിർമ്മിച്ചെടുക്കുന്നത് ചരിത്രമാണ്.” ഈ ചിന്താധാര തുടർന്നുവന്ന കാലത്ത് ലൈംഗികതയോടുള്ള ചരിത്ര സമീപനരീതിയെ വിമർശനാത്മകവും വിശകലനാത്മകവുമാക്കി. ലൈംഗികതയെക്കുറിച്ച് മൂന്ന് ചോദ്യങ്ങളാണ് ഫൂക്കോ ഉന്നയിക്കുന്നു.

1. ആരാണ് ലൈംഗികതയെ രൂപപ്പെടുത്തിയത് ? ആരാണ് സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായുമുള്ള ഘടനയെ ലൈംഗികതയോട് ചേർത്തു വെച്ചത് ? ആരാണ് ലൈംഗികതയെ സാമൂഹികമായി നിർമ്മിച്ചെടുത്തത് ?
2. ഏത് ഭൂമികയിൽ നിന്നുകൊണ്ടാണ് ലൈംഗികതയെ വിമർശനാത്മകമായി കാണുന്നത് ? സമൂഹത്തെ പ്രതിനിധീകരിക്കുന്ന ചിഹ്നമായി ലൈംഗികതയെ പാശ്ചാത്യ സംസ്കാരം കാണുന്നതെന്തുകൊണ്ട് ? എന്തുകൊണ്ടാണ് ലൈംഗികതയ്ക്ക് ഇത്രയധികം പ്രാധാന്യം നൽകുന്നത് ?
3. എന്താണ് ലൈംഗികതയും അധികാരവും തമ്മിലുള്ള ബന്ധം? ഏത് നിയമത്തിന്റെ ഭാഗമായാണ് ക്ലാസ് ഡിവിഷനും പുരുഷാധിപത്യവും വംശീയതയും നിർമ്മിച്ചെടുത്തത്?

ഈ ചോദ്യങ്ങളിലൂടെ പുതിയ ഒരു ലൈംഗികബോധത്തിലേക്ക് ഫൂക്കോ സമൂഹത്തെ കൊണ്ടുപോകുന്നു.

ലൈംഗികത എന്ന വിഷയം സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും പാർശ്വവൽക്കരണം നേരിടുന്നു. കുറ്റബോധം, പാപബോധം, ശിക്ഷ, അപകർഷതാബോധം, പ്രായശ്ചിത്തം എന്നീ പദങ്ങളോട് ചേർന്ന് മാത്രമാണ് ലൈംഗികത എന്ന വിഷയത്തെ പൊതുസമൂഹം സമീപിക്കുന്നത്. ലൈംഗികത എന്ന ജൈവചോദനയുമായി ബന്ധപ്പെട്ട ചിന്തകൾ മറിച്ചുവയ്ക്കേണ്ടതാണെന്ന ഈ ചിന്തയെ ഫൂക്കോ ചോദ്യം ചെയ്യുന്നു. ലൈംഗികതയോട് പൊതുസമൂഹത്തിനുള്ള ധാരണയിൽ പൊളിച്ചെഴുത്ത് നടത്തിയ ഫൂക്കോയുടെ ആശയം തന്നെയാണ് ലൈംഗികതയും അധികാരവും.

സമൂഹമെന്ന വ്യവസ്ഥാപിത സ്ഥാപനം രൂപീകരിക്കുന്നതിന്റെ ഭാഗമായി മനുഷ്യന്റെ ജൈവികവാസനയായ ലൈംഗികവാസനയെയാണ് ആദ്യം നിയന്ത്രണാധീതമാക്കിയത്. സ്ത്രീയും പുരുഷനും ഭൂമിയിലെ മറ്റ് ജീവജാലങ്ങളിലെ ലിംഗഭേദം പോലെ സമാനരാണെങ്കിലും ശരീരഘടനയുടെ പ്രത്യേകത കൊണ്ട് പുരുഷൻ കായികപരവും ശാരീരികാധ്വാനം ആവശ്യമുള്ളതുമായ ജോലികളിൽ ഏർപ്പെട്ടപ്പോൾ കുടുംബപരിപാലനം സ്ത്രീയുടെ ഉത്തരവാദിത്വമായി മാറി. കാലക്രമത്തിൽ സ്ത്രീകൾ കുടുംബത്തിനകത്തും പുരുഷൻ സമൂഹത്തിന്റെ മുഖ്യധാരയുമായി ബന്ധപ്പെട്ട അധികാരകേന്ദ്രത്തിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ഫൂക്കോയിയൻ ചിന്തയിൽ അധികാരമെന്നത് അടിച്ചമർത്തലോ പുരുഷാധിപത്യമോ മാത്രമല്ല സൃഷ്ടിക്കുന്നത്. അധികാരം മനുഷ്യനെ നിയന്ത്രിക്കാനുള്ള ഒരു വ്യവസ്ഥയുടെ ഏറ്റവും ശക്തമായ ഘടകമാണ്. അതുകൊണ്ട് തന്നെ സമൂഹമായി ജീവിക്കാൻ തുടങ്ങിയ മനുഷ്യവംശത്തോട് ബന്ധപ്പെട്ട് കിടക്കുന്ന പ്രധാന ഘടകമായി അധികാരം മാറുന്നു.

പുരുഷാധിപത്യവും അധികാരവും

പൊതുസമൂഹത്തിൽ അധികാരം പുരുഷാധിപത്യം എന്ന ബോധത്തിൽ അധിഷ്ഠിതമാണ്. സാമൂഹിക മണ്ഡലം രൂപപ്പെടുത്തിയ ഈ പുരുഷബോധമാണ് സമൂഹത്തെ നിയന്ത്രിക്കുന്ന പെരുമാറ്റച്ചട്ടങ്ങളും നിയമങ്ങളും നിർമ്മിക്കുന്നത്. പുരുഷാധിപത്യം വിവാഹം,കുടുംബം , മതം, വിദ്യാഭ്യാസം തുടങ്ങി മനുഷ്യനുമായി ബന്ധപ്പെട്ട സകല മേഖലകളിലും പ്രവർത്തിക്കുന്നു. നിലനിൽക്കുന്ന സമൂഹത്തിൽ അധികാരം പുരുഷനിൽ കേന്ദ്രീകൃതമായത് മനുഷ്യന്റെ ലൈംഗികചിന്തയ്ക്ക് ഓരോ കാലഘട്ടത്തിലും നേരിട്ട വ്യവസ്ഥാപിത മാറ്റം മൂലമാണ്. യുക്തിസഹമായി നോക്കുമ്പോൾ പുരുഷാധിപത്യം സാമൂഹിക വ്യവസ്ഥയുടെ നിർമ്മിതിയുടെ ഭാഗമാണ്.

അധികാരവും ഭാരതീയചിന്തയും

ലോകമെമ്പാടുമുള്ള സാമൂഹികരൂപീകരണത്തിന് ലൈംഗികവ്യവസ്ഥ അടിത്തറയായി നിലകൊള്ളുന്ന രീതിയിൽ തന്നെയാണ് ഭാരതീയബോധത്തിലും ലൈംഗികചിന്ത പ്രവർത്തിക്കുന്നത്. പതിനേഴാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന വിക്ടോറിയൻ കാലഘട്ടം ലൈംഗികചിന്തയിൽ ശ്രദ്ധാപൂർവ്വം വ്യവസ്ഥാപിതമായ ചില പൊതുധാരണകൾ പുലർത്തിയിരുന്നു. ലൈംഗികതയുടെ രഹസ്യാത്മക സ്വഭാവമായിരുന്നു അതിൽ പ്രധാനം. വീടിന്റെ അകത്തളങ്ങളിൽ ദമ്പതികൾക്കിടയിൽ പ്രത്യുൽപാദനത്തിനു വേണ്ടി മാത്രമുള്ള ഒരു പ്രക്രിയയായി മാത്രമാണ് ലൈംഗികതയെ ഈ കാലഘട്ടത്തിൽ കണക്കാക്കിയിരുന്നത്. വിക്ടോറിയൻ യുഗത്തിന്റെ അനുരണനം ഭാരതീയ കുടുംബവ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. ലൈംഗികതയ്ക്ക് മേൽ വന്നുചേർന്ന രഹസ്യാത്മക സ്വഭാവം പുതിയ ചില ആശയധാരകളുടെ രൂപീകരണത്തിന് കാരണമായി. കുടുംബിനി, ജാരബന്ധം എന്നിവ ഇതിൽപ്പെടുന്നു. കുടുംബം എന്ന വ്യവസ്ഥയ്ക്കുള്ളിൽ പുരുഷന്റെ ഇച്ഛയ്ക്ക് അനുസരിച്ച് ജീവിക്കുന്നവളാണ് കുടുംബിനി. ഭാരതീയ സംസ്കാരത്തിൽ വ്യവസ്ഥാപിത മൂല്യബോധം അടുത്ത തലമുറയിലേക്ക് എത്തിക്കുന്ന കേന്ദ്രബിന്ദുവാണ് കുടുംബിനിയായ സ്ത്രീ. ത്യാഗത്തിന്റെയും സഹനത്തിന്റെയും സേവനത്തിന്റെയും പ്രതീകമാണ് കുടുംബിനി. കുടുംബിനികൾ ആചാര – അനുഷ്ഠാനങ്ങളെ പാലിക്കുകയും ഭാര്യാഭർതൃബന്ധത്തിന്റെ പരിശുദ്ധി കാത്ത് സൂക്ഷിക്കുന്നവളുമായി നിലകൊള്ളണം എന്ന ചിന്തയുടെ അടിച്ചേൽപ്പിക്കൽ ഭാരതീയ പുരുഷബോധത്തിൽ നിന്ന് പിറവിയെടുത്തതാണ്. ഭാര്യാഭർതൃബന്ധത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ടുള്ള സ്ത്രീപുരുഷബന്ധം ഭാരതീയ സംസ്കാരത്തിൽ അസാന്മാർഗികമായതുകൊണ്ടുതന്നെ കുടുംബിനികളായ സ്ത്രീകൾ മറ്റ് പുരുഷനുമായി പുലർത്തുന്ന ലൈംഗികബന്ധത്തെ അവിഹിതം എന്ന് വിളിക്കുന്നു. ഈ ബന്ധത്തിൽ ഏർപ്പെടുന്ന പുരുഷനെ ജാരനായാണ് ഭാരതീയ സംസ്കാരം കണക്കാക്കുന്നത്. ഒരാൾക്ക് വിഹിതമല്ലാത്ത ഒന്ന് എന്ന അർത്ഥതലം അവിഹിതം എന്ന പദം നൽകുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

വിവാഹവും ദാമ്പത്യജീവിതവും

ലൈംഗികവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ രൂപമെടുത്ത സ്ഥാപനങ്ങളാണ് വിവാഹം, കുടുംബം എന്നിവ. ഫൂക്കോയുടെ വീക്ഷണപ്രകാരം ലൈംഗികവ്യവസ്ഥയിൽ അധിഷ്ഠിതമായി നിലനിർത്താനുള്ള വ്യവസ്ഥാപിതമായ ചട്ടക്കൂടായി വിവാഹം, കുടുംബം, സമൂഹം എന്നീ സ്ഥാപനങ്ങൾ മാറുന്നു. മനുഷ്യൻ പരിണാമഫലമായി സംസ്കാരസമ്പന്നരായി മാറാനും സ്ഥിരമായി ഒരിടത്ത് താമസം ആരംഭിക്കുവാനും തുടങ്ങിയതോടെ ഒരിണയിൽ മാത്രം ഒതുങ്ങുകയും, ഈ സ്ത്രീപുരുഷബന്ധത്തെ വിവാഹം എന്ന വ്യവസ്ഥയുടെ ഭാഗമാക്കി മാറ്റുകയും ചെയ്തു. വിവാഹവ്യവസ്ഥയുടെ രൂപപ്പെടൽ പരിണാമത്തിന്റെ അനിവാര്യതയായിരുന്നു. ഇത്തരത്തിൽ ആദിമകാലം മുതൽക്കേ രൂപപ്പെട്ടുവന്ന വിവാഹം എന്ന സ്ഥാപനം 'സർപ്പയജ്ഞം' എന്ന കഥയിൽ വിപുലമായി അടയാളപ്പെടുത്തിയിരിക്കുന്നു. വിവാഹം സ്ത്രീയും പുരുഷനും തമ്മിലുള്ള ശാരീരികവും മാനസികവുമായ പൊരുത്തപ്പെടലാണെന്ന ധാരണകൾക്കപ്പുറം സാമ്പത്തിക കൈമാറ്റമെന്ന വലിയ ഘടകം ഇതിൽ പ്രവർത്തിക്കുന്നു. സമ്പത്തും വിവാഹവും ദാമ്പത്യവും പരസ്പരം ബന്ധപ്പെടുത്തിയാണ് പൊതുബോധം വിലയിരുത്തുന്നത്. സർപ്പയജ്ഞത്തിൽ വിദ്യാസമ്പന്നനായ ഭർത്താവ് എൻജിനീയർ രാമചന്ദ്രൻ പുരുഷാധിപത്യത്തിന്റെയും അധികാരത്തിന്റെയും കേന്ദ്രമായി കാണപ്പെടുന്നു.

പുരുഷാധിപത്യസമൂഹത്തിൽ കാണപ്പെടുന്ന സ്ത്രീവിരുദ്ധമായ ഒരു ദുരാചാരമാണ് സ്ത്രീധനം. വിവാഹവ്യവസ്ഥിതിയോടാണ് സമൂഹം ഇതിനെ ചേർത്തുവെക്കുന്നത്. എന്നാൽ കാലത്തിന്റെ മാറ്റത്തിനും സ്ത്രീ തന്നെയാണ് ധനം എന്ന ചിന്തയിലേക്ക് പരിപൂർണ്ണമായി മനുഷ്യസമൂഹം എത്തിച്ചേർന്നിട്ടില്ല എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. കഥയിൽ സ്ത്രീധനപ്രശ്നം മൂലം രാമചന്ദ്രന്റെ ഭാര്യ പീഡനങ്ങൾ അനുഭവിക്കേണ്ടി വരുന്നു. സ്ത്രീധനം സ്ത്രീയ്ക്ക് നൽകുന്ന ധനം എന്നതിനപ്പുറം അതൊരു വ്യവസ്ഥയുടെ ഭാഗവും നിർബന്ധിതമായ ഒരു ചിട്ടയുമായി കാലാന്തരത്തിൽ പരിണമിച്ചപ്പോൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന പെൺകുട്ടികളുടെയും കുടുംബത്തിന്റെയും വലിയ ബാധ്യതയായി സ്ത്രീധനസമ്പ്രദായം മാറപ്പെടുന്നു. കഥയിൽ രാമചന്ദ്രൻ എന്ന കഥാപാത്രം ഭാര്യയെ ദേഹോപദ്രവം ഏൽപ്പിക്കുകയും ശകാരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ നിരന്തരമായി സ്ത്രീധനഗാർഹിക പീഡനം അവൾ അനുഭവിക്കുന്നു. എത്ര ലഭിച്ചാലും അടങ്ങാത്ത ധനമോഹമാണ് ഗാർഹിക പീഡനത്തിലേക്ക് നയിക്കുന്ന പ്രധാന കാരണമായി കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. വിവാഹിതയായി മാറുന്ന സ്ത്രീയ്ക്ക് അവളുടെ കുടുംബം നൽകുന്ന സ്നേഹോപകാരങ്ങളെ നിർബന്ധബുദ്ധിയാൽ ഒരു വ്യവസ്ഥയാക്കി മാറ്റുന്നതോടെ സ്ത്രീകൾ ധാരാളം പീഡനങ്ങൾക്ക് ഇരയാവുകയും അതുമൂലം കടുത്ത മാനസിക സംഘർഷത്തിലേക്ക് വഴുതിവീഴുകയും ചെയ്യുന്നു. കഥയിലെ ഭാര്യ എന്ന കഥാപാത്രം ഭാര്യാഭവനത്തിൽ നിന്നും ലഭിക്കാതെ പോകുന്ന സ്ത്രീധനത്തിന്റെ പേരിൽ ധാരാളം ശകാരങ്ങൾ കേൾക്കേണ്ടി വരുന്നു. തന്റെ സഹോദരിക്ക് അച്ഛൻ നൽകുന്ന സമ്പത്തിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ചോദ്യം ചെയ്യുകയും സ്വന്തം ഭവനത്തിൽ നിന്നും സ്വത്തുവകകൾ തഞ്ചത്തിൽ കൈക്കലാക്കാൻ കഴിയാത്തത് ഭാര്യയുടെ കഴിവുകേടായി കണക്കാക്കുന്ന ഭർത്താവെന്ന കഥാപാത്രം ഭാര്യയായ സ്ത്രീയെ നിരന്തരം പരിഹസിക്കുന്നു. എന്നാൽ സഹോദരിക്ക് സ്വന്തം ഭവനത്തിൽ നിന്നും കൊടുക്കുന്ന ധനത്തെ തന്റേതാക്കി മാറ്റാൻ അവൾ ആഗ്രഹിച്ചിരുന്നില്ല. തന്റെ പിതാവിനോട് ചോദിച്ചുവാങ്ങാൻ ശ്രമിച്ചാൽ തനിക്ക് സമ്പത്ത് കൂടുതൽ തരാൻ പോകുന്നില്ല എന്നും ചോദിച്ചില്ലെങ്കിൽ തരാതിരിക്കുകയുമില്ല എന്ന ബോധ്യം അവളിൽ ഉണ്ടായിരുന്നു. എന്നാൽ ഒരു വിഷമഘട്ടത്തിൽ തീർച്ചയായും അവളുടെ കുടുംബം അവളുടെ കൂടെയുണ്ടാവുമെന്ന ഉറപ്പ് അവൾക്കുള്ളിൽ ദൃഢമായിരുന്നു. അവളുടെ അച്ഛനും അമ്മയ്ക്കും മക്കൾ രണ്ടും തുല്യരായിരുന്നു എന്ന ബോധ്യം അവൾക്കുള്ളിൽ നിലനിന്നിരുന്നതുകൊണ്ട് തന്നെ ഭർത്താവിന്റെ ധനത്തോടുള്ള ആർത്തിയിൽ അവൾക്ക് ദുഃഖം മാത്രമാണ് തോന്നിയിരുന്നത്. എന്നാൽ വിവാഹിതരായ സ്ത്രീകൾ ഭർത്താവിന്റെ കുടുംബത്തിനും അവിടത്തെ സന്തോഷത്തിനും സമൃദ്ധിക്കും വേണ്ടിയാണ് നിലകൊള്ളേണ്ടതെന്ന ഇടുങ്ങിയ ചിന്താഗതിയാണ് ഭർത്താവായ എൻജിനീയർ രാമചന്ദ്രനിൽ പ്രവർത്തിക്കുന്നത്. ദാമ്പത്യ ജീവിതം കേവലം സമ്പത്തിന്റെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തുമ്പോൾ നഷ്ടപ്പെടുന്ന സന്തോഷം നിറഞ്ഞ ജീവിതത്തെ പലപ്പോഴും ഭർത്താവ് എൻജിനീയർ രാമചന്ദ്രൻ കാണാതെ പോവുന്നു. ദാമ്പത്യജീവിതം കേവലം സാമ്പ ത്തിക ജീവിതം മാത്രമായി കാണുന്ന ചില അല്പബുദ്ധികളായ മനുഷ്യർക്ക് നേരെയുള്ള എഴുത്തുകാരിയുടെ തുറന്ന വിമർശനമാണ് സർപ്പയജ്ഞം മുന്നോട്ടുവെക്കുന്നത്.

അധികാരവും കുടുംബവും

വിവാഹം, കുടുംബം എന്നീ സ്ഥാപനങ്ങൾ രൂപപ്പെടുത്തുമ്പോൾ തന്നെ അധികാരത്തിന്റെ ചില വ്യവസ്ഥാപിതമായ കടന്നുവരവുകൾ ഉണ്ടായിരുന്നു. പുരുഷകേന്ദ്രീകൃതമായ ഒരു വ്യവസ്ഥയ്ക്കുള്ളിൽ സ്ത്രീയുടെ അധികാരം, അവകാശം

എന്നിവ പലപ്പോഴും വിലക്കപ്പെടുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യം പുരുഷൻ നിർണ്ണയിക്കുന്നതാണെന്ന തെറ്റിധാരണ വെച്ചുപുലർത്തുന്ന പുരുഷ സമൂഹം ഇന്നും നില നിൽക്കുന്നു. വേദനാജനകമായ ഈ യാഥാർത്ഥ്യം സർപ്പയജ്ഞത്തിലും കണ്ടെത്താൻ കഴിയുന്നു. കഥയിൽ ഭാര്യയെന്ന കഥാപാത്രത്തിന്റെ സ്വാതന്ത്ര്യവും ഹനിക്കപ്പെടുന്നുണ്ട്. അവൾക്ക് പല സന്ദർഭങ്ങളിലും അധികാരത്തിന് വിധേയപ്പെട്ട് ജീവിക്കേണ്ടതായി വരുന്നു. സ്ത്രീയ്ക്കും പുരുഷനും കുടുംബത്തിലുള്ള തുല്യത പുരുഷന്റെ അധികാരം നിമിത്തം ഇല്ലായ്മ ചെയ്യപ്പെടുന്നു. ഭർത്താവ് ഭരിക്കുന്നവനും ഭാര്യ വിധേയപ്പെടേണ്ടവളുമാണെന്ന ധാരണ ഭർത്താവിൽ പ്രവർത്തിക്കുമ്പോൾ കഥയിലെ സ്ത്രീ കഥാപാത്രം പലപ്പോഴും ആ വ്യവസ്ഥയിൽ നിന്നും ഒരു തിരിഞ്ഞു നടത്തം ആഗ്രഹിക്കുന്നു. സാമ്പത്തിക സ്ഥിരതയില്ലാത്ത ആശ്രിതയായ ആ സ്ത്രീ പുരുഷരൂപത്തെ ഭയപ്പെട്ടു. അവൾക്ക് അച്ഛനും ഭർത്താവും ഭയത്തിന്റെ രൂപങ്ങളായി മാറുന്നു. സാമ്പത്തിക വ്യാപാരങ്ങളിൽ ഏർപ്പെടാത്തതിനാൽ തന്നെ പുരുഷന് അടിമയായി പല സന്ദർഭങ്ങളിലും അവൾക്ക് വർത്തിക്കേണ്ടിവരുന്നു. ഈ പുരുഷാധികാരവ്യവസ്ഥിതിയ്ക്ക് എതിരെ പ്രതികരണശേഷിയില്ലാത്ത വസ്തുവകളോട് പ്രതികരിച്ചുകൊണ്ട് ആത്മസംതൃപ്തി നേടുന്ന ഭാര്യ എന്ന കഥാപാത്രം വീടിന്റെ അകത്തളത്തിൽ ഒതുക്കപ്പെട്ട നിരവധിയായ ഭാരതീയ സ്ത്രീകളുടെ പ്രതിനിധിയാണ്. ഇത്തരം സ്ത്രീകളുടെ ആശ്വാസം കണ്ണുനീർ മാത്രമാണ്. കഥയിലെ ഭർത്താവിന്റെ ആത്മമിത്രമായ ചാക്കോച്ചൻ ഭാര്യയുടെ പ്രത്യുൽപാദനത്തെയും ലൈംഗികതയെയും ചോദ്യം ചെയ്യുമ്പോൾ ഭർത്താവിനോടുള്ള ഭയം അവളെ പ്രതികരിക്കാൻ കഴിയാത്തവളാക്കി മാറ്റുന്നു.

കുടുംബവ്യവസ്ഥയെ പൊളിച്ചെഴുത്ത് നടത്തുന്ന കുടുംബാന്തരീക്ഷമാണ് കഥയിൽ കാണുന്നത്. കേവലം സാമ്പത്തിക കൈമാറ്റത്തിനുള്ള വ്യവഹാരഭൂമിയായി കുടുംബം മാറുമ്പോൾ സാമ്പത്തിക അസ്ഥിത്വത്തിന് വ്യക്തിത്വബോധത്തേക്കാളും പ്രാധാന്യം ലഭിക്കുന്നു. ഈ കാഴ്ചപ്പാട് സാമ്പത്തിക അസ്ഥിത്വമില്ലാത്ത സ്ത്രീകളെ സമൂഹത്തിലും കുടുംബത്തിനുള്ളിലും പിന്നോട്ട് നിർത്താൻ കാരണമാക്കുന്നു. ഇവിടെ ഭാര്യയായ സ്ത്രീ സാമ്പത്തികമായ അസ്തിത്വം കൈവരിക്കാത്തത് കൊണ്ടുതന്നെ അവൾ നിരന്തരം അപമാനിക്കപ്പെടുന്നു. കഥയിൽ പുരുഷാധിപത്യത്തിന്റെ പ്രതീകമായി ഭർത്താവ് എൻജിനീയർ രാമചന്ദ്രൻ മാറുമ്പോൾ എല്ലാം സഹിക്കുന്ന ഭാരതീയ സ്ത്രീയുടെ പര്യായമായി ഭാര്യയെ എഴുത്തുകാരി രേഖപ്പെടുത്തുന്നു. എന്നാൽ പീഡനങ്ങളുടെയും സഹനത്തിന്റെയും ഒടുവിൽ അവൾ സ്വയം ശക്തിയായി മാറുന്നതും കഥാന്ത്യത്തിൽ കണ്ടെത്താൻ കഴിയുന്നു. കഥാകാരി സർവ്വവും സഹിച്ചുകൊണ്ട് സ്ത്രീയോട് ജീവിക്കാൻ ആവശ്യപ്പെടുകയല്ല. മറിച്ച് അനുഭവങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് കരുത്താർജിച്ച് പുതുജീവിതം കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്യുന്നു.

കുടുംബിനി

കുടുംബിനികളായ ഭാരതീയ സ്ത്രീകൾ കുടുംബത്തിനുള്ളിലെ കടമകളുടെയും ഉത്തരവാദിത്വങ്ങളുടെയും ചട്ടക്കൂടിൽ ബന്ധിക്കാൻ നിലനിൽക്കുന്ന വ്യവസ്ഥാപിതമായ സാമൂഹികബോധം ശ്രമിക്കുന്നു. ഇത്തരം അടിച്ചമർത്തലുകൾ ഗൃഹവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഭാരതീയ സ്ത്രീകൾ നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ്. ചെയ്യുന്ന കടമയ്ക്ക് ലഭിക്കാതെ പോകുന്ന സ്വീകാര്യത കുടുംബിനികളായ സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന പ്രധാന പ്രശ്നമാണ്. ആവർത്തനവിരസത വീടുമായി ബന്ധപ്പെട്ട ജോലികളുടെ പൊതുസ്വഭാവമാണെന്ന യാഥാർത്ഥ്യം നിലനിൽക്കെതന്നെ കഥയിലെ കഥാപാത്രമായ ഭാര്യ നേരിടുന്നതും ഇതേ പ്രശ്നമാണ്. ഭർത്താവ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമാവുമ്പോൾ ഭാര്യ ഗൃഹവൃത്തിയുടെ ഭാഗമായാണ് മാറുന്നത്. എച്ചിൽ പാത്രങ്ങളും പഴയ ഭക്ഷണസാധനങ്ങളും സ്ത്രീകൾക്കു വേണ്ടി മാറ്റിവയ്ക്കപ്പെടുന്ന ഭാരതീയ കുടുംബവ്യവസ്ഥയ്ക്കുള്ളിലെ യാഥാർത്ഥ്യത്തെ എഴുത്തുകാരി ചൂണ്ടികാണിക്കുന്നു. ഭർത്താവിന്റെ ദിനചര്യകളെ സുഗമമാക്കാനുള്ള ഒരു ഉപകരണമായി പ്രവർത്തിക്കുന്ന ഭാര്യയെ കഥയിൽ നിരന്തരം മറ്റുള്ളവർക്ക് വേണ്ടി സ്വന്തം ആരോഗ്യവും സമയവും നഷ്ടപ്പെടുത്തുന്ന സമൂഹം അംഗീകരിക്കുകയോ ചേർത്തു പിടിക്കുകയോ ചെയ്യാത്ത കഥാപാത്രമായി ചിത്രീകരിച്ചിരിക്കുന്നു.

സമൂഹത്തിന്റെ മുഖ്യധാരയിൽ ഇവർ പലപ്പോഴും പരിഹാസ കഥാപാത്രങ്ങളാവുന്നു. വരുമാനമില്ലാതെ ആവർത്തന സ്വഭാവമുള്ള ജോലികൾ ചെയ്യുന്ന ഇവർ വ്യക്തിത്വം ഇല്ലാത്തവരായും ചിലപ്പോൾ വിഡ്ഢികളായി പോലും മുദ്രകുത്തപ്പെടുന്നു. ബുദ്ധിപരമായ അധ്വാനത്തെക്കാൾ കൂടുതൽ ശാരീരികമായ അധ്വാനം ഉൾക്കൊള്ളുന്ന ജോലി ആയതിനാൽ തന്നെയും ഇത്തരം ജോലികളെ പുരുഷന്മാർ ഇന്നും പൂർണ്ണമായും അംഗീകരിക്കാൻ പ്രാപ്തരായിട്ടില്ല. കുടുംബത്തിലെ ആവർത്തന സ്വഭാവമുള്ള ജോലികൾ സ്ത്രീയുടെ മാത്രം കുത്തക യായി നിലനിന്നിരുന്ന ഒരു കാലത്തെ അടയാളപ്പെടുത്തുകയാണ് ഈ കഥ. എന്നാൽ പുതിയകാലം ചില മാറ്റങ്ങൾ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

സൃഷ്ടിക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ പൂർണ്ണമായി ഒരു മാറ്റം അവകാശപ്പെടാനും കഴിയില്ല. കുടുംബിനികളായ സ്ത്രീകളുടെ ഉത്തരവാദിത്വങ്ങളിൽ ആദ്യത്തേത് പ്രത്യുൽപാദനമാണ്. പുരുഷന് കുടുംബസ്വത്ത് കൈമാറ്റം ചെയ്യാൻ പുതിയ തലമുറയെ സൃഷ്ടിക്കുകയെന്നത് സ്ത്രീയുടെ ഉത്തരവാദിത്വമായി പൊതുസമൂഹം വിലയിരുത്തുന്നു. ഇവിടെ ഭർത്താവിന്റെ സന്തോഷത്തിന് അനുസരിച്ച് മാത്രം ലൈംഗികകാമനകളും ലൈംഗികചേഷ്ടകളും മാറുമ്പോൾ സ്ത്രീശരീരം പുരുഷനെ ആഹ്ലാദിപ്പിക്കാൻ മാത്രമുള്ള ഒരു ഉപകരണമായി വർത്തിക്കുന്നു.

കഥയിലെ പുരുഷകഥാപാത്രം ഭാര്യയായ സ്ത്രീയുടെ മാനസിക-ശാരീരിക അവസ്ഥകളെ പരിഗണിക്കുന്നില്ല. ഭർത്താവായ എഞ്ചിനീയർ രാമചന്ദ്രൻ മദ്യലഹരിയുടെ ആനന്ദത്തിൽ ഭാര്യയുടെ ശരീരത്തിൽ ആഹ്ലാദം കണ്ടെത്തുമ്പോൾ ഭാര്യയാവട്ടെ ആ ആസക്തിയുടെ എല്ലാ തരം ബുദ്ധിമുട്ടുകളും അനുഭവിക്കുന്നു. മദ്യത്തിന്റെ പുളിച്ച നാറ്റത്തിന്റെ ഇടയിൽ കിടന്നുറങ്ങേണ്ടി വരുന്ന നിസ്സഹായയായ സ്ത്രീ, ലഹരി ഉണ്ടാക്കുന്ന വിപത്തിന്റെ പരിണിത ഫലമനുഭവിക്കുന്ന സ്ത്രീകളുടെ പ്രതിനിധാനമായാണ് എഴുത്തുകാരി രേഖപ്പെടുത്തിയിരിക്കുന്നത്. കഥയിൽ ഭർത്താവുമൊത്ത് ആശയപരമായ തർക്കങ്ങൾ നിലനിൽക്കുമ്പോളും വലിയ വഴക്കുകളുടെ അവസാനത്തിലും ഭാര്യ തന്നെയാണ് മിക്കപ്പോഴും ഒറ്റപ്പെടുകയും ഇടമില്ലാത്തവളായി മാറുകയും ചെയ്യുന്നത്. സ്വന്തം വീടിനേക്കാൾ ഭർതൃഭവനം ഭംഗിയായി സംരക്ഷിക്കുന്ന പല സ്ത്രീകളും നേരിടുന്ന പ്രശ്നത്തെ കഥാകാരി തുറന്നെഴുതുന്നു. ഇത്തരം സന്ദർഭങ്ങളിൽ സ്ത്രീ കടമകൾ നിർവഹിക്കുന്ന ഒരുവ ളായി മാത്രം മാറുന്നു. ജനിച്ച ഭവനത്തിൽ നിന്നും, കയറിച്ചെന്ന ഭവനത്തിൽ നിന്നും അവൾ തിരസ്കരിക്കപ്പെടുന്നു. ഈ രീതിയിൽ ആശ്രിതയായി മാറേണ്ടിവരുന്ന സ്ത്രീകളുടെ പ്രതിനിധാനമായി കഥയിലെ ഭാര്യയെ കണക്കാക്കാം. ഭർത്താവുമായി പിണങ്ങുമ്പോൾ സ്വീകരണമുറിയിലേക്ക് മാറി കിടക്കുന്നത് സ്ത്രീയാണ് പുരുഷനല്ല. മാറിക്കൊടുക്കേണ്ടതും, മാറിനിൽക്കേണ്ടതും, ത്യജിക്കേണ്ടതും, ത്യാഗമനുഭവിക്കേണ്ടതും സ്ത്രീയാണെന്ന തെറ്റായ പൊതുധാരണയെ സർപ്പയജ്ഞത്തിലൂടെ ഒന്നുകൂടി തുറന്നു കാട്ടുന്നു.

എഴുത്തുകാരി ബോധപൂർവ്വം കഥാനായകനായ ഭർത്താവിന് എൻഞ്ചിനീയർ രാമചന്ദ്രൻ എന്ന പേര് നൽകിയത് അയാളുടെ വ്യക്തിത്വത്തെ അടയാളപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ്. എന്നാൽ സമൂഹത്തിലെ അധികാരവ്യവസ്ഥ കല്പിച്ചിരിക്കുന്ന സ്ഥാനമാണ് ഭാര്യയെങ്കിലും ഒരു നാമമായി കൂടി എഴുത്തുകാരി അതിനെ അടയാളപ്പെടുത്തുകയാണ്. അവളുടെ വ്യക്തിത്വത്തെ പരിഗണിക്കുന്നില്ലെന്ന് ബോധ്യപ്പെടുത്താൻ കൂടിയാണ് പേരിനു പകരം അവൾ, ഭാര്യ എന്നീ പൊതുനാമങ്ങൾ കഥയിൽ നൽകിയിരിക്കുന്നത്. ഭാര്യ എന്നത് ഒരു പദവിയായും ഒരു ഉദ്യോഗമായും ഒരു കടമയായും ചിന്തിക്കുന്ന ഒരു സമൂഹത്തെ എഴുത്തുകാരി രേഖപ്പെടുത്തുന്നു. ഭാര്യയെന്ന കഥാപാത്രം ഒരുപാട് സ്ത്രീകളുടെ പ്രതീകമാണ്. അതുകൊണ്ടു തന്നെയാണ് എഴുത്തുകാരി അവൾക്ക് പ്രത്യേകമായ പരിഗണന നൽകാതിരുന്നത്.

സാമൂഹികവ്യവസ്ഥയും ജാരബന്ധവും

എഴുത്തുകാരി സർപ്പസാന്നിധ്യമായി കൊണ്ടുവരുന്നത് ഒരു ജാരബന്ധത്തെയാണ്. സമൂഹം കൽപ്പിക്കുന്ന വ്യവസ്ഥാപിതമായ ചട്ടക്കൂടിൽ പരസ്ത്രീബന്ധവും പരപുരുഷബന്ധവും വിലക്കപ്പെട്ടവയാണ്. ലൈംഗികതയ്ക്ക് രഹസ്യാത്മകമായ ഒരു സ്വഭാവം നിലനിൽക്കേതന്നെ വിവാഹബന്ധത്തിൽ ഏർപ്പെട്ട പുരുഷനോ സ്ത്രീയ്ക്കോ അന്യപുരുഷനോ സ്ത്രീയോ ആയി ലൈംഗികബന്ധങ്ങൾ ഉണ്ടായിക്കൂടെന്ന് നിലനിൽക്കുന്ന ഭാരതീയമായ സാമൂഹികവ്യവസ്ഥ നിഷ്കർഷിക്കുന്നു. ലൈംഗികതയുടെ പൊതുമുഖം രഹസ്യാത്മകതയായതിനാൽ ഇവിടെ ഭാര്യയ്ക്ക് സർപ്പത്തിനോട് തോന്നുന്ന സ്നേഹവും ഇഷ്ടവും സർപ്പത്തിന് കഥയിലെ സ്ത്രീയോട് തോന്നുന്ന അനുകമ്പയും സ്നേഹവും മൂടിവെക്കപ്പെടുന്നു. സ്വന്തം പുരുഷനിൽ നിന്നും ലഭിക്കേണ്ട പരിഗണനയും സംരക്ഷണവും സ്നേഹവും ഒരു ഉരഗജീവിയിൽ നിന്നും ലഭിക്കുമ്പോൾ അവൾ ആ രഹസ്യത്തെ മറ്റാരും അറിയാതെ സൂക്ഷിക്കുകയും ആ സർപ്പത്തിന് ഒരു ജാരപരിവേഷം നൽകുകയും ചെയ്യുന്നു. പുരുഷൻ സ്ത്രീയെ സംരക്ഷിക്കണം , പരിഗണിക്കണം എന്ന ചിന്ത ഭാര്യയായ ആ സ്ത്രീയിൽ പ്രതിധ്വനിക്കുന്നു. സാമൂഹികബോധം കുടുംബിനികളായ സ്ത്രീകൾക്ക് നൽകിയിരിക്കുന്ന വ്യവസ്ഥാപിതമായ ചുറ്റുപാടുകൾക്കും അതിരുകൾക്കും വിഭിന്നമായ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ , കണ്ടെത്തലുകൾ, ചോദ്യം ചെയ്യലുകൾ, നിരീക്ഷണങ്ങൾ എന്നിവ അധികാരത്തിന്റെ കേന്ദ്രഭാവമായ ഭർത്താവിൽ പരിഹാസവും പുച്ഛവും മാത്രം സൃഷ്ടിക്കുന്നു. ഭാര്യയുടെ ചിന്തകളെ ജല്പനമായും മനോരോഗത്തിന്റെ തുടക്കമായും മാത്രമാണ് ഭർത്താവ് പരിഗണിക്കുന്നത്. സ്ത്രീയുടെ വ്യവഹാരമണ്ഡലങ്ങൾക്ക് പുരുഷൻ പരിധി നിശ്ചയിക്കുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കഥയുടെ ആരംഭത്തിൽ ഭർത്താവിനോട് തോന്നിയിരുന്ന ഭയം എന്ന വികാരം സർപ്പത്തിന്റെ കടന്നുവരവോടുകൂടി നഷ്ടപ്പെടുമ്പോൾ അവൾ ശക്തയാകുന്നു. സഹജീവിയെ സ്നേഹിക്കാനുള്ള മനസ്സാണ് ഒരാൾക്ക് ആദ്യം വേണ്ടതെന്ന തിരിച്ചറിവ് ഭാര്യയിൽ തന്റെ ഭർത്താവിനെക്കാൾ മികച്ചത് സർപ്പമാണെന്ന ചിന്ത രൂപപ്പെടുത്തുന്നു. ആദ്യം തോന്നിയിരുന്ന ഭയം കാലക്രമേണ ഇല്ലാതാക്കുകയും തുടർന്ന് അവളോട് കാണിക്കുന്ന സഹാനുഭൂതിയും കരുതലും വിഷം തീണ്ടുന്ന ആ ഉരഗത്തെ സ്വീകരിക്കാൻ അവളുടെ മനസ്സിനെ സജ്ജമാക്കി. ഭയം പിന്നീട് താല്പര്യമായും കൗതുകമായും സഹതാപമായും പിന്നീട് സ്നേഹമായും പരിണമിക്കുന്നു. മുമ്പ് സർപ്പം ഇരിക്കുന്ന ഇടങ്ങളെ ഭയത്തോടെ മാത്രം വീക്ഷിച്ചിരുന്ന അവളുടെ കണ്ണുകൾ കാലാന്തരത്തിൽ മാറുന്നു. അവളെ അറിയാനും മനസ്സിലാക്കാനും ശ്രമിച്ച സർപ്പം പിന്നീട് അവളുടെ സന്തതസഹചാരിയായി മാറി. ഭർത്താവ് നൽകാത്ത സ്നേഹവും കരുതലും സംരക്ഷണവും ആ ഉരഗജീവിയിൽ നിന്നും അവൾക്ക് ലഭിച്ചപ്പോൾ അതൊരു വിശ്വാസമായി മാറുകയും അവൾ അതിനോട് താതാത്മ്യപ്പെടുകയും ചെയ്യുന്നു. സമൂഹം മുഴുവൻ ആ ഉരഗത്തെക്കുറിച്ച് സംസാരിക്കുമ്പോഴും അവൾ അതിൽ നിന്നും പിന്തിരിഞ്ഞു നിൽക്കുന്നു. പലപ്പോഴും ദാമ്പത്യജീവിതത്തിലേക്ക് കടക്കുന്ന മനുഷ്യരൂപമുള്ള ജാരൻമ്മാർക്കും അവരെ സംരക്ഷിക്കുന്ന സ്ത്രീകൾക്കും പറയാനുള്ളത് ഈ ആശയങ്ങൾ തന്നെയാണ്. ഇവിടെ എഴുത്തുകാരി വിദഗ്ധമായി കുടുംബത്തിനുള്ളിൽ ഒറ്റപ്പെട്ടു പോവുന്ന സ്ത്രീകളുടെ മാനസികാവസ്ഥയും അവർ എത്തിച്ചേരുന്ന അസ്സാന്മാർഗിക വഴികളും അവതരിപ്പിക്കുന്നു.

കഥയിൽ ജാരനായി ഒരു ഉരഗത്തെ കഥാകാരി രേഖപ്പെടുത്തിയത് കൊണ്ട് മാത്രമാണ് സമൂഹം ഈ സൃഷ്ടിയെ അംഗീകരിക്കാൻ തയ്യാറാവുന്നത്. എന്നാൽ ഒരു മനുഷ്യരൂപത്തെയാണ് ജാരകഥാപാത്രമായി അവതരിപ്പിച്ചതെങ്കിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ ഈ എഴുത്ത് തെറ്റായി വ്യാഖ്യാനിക്കപ്പെടുമായിരുന്നു. ഭർത്താവിന്റെ നിരന്തരമായ ശാരീരികവും മാനസികവുമായ പീഡനത്തിനൊടുവിൽ അവളിലേക്ക് എത്തുന്ന ആ അതിഥിയ്ക്ക് അവളുടെ കണ്ണീർ തുടയ്ക്കാനുള്ള പ്രാപ്തിയും അവളിൽ ആശ്വാസം ജനിപ്പിക്കാനുള്ള കഴിവും ഉണ്ടായിരുന്നു. അവളൊരു ചെറുപുഞ്ചിരിയോടെയാണ് സർപ്പത്തിന്റെ ആഗമനത്തെ സ്വാഗതം ചെയ്യുന്നത്. അതിൽ നിന്നും ലഭിക്കുന്ന ആശ്വാസവും പരിഗണനയും ഈ വലിയ ഭൂമിയിൽ അവൾ തനിച്ചല്ല എന്ന ബോധ്യത്തെ രൂപപ്പെടുത്തി. ആ സ്പർശനത്തെ അറിയുന്ന നിമിഷങ്ങളിലെല്ലാം അവളിൽ സന്തോഷം ഉണർന്നു. ആ രഹസ്യത്തിന്റെ ഉന്മാദം അവളിൽ ആനന്ദം സൃഷ്ടിക്കുന്നു. നിരന്തരം അവൾ ആ സർപ്പത്തിന്റെ ഭാഗമാവാൻ ആഗ്രഹിച്ചു. കഥയുടെ അവസാന ഭാഗത്ത് കഥാപാത്രമായ ചാക്കോച്ചൻ രാജസ്ഥാനിൽ നിന്നും കൊണ്ടുവന്ന മാർബിൾ കൊണ്ടു നിർമ്മിച്ച തറ, ദിവാകരപ്പണിക്കർ സമ്മാനിച്ച കട്ടിൽ, വീട്ടിൽ പാലു കാച്ചലിന് അച്ഛൻ കൊടുത്ത കിടക്ക, ഭർത്താവ് വാങ്ങിക്കൊടുത്ത നീല നൈറ്റിക്കും അച്ഛൻ വാങ്ങിക്കൊടുത്ത സ്വർണ്ണമാലയ്ക്കും മുകളിലൂടെ അവളുടേത് മാത്രമായ പിൻ കഴുത്തിൽ ഇരട്ട നാവിന്റെ സ്പർശനാനുഭവം കഥാകാരി വർണ്ണിക്കുന്നത് പരോക്ഷമായി സ്ത്രീ പുരുഷ ലൈംഗികതയോട് ബന്ധപ്പെട്ട് നിൽക്കുന്നു. കഥയിൽ കുടുംബിനിയായ സ്ത്രീയെ അബലയായി എഴുത്തുകാരി അടയാളപ്പെടുത്തുമ്പോഴും അവളുടെ ശരീരം ആ അതിഥിയെ തൃപ്തിപ്പെടുത്തുന്നു. ഉപഭോഗവസ്തുക്കൾ നൽകുന്ന സുഖങ്ങൾ നൈമിഷികമാണെന്ന് ബോധ്യപ്പെടുത്തുന്ന കഥ, ആത്മസംതൃപ്തി സ്വയം കണ്ടെത്തേണ്ടതാണെന്ന ചിന്ത മുന്നോട്ടുവയ്ക്കുന്നു.

ദാമ്പത്യജീവിതത്തിന്റെ സന്തോഷങ്ങൾ വെറും ഉപഭോഗവസ്തുക്കളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ലെന്ന് എഴുത്തുകാരി ചൂണ്ടികാണിക്കുന്നു. ഒരു സ്ത്രീയ്ക്ക് ജീവിതസുഖങ്ങളെ പോലെ തന്നെ മാനസിക – ശാരീരിക – സുഖങ്ങളും പ്രധാനമാണ് എന്ന തിരിച്ചറിവിലേക്ക് ഇന്നും സമൂഹം വളർന്നിട്ടില്ല.

ജാരബന്ധങ്ങളിലേക്കുള്ള ഓരോ സ്ത്രീയുടെയും പ്രയാണത്തിന്റെ കാതലായ കാരണം എഴുത്തുകാരി കഥയിലൂടെ പറഞ്ഞുവെക്കുന്നു. നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥയ്ക്ക് പുറത്താണ് ജാരന്മാരുടെ സ്ഥാനമെന്ന് മനസ്സിലാക്കിയിട്ടും അതിലേക്ക് ഓരോ സ്ത്രീയെയും നയിക്കു ന്നത് അവൾക്ക് ലഭിക്കാതെ പോകുന്ന സ്നേഹത്തിന്റെയും പരിഗണനയുടെയും ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നുമാണ്. വിഷം ഉൾക്കൊള്ളുന്ന പാമ്പിനെ അവൾ സ്നേഹിക്കുന്നത് അവളെ പരിഗണിക്കുന്നു എന്ന ചിന്തയിൽ നിന്നാണ്. ഓരോ ജാരബന്ധവും നൽകുന്നത് വിഷമാണെന്ന ചിന്ത നിലനിൽക്കുമ്പോൾ തന്നെയും അതിലേക്ക് പലപ്പോഴും നയിക്കുന്നത് സ്വന്തം ഇണയുടെ പെരുമാറ്റവൈകല്യമാണ്. കൂടെയുള്ള ഇണ മനുഷ്യനായത് കൊണ്ട് മാത്രം കാര്യമൊന്നുമില്ല എന്ന് ബോധ്യപ്പെടുത്തുന്നതിനോടൊപ്പം മനുഷ്യന് മനുഷ്യത്വമാണ് വേണ്ടതെന്നും സഹജീവിയെ അറിയാനുള്ള കഴിവാണ്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

മനുഷ്യനെ മറ്റു മൃഗങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നതെന്ന് എഴുത്തുകാരി പറയാതെ പറഞ്ഞുവെക്കുന്നു . സർപ്പം അവളുടെ ജീവിതത്തിലേക്ക് കടന്നു വന്നതിനു ശേഷം അവൾ അനുഭവിക്കുന്ന കുറ്റപ്പെടുത്തലുകൾ അവൾക്ക് പുച്ഛമായി അനുഭവപ്പെട്ടു. ഈ ഭാവമാറ്റത്തിന് കാരണമായി വർത്തിക്കുന്നത് അവളെ സംരക്ഷിക്കാനും വിശ്വസിക്കാനും കഴിയുന്ന മറ്റൊരു ഇണ അവൾക്കുവേണ്ടി ഉണ്ടെന്ന ശക്തമായ വിശ്വാസത്തിൽ നിന്നാണ്. ഭർത്താവ് തുറന്നിട്ട ജനാലയിലൂടെ മുഴുവൻ വെളിച്ചമാണ് കഥാന്ത്യത്തിലെ ഭാഗം ഭർത്താവ് തന്നെയാണ് അവളെ മറ്റൊരു ഇടത്തിലേക്ക് നയിച്ചത് എന്ന ആശയത്തെയാണ് പ്രധാനം ചെയ്യുന്നത്. അവളുടെ സ്വാതന്ത്ര്യം അവൾ തിരിച്ചറിയുന്നത് അവളുടെ പ്രശ്നങ്ങളിൽ നിന്നാണ്. രാത്രിയിലെ ഉറക്കത്തിനൊടുവിൽ കിടപ്പുമുറിയിലേക്ക് കടന്നുവന്ന സർപ്പത്തെക്കുറിച്ച് ഭർത്താവ് സംസാരിക്കുമ്പോൾ വെയിലിലേക്ക് കൈ നിവർത്തികൊണ്ട് കാണുന്നുണ്ടോ നീല നിറം? എന്നവൾ അയാൾക്കുനേരെ ചോദ്യം ഉന്നയിക്കുമ്പോൾ അയാൾ തന്നെയാണ് അവളെ മറ്റൊരു ബന്ധത്തിലേക്ക് നയിച്ചത് എന്ന തിരിച്ചറിവ് നൽകുകയാണ്. ഓരോ സ്ത്രീക്കും ആവശ്യമായ പരിഗണനയും സ്നേഹവും കുടുംബത്തിൽ നിന്നും ഭർത്താവിൽ നിന്നും ലഭിച്ചാൽ ഒരിക്കലും അവൾ മറ്റൊന്നിലേക്ക് അഭയം പ്രാപിക്കില്ല. സ്ത്രീകൾ അവരുടെ വൈകാരിക തലങ്ങളെ കൈകാര്യം ചെയ്യാൻ കഴിയുന്ന വ്യക്തികളെയാണ് ആഗ്രഹിക്കുന്നത് എന്ന തിരിച്ചറിവിലേക്ക് ഓരോ പുരുഷനും എത്തുമ്പോൾ അവർക്ക് ദാമ്പത്യ ജീവിതം സുന്ദരമാക്കാൻ കഴിയുമെന്ന ബോധ്യത്തിലേക്ക് കഥയുടെ അർത്ഥതലം വളരുന്നു. സർപ്പം ഇവിടെ ഒരു പ്രതീകം മാത്രമായി നിലകൊള്ളുന്നു.

ഉപസംഹാരം

സർപ്പയജ്ഞം എന്ന കഥ പ്രത്യക്ഷത്തിൽ ഒരു ഭാരതീയ സ്ത്രീ കുടുംബവ്യവസ്ഥയ്ക്കുള്ളിൽ നേരിടുന്ന പ്രശ്നങ്ങളെയാണ് പരാമർശിക്കുന്നതെങ്കിലും പരോക്ഷമായി വ്യവസ്ഥാപിതമായ സാമൂഹിക ബോധം സ്ത്രീക്കുമേൽ കൽപ്പിച്ചു നൽകിയ അതിർവരമ്പുകളെ വ്യക്തമാക്കുന്നു. കഥയെ ഫൂക്കോയുടെ ഹിസ്റ്റ റി ഓഫ് സെെക്ഷ്വാലിറ്റി എന്ന പുസ്തകത്തിൽ പരാമർശിക്കുന്ന അധികാരവും ലൈംഗികതയും എന്ന ആശയവുമായി ചേർത്തുവച്ച് പഠനവിധേയമാക്കുമ്പോൾ കുടുംബവ്യവസ്ഥയിൽ സ്ത്രീ നേരിടുന്ന പ്രാഥമിക പ്രശ്നങ്ങളുടെ ചരിത്രവഴികൾ കണ്ടെത്താൻ സാധിക്കുന്നു. സമൂഹത്തിൽ കാലഘട്ടാനുശ്രിതമായി രൂപം കൊണ്ട ലൈംഗികവ്യവസ്ഥയും പുരുഷന് നൽകിയ അധികാരവും രൂപപ്പെടുത്തിയ വ്യവസ്ഥാപിത ചിന്താധാരയുടെ ഫലമാണ് അകത്തളങ്ങളിൽ ഒതുങ്ങിപ്പോകുന്ന സ്ത്രീകളുടെ ജീവിതമെന്ന് ഈ പഠനം കണ്ടെത്തുന്നു.

ഗ്രന്ഥസൂചി

മീര കെ.ആർ, സർപ്പയജ്ഞം, മാതൃഭൂമി പബ്ലിക്കേഷൻസ്, കോഴിക്കോട് , 2004.
സത്യൻ പി.പി, ലൈംഗികതയുടെ ചരിത്രം, ചിന്താ പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2014.
Focacult Michel, The History of Sexuality an introduction(Volume 1), Pantheon Books, New York, 1978.
Focacult Michel. The History of Sexuality (Volume 2), Pantheon Books, New York, 1985

About the researcher:
ഗ്രീഷ്മ വി.
ഗവേഷക
മലബാർ ക്രിസ്ത്യൻ കോളേജ്
കോഴിക്കോട്

Email: greeshma.v2015@gmail.com
Mob: 8086359730

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0022

സെന്റ് തോമസ് കേരള ചരിത്രത്തിലും സംസ്കാരത്തിലും

സിബിൽ സണ്ണി

പ്രബന്ധസംഗ്രഹം

ഭാരതത്തിലെ ക്രൈസ്തവ മതചരിത്രം ക്രിസ്തുശിഷ്യനായ സെന്റ് തോമസിന്റെ ഭാരതാഗമനവുമായി ബന്ധപ്പെട്ടാണ് ആരംഭിക്കുന്നത്. തോമാശ്ലീഹാ അല്ലെങ്കിൽ മാർത്തോമാശ്ലീഹാ എന്ന് വിശ്വാസികൾ വിളിക്കുന്ന സെന്റ് തോമസിൽ തുടങ്ങുന്ന ഭാരത ക്രൈസ്തവസഭകളുടെ ചരിത്രം അനേകം പഠനങ്ങളുടെ ഭാഗമായിട്ടുണ്ട്. തോമാശ്ലീഹായുടെ ആഗമനവും തുടർന്ന് നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ടു വന്ന വിശ്വാസസമൂഹവും മറ്റു മേഖലകളിലെന്ന പോലെ കേരളത്തിന്റെ സാംസ്കാരിക–ഭാഷ–സാഹിത്യമേഖലകളിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കാലങ്ങളായി സ്വീകരിച്ചു വരുന്ന വിശ്വാസ ചിന്തകൾ, ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ, സാഹിത്യകൃതികൾ എല്ലാം തന്നെ ഈ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഇത്തരം സാംസ്കാരിക ഘടകങ്ങളിൽ പ്രധാനപ്പെട്ടതും സാഹിത്യ–സാംസ്കാരിക പഠനങ്ങളുടെ ഭാഗമായി വിലയിരുത്താൻ കഴിയുന്നവയുമായ ഏതാനും മേഖലകളെയാണ് ഈ ലേഖനത്തിൽ ഉൾകൊള്ളിച്ചിരിക്കുന്നത്.

താക്കോൽവാക്കുകൾ:

സെന്റ് തോമസ്, സുറിയാനി ക്രിസ്ത്യാനികൾ, ചരിത്രം, സംസ്കാരം, കലാസാഹിത്യം, ഭാഷ, ഏഴരപള്ളികൾ, കർസോനി മലയാളം.

....

സെന്റ് തോമസ് (വിശുദ്ധ തോമാശ്ലീഹാ)

ദക്ഷിണ ഭാരതത്തിൽ സുവിശേഷപ്രഘോഷണം നിർവഹിച്ചതിന്റെ ഫലമായി രൂപമെടുത്ത വിശ്വാസിസമൂഹങ്ങളുടെ പിൻമുറക്കാരാണ് തങ്ങളെന്ന ബോധ്യം കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വംശസ്മൃതിയുടെ കേന്ദ്രബിന്ദുവാണ്. വിശുദ്ധ തോമാശ്ലീഹായുടെ ജീവിതത്തിന്റെ പൂർവ്വകാലത്തെക്കുറിച്ചു ബൈബിളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. “പാലസ്തീനായിലെ ഗലീലിയിൽ നിന്നുള്ള അദ്ദേഹം, മീൻപിടുത്തക്കാരനായിരുന്നുവെന്ന് സൂചനയുണ്ട്” (യോഹ. 2:1–3). “ഇരട്ടപിറന്നവൻ എന്നർത്ഥമുള്ള ദിദിമോസ് (തോമസ്) എന്ന പേരിലാണ് വിശുദ്ധൻ അറിയപ്പെടുന്നത്” (മർക്കോ 3:13, ലൂക്കാ 6:5). “പന്തക്കുസ്താക്കുശേഷം സെന്റ് തോമസ് പാർത്യ, വടക്കേ ഇന്ത്യ എന്നിവിടങ്ങളിൽ സുവിശേഷം പ്രസംഗിക്കുകയും തുടർന്നു ജറുസലേം കൗൺസിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ മരണം എന്നിവയോടനുബന്ധിച്ചു ജറുസലേമിലേക്കു തിരിച്ചെത്തുകയും ചെയ്തുവെന്ന് സൂചനകളുണ്ട്. എ.ഡി. 52 ൽ അദ്ദേഹം ഭാരതത്തിലെത്തി” (ബെയ്‌ലി, 2004:244). മുസിരിസ് (കൊടുങ്ങല്ലൂർ) എന്ന അക്കാലത്തെ പ്രധാന തുറമുഖപട്ടണത്തിലെത്തിയ സെന്റ് തോമസ് സമീപപ്രദേശങ്ങളിൽ ക്രിസ്തുസാക്ഷ്യം പ്രഘോഷിച്ച് നിരവധി ജനങ്ങളെ ക്രൈസ്തവ വിശ്വാസത്തിലേക്ക് നയിച്ചു. “തോമാശ്ലീഹാ സുവിശേഷപ്രസംഗം നടത്തിയ പ്രദേശങ്ങളിൽ പ്രാദേശികമായ ക്രൈസ്തവ സമൂഹങ്ങൾക്കു അടിത്തറയുണ്ടായി. പിന്നീട് മൈലാപ്പൂരിലെത്തി വിശ്വാസ പ്രഘോഷണത്തിലും പ്രാർത്ഥനയിലും മുഴുകിയിരുന്ന ശ്ലീഹായെ ശത്രുക്കൾ കുത്തിക്കൊലപ്പെടുത്തിയെന്നും മൈലാപ്പൂരിൽ സംസ്കരിച്ചിരുന്ന അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ എദേസ്സയിലേക്ക് (മെസ്സപ്പൊട്ടാമിയ) കൊണ്ടുപോയി എന്നും വിശ്വസിക്കപ്പെടുന്നു” (മാർക്കോപോളോ, 1293).

സെന്റ് തോമസിന്റെ ഭാരതാഗമനം : ചരിത്രയാഥാർഥ്യങ്ങൾ

ചരിത്രവസ്തുതകൾ കൃത്യമായി രേഖപ്പെടുത്തുന്ന രീതിയും അത്തരം രേഖകൾ സംരക്ഷിക്കാനുള്ള മാർഗങ്ങളും ആദ്യകാല ജനസമൂഹങ്ങളിൽ വിരളമായിരുന്നതിനാൽ ചരിത്രരചന ശ്രമകരമാകുന്നു. വാമൊഴികൾ, ഐതീഹ്യങ്ങൾ,സാഹിത്യകൃതികൾ, ഭരണാധികാരികളുടെ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

രേഖകൾ, സഞ്ചാരികളുടെ ഡയറിക്കുറിപ്പുകൾ എന്നിവയിലെല്ലാം പരാമർശിക്കപ്പെടുന്ന സംഭവവികാസങ്ങളെ കാലഘട്ടത്തിന്റെ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളോട് ബന്ധപ്പെടുത്തി വിമർശനാത്മകമായി അപഗ്രഥിച്ച ചരിത്രവസ്തുതകൾ രേഖപ്പെടുത്തുന്ന രീതിയാണ് ഇത്തരം സാഹചര്യങ്ങളിൽ സ്വീകരിക്കപ്പെടുന്നത്. "ചരിത്രപരമായ വിവരാന്വേഷണങ്ങൾക്കു ഒരു ജനതയെയും അവരുടെ സമൂഹമനസ്സിലെ വിവരങ്ങളെയും ആശ്രയിക്കാവുന്നതാണ്. സമൂഹത്തിൽ അധികാരവും സ്വാധീനവുമുള്ള വിഭാഗങ്ങൾ ചരിത്രസ്രോതസ്സുകളിൽ തങ്ങളുടെ സാന്നിധ്യവും പ്രാമുഖ്യവും രേഖപ്പെടുത്താൻ ശ്രമിക്കും. ചില വിഭാഗങ്ങളുടെ കാര്യത്തിലാകട്ടെ മഹാനിശബ്ദതയാകും ചരിത്ര വിവരസ്രോതസ്സുകളിലുണ്ടാകുക. പക്ഷെ ആ വിഭാഗങ്ങൾ നിലനിന്നിരുന്നില്ല എന്നതല്ല അതിനർത്ഥം. ഇത്തരത്തിൽ ലിഖിത ചരിത്രസ്രോതസ്സുകളില്ലാത്ത ഈ വിഭാഗങ്ങളുടെ ചരിത്രത്തെ പുനഃസൃഷ്ടിക്കാനുള്ള പരിശ്രമം ചരിത്രകാരന്മാർ നടത്തുന്നത് വംശീയമായ ചരിത്രോപാധികളെ ആശ്രയിച്ചുകൊണ്ടും അതതു ജനതകളെ തന്നെ ചരിത്രപഠനത്തിനുള്ള സുപ്രധാന പ്രാഥമിക സ്രോതസ്സുകളായി കണ്ടുകൊണ്ടുമാണ്" (റവ. ഡോ. പയസ് മലേക്കണ്ടത്തിൽ 2019 ജൂലൈ 4 ന് സത്യദീപത്തിൽ എഴുതിയ 'തോമാശ്ലീഹാ കേരളത്തിൽ വന്നിട്ടുണ്ടോ' എന്ന ലേഖനം). തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ച് വസ്തുതാപൂർണമായ നിഗമനങ്ങൾ ചരിത്രകാരന്മാക്കു ഉണ്ടെങ്കിലും ശ്ലീഹായുടെ ഭാരതാഗമനത്തെ നിഷേധിക്കുന്ന ചുരുക്കം ചില എതിരഭിപ്രായങ്ങൾ ഇന്ന് നിലവിലുണ്ട്. എന്നാൽ അത്തരം സംശയങ്ങളെ മേൽസൂചിപ്പിച്ച ഉപാദാനങ്ങളെ അപഗ്രഥിച്ചുകൊണ്ട് ദൂരീകരിക്കുവാൻ കഴിയുന്നതാണ്.

1. തോമാശ്ലീഹായുടെ കേരളത്തിലെ പ്രേഷിതപ്രവർത്തനത്തിന്റെ ഏറ്റവും വലിയ തെളിവ് നൂറ്റാണ്ടുകളായി ഭാരതത്തിൽ സജീവമായി നിലനിൽക്കുന്ന മാർത്തോമാ ക്രിസ്ത്യാനികളുടെ അസ്തിത്വവും പാരമ്പര്യവുമാണ്. തങ്ങളുടെ വിശ്വാസസമൂഹത്തിൻ്റെ ഉത്ഭവത്തെക്കുറിച്ച് വലിയൊരു ജനസമൂഹം കാലങ്ങളായി വിശ്വസിക്കുന്ന യുക്തിസഹജമായ വസ്തുതകളെ നിരാകരിക്കേണ്ട കാര്യമില്ല.
2. ഹിപ്പാലസ് എ. ഡി. 45 ൽ മൺസൂൺ കാറ്റ് കണ്ടുപിടിച്ചതോടെ ഇന്ത്യയിലേക്കുള്ള കപ്പൽയാത്ര ത്വരിതപ്പെട്ടു. ചെങ്കടൽ തുറമുഖങ്ങളും അറബിക്കടൽത്തീരവും വഴി റോമാസാമ്രാജ്യവുമായുള്ള വ്യാപാരബന്ധം വർധിച്ചു. നിരവധി കപ്പലുകൾ ഇന്ത്യൻ തീരങ്ങളിലേക്കു എത്തിച്ചേരുവാൻ തുടങ്ങി. ഈ യാത്രാസൗകര്യം തോമാശ്ലീഹായ്ക്കു കൊടുങ്ങല്ലൂരിൽ എത്തിച്ചേരുന്നതിനു സഹായകമായി എന്ന് ചിന്തിക്കുന്നത് യുക്തമാണ്.
3. കേരളത്തിലെ യഹൂദസാന്നിധ്യം തോമാശ്ലീഹായെ ആകർഷിച്ചിരുന്നു. സോളമൻ രാജാവിന്റെ കാലം മുതൽ ഇന്ത്യയും മെഡിറ്ററേനിയൻ രാജ്യങ്ങളും തമ്മിൽ വ്യാപാരബന്ധമുണ്ടായിരുന്നു. ആദ്യനൂറ്റാണ്ടിൽ തന്നെ കച്ചവടത്തിനായി കേരളത്തിലെത്തിയ ധാരാളം യഹൂദർ കൊടുങ്ങല്ലൂരും പാലയൂരും താമസിച്ചിരുന്നതിനു തെളിവുകളുണ്ട്. യഹൂദരോട് അറമായ ഭാഷയിൽ സംസാരിക്കുന്നതിനും അവർവഴി പ്രദേശവാസികളുമായി ആശയവിനിമയം നടത്തുന്നതിനും തോമാശ്ലീഹായ്ക്കു സാധിച്ചു. എ.ഡി ആദ്യനൂറ്റാണ്ടിൽ അറമായ ഭാഷയ്ക്ക് കേരളത്തിലുണ്ടായിരുന്ന സ്വാധീനം വ്യക്തമാണ്.
4. മൂന്നാം നൂറ്റാണ്ടിൽ സിറിയയിൽ വച്ച് എഴുതപ്പെട്ട അപ്പോക്രിഫൽ ഗ്രന്ഥങ്ങളായ 'ആദിയായുടെ പ്രബോധന'ത്തിലും 'തോമായുടെ നടപടി'യിലും ഭാരതത്തിൽ തോമാശ്ലീഹാ നടത്തിയ പ്രേഷിതപ്രവർത്തനങ്ങളും അദ്ദേഹത്തിൻ്റെ രക്തസാക്ഷിത്വവും സവിസ്തരം പ്രതിപാദിക്കപ്പെടുന്നു. ആറാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട അപ്പോക്രിഫൽ ഗ്രന്ഥമായ 'തോമായുടെ രക്തസാക്ഷിത്വവിവരണ'ത്തിലും ശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ചുള്ള വിവരണങ്ങൾ കാണാം.
5. ആദ്യനൂറ്റാണ്ടുകളിൽ ക്രൈസ്തവസഭയെ ദാർശനികമായി നയിച്ച മാർ അപ്രേം, വി. ഗ്രിഗറി, വി. ആംബ്രോസ്, വി. ജോൺ ക്രിസസ്റ്റോം, ഗൗദെൻസ്യൂസ്, വി ജെറോം, ടൂർസിലെ ഗ്രിഗറി, വി ഇസിദോർ തുടങ്ങിയ സഭാപിതാക്കന്മാർ തോമാശ്ലീഹായുടെ ഭാരതത്തിലെ പ്രേഷിതപ്രവർത്തനം, രക്തസാക്ഷിത്വം, കല്ലറ എന്നിവയെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന സാക്ഷ്യങ്ങൾ.
6. വിശുദ്ധ തോമാശ്ലീഹായുടെ കല്ലറ സ്ഥിതി ചെയ്യുന്ന മൈലാപ്പൂരിലേക്കു സന്ദർശനം നടത്തിയ മാർക്കോപോളോ, മോന്തെ കോർവീനോ, ഒഡെറിക്, മരിഞ്ഞോളി, നിക്കോളോ കോണ്ടി തുടങ്ങിയ സന്ദർശകരുടെ റിപ്പോർട്ടുകൾ.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

7. തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വം പ്രമേയമാകുന്ന കേരളത്തിൽ വാമൊഴിയായി പ്രചരിക്കുന്ന മാർഗംകളിപ്പാട്ട്, റമ്പാൻ പാട്ട്, വീരടിയാൻ പാട്ട് തുടങ്ങിയ ഗാനരൂപങ്ങൾ.
8. പ്രശസ്ത ബ്രിട്ടീഷ് ചരിത്രകാരനായ വിൻസെന്റ് സ്മിത്ത്, നരവംശശാസ്ത്രജ്ഞൻ എഡ്ഗാർ തേഴ്സ്റ്റൻ, വിദേശ ചരിത്രപണ്ഡിതരായ നഥാലീസ് അലക്സാണ്ടർ, റാവുലിൻ, കേണൽ യൂൾ, പീറ്റർ ജാറിക്, കേരളത്തിലെ ചരിത്രപണ്ഡിതന്മാരായ കെ. പി.പത്മനാഭമേനോൻ, എ.ശ്രീധരമേനോൻ, കെ.എം. പണിക്കർ കേരള ക്രൈസ്തവസഭാ ചരിത്രപഠിതാക്കളായ ഫാ.ബെർണാഡ് തോമാ, പ്ലാസിഡ് പൊടിപ്പാറ, മത്തിയാസ് മുണ്ടാടൻ, ജോർജ് മേനാച്ചേരി തുടങ്ങിയ അനേകം പണ്ഡിതർ ആക്കാദമികമായി ഗവേഷണം നടത്തി വെളിപ്പെടുത്തിയ വസ്തുതകൾ.

ഇത്തരം വസ്തുതാപൂർണമായ വിവരങ്ങൾ മാർത്തോമാശ്ലീഹായുടെ ഭാരതസന്ദർശനത്തെയും പ്രേഷിത പ്രവർത്തനത്തെയും ഊട്ടിയുറപ്പിക്കുന്നതാണ്.

ഭാരതത്തിലെ പ്രാരംഭ ക്രൈസ്തവർ

പ്രവർത്തനനിരതനായിരുന്ന ക്രിസ്തുശിഷ്യനായിരുന്ന വിശുദ്ധ തോമാശ്ലീഹാ. യൂഫ്രട്ടീസ് മുതൽ സിന്ധുതീരം വരെ വ്യാപിച്ചു കിടന്ന പൂർവ്വദേശങ്ങളിൽ ക്രൈസ്തവസഭ വളർത്തിയെടുക്കുന്നതിൽ നിതാന്ത പരിശ്രമം നടത്തിയ ശ്ലീഹാ 'ഇന്ത്യയുടെ അപ്പസ്തോലൻ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഭാരതത്തിലേക്കുള്ള യാത്രയിൽ തോമാശ്ലീഹാ ആദ്യമെത്തിയത് തക്ഷശിലയിലാണെന്നും ഏതാണ്ട് ഏഴു വർഷത്തോളം അവിടെ സുവിശേഷം പ്രസംഗിച്ച് ഒരു ക്രൈസ്തവ സമൂഹത്തിനു രൂപംനൽകിയിരിക്കാം എന്നും ഒരു വിശ്വാസമുണ്ട്. എ. ഡി. 50 നോടടുത്തു അദ്ദേഹം തിരിച്ചു ജറുസലേമിലേക്കു പോയെന്നും രണ്ടാം യാത്രയിലാണ് കൊടുങ്ങല്ലൂർ എത്തിയതെന്നും വിശ്വസിക്കപ്പെടുന്നു. അക്കാലത്തു ലോകത്തിലെ പ്രധാനപ്പെട്ട വാണിജ്യ നഗരമായ മുസിരിസിൽ (മുചിരി പട്ടണം, കൊടുങ്ങല്ലൂർ) സുവിശേഷപ്രഘോഷണം നടത്താനുള്ള എല്ലാ സാധ്യതകളുമുണ്ടായിരുന്നു. കച്ചവടാവശ്യങ്ങൾക്കായി മുസിരിസിലും സമീപപ്രദേശങ്ങളിലും താമസമാക്കിയ യഹൂദരോടും യഹൂദരല്ലാത്ത പ്രദേശവാസികളോടും സെന്റ് തോമസ് സുവിശേഷം പ്രസംഗിച്ചു. അനേകരെ മാനസാന്തരപ്പെടുത്തി ക്രിസ്തുവഴിയിലേക്ക് നയിച്ചു. കേരളത്തിൽ വിവിധ പ്രദേശങ്ങളിലായി ഏഴ് പള്ളികൾ തോമാശ്ലീഹാ സ്ഥാപിച്ചിട്ടുണ്ട്. കേരള ക്രൈസ്തവ മുന്നേറ്റത്തിന്റെ അടിസ്ഥാനമായ ഏഴ് വിശ്വാസസമൂഹങ്ങളെ രൂപപ്പെടുത്തുകയായിരുന്നു അദ്ദേഹം ചെയ്തത്. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ (കോട്ടക്കാവ്) കോക്കമംഗലം, കൊല്ലം, നിരണം (തൃപ്പലേശ്വരം), നിലക്കൽ (ചായൽ) എന്നിവയാണ് ആ ഏഴു സ്ഥലങ്ങൾ. ഈ പ്രദേശങ്ങളെല്ലാം അക്കാലത്തെ പ്രധാനപ്പെട്ട കച്ചവടനഗരങ്ങളും കടൽവഴി പരസ്പരബന്ധമുള്ള സ്ഥലങ്ങളുമായിരുന്നു.

ഭാരത ക്രൈസ്തവസഭയുടെ പ്രാചീന കേന്ദ്രങ്ങളായ ഈ പ്രദേശങ്ങളിലെ പള്ളികൾ കേരളത്തിലെ 'സപ്തദേവാലയങ്ങൾ 'എന്നറിയപ്പെടുന്നു. ദക്ഷിണഭാരതത്തിൽ തോമാശ്ലീഹാ സ്ഥാപിച്ച പള്ളികൾ എല്ലാം ചേർത്തു 'ഏഴര പള്ളികൾ' എന്നാണ് അറിയപ്പെടുന്നത്. ശ്ലീഹാ അവസാനമായി സ്ഥാപിച്ചുവെന്നു വിശ്വസിക്കപ്പെടുന്ന പള്ളി കേരളത്തിനു പുറത്തു കന്യാകുമാരി ജില്ലയിലാണ്. കന്യാകുമാരി ജില്ലയിലെ തിരുവിതാംകോട് സ്ഥിതി ചെയ്യുന്ന അര പള്ളിയാണത്. കേരളത്തിൽ സ്ഥാപിച്ച ഏഴുപള്ളികളും തിരുവിതാംകോടുള്ള അരപ്പള്ളിയും ചേർത്ത് ഏഴരപ്പള്ളികൾ എന്നു വിളിക്കപ്പെടുന്നു.

കേരളത്തിലെ സപ്തദേവാലയങ്ങൾ

സെന്റ് തോമസിന്റെ ഭാരതാഗമനത്തിന്റെ പ്രത്യക്ഷ പ്രതിഫലനമായ ഏഴ് വിശ്വാസസമൂഹങ്ങളും ഈ സമൂഹങ്ങളുടെ കേന്ദ്രമായി സ്ഥാപിക്കപ്പെട്ട പള്ളികളും ഓരോ സാംസ്കാരിക വൈവിധ്യങ്ങളുടെ ഇടങ്ങളായിരുന്നു. ഈ സ്ഥലങ്ങളിൽ നിർമ്മിച്ചിരിക്കുന്ന ദേവാലയങ്ങളുടെ ശില്പവിദ്യ തന്നെ ഭാരതീയ പാശ്ചാത്യ പാരമ്പര്യങ്ങളുടെ സങ്കലനമാണ്. ഈ ദേവാലയങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു ആദിമവിശ്വാസികളുടെ ഭക്തിപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങൾ നടന്നിരുന്നത്.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കേരളത്തിലെ സപ്തദേവാലയങ്ങൾ ഇവയാണ്:

1. കൊടുങ്ങല്ലൂർ – ഭാരതത്തിലെ മാർത്തോമാക്രിസ്ത്യാനികളുടെ പ്രാരംഭകേന്ദ്രമായിരുന്നു കൊടുങ്ങല്ലൂരിലെ ക്രൈസ്തവ സമൂഹം. തോമാശ്ലീഹാ ക്രിസ്തു മതത്തിലേക്ക് കൊണ്ടുവന്ന ആദ്യകുടുംബങ്ങൾ കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്നു. കാലക്രമേണ മറ്റിടങ്ങങ്ങളിലേക്ക് നിരവധി കുടുംബങ്ങൾ കുടിയേറി. പതിനാലാം നൂറ്റാണ്ടിലുണ്ടായ ഭീകരമായ വെള്ളപ്പൊക്കവും പോർച്ചുഗീസുകാരുടെ ആധിപത്യവും കൊടുങ്ങല്ലൂരിന്റെ വ്യവഹാരങ്ങളെ വിസ്മൃതിയിലാഴ്ത്തി.

2. കൊല്ലം – മാർത്തോമാശ്ലീഹാ സ്ഥാപിച്ച മറ്റൊരു സഭാകേന്ദ്രം കൊല്ലത്താണ്. ചൈനയിൽ നിന്നുള്ള ഒരു കച്ചവടസംഘം സ്ഥിരമായി കൊല്ലം കേന്ദ്രീകരിച്ചുണ്ടായിരുന്നു എന്നതിനു തെളിവുകളുണ്ട്. തോമാശ്ലീഹായുടെ പ്രബോധനത്തിൽ ആകൃഷ്ടരായ അവരിൽ ചിലർ ക്രൈസ്തവരായി. കൊല്ലത്തെ മാതൃദേവാലയത്തെക്കുറിച്ച് ഇന്നു വ്യക്തമായ അറിവില്ല. പ്രകൃതിക്ഷോഭങ്ങൾമൂലം ഈ ദേവാലയം കടലിനടിയിൽപ്പെട്ടു പോയിരിക്കാം എന്നാണ് ചരിത്രകാരന്മാരുടെ വിലയിരുത്തൽ.

3. നിരണം – പമ്പയാർ കടലിലേക്ക് പതിച്ചിരുന്ന പ്രദേശമായിരുന്നു നിരണം. പമ്പയാറ്റിൽക്കൂടി ചങ്ങാടങ്ങളിൽ കൊണ്ടുവരുന്ന ചരക്കുകൾ നിരണം വഴിയാണ് കപ്പലുകളിൽ എത്തിച്ചിരുന്നത്. കച്ചവട സാധ്യതകളുള്ളതുകൊണ്ട് സ്വാഭാവികമായും യഹൂദകേന്ദ്രമായിരുന്നു നിരണം. തോമാശ്ലീഹാ യഹൂദരെയും പ്രദേശവാസികളെയും സംഘടിപ്പിച്ച്, ഒരു വിശ്വാസസമൂഹത്തെ നിരണത്തു രൂപപ്പെടുത്തി. തയ്യിൽ, പാട്ടുമാക്കിൽ, മാങ്കി, മടത്തിലാൻ എന്നീ നാലു കുടുംബങ്ങളാണ് നിരണത്തെ ആദ്യത്തെ ക്രൈസ്തവ കുടുംബങ്ങൾ.

4. നിലക്കൽ – സമ്പൽസമൃദ്ധമായ വാണിജ്യകേന്ദ്രമായിരുന്നു നിലക്കൽ. നിരണത്തു നിന്നു പമ്പയാറ്റിൽക്കൂടി യാത്ര ചെയ്ത തോമാശ്ലീഹാ നിലയ്ക്കലെത്തി പ്രദേശവാസികളെ ക്രിസ്തുവിശ്വാസത്തെക്കുറിച്ച് അറിയിച്ചു. ഹൈന്ദവരും ക്രൈസ്തവരും ഒരുമിച്ചു വസിച്ചിരുന്ന നിലയ്ക്കലിൽ നിന്നും ഭൗതികസാഹചര്യങ്ങൾ നിമിത്തം കാലക്രമേണ പലായനങ്ങൾ നടക്കുകയും നിലയ്ക്കൽ വനപ്രദേശമാകുകയും ചെയ്തു.

5. കോക്കമംഗലം – ആലപ്പുഴയ്ക്കും തണ്ണീർമുക്കത്തിനും ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് കോക്കമംഗലം. കായൽ തീരത്തുള്ള ഈ സ്ഥലം യഹൂദരുടെ സാന്നിധ്യമുള്ള വ്യാപാരകേന്ദ്രമായിരുന്നു. കോക്കമംഗലത്തു തോമാശ്ലീഹാ സുവിശേഷപ്രഘോഷണം നടത്തി നിരവധി മനുഷ്യരെ ക്രിസ്തുവഴിയിലേക്ക് നയിച്ചു.

6. കോട്ടയ്ക്കാവ് – പറവൂരിനടുത്തുള്ള കോട്ടയ്ക്കാവ് കൊടുങ്ങല്ലൂരിൽ നിന്നും ഏതാനും കിലോമീറ്റർ സമീപത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ്. തോമാശ്ലീഹായ്ക്ക് അനായാസം ചെന്നെത്തുവാൻ കഴിയുന്ന ഒരു യഹൂദകേന്ദ്രമായിരുന്നതിനാൽ അദ്ദേഹം ഒരു സഭാസമൂഹത്തെ കോട്ടയ്ക്കാവിൽ രൂപപ്പെടുത്തി.

7. പാലയൂർ : ഗുരുവായൂരിനും ചാവക്കാട് സമുദ്രപ്രദേശത്തിനും മധ്യത്തിലാണ് പാലയൂരിന്റെ സ്ഥാനം. യഹൂദരും ബ്രാഹ്മണന്മാരും (7, 8 നൂറ്റാണ്ടുകളിൽ നടന്ന ആര്യവൽക്കരണത്തിന്റെ ഭാഗമായി കേരളത്തിൽ 32 തളികളിലായി താമസമുറപ്പിച്ച നമ്പൂതിരി സമുദായമല്ല ഇത്. ആദ്യ നൂറ്റാണ്ടുകളിൽ ചേര–ചോള–പാണ്ഡ്യ ദേശത്തു വസിച്ചിരുന്ന, സംഘം കൃതികളിൽ പരാമർശമുള്ള സ്വദേശീയരായ ബ്രാഹ്മണവിഭാഗത്തെയാണ് സൂചിപ്പിക്കുന്നത്.) പാലയൂരിൽ ശ്ലീഹാ മറ്റൊരു ക്രൈസ്തവ സമൂഹത്തിനു തുടക്കമിട്ടു. "ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് തുടങ്ങി മുപ്പത്തിരണ്ട് ഇല്ലക്കാർ ഒരുമിച്ചു ക്രൈസ്തവവിശ്വാസം സ്വീകരിച്ചുവെന്നും അതിൽ ക്ഷുഭിതരായ മറ്റു ബ്രാഹ്മണർ ആ സ്ഥലത്തെ ശപിച്ചിട്ടു നാട്ടുവിട്ടുപോയെന്നും അങ്ങനെയാണ് അതിനു ചാവക്കാട് (ശാപക്കാട്) എന്നു പേരുണ്ടായതെന്നും ഐതിഹ്യമുണ്ട്" (റവ. ഡോ. ജോസഫ് കക്കാരമറ്റത്തിൽ, 2015:8,9).

ഈ ഏഴ് പ്രദേശങ്ങളും തിരുവിതാംകോടുള്ള അരപ്പള്ളിയും കൂടാതെ മാർത്തോമാശ്ലീഹായുടെ പ്രേഷിതസാന്നിധ്യത്തിന്റെ ദീപ്തസ്മരണകൾ നിറഞ്ഞു നിൽക്കുന്ന മറ്റു സ്ഥലങ്ങൾ തെക്കേ ഇന്ത്യയിൽ തന്നെ ഉണ്ട്. ശ്ലീഹാ മദ്രാസിലെ മൈലാപ്പൂരിലേക്ക് പോകുന്നതിനു മുൻപ് എറണാകുളം ജില്ലയിലെ മലയാറ്റൂരിൽ എത്തി ദിവസങ്ങളോളം മലമുകളിൽ പ്രാർത്ഥിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു. കൊടുങ്ങല്ലൂരും മധുരയും തമ്മിൽ ബന്ധിപ്പിക്കുന്ന കാട്ടുപാതയിലായിരുന്നു മലയാറ്റൂർ പ്രദേശം. ശ്ലീഹാ പ്രാർത്ഥിച്ച മലമുകളിൽ തദ്ദേശവാസികൾ പിന്നീട് പൊൻപ്രഭയുള്ള കുരിശടയാളവും പാറമുകളിൽ കാൽപാദങ്ങളും കണ്ടെത്തി. മലയാറ്റൂരിൽ സ്ഥാപിക്കപ്പെട്ട പള്ളി ഇന്ന് കത്തോലിക്ക സഭയുടെ അന്താരാഷ്ട്ര തീർത്ഥാടനകേന്ദ്രമാണ്.

മലയാറ്റൂരിൽ നിന്നും തോമാശ്ലീഹാ പിന്നീട് പോയത് മൈലാപ്പൂരിലേക്കായിരുന്നു. മൈലാപ്പൂരിലെ ചിന്നമലയിലായിരുന്നു പ്രധാന പ്രവർത്തനകേന്ദ്രം. മൈലാപ്പൂരിലെ രാജാവും അനുജനും ശ്ലീഹായുടെ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

വിശ്വാസപ്രഘോഷണത്തിന്റെ ഫലമായി ക്രിസ്തുമതം സ്വീകരിച്ചു. എ.ഡി. 72ൽ ചിന്നമലയിൽ വച്ച് പ്രാർത്ഥനാനിരതനായിരുന്ന മാർത്തോമാശ്ലീഹായെ ശത്രുക്കൾ കുത്തിക്കൊലപ്പെടുത്തി. അദ്ദേഹത്തിന്റെ കല്ലറയ്ക്കു മുകളിലാണ് മൈലാപ്പൂർ സാന്തോം ബസിലിക്ക സ്ഥിതി ചെയുന്നത്. ഇരുപതു വർഷത്തിലധികം വരുന്ന തോമസ് അപ്പസ്തോലന്റെ അവിസ്മരണീയമായ പ്രേഷിതസഞ്ചാരത്തിലൂടെ ഭാരതസഭയുടെ അടിത്തറയാണ് നിർമ്മിക്കപ്പെട്ടത്.

മാർത്തോമാക്രിസ്ത്യാനികളുടെ (സുറിയാനി ക്രിസ്ത്യാനികളുടെ) വിശ്വാസപാരമ്പര്യം

വിശുദ്ധ തോമാശ്ലീഹായുടെ പ്രേഷിതപാരമ്പര്യത്തെ പിന്തുടരുന്ന അമ്പതുലക്ഷത്തിലധികം വരുന്ന ജനസമൂഹമാണ് ഇന്ന് സുറിയാനി സഭ. 17, 18 നൂറ്റാണ്ടുകളിലെ പോർച്ചുഗീസ്, ഡച്ച് രേഖകളിൽ കേരളത്തിലെ ക്രൈസ്തവരെ “സെയ്ന്റ് തോമസ് ക്രൈസ്തവർ” എന്നാണ് വിശേഷിപ്പിച്ചിരുന്നത്. ആരാധനക്ക് സുറിയാനി ഭാഷ ഉപയോഗിക്കുന്നതു കൊണ്ട് ‘സുറിയാനി ക്രൈസ്തവർ’ എന്ന പേര് പിന്നീട് ലഭ്യമായി. തോമാശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂർ മുതൽ അദ്ദേഹം ചുറ്റിസഞ്ചരിച്ച സഭാസമൂഹം കെട്ടിപ്പടുത്ത പ്രദേശങ്ങൾ, പ്രാർത്ഥിച്ച മലകൾ, രക്തസാക്ഷിത്വം വരിച്ച സ്ഥലം, കല്ലറ എന്നിവയെല്ലാം ദക്ഷിണഭാരതത്തിൽ ശ്ലീഹായുടെ പ്രത്യക്ഷസാക്ഷ്യങ്ങളായി നിലകൊള്ളുന്നു. തോമാശ്ലീഹായുടെ ഓർമദിനം (ദുക്റാന തിരുനാൾ) ജൂലൈ മൂന്നിന് ആഘോഷിക്കുന്നത് മാർത്തോമാ ക്രിസ്ത്യാനികളുടെ പുരാതനമായ പാരമ്പര്യമാണ്. “പുരാതന കാലത്ത് ജൂലൈ മൂന്നിന് എല്ലാ ദേവാലയങ്ങളിലും ആഘോഷമായ റാസാകുർബാന അർപ്പിച്ചിരുന്നു. അക്കാലത്ത് ദുക്റാനാചരണം കേരളത്തിൽ എട്ടുദിവസം നീണ്ടുനിന്നിരുന്നു. ഇത് മറ്റൊരു സഭയിലും ഇല്ലാത്ത രീതിയത്രേ. ദുക്റാന തിരുനാളിനു മാർത്തോമാ ക്രിസ്ത്യാനികൾ വളരെയധികം പ്രാധാന്യം കൊടുത്തിരുന്നു. പുറത്തുനിന്നു വന്ന സഭാനേതാക്കന്മാരുടെ സ്വാധീനത്തിലല്ല ഭാരതീയർ ഇപ്രകാരം ചെയ്തത്” (റവഡോ. ജോസഫ് കാക്കരമറ്റത്തിൽ, 2015:10).

പതിനാറാം നൂറ്റാണ്ടിനു ശേഷമുണ്ടായ വിദേശ മിഷനറിമാരുടെ ആഗമനത്തിലും തുടർന്നുണ്ടായ മതപ്രചാരണശ്രമങ്ങളിലും ഭാരതത്തിലെ ക്രൈസ്തവസഭ വികാസം പ്രാപിച്ചെങ്കിലും വിശ്വാസതീക്ഷ്ണതയിലും ആരാധനാക്രമത്തിലും പാരമ്പര്യത്തിലും സുറിയാനി ക്രിസ്ത്യാനികൾ പുലർത്തിയിരുന്ന നിഷ്ഠ എക്കാലവും പിന്തുടരുന്നു. തങ്ങളുടെ പാരമ്പര്യത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതത്തെ ‘തോമായുടെ മാർഗം’ അഥവാ ‘തോമായുടെ നിയമം’ എന്ന് അവർ വിളിച്ചു. വിശുദ്ധതോമാശ്ലീഹായുടെ നാമധേയം വ്യക്തിനാമങ്ങളായി സ്വീകരിച്ചിരിക്കുന്ന നിരവധി വിശ്വാസികൾ ഭാരതത്തിലുണ്ട്. തോമാശ്ലീഹായുടെ നാമധേയത്തിൽ നിലനിൽക്കുന്ന നിരവധി ദേവാലയങ്ങളും മറ്റു സ്ഥാപനങ്ങളും വിശ്വാസതീക്ഷ്ണതയുടെ ഉദാഹരണങ്ങളാണ്. തനതായ ആരാധനാക്രമം, ആദ്ധ്യാത്മികത, ശിക്ഷണക്രമം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയോടൊപ്പം നിയതമായ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ ജീവിതക്രമങ്ങളും ഒത്തിണങ്ങുന്നതാണ് മാർത്തോമാവിശ്വാസികളുടെ ജീവിതപാരമ്പര്യം.

സാംസ്കാരിക-സാഹിത്യനിർമ്മിതികൾ

ഒരു ജനതയുടെ ജീവിതരീതികളുടെ ആകെ തുകയാണ് സംസ്കാരം. മാർത്തോമാക്രിസ്ത്യാനികൾ സവിശേഷമായൊരു സാംസ്കാരികഭൂപടത്തിനു ഉടമകളാണ്. തൊഴിൽ, ആചാരാനുഷ്ഠാനങ്ങൾ, ഭാഷ, കലകൾ, സാഹിത്യം തുടങ്ങിയവയെല്ലാം ഈ സാംസ്കാരിക നിർമ്മിതിയുടെ ഘടകങ്ങളാണ്. മാർത്തോമാവിശ്വാസികളുടെ പ്രധാനപ്പെട്ട വരുമാനമാർഗം കൃഷിയായിരുന്നു. കൃഷിയിലൂടെ പ്രകൃതിയെയും മനുഷ്യനെയും ദൈവത്തെയും തിരിച്ചറിയുന്നതിനും സ്നേഹിക്കുന്നതിനും അതിലൂടെ അനുപമമായ ആത്മീയ ഉണർവ് സ്വാംശീകരിക്കുന്നതിനും വിശ്വാസികൾക്കു കഴിഞ്ഞു. കൃഷിയും വ്യാപാരവും സേവന മേഖലയിലെ ജോലികളും ചെറുകിടജോലികളുമെല്ലാമായി കേരളത്തിന്റെ സാമൂഹിക സംവിധാനത്തിൽ എല്ലാവരോടും സഹവർത്തിത്വത്തിൽ മുന്നോട്ട് പോകുന്നു.

സുറിയാനി ക്രിസ്ത്യാനികൾ ആരാധനാക്രമത്തിൻ്റെ ഭാഗമായി ഉപയോഗിച്ചിരുന്ന സുറിയാനി ഭാഷയിൽ നിന്നും നിരവധി പദങ്ങളാണ് മലയാളഭാഷ ആദാനം ചെയ്തെടുത്തത്. കൂടുതലും സുറിയാനി ഭാഷ ഉപയോഗിച്ചുള്ള പ്രാർത്ഥനകൾ ഇന്നും ക്രൈസ്തവരുടെ ഇടയിൽ പ്രചാരത്തിലുണ്ട്. കേരളത്തിലെ സുറിയാനി നസ്രാണികൾ സുറിയാനി മലയാളം ‘കർസോനി മലയാളം’ എന്നൊരു ലിപിസമ്പ്രദായം കൂടി ഉപയോഗിച്ചിരുന്നു. ആദ്യകാല സുറിയാനി ക്രിസ്ത്യാനികൾ അവരുടെ പൂർവികരുടെ മുഖ്യഭാഷയായ അറമായ ഭാഷ ആരാധനക്രമത്തിൽ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ഉപയോഗിച്ചിരുന്നു. പിൽക്കാലത്ത് പേർഷ്യൻ സഭയുമായി ഉണ്ടായിരുന്ന ബന്ധം ഈ ഭാഷ നിലനിർത്താൻ സഹായിച്ചു. ഇത്തരത്തിൽ സുറിയാനി ഭാഷയുമായി അടുത്ത് ബന്ധപ്പെട്ട കേരളത്തിലെ ആദ്യകാല ക്രൈസ്തവവർ തങ്ങളുടെ നാട്ടുഭാഷ ചിട്ടപ്പെടുത്താൻ കണ്ടെത്തിയ ഒരു ലിപി സമ്പ്രദായമാണ് 'കർസോനി മലയാളം'.

ഉദയംപേരൂർ സുനഹദോസിനു (എ.ഡി 1599)മുൻപ് തന്നെ കർസോനി മലയാളം പ്രയോഗത്തിൽ ഉണ്ടായിരുന്നു എന്ന് പ്രശസ്ത സുറിയാനി ഭാഷാപണ്ഡിതനായ കുനമ്മാക്കൽ തോമാക്കത്തനാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. "ശുദ്ധമാന സുനഹദോസിന്ന് വിളിക്കപ്പെട്ടു വന്നവരാരും മലയാഴ്മയിലും കറുസൊനിലും എഴുത്തുപെട്ട സുനഹദൊസിൽ ഒപ്പകുത്താതെ പൊകരുത എന്ന വഴക്കത്തിന്റെയും മഹറൊന്റെയും പ്രാശ്യത്വത്താല് മെനസിസ് മെത്രാപ്പോലിത്ത കലിപിച്ചതായി കാനനിൽ പറയുന്നു" (ഏഴാം മൗത്വാ പത്തൊൻപതാം കാനോന – പുറം 245)

കേരളത്തിന്റെ കലാസാഹിത്യപാരമ്പര്യത്തിനു മുതൽക്കൂട്ടായി നിരവധി ഗാനങ്ങളും കലാരൂപങ്ങളും തോമാശ്ലീഹായുമായി ബന്ധപ്പെട്ടുണ്ട്. ക്രിസ്തുദർശനങ്ങളെക്കുറിച്ചും മാർത്തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെക്കുറിച്ചും പ്രസ്താവിക്കുന്ന ഇത്തരം ഗാനങ്ങൾ വാമൊഴിയായി തലമുറകളിലൂടെ കൈമാറ്റം ചെയ്തു വരുന്നവയാണ്. മാർഗംകളിപ്പാട്ട്, റമ്പാൻ പാട്ട്, വീരടിയാൻ പാട്ട് എന്നിവയെല്ലാം ഇത്തരത്തിൽ പ്രധാനപ്പെട്ടവയാണ്. "ഒത്തുകല്യാണം, പള്ളികളിൽ വിളിച്ചുചൊല്ലൽ എന്നിവ വിവരിക്കുന്ന പാട്ടാണ് 'മംഗല്യ വട്ടകളി'. വരനും വധുവിനും അവരവരുടെ വീടുകളിൽ വച്ച് മധുരം കൊടുക്കുന്നതിനു മുമ്പായി ആലപിക്കുന്ന മംഗളഗാനമാണ് 'മാർത്തോമൻ പാട്ട്'. ക്രിസ്ത്യാനികളുടെ പാട്ടുകളിൽ ഏറ്റവും പ്രാചീനമായത് മാർഗംകളി പാട്ടുകളാണെന്ന് കരുതുന്നു. യാത്രക്കളിയോട് സാമ്യമുള്ളതാണിത്. "മാർതോമാശ്ലീഹാ ഇന്ത്യയിൽ വന്നതും അത്ഭുതങ്ങൾ നടത്തി നിരവധി പേരെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിച്ചതുമാണ് ഈ പാട്ടിലെ വിഷയം. മാർത്തോമാചരിത്രം തന്നെയാണ് റമ്പാൻ പാട്ടിലേയും വിഷയം" (എരുമേലി പരമേശ്വരൻ പിള്ള. 1906:109, 110). മാർത്തോമാ ശ്ലീഹായുടെ ജീവിതത്തെ പ്രകീർത്തിക്കുന്ന സാഹിത്യകൃതികൾ മലയാളത്തിൽ നിരവധിയുണ്ട്. 'മാർത്തോമാവിജയം' എന്ന സിസ്റ്റർ മേരി ബനീഞ്ഞയുടെ മഹാകാവ്യം പ്രസിദ്ധമാണ്.

ഉപസംഹാരം

കേരളത്തിലെ ക്രൈസ്തവ മതവിശ്വാസികളിൽ പ്രധാനപ്പെട്ട വിഭാഗമായ സുറിയാനി ക്രൈസ്തവരുടെ ചരിത്രം, സംസ്കാരം, സാമൂഹികവ്യവസ്ഥ തുടങ്ങിയവ നിരവധി പഠനങ്ങൾക്ക് വഴിതെളിക്കുന്നവയാണ്. ചരിത്രസാധ്യതകളും സ്വദേശീയരും വിദേശീയരുമായ ഗവേഷകരുടെയും സഞ്ചാരികളുടെയും പ്രസ്താവനകളും പഠനങ്ങളുമെല്ലാം പരിശോധിക്കുന്നതിലൂടെ സെന്റ് തോമസിന്റെ കേരളസന്ദർശനവും സുവിശേഷവത്കരണവും യുക്തിസഹമായി അംഗീകരിക്കാൻ കഴിയും. ഏഴര പള്ളികൾ, പള്ളി എന്ന സ്ഥാപനത്തിനപ്പുറം ഒരു വിശ്വാസസമൂഹത്തെയാണ് സൂചിപ്പിക്കുന്നതെന്ന് മനസ്സിലാക്കാം. ലോകമെമ്പാടുമുള്ള ക്രൈസ്തവർ ആചരിക്കുന്ന പ്രത്യേകമായ അനുഷ്ഠാനദിനങ്ങളോടൊപ്പം ദുക്റാന പോലുള്ള തിരുനാളുകൾ തങ്ങളുടെ വിശ്വാസപ്രകടനത്തിന്റെ സാംസ്കാരികമായ അവസരങ്ങളായി മാർത്തോമാ ക്രിസ്ത്യാനികൾ കൊണ്ടാടുന്നു. കേരളത്തിലെ ഭാഷാചരിത്രപഠനങ്ങൾക്ക് ഈ വിശ്വാസപാരമ്പര്യവുമായി ബന്ധപ്പെട്ടു ലഭിച്ച സംഭാവനയാണ് കർസോനി മലയാളം.

ഗ്രന്ഥസൂചി

1. കക്കാരമറ്റത്തിൽ, ജോസഫ്, ഡോ. (എഡി), ഇന്ത്യൻ സഭാചരിത്രം, ആൽഫ ഇൻസ്റ്റിറ്റ്യൂട്ട്, തലശ്ശേരി, 2015.
2. പരമേശ്വരൻ പിള്ള, എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, ഡി സി ബുക്സ്, കോട്ടയം, 1996.
3. Bayly, Susan,Saints Goddesses and Kings: Muslims and Christians in South Indian Society, Cambridge University Press, Cambridge, 1700-1900.
4. Baum, Wilhelm, Winkler, Dietmaarw,The Church of the East. A Concise History, Rutledge. Curzon, London-Newyork, 2003.
5. Malekkandathil, Pius,Martime India: Trade, Religion and Polity in the Indian Ocean, Primus Books, Delhi, 2010.

6. Mathew, K.S, St. Thomas and India, Fortress Press, USA, 2020.
7. Neill, Stephen, A History of Christianity In India, Cambridge University Press, Cambridge, 1985.

ആനുകാലികസൂചി

1. കുര്യാസ് കുമ്പളക്കുഴി ഡോ., സെന്റ് തോമസിന്റെ ആഗമനം ചരിത്രസത്യം, ദൈവ മനുഷ്യ സ്നേഹിത.
2. പയസ് മലേക്കണ്ടത്തിൽ ഡോ. തോമാശ്ലീഹാ കേരളത്തിൽ വന്നിട്ടുണ്ടോ?,സത്യദീപം,4 ജൂലൈ 2019.

About the researcher:
സിബിൽ സണ്ണി
ഗവേഷകൻ
മലയാളവിഭാഗം
ഗവ. കോളേജ് കട്ടപ്പന

Email: cibilsunny007@gmail.com
Mob: 8086578677

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0023

കുറ്റകൃത്യങ്ങൾ യാഥാർത്ഥ്യത്തിലും തിരശീലയിലും
തിരഞ്ഞെടുത്ത മലയാളസിനിമകളുടെ താരതമ്യപഠനം

ജിഷാന ഷിറിൽ കെ.

പ്രബന്ധസംഗ്രഹം

യഥാർത്ഥത്തിൽ നടന്ന കുറ്റകൃത്യങ്ങളുടെ ചിത്രീകരണം സിനിമയിൽ എപ്രകാരം ആണെന്നും കുറ്റവാളികളെ ഏത് രീതിയിലാണ് ചിത്രീകരിച്ചിരിക്കുന്നത് എന്നും പരിശോധിക്കുകയാണ് പ്രബന്ധം ചെയ്യുന്നത്. കുറ്റവാളികളെ നായകപദവിയിലേക്ക് ഉയർത്തുന്ന സിനിമകൾ ചിത്രീകരണത്തിന് ഉപയോഗിക്കുന്ന ആഖ്യാനരീതികൾ, ജീവിതത്തിൽ വില്ലൻമാരായ വ്യക്തികൾ നായക കഥാപാത്രങ്ങളായി മുൻനിരതാരങ്ങൾ അവതരിപ്പിക്കുമ്പോൾ സിനിമയുടെ വാണിജ്യതാല്പര്യങ്ങൾ മുൻനിർത്തി കടന്നു വരുന്ന രാഷ്ട്രീയ-സാമൂഹികമാനങ്ങൾ എന്നിവ മാധ്യമപഠനത്തിലെ പ്രാതിനിധ്യ സിദ്ധാന്തം (Representation Theory) മുൻനിർത്തി പരിശോധിക്കുന്നു. പ്രധാനമായും 'ക്രൈം ഫയൽസ്', 'കുറുപ്പ്', 'കളങ്കാവൽ' എന്നീ സിനിമകൾ വിശദപഠനത്തിന് വിധേയമാക്കുന്നു.

താക്കോൽവാക്കുകൾ:

കുറ്റവാളി, കുറ്റകൃത്യം, യഥാർത്ഥ കുറ്റകൃത്യം, നായകപരിവേഷം.

....

ആമുഖം

മലയാളസിനിമയിലെ വിവിധ പ്രമേയശൈലികളിൽ ഒന്നാണ് കുറ്റകൃത്യങ്ങൾ വരുന്ന സിനിമകൾ. ഇതിൽ തന്നെ കുറ്റാന്വേഷണസിനിമകൾക്ക് അതായത് അന്വേഷണാത്മക സിനിമകൾക്ക് വലിയ പ്രേക്ഷകപിന്തുണ തന്നെയുണ്ട്. ഇക്കൂട്ടത്തിൽ തന്നെ പ്രധാനപ്പെട്ടവയാണ് യഥാർത്ഥ കുറ്റകൃത്യങ്ങളെ ആസ്പദമാക്കിയ സിനിമകൾ. രാജ്യത്തുടനീളം വിശേഷിച്ച് കേരളത്തിലും കോളിളക്കം സൃഷ്ടിച്ച നിരവധി കേസുകൾ പല സിനിമകൾക്കും ആധാരമായിട്ടുണ്ട്. യഥാർത്ഥത്തിൽ നടന്ന കുറ്റകൃത്യങ്ങളുടെ ചിത്രീകരണം സിനിമയിൽ എപ്രകാരം ആണെന്നും കുറ്റവാളികളെ ഏത് രീതിയിലാണ് ചിത്രീകരിച്ചിരിക്കുന്നത് എന്നും മാധ്യമപഠനത്തിലെ പ്രാതിനിധ്യ സിദ്ധാന്തം (Representation Theory) മുൻനിർത്തി പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിൽ.

പ്രാതിനിധ്യ സിദ്ധാന്തം (Representation Theory)

സ്റ്റുവർട്ട് ഹാൾ 1997 ഇൽ പുറത്തിറങ്ങിയ തന്റെ 'Representation: Cultural Representations and Signifying Practices' എന്ന ഗ്രന്ഥത്തിലാണ് ഈ സിദ്ധാന്തം അവതരിപ്പിക്കുന്നത്. യഥാർത്ഥ സംഭവങ്ങളെ മാധ്യമങ്ങൾ പുനർനിർമിക്കുമ്പോൾ അവിടെ യഥാർത്ഥ സംഭവം അല്ല പകരം മാധ്യമങ്ങൾ നിർമിക്കുന്ന യാഥാർത്ഥ്യമാണ് കാണിക്കുന്നത്.അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, representation എന്നത് ഒരു അർത്ഥനിർമ്മാണപ്രക്രിയയാണ് (process of meaning production). ഇവിടെ സിനിമ ഒരു മാധ്യമം ആണെന്നിരിക്കെ നമ്മൾ യഥാർത്ഥ കുറ്റകൃത്യങ്ങൾ കടന്നു വരുന്ന സിനിമയിൽ കാണുന്നത് യാഥാർത്ഥ്യം അല്ല, മറിച്ച് മാധ്യമങ്ങൾ പ്രത്യേകിച്ച് സിനിമ പോലെയുള്ള കച്ചവടമാധ്യമങ്ങൾ വാണിജ്യതാല്പര്യം ലക്ഷ്യമിട്ടു നിർമ്മിക്കുന്ന യാഥാർത്ഥ്യം ആണ്. ഈ സിദ്ധാന്തത്തിന്റെ പരിധിയിലേക്ക് യാഥാർത്ഥ കുറ്റകൃത്യങ്ങൾ അനുവർത്തനമാതൃകയിൽ അവലംബിച്ചിരിക്കുന്ന സിനിമകൾ ഉൾപ്പെടുത്തി പരിശോധിക്കാം.

മലയാളസിനിമയിൽ കുറ്റകൃത്യങ്ങൾ പ്രമേയമായി വരുന്ന സിനിമകൾ ധാരാളമായി കാണാനാവുന്നതാണ്. അതിൽ യഥാർത്ഥത്തിൽ നടന്ന സംഭവങ്ങൾ പ്രധാന പ്രമേയമാക്കിയോ, പ്രമേയപരാമർശമായോ കടന്നുവരുന്നു. 2020–ൽ മിഥുൻ മാനുവൽ തോമസ് സംവിധാനം ചെയ്ത 'അഞ്ചാം പാതിരാ' എന്ന സിനിമയിൽ ഉൾപ്പെട്ടിരിക്കുന്ന സൈക്കോ സൈമൺ എന്ന കഥാപാത്രം തിരുവനന്തപുരം നന്ദൻകോട് എന്ന സ്ഥലത്ത് നടന്ന ഒരു കൂട്ടക്കൊലപാതക്കേസ് പ്രതി കേഡൽ ജിൻസൺ രാജയുടെ പകർപ്പാണ്. ഇതിന് പുറമെ 2018 –ൽ പുറത്തിറങ്ങിയ മധുപാൽ സംവിധാനം ചെയ്ത 'ഒരു കുപ്രസിദ്ധ പയ്യൻ' യഥാർത്ഥ സംഭവം ആസ്പദമാക്കിയ സിനിമയാണ്. ഇനി യഥാർത്ഥ കുറ്റകൃത്യങ്ങൾ മുഖ്യപ്രമേയമായ സിനിമകളുടെ വിശദപഠനത്തിലേക്ക് കടക്കാം.

ക്രൈം ഫയൽസ്

സിസ്റ്റർ അഭയ കേസ് ആണ് കെ. മധു സംവിധാനം ചെയ്ത 'ക്രൈം ഫയൽസ്' (1999)എന്ന സിനിമക്ക് അവലംബമായ സംഭവം. 1992 മാർച്ച് 27 ന് കോട്ടയം ക്നാനായ കത്തോലിക്കാ രൂപതയുടെ കീഴിലുള്ള സെന്റ് പിയുയസ് ടെൻത് കോൺവെന്റ് കിണറിൽ സിസ്റ്റർ അഭയയുടെ മൃതദേഹം കണ്ടെത്തുന്നു. അന്വേഷണത്തിൽ ആദ്യം ഇത് ആത്മഹത്യയാണെന്നും പിന്നീട് കൊലപാതകമാണെന്നും കണ്ടെത്തി.ഈ കൊലക്കേസുമായി ബന്ധപ്പെട്ട് ഫാ. തോമസ് കോട്ടൂർ, ഫാ. ജോസ് പൂതൃക്കയിൽ, സിസ്റ്റർ സെഫി എന്നീ മൂന്ന് പേർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയും അവർക്ക് ശിക്ഷ വിധിക്കുകയും ചെയ്തു.പ്രതികൾ തമ്മിലുള്ള ശാരീരിക ബന്ധം സിസ്റ്റർ അഭയ കണ്ടതാണ് കൊലപാതക കാരണം.ഇനി സിനിമയിലേക്ക് വന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായാണ് സിനിമയുടെ ക്ലൈമാക്സ്. സിസ്റ്റർ അമലയുടെ മൃതദേഹം കിണറ്റിൽ കാണപ്പെടുകയും അന്വേഷണത്തിൽ കൊലപാതകമാണ് എന്ന് കണ്ടെത്തുകയും ചെയ്യുന്നു. പ്രതി എന്ന് സംശയിക്കുന്ന കാളിയാരച്ഛൻ കൊല്ലപ്പെടുകയും യഥാർത്ഥ പ്രതി കാളിയാരച്ഛന്റെ സഹോദരൻ പത്രോസ് ആണെന്ന് തെളിയുകയും ചെയ്യുന്നു. സ്വത്തുക്കൾ നഷ്ടമാവാതെ ഇരിക്കാൻ വേണ്ടിയാണ് പത്രോസ് ഇത് ചെയ്തത് എന്നാണ് സിനിമയിൽ കാണിക്കുന്നത്. ഇത് യഥാർത്ഥ സംഭവത്തിൽ നിന്ന് വ്യത്യസ്തമാണ്. അധികാരത്തിൽ ഇരിക്കുന്നവരെ അധികാരം കയ്യാളുന്നവരെ പ്രതിയായി ചിത്രീകരിക്കാൻ സിനിമ മടിക്കുന്നു. യഥാർത്ഥ സംഭവത്തിന് വിരുദ്ധമായാണ് സിനിമയുടെ അവസാനം കാണിക്കുന്നത്. കുറ്റം ചെയ്ത ആൾ, എന്ത് കാരണത്താൽ ചെയ്തു എന്നിവയെല്ലാം മാറ്റം വരുത്തിയിരിക്കുന്നു. മതപരമോ സാമൂഹികപരമോ ആയി ഉയർന്നവരെ കുറ്റവാളികളായി ചിത്രീകരിക്കാൻ സിനിമ ശ്രമിക്കുന്നില്ല.ഇത് സത്യത്തെ മറച്ചു പിടിക്കലാണ്. സിനിമയിൽ കുറ്റം ചെയ്ത വ്യക്തി പള്ളീലച്ചനോ പള്ളിയുമായി ബന്ധമുള്ള ആളോ അല്ല. അധികാരത്തോടുള്ള ഭയമോ അല്ലെങ്കിൽ വെള്ളപൂശാനുള്ള ശ്രമമോ ആണ് ഇവിടെ കാണുന്നത്.

സ്റ്റുവർട്ട് പറഞ്ഞ പ്രാതിനിധ്യ സിദ്ധാന്തം അനുസരിച്ചു ഈ സിനിമയിൽ യഥാർത്ഥ സംഭവത്തെ മറച്ചു പിടിക്കുന്നു. അത് അധികാര വർഗ്ഗത്തെ കുറ്റവാളികൾ ആയി ചിത്രീകരിക്കാൻ മടിയായിട്ടാണ് എന്നതും ഇതിലൂടെ മനസ്സിലാക്കാം.

കുറുപ്പ്

കേരളത്തിലെ കുപ്രസിദ്ധനായ പിടികിട്ടാപ്പുള്ളിയാണ് സുകുമാരക്കുറുപ്പ്. 1984–ൽ ചലച്ചിത്ര വിതരണക്കമ്പനിയിൽ ജോലി ചെയ്യുന്ന ചാക്കോ എന്നയാളെ ഇയാൾ കൊലപ്പെടുത്തി. ശവശരീരം പെട്രോൾ ഒഴിച്ച് കത്തിച്ചു. താനാണു മരിച്ചതെന്ന് തെറ്റിദ്ധരിപ്പിച്ച്, വിദേശത്ത് അയാൾ ജോലി ചെയ്തിരുന്ന കമ്പനിയിൽ നിന്ന് ഇൻഷ്യറൻസ് പണമായ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

മുപ്പത് ലക്ഷം രൂപ തട്ടിയെടുക്കാൻ ആയിരുന്നു ഈ കൊലപാതകം നടത്തിയത്.ബസ്സ് കാത്തുനിൽക്കുകയായിരുന്ന ചാക്കോയെ ലിഫ്റ്റ് നൽകി കാറിൽ കയറ്റി യാത്രാമദ്ധ്യേ കഴുത്തിൽ കുരുക്ക് മുറുക്കി കൊലപ്പെടുത്തുകയായിരുന്നു. പിന്നീട് ഈ ശവശരീരം സുകുമാരക്കുറുപ്പിന്റെ വീട്ടിൽ കൊണ്ടു വന്നു. ശേഷം മരിച്ചുവെന്ന് ഉറപ്പു വരുത്തി.പിന്നീട് കാറിന്റെ ഡ്രൈവിംഗ് സീറ്റിലിരുത്തി, വഴിയരികിൽ കാർ നിർത്തിയിട്ട ശേഷം കാർ കത്തിച്ചു. ആലപ്പുഴ ജില്ലയിലെ ഒരു റോഡിനടുത്തുള്ള വയലിലാണ് സുകുമാരക്കുറുപ്പിന്റെ കാറിനകത്ത് കത്തിയ നിലയിൽ ചാക്കോയെ കണ്ടെത്തിയത്.സുകുമാരക്കുറുപ്പ് ഇന്നും പിടികിട്ടാപ്പുള്ളിയായ് തുടരുന്നു. ഇയാളുടെ കൂട്ടുപ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

'കുറുപ്പ്' സിനിമയിലേക്ക് വരുമ്പോൾ ഒറ്റ നോട്ടത്തിൽ സുകുമാരക്കുറുപ്പിന്റെ കഥയാണ് പറയാൻ ശ്രമിച്ചത് എങ്കിലും ഒരുപാട് കൂട്ടിച്ചേർക്കലുകൾ നടന്നിട്ടുണ്ട്.2021ൽ ശ്രീനാഥ് രാജേന്ദ്രൻ ആണ് സിനിമ സംവിധാനം ചെയ്തത്. ഗോപീകൃഷ്ണക്കുറുപ്പ് എന്ന വ്യക്തിയായിട്ടാണ് സുകുമാരക്കുറുപ്പിനെ അവതരിപ്പിക്കുന്നത്. വിദേശത്തു നിന്നും ലഭിക്കേണ്ട ഇൻഷ്യറൻസ് തുക ലഭിക്കാൻ വേണ്ടി ചാർളി എന്ന സിനിമാവിതരണക്കമ്പനി ജീവനക്കാരനെ കുറുപ്പും കൂട്ടാളികളും ചേർന്ന് കൊലപ്പെടുത്തുന്നു.ഇതിന് ശേഷം കുറുപ്പ് വിദേശത്തേക്ക് കടന്ന് പുതിയ ഐഡന്റിറ്റിയിൽ ജീവിക്കുന്നു എന്നുള്ള രീതിയിൽ ആണ് സിനിമ അവസാനിക്കുന്നത്.യഥാർത്ഥ സംഭവത്തിൽ നിന്ന് വളരെയധികം കൂട്ടിചേർക്കലുള്ള ഒരു സിനിമയാണ് കുറുപ്പ്. യഥാർത്ഥ സുകുമാരക്കുറുപ്പ് ഒരിക്കലും ഒരു ഹീറോ അല്ല. അയാൾക്ക് ഒരു കുറ്റവാളിയുടെ പരിഗണന മാത്രം നൽകിയാൽ മതി എന്നിരിക്കെ സിനിമ ഒരു ഹീറോ പരിവേഷം ആണ് കുറുപ്പിന് നൽകുന്നത്. ഡ്രസ്സിങ് സ്റ്റൈൽ, ഹെയർ സ്റ്റൈൽ, മാസ്സ് ബാക്ക് ഗ്രൗണ്ട് മ്യൂസിക്കുകൾ, കുറുപ്പിന്റെ പ്രണയരംഗങ്ങൾ എന്നിവയെല്ലാം തന്നെ ഈ കഥാപാത്രത്തെ ഒരു ഹീറോ തലത്തിലേക്ക് ഉയർത്തുന്നുണ്ട്. ഈ സിനിമയുടെ ഉള്ളടക്കം പരിശോധിക്കുമ്പോളും സ്റ്റുവർട്ടിന്റെ സിദ്ധാന്തം ശെരിയാണെന്ന് തെളിയുന്നു.

യഥാർത്ഥത്തിൽ നടന്നതിനെ മാറ്റി നിർത്തി പുതിയ യാഥാർത്ഥ്യം ഇവിടെ സൃഷ്ടിക്കപ്പെടുന്നു. കുറ്റവാളി മാത്രമായ ഒരാളെ നായകപദവിയിലേക്ക് ഉയർത്തുന്നത് പോലും ഇതിന്റെ ഭാഗമായിട്ടാണ്.യഥാർത്ഥകഥയിൽ ആദ്യം മരിച്ച ആളുകളുടെ മൃതദേഹങ്ങൾ എടുത്തു കത്തിച്ച് കുറ്റകൃത്യം നടത്താൻ ആയിരുന്നു പദ്ധതി. എന്നാൽ അത് നടക്കാതെ വന്നപ്പോൾ കുറുപ്പും സംഘവും ഒരാളെ തേടി ഹൈവേയിലേക്ക് ഇറങ്ങുകയും ലിഫ്റ്റ് ചോദിച്ച ചാക്കോയെ കൊല്ലുകയും ആയിരുന്നു.എന്നാൽ സിനിമയിൽ കുറുപ്പിന്റെ സഹായി ഭാസിപിള്ളയാണ് ഫ്രഷ് മൃതദേഹം കിട്ടിയാൽ പുളിക്കുമോ എന്നുള്ള പറയുന്നത് (കുറുപ്പ്,1:5:48 Hr:Min:Sec) എന്നു ചോദിക്കുന്നത് .സിനിമയിലെ കുറുപ്പിന് ആ അഭിപ്രായത്തോട് വലിയ താല്പര്യം കാണുന്നില്ല.അതു മാത്രമല്ല ചാർളിയെ വണ്ടിയിൽ കയറ്റുമ്പോൾ കുറുപ്പ് ആ പരിസരങ്ങളിൽ ഒന്നുമില്ല എന്നുള്ളതും ശ്രദ്ധേയമാണ്.ഭാസിപ്പിള്ളയാണ് ചാക്കോയെ വണ്ടിയിൽ കയറ്റി കുറുപ്പുള്ള സ്ഥലത്തേക്ക് കൊണ്ടു വരുന്നത്. ശേഷം അവർ അത് കത്തിക്കുന്നു. കുറ്റകൃത്യത്തിൽ കുറുപ്പ് പ്രത്യക്ഷമായി പങ്കെടുക്കുന്നില്ല എന്നുള്ളതാണ് സിനിമയിൽ കാണിക്കുന്നത്. ഇത് തീർത്തും യാഥാർഥ്യത്തെ വളച്ചൊടിക്കാനുള്ള ശ്രമമാണ്. ഒരു കൊടും കുറ്റവാളിയെ വലിയ താരപരിവേഷം നൽകി അവതരിപ്പിച്ച് തെറ്റിദ്ധാരണ ജനിപ്പിക്കുകയാണ് സിനിമ.

സിനിമയുടെ അവസാനം കുറുപ്പ് ഒരു അധോലോക രാജാവായി വളർന്നു എന്നുള്ളതാണ് കാണിക്കുന്നത്. ഈ കഥാപാത്രത്തെ വലിയ രീതിയിൽ സെലിബ്രേറ്റ് ചെയ്യുന്ന രീതിയിലേക്ക് കാര്യങ്ങൾ മാറുകയുണ്ടായി. കുറുപ്പ് എന്ന് എഴുതിയ ടി ഷർട്ട് ധരിച്ചു സിനിമ പ്രൊമോഷന് സിനിമാ താരങ്ങൾ എത്തുകയുണ്ടായി.കുറുപ്പായി അഭിനയിച്ച ദുൽകർ സൽമാന് വലിയ സ്വീകാര്യതയും സിനിമക്ക് വലിയ വാണിജ്യ വിജയവും ഉണ്ടായി.ഇതിന് കാരണം ഇത്തരത്തിൽ ആ കഥാപാത്രത്തിന് നൽകിയ ഹീറോ പരിവേഷവും കഥാപാത്രത്തിന്റെ മാസ്സ് രംഗങ്ങളും വസ്ത്രധാരണത്തിലും മറ്റുമുള്ള സ്റ്റൈലിഷ് രീതികളും ആണ് എന്ന് പറയാവുന്നതാണ്. റിയലിസ്റ്റിക് ആയി മാത്രം സിനിമ അവതരിപ്പിക്കുകയായിരുന്നു എങ്കിൽ സിനിമ ഇങ്ങനെ ആവുമായിരുന്നില്ല.

സുകുമാരക്കുറുപ്പിന്റെ കഥ പറയുന്ന 'എൻ എച്ച് 47'(1984) എന്ന സിനിമ യഥാർത്ഥ കഥയോട് ഏകദേശം സാമ്യമുണ്ട്. സിനിമയുടെ അവസാനം കുറുപ്പ് ജനക്കൂട്ടത്താൽ ശിക്ഷിക്കപ്പെടുന്നതായി കാണിക്കുന്നുണ്ട്.അക്കാലഘട്ടങ്ങളിൽ വില്ലൻ വേഷങ്ങൾ ചെയ്ത് ശ്രദ്ധേയനായ ടി. ജി. രവിയാണ് സുകുമാരക്കുറുപ്പിനോട് സാമ്യമുള്ള സുധാകരപിള്ളയായ് അഭിനയിച്ചത്.ഈ കഥാപാത്രത്തിന് സിനിമയിൽ ഹീറോ പരിവേഷം നൽകിയതായി കാണുന്നില്ല. കുറുപ്പ് എന്ന സിനിമയിൽ കുറുപ്പ് എന്ന കഥാപാത്രമായി മലയാള സിനിമയിലെ മുൻനിര നായകരിൽ ഒരാളായ ദുൽകർ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

സൽമാൻ അഭിനയിച്ചത് നായകൻ–വില്ലൻ വേഷങ്ങളെ കുറിച്ചുള്ള പാരമ്പര്യ ധാരണകൾക്ക് എതിരെ ആണെന്നുള്ളത് ശ്രദ്ധേയമാണ്.

കളങ്കാവൽ

പ്രൈമറി സ്കൂൾ കായികാധ്യാപകനായിരുന്ന മോഹൻ കുമാർ ഒരു പരമ്പര കൊലയാളിയായ(Serial Killer) സയനൈഡ് മോഹൻ ആയി മാറിയ സംഭവം കേരളസമൂഹം ഏറെ ഞെട്ടലോടെ കേട്ടവാർത്തയാണ്. വിവാഹ വാഗ്ദാനം നൽകി സ്ത്രീകളെ വശത്താക്കി ക്ഷേത്രത്തിൽ വെച്ചു വിവാഹം കഴിച്ച ശേഷം അവരെ ദൂരെയുള്ള സ്ഥലങ്ങളിലെ ഏതെങ്കിലും ലോഡ്ജിലേക്ക് കൊണ്ടുപോകുന്നു. ഒരു രാത്രി അവരോടൊപ്പം താമസിച്ച ശേഷം തൊട്ടടുത്തുള്ള ബസ് സ്റ്റാൻഡിലേക്ക് കൊണ്ടു പോയി ഗർഭ നിരോധന ഗുളികയാണെന്ന വ്യാജേനെ അവരെ സയനൈഡ് ചേർത്ത ഗുളികകൾ നൽകി കൊലപ്പെടുത്തി അവരുടെ ആഭരണങ്ങളുമായി സ്ഥലം വിടുന്ന ഒരു സീരിയൽ കൊലയാളി. ഈ സംഭവം അടിസ്ഥാനമാക്കി ജിതിൻ കെ. ജോസ് സംവിധാനം ചെയ്ത് 2025 ഇൽ പുറത്തിറങ്ങിയ സിനിമയാണ് 'കളങ്കാവൽ'. പോലീസ് ഉദ്യോഗസ്ഥനായ സ്റ്റാൻലി ദാസ് ആണ് സിനിമയിലെ പരമ്പര കൊലയാളി.

സ്ത്രീകളെ സ്നേഹം നടിച്ച് കല്യാണം കഴിക്കാം എന്ന് വാഗ്ദാനം നൽകി ഹോട്ടൽ മുറിയിൽ എത്തിച്ച ശേഷം കൊല്ലുന്നു. ആദ്യം കഴുത്തിൽ ഷാൾ മുറുക്കി കൊല്ലുന്ന ഇയാൾ പിന്നീട് സുഹൃത്തിൽ നിന്ന് സയനൈഡിനെ കുറിച്ച് അറിയുകയും ശേഷം സയനൈഡ് ഗുളികകൾ നൽകി കൊലപ്പെടുത്തുന്ന രീതിയിലേക്ക് മാറുകയും ചെയ്യുന്നു. കേസ് അന്വേഷിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥനായ ജയകൃഷ്ണനും സ്റ്റാൻലി എന്ന പോലീസുകാരനായ കൊലയാളി ഒരുമിച്ചു ചേർന്ന് കേസ് അന്വേഷിക്കുന്നതും ഒടുവിൽ അന്വേഷണ ഉദ്യോഗസ്ഥൻ കൊലപാതകി സ്റ്റാൻലി തന്നെ എന്ന് തിരിച്ചറിയുന്നതുമാണ് സിനിമയുടെ കഥ. ഇവിടെ സിനിമ വാണിജ്യപരമായ് വിജയം കൈവരിച്ചു.

ഒരു കാലത്ത് വില്ലന്മാർ നായകന്മാർ എന്നീ രണ്ട് വിഭാഗങ്ങളായി ആളുകൾ കാറ്റഗറിയായി തിരിഞ്ഞിരുന്നു. വില്ലൻ വേഷങ്ങൾ ചെയ്യുന്നവർ സ്ഥിരം വില്ലൻ വേഷങ്ങൾ മാത്രമാണ് ചെയ്തിരുന്നത്. എന്നാൽ അടുത്ത കാലങ്ങളിലായി ആ രീതിക്ക് മാറ്റം സംഭവിച്ചു എന്ന് കാണാം. കളങ്കാവലിലേക്ക് വന്നാൽ മമ്മൂട്ടി അവതരിപ്പിച്ച സ്റ്റാൻലി എന്ന കഥാപാത്രത്തെ വളരെയധികം സെലിബ്രേറ്റ് ചെയ്യുന്ന രീതിയിൽ ആണ് സിനിമ മുന്നോട്ട് പോകുന്നത്.വലിയ പ്രതീക്ഷകളുമായി കല്യാണം സ്വപ്നം കണ്ട് വീട്ടിൽ നിന്ന് ഇറങ്ങി വന്ന പെൺകുട്ടിയെ കഴുത്തിൽ ഷാൾ മുറുക്കി കൊല്ലുന്നത് കണ്ട് കയ്യടിക്കാൻ പാകത്തിൽ ആ കഥാപാത്രത്തെ സിനിമയിൽ നിർമിച്ചു വെച്ചിട്ടുണ്ട്.കൊല്ലാൻ പോകുന്ന കൊലപാതകിക്ക് വളരെ ലളിതമായ സംഗീതത്തിന്റെ അകമ്പടിയാണ് നൽകുന്നത്. സിനിമയിലെ നിലാകായും വെളിച്ചം എന്ന ഗാനം കൊലയാളിക്ക് വേണ്ടി നിർമിച്ചതാണ്. കൊലപാതകം നടത്താൻ പോകുമ്പോൾ, കൊലപാതകം കഴിഞ്ഞതിനു ശേഷം ഒക്കെ ഈ പാട്ട് കൊലപാതകി ആസ്വദിക്കുന്നുണ്ട്.അവസാനം അന്വേഷണ ഉദ്യോഗസ്ഥൻ കൊലയാളിയെ കണ്ടു പിടിച്ചു എന്ന് കൊലയാളിയെ തന്നെ അറിയിക്കുന്നതും ഈ ഗാനം കേൾപ്പിച്ചു കൊണ്ടാണ്.

പഴയ ഇളയരാജ പ്രണയഗാനങ്ങളോട് സാമ്യമുള്ള അത്തരമൊരു ഗാനം എന്തിനാണ് ഒരു കൊലപാതകിക്ക് വേണ്ടി നിർമിച്ചത്. കൊലയാളിക്ക് ആരോടും പ്രണയമല്ല. അയാളുടെ മാനസിക വൈകൃതമാണ് കൊലപാതകം. അവിടെ പ്രണയമോ സ്നേഹമോ ഇല്ല. അത്തരമൊരു കഥാപാത്രത്തിന് ഇത്തരം ഗാനങ്ങൾ നൽകുന്നത് തെറ്റായ സന്ദേശം നൽകുമോ എന്നുള്ള ആശങ്കക്കിടയാക്കുന്നുണ്ട്.അതുപോലെ സിനിമയിലെ ഇരയാക്കപ്പെടുന്ന സ്ത്രീകളെ കുറിച്ച് അധികമൊന്നും പറഞ്ഞു കണ്ടിട്ടില്ല. യഥാർത്ഥ സയനൈഡ് മോഹൻ സാമ്പത്തികവും സാമൂഹികവും ആയി പിന്നോക്കം നിൽക്കുന്ന യുവതികളെയാണ് ലക്ഷ്യം വെച്ചിരുന്നത്. സത്യത്തിൽ അവരുടെ ആ പിന്നോക്കാവസ്ഥയെ അയാൾ മുതലെടുക്കുകയായിരുന്നു. അത്തരം ഡീറ്റൈലിങ്ങുകൾ ഒന്നും തന്നെ സിനിമയിൽ കാണിക്കുന്നില്ല. ജാതിയിൽ പിന്നോക്കം എന്ന് പറയപ്പെടുന്ന സ്ത്രീകൾ ആയിരുന്നു സയനൈഡ് മോഹനന്റെ ഇരകൾ എന്നതും ശ്രദ്ധിക്കണം.എന്നാൽ സിനിമയിൽ പലതരം സ്ത്രീകളെ ഇയാൾ കൊലപ്പെടുത്തുന്നു.അതിൽ സാമ്പത്തികമായി മെച്ചപ്പെട്ട നിലയിൽ ഉള്ളവരും ഇല്ലാത്തവരും, ജാതീയമായും സാമൂഹികപരമായും ഉയർന്നവർ എന്ന് വിളിക്കപ്പെടുന്നവരും താഴ്ന്നത് എന്ന് വിളിക്കപ്പെടുന്നവരും ആയ സ്ത്രീകൾ ഉൾപ്പെടുന്നു. ഇവിടെ യഥാർത്ഥ കഥയിൽ നിന്ന് വ്യത്യാസം കാണുന്നു. യഥാർത്ഥ സയനൈഡ് മോഹന്റെ ഇരകൾ ജീവിക്കാൻ ബുദ്ധിമുട്ടുന്ന സാമൂഹികവും സാമ്പത്തികവും ആയി പിന്നോട്ട് നിൽക്കുന്നവർ ആയിരുന്നു. അവർക്ക് അയാൾ നൽകിയ പ്രതീക്ഷ

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ജീവിക്കാൻ ഉള്ളതായിരുന്നു. ആ പ്രതീക്ഷയെ അയാൾ മുതലെടുത്തു.എന്നാൽ സിനിമയിൽ പലതരം സ്ത്രീകൾ കടന്നു വരുന്നു. അതിൽ സാമ്പത്തികം,ജാതി എന്നീ ഘടകങ്ങൾക്ക് വലിയ പ്രാധാന്യം ഇല്ല. അത്തരമൊരു ചിത്രീകരണം ഇരയാക്കപ്പെട്ട സ്ത്രീകളെ മോശമായി വായിക്കാനും ഇടയാക്കും. കൊലയാളിയുടെ രൂപവും പെരുമാറ്റവും കണ്ട് സ്ത്രീകൾ ആകർഷിക്കപ്പെടുന്നു എന്ന രീതിയിൽ വായിക്കപ്പെടാം.അത് യഥാർത്ഥ കഥയിൽ നിന്ന് വ്യത്യാസപ്പെടുന്നു.

പ്രാതിനിധ്യ സിദ്ധാന്തത്തെ പറഞ്ഞുറപ്പിക്കുന്ന മറ്റൊരു സിനിമയാണ് 'കളങ്കാവൽ'. ഇവിടെ യഥാർത്ഥ സംഭവം അല്ല, മറിച്ച് സ്റ്റുവർട്ട് പറയുന്നത് പോലെ മാധ്യമം നിർമിച്ചെടുത്ത യാഥാർത്ഥ്യം ആണ് കാണിക്കുന്നത്. യഥാർത്ഥത്തിൽ നടന്നതിൽ നിന്ന് വ്യത്യസ്തമായി പുതിയ ഒന്നിനെ രൂപപ്പെടുത്തിയെടുക്കുന്നു.എന്തുകൊണ്ട് സ്ത്രീകൾ യഥാർത്ഥ കൊലയാളിയുടെ ഇരകൾ ആയി എന്നത് സിനിമക്ക് വിഷയമായി കാണുന്നില്ല.

ഉപസംഹാരം

- യഥാർത്ഥത്തിൽ നടന്ന കുറ്റകൃത്യങ്ങൾ തിരശീലയിൽ എത്തുമ്പോൾ പലതരം തിരുത്തലുകകളും കൂട്ടിച്ചേർക്കലുകളും നടക്കുന്നുണ്ട്. മലയാളത്തിൽ യഥാർത്ഥ കുറ്റകൃത്യങ്ങളെ അടിസ്ഥാനമാക്കി നിർമിച്ച പല സിനിമകളും പ്രാതിനിധ്യ സിദ്ധാന്തം (Representation Theory) എന്ന സിദ്ധാന്തത്തിന് പിൻബലം നൽകുന്നതായി കാണുന്നുണ്ട്. യഥാർത്ഥ കുറ്റകൃത്യങ്ങൾ പ്രധാന പ്രമേയമായ് കൈകാര്യം ചെയ്യുന്ന ഇത്തരം സിനിമകൾ പൊതുവെ കുറവാണ്. ഉള്ള സിനിമകൾ അതിൽ പുതിയ യാഥാർത്ഥ്യം നിർമിച്ചെടുക്കുന്നുണ്ട്.

- കൊടും കുറ്റവാളികളായി ശിക്ഷിക്കപ്പെട്ട പല വ്യക്തികളെയും സിനിമയിൽ സെലിബ്രേറ്റ് ചെയ്യാനുള്ള സാധ്യത തുറന്നിടുന്നു. 'കുറുപ്പ്', 'കളങ്കാവൽ' എന്നീ സിനിമകൾ ഉദാഹരണം . ഇത്തരം സെലിബ്രേറ്റ് ചെയ്യലുകൾ യഥാർത്ഥ സംഭവത്തെ മറച്ചു പിടിക്കുന്നു.

- തെറ്റുകൾ ചെയ്യുന്ന കുറ്റവാളികൾ പ്രതിനായകർ ആണെന്ന രീതിയിൽ കണ്ടിരുന്ന സിനിമ ഇപ്പോൾ കുറ്റവാളികളെ നായക പദവിയിലേക്ക് ഉയർത്തുന്നു. യഥാർത്ഥ കുറ്റകൃത്യങ്ങൾ നടത്തിയ കുറ്റവാളികൾ സിനിമയിൽ നായകന്മാരായി മാറുന്നു.

- യഥാർത്ഥ പ്രതികൾ സിനിമയിൽ എത്തുമ്പോൾ കുറ്റവാളി അല്ലാതായി മാറുന്നു. 'ക്രൈം ഫയൽ' എന്ന സിനിമയിൽ പള്ളിയും സഭയുമായി ബന്ധപ്പെട്ട അധികാരം ഇല്ലാത്ത ആളാണ് പ്രതിയായി വരുന്നത്.ഇവിടെ അധികാര വർഗ്ഗത്തെ വിമർശിക്കാനുള്ള വിമുഖത കാരണം യഥാർത്ഥ സംഭവത്തെ തന്നെ വളച്ചൊടിക്കുന്നു.

- യഥാർത്ഥ സംഭവങ്ങൾ പ്രധാന പ്രമേയമാകുന്ന സിനിമകൾ മലയാളത്തിൽ എണ്ണത്തിൽ കുറവാണ്. ആ രീതിയിലുള്ള സിനിമകൾ യഥാർത്ഥ സംഭവത്തിൽ നിന്ന് വലിയ വ്യത്യാസത്തിലാണ് കാണപ്പെടുന്നത്. എന്നാൽ കുറ്റകൃത്യങ്ങളെ കുറിച്ച് പരാമർശിക്കുകയും ചെറിയ രീതിയിൽ പറഞ്ഞു പോകുകയും ചെയ്യുന്ന നിരവധി സിനിമകളുണ്ട്.

- യഥാർത്ഥ കുറ്റകൃത്യങ്ങൾ തിരശീലയിൽ എത്തുമ്പോൾ വളരെ റിയലിസ്റ്റിക് ആയി കഥ പറഞ്ഞു പോകുമ്പോൾ അത് വാണിജ്യപരമായി വിജയം നേടുന്നില്ല എന്നുള്ളത് ശ്രദ്ധേയമാണ്. 'ഒരു കുപ്രസിദ്ധ പയ്യൻ' എന്ന സിനിമ യഥാർത്ഥ സംഭവത്തോട് അടുത്ത് നിൽക്കുന്ന സിനിമയാണ്. സിനിമയിൽ വാണിജ്യപരമായ ഘടകങ്ങൾ, മാസ്സ് രംഗങ്ങൾ, ബാക്ക് ഗ്രൗണ്ട് മ്യൂസിക്കുകൾ എന്നിവ കുറവാണ്.എന്നാൽ ഇത്തരം ചേരുവകൾ ചേർത്ത യഥാർത്ഥ കുറ്റകൃത്യങ്ങൾ പറയുന്ന സിനിമകൾ വലിയ വിജയം നേടുന്നു.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

ഗ്രന്ഥസൂചി

1. ഉമാദത്തൻ, ബി. ഡോ., ഒരു പൊലീസ് സർജന്റെ ഓർമ്മക്കുറിപ്പുകൾ, ഡി സി ബുക്ക്സ്, കോട്ടയം,2010
2. ഗോപു, എസ്. ഡോ., സിനിമയുടെ കുറ്റാന്വേഷണ പാഠങ്ങൾ,ലോഗോസ് ബുക്ക്സ്,പാലക്കാട്, 2021
3. Hall,Stuart.Representation: Cultural Representations and Signifying Practices.Sage Publication, 1997

ദൃശ്യസൂചിക

1. കളങ്കാവൽ (ഇന്ത്യ/മലയാളം/2025/137"), ജിതിൻ കെ ജോസ് (സംവിധാനം), മമ്മൂട്ടി കമ്പനി
2. കുറുപ്പ് (ഇന്ത്യ/മലയാളം/2021/157"), ശ്രീനാഥ് രാജേന്ദ്രൻ (സംവിധാനം), വേഫാറർ ഫിലിംസ്
3. ക്രൈം ഫയൽസ് (ഇന്ത്യ/മലയാളം/1999/156"), കെ മധു (സംവിധാനം), എ ജി ക്രീയേഷൻസ്.

വെബ് സൂചിക

1. https://www.mathrubhumi.com/movies-music/news/crime-file-movie-second-part-k-madhu-suresh-gopi-abhaya-case-b09059c5
2. https://www.deshabhimani.com/entertainment/movie/762725
3. https://malayalam.samayam.com/malayalam-cinema/movie-review/oru-kuprasidha-payyan-movie-review/moviereview/66555401.cms
4. https://www.doolnews.com/real-story-of-malayalam-film-kuprasidha-payyan-jayesh540.html

About the researcher:
ജിഷാന ഷിറിൽ കെ.
ഗവേഷക
മലയാള-കേരളപഠന വിഭാഗം
കാലിക്കറ്റ് സർവകലാശാല

Email: jishanashiril18@gmail.com
Mob: 9496612909

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

Article ID: MRK0024

അതിയാഥാർത്ഥ്യവും പുതുമലയാളകവിതയും
ഒരു വിമർശനാത്മകവായന

അമൃതലക്ഷ്മി എം. ടി.

പ്രബന്ധസംഗ്രഹം

വിവരസാങ്കേതികവിദ്യയുടെ വരവോടുകൂടി ലോകത്താകമാനം നിരവധി മാറ്റങ്ങൾ സംഭവിച്ചു. ഇലക്ട്രോണിക് ഉപകരണങ്ങളുടെ കണ്ടുപിടിത്തവും ഇന്റർനെറ്റിന്റെ വരവും ആധുനികാനന്തര ലോകത്തിലെ ജനതയെ പുതിയ സൗകര്യങ്ങളിൽ കൊണ്ടെത്തിച്ചു. ഡിജിറ്റൽ ഡിവൈസുകളും അവ സൃഷ്ടിക്കുന്ന അതിയാഥാർത്ഥ്യലോകവും സത്യമേത് മിഥ്യയേത് എന്നറിയാതെ മനുഷ്യരെ വട്ടംചുറ്റിക്കുകയാണ്. ഈ സാഹചര്യത്തിലാണ് നവ ഡിജിറ്റൽ കാലഘട്ടം നമ്മുടെ സംസ്കാരത്തെയും ജീവിതരീതിയേയും എപ്രകാരമെല്ലാം മാറ്റിമറിച്ചുവെന്ന വിശദീകരണങ്ങളുമായി മീഡിയ സിദ്ധാന്തം, വെർച്വൽ റിയാലിറ്റി, സിമുലേഷൻ എന്നീ ഉത്തരാധുനിക ആശയങ്ങൾ കടന്നുവരുന്നത്. നിരന്തരം പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഇലക്ട്രോണിക് ലോകത്ത് എന്തു ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുന്ന ധാരാളം മനുഷ്യർ നമുക്കു ചുറ്റുമുണ്ട്. അവരെക്കുറിച്ചും ഒപ്പം അതിയാഥാർത്ഥ്യലോകം സൃഷ്ടിക്കുന്ന പുത്തൻ വെല്ലുവിളികളെ കുറിച്ചും അടയാളപ്പെടുത്തിക്കൊണ്ട് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കപ്പെട്ട വീരാൻകുട്ടിയുടെ 'ആപ്പ്', നിസ്സാമുദ്ദീനിന്റെ 'ഇ–പാന', ഉണ്ണി ശ്രീദളത്തിന്റെ 'ഡിജിറ്റൽ ഡിവൈഡ്' എന്നീ കവിതകളെ സിമുലേഷൻ, മീഡിയ സിദ്ധാന്തം എന്നിവ മുന്നിർത്തി പഠന വിധേയമാക്കുകയാണിവിടെ.

താക്കോൽ വാക്കുകൾ

അതിയാഥാർത്ഥ്യം, ഡിജിറ്റൽ, ഡിജിറ്റൽ ഡിവൈസുകൾ, സോഷ്യൽ മീഡിയ, സിമുലാക്ര, സിമുലേഷൻ, പ്രതീതിയാഥാർത്ഥ്യം, വെർച്വൽ സ്പെയ്സ്, ഉത്തരാധുനികത, ഡിജിറ്റൽ ഡിവൈഡ്, മീഡിയ, വിവരസാങ്കേതികവിദ്യ, സാങ്കേതികത.

....

ആമുഖം

പാശ്ചാത്യലോകത്ത് അറുപതുകളിൽ ആരംഭിച്ച ഉത്തരാധുനിക സാമൂഹികാന്തരീക്ഷം കേരളത്തിൽ തുടക്കം കുറിക്കുവാൻ പിന്നെയും മൂന്നുപതിറ്റാണ്ടുകൾ വേണ്ടിവന്നു. വ്യാവസായികരംഗത്തും വിവരസാങ്കേതികരംഗത്തുമുണ്ടായ വൻ മാറ്റങ്ങളാണ് ഉത്തരാധുനിക സമൂഹികാന്തരീക്ഷം ലോകത്തു സംജാതമാകുവാൻ കാരണം. സാങ്കേതികരംഗത്തെ പുതിയ കണ്ടുപിടിത്തങ്ങളും ഇന്റർനെറ്റിന്റെ വരവും ലോകത്തെ വൻ കുതിച്ചുചാട്ടങ്ങളിലേക്കു നയിച്ചു. തൊണ്ണൂറുകളുടെ അവസാനത്തിലാണ് ഇതു കേരളത്തിൽ പ്രതിഫലിച്ചു തുടങ്ങിയത്. രണ്ടായിരത്തിന്റെ പകുതിയിൽ കേരളത്തിലാകമാനം ഇന്റർനെറ്റിന്റെ ലഭ്യത വ്യാപകമാവാൻ തുടങ്ങി. തുടർന്നിങ്ങോട്ട് കേരള ജനതയെ സംബന്ധിച്ചിടത്തോളം പുത്തൻ ഇലക്ട്രോണിക് യുഗത്തിനുതന്നെ സാക്ഷ്യം വഹിക്കേണ്ടി വന്നു. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് സൗകര്യങ്ങൾ തുടങ്ങിയവ അവരുടെ ജീവിതത്തിന്റെ ഭാഗമാകുവാൻ തുടങ്ങി. അതിനുശേഷം വന്ന ആൻഡ്രോയിഡ് ഫോണും, നിത്യ ജീവിതത്തിൽ ഉപയോഗിക്കുവാനായുള്ള നിരവധി ഇലക്ട്രോണിക് ഗാഡ്ജറ്റ്സുകളും, ഡിജിറ്റൽ ഡിവൈസുകളും ജന ജീവിതത്തെ തന്നെ മാറ്റിമറിച്ചു. ARPANET–ൽ ആരംഭിച്ച ഇന്റർനെറ്റിന്റെ വേഗത ഇന്ന് 5ജിയും കടന്നു മുന്നേറുകയാണ്. ഇന്റർനെറ്റില്ലാതെ ജീവിക്കുക എന്നത് അസാധ്യമായി മാറിയ ഈ കാലത്തിൽ വിവരസാങ്കേതികവിദ്യയും ഡിജിറ്റൽലോകവും ചേർന്ന് രൂപപ്പെടുത്തിയ അതിയാഥാർത്ഥ്യലോകത്തെ, യഥാർത്ഥലോകമായി വിശ്വസിക്കുകയാണ് ഇന്നത്തെ ജനത.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

അതിയാഥാർത്ഥ്യം

അതിയാഥാർത്ഥ്യം എന്നത് അനുകരണത്തിന്റെ ലോകമാണ്. മിഥ്യയോ യാഥാർത്ഥ്യമോ എന്ന സംശയം ഉളവാക്കുന്ന ഒന്നാണത്. ഫ്രഞ്ച് പോസ്റ്റ്മോഡേൺ തത്വചിന്തകനായ ജീൻ ബോദ്രിയാർ സമകാലീനലോകത്ത് യാഥാർത്ഥ്യവും പ്രതിനിധാനവും തമ്മിലുള്ള വ്യത്യാസം കുറഞ്ഞു വരുന്നു എന്ന് നിരീക്ഷിക്കുന്നുണ്ട്. ആധുനികസമൂഹത്തിൽ മാധ്യമങ്ങളും സാങ്കേതികവിദ്യയും യാഥാർത്ഥ്യത്തെ അനുകരിക്കുന്ന പ്രതിരൂപങ്ങൾ (Simulacra) സൃഷ്ടിക്കുന്നു, ബോദ്രിയാറിന്റെ അഭിപ്രായത്തിൽ ഈ അനുകരണ ലോകം ചിലപ്പോൾ യഥാർത്ഥ ലോകത്തെക്കാൾ ശക്തമായ യഥാർത്ഥ അനുഭവംനൽകുന്നുണ്ടെന്നും അദ്ദേഹം പറയുന്നു. ഈ ലോകത്തെ ഹൈപ്പർ റിയാലിറ്റി (Hyperreality) എന്നു പറയുന്നു. മനുഷ്യർ മാധ്യമങ്ങളാൽ സൃഷ്ടിച്ച കൃത്രിമലോകത്തെ യഥാർത്ഥലോകമായി അനുഭവിക്കുന്ന അവസ്ഥയെയാണ് ഹൈപ്പർറിയാലിറ്റി എന്നത് കൊണ്ട് അദ്ദേഹം ഉദ്ദേശിക്കുന്നത്. യാഥാർത്ഥ്യത്തിന്റെ അനുഭൂതി പകരുന്ന അല്ലെങ്കിൽ അതിനേക്കാൾ ശക്തമായി മനുഷ്യരെ സ്വാധീനിക്കുന്ന ചിത്രങ്ങൾ, ചിഹ്നങ്ങൾ, സിമുലേഷൻ എന്നിവ നൽകുന്ന അവസ്ഥയാണിത്. ഹൈപ്പർറിയാലിറ്റി യാഥാർത്ഥ്യത്തിന്റെ പരിധികളെ വെല്ലുവിളിക്കുകയും ആധുനിക സമൂഹത്തിൽ സത്യത്തിനുണ്ടായ മാറ്റങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു.

പോസ്റ്റ്മോഡേൺ ലോകത്ത് യാഥാർത്ഥ്യവും പ്രതിനിധാനവും തമ്മിലുള്ള വ്യത്യാസം ഇല്ലാതായി എന്നുതന്നെ പറയാം. ബോദ്രിയാർ തന്റെ പ്രധാന കൃതിയായ സിമുലാക്ര ആന്റ് സിമുലേഷ (Simulacra and Simulation, 1981) നിൽ ഈ അവസ്ഥയെ വിശദീകരിക്കുന്നുണ്ട്. സിമുലേഷൻ യാഥാർത്ഥ്യത്തെ മാറ്റുന്നതല്ല, മറിച്ച് യാഥാർത്ഥ്യത്തെ നിശ്ചയിക്കുന്നതാണ്. ഹൈപ്പർറിയാലിറ്റി യാഥാർത്ഥ്യം ഇല്ലാതായ ലോകത്താണ് സൃഷ്ടിക്കപ്പെടുന്നത്. സിമുലേഷനുകൾ തന്നെ നമ്മുടെ അനുഭവത്തെയും ആഗ്രഹത്തെയും രൂപപ്പെടുത്തുന്നു. ഡിജിറ്റൽ മാധ്യമങ്ങളുടെ വളർച്ചയോടെ സിമുലേഷനും വെർച്വൽ റിയാലിറ്റിയും മനുഷ്യരുടെ അനുഭവത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. മീഡിയയും സാങ്കേതികവിദ്യയും ചേർന്ന് കൃത്രിമ ലോകം സൃഷ്ടിക്കുകയും മനുഷ്യരെ അതിനുള്ളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. യാഥാർത്ഥ്യവും കൃത്രിമലോകവും തമ്മിലുള്ള അതിരുകൾതന്നെ ഇല്ലാതാകുന്നു. മാസ് മീഡിയ, സിനിമകൾ, ടെലിവിഷൻ എന്നിവയും ഇതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ബോദ്രിയാർദിന്റെ അഭിപ്രായത്തിൽ, മാധ്യമങ്ങൾ വഴി നിർമ്മിക്കപ്പെട്ട യാഥാർത്ഥ്യം (Mediated Real) അഥവാ ഹൈപ്പർറിയൽ, സാങ്കേതികമായി വികസിച്ച നമ്മുടെ സമൂഹത്തിൽ യഥാർത്ഥമായ യാഥാർത്ഥ്യത്തെ വലിയതോതിൽ മാറ്റിസ്ഥാപിച്ചിരിക്കുന്നു. കാരണം നമ്മൾ കാണുന്നതെല്ലാം മാധ്യമങ്ങൾ മിഥ്യ ചാലിച്ച് രൂപപ്പെടുത്തിയതാണ്. “ടിവിയാണ് സത്യം സൃഷ്ടിക്കുന്നത്” എന്ന ബോദ്രിയാർ നിരീക്ഷണം അവിടെ “സത്യം തന്നെയാണ് ടിവി” എന്നതിലേക്ക് മാറുന്നു (1981:145). *Simulacra and Simulations* എന്ന ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്ന “സിമുലാക്ര” എന്നത് യാഥാർത്ഥ്യത്തിന്റെ പ്രതിനിധാനങ്ങളാണ്. എന്നാൽ അതിൽ യാഥാർത്ഥ്യം ഇല്ലാതെയായിരിക്കുന്നു. ബോദ്രിയാറിന്റെ അഭിപ്രായത്തിൽ ഇന്ന് യാഥാർത്ഥ്യത്തെയും വ്യാജത്തെയും തമ്മിൽ വേർതിരിക്കുന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. നമ്മുടെ സമൂഹം അനുകരണങ്ങളുടേതാണ്. അതിനാൽ, ഇപ്പോൾ യാഥാർത്ഥ്യവും സിമുലാക്രയും തമ്മിൽ വേർതിരിച്ചറിയുന്നത് അസാധ്യമായി മാറിയിരിക്കുന്നു.

ബോദ്രിയാർ യാഥാർത്ഥ്യത്തെയും അതിന്റെ പ്രതിനിധാനങ്ങളെയും നാല് ഘട്ടങ്ങളായി തിരിക്കുന്നുണ്ട്. അതിൽ ആദ്യത്തേത് യാഥാർത്ഥ്യത്തിന്റെ പ്രതിഫലനമാണ്. ഇത് യാഥാർത്ഥ്യത്തെ നിഷ്പക്ഷമായി പകർന്നുകാട്ടുന്നു. രണ്ടാംഘട്ട പ്രതിഫലനമായി പറയുന്നത് യാഥാർത്ഥ്യത്തിന്റെ തകർച്ചയെയാണ്. ഈ ഘട്ടം യാഥാർത്ഥ്യത്തെ വളച്ചുകാട്ടുന്നു. മൂന്നാമതായി സിമുലേഷൻ ഘട്ടം. ഇവിടെ യാഥാർത്ഥ്യം ഇല്ലാതെയാവുകയും വെറും പ്രതിനിധാനം മാത്രമായി മാറുകയും ചെയ്യുന്നു. പിന്നീട് ആ പ്രതിനിധാനം യാഥാർത്ഥ്യമായി പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ഹൈപ്പർറിയാലിറ്റിയിൽ യാഥാർത്ഥ്യത്തിന് മുൻപേ സിമുലേഷൻ സൃഷ്ടിക്കുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നു. ഇവിടെ യാഥാർത്ഥ്യത്തിന്റെ സ്വാധീനം പൂർണമായും ഇല്ലാതാവുന്നു.

ഹൈപ്പർറിയാലിറ്റിയിൽ യാഥാർത്ഥ്യവും പ്രതിനിധാനവും തമ്മിലുള്ള ഭേദം ഇല്ലാതാകുകയും സിമുലേഷൻ സ്വയം “യഥാർത്ഥമായതായി” തോന്നുകയും ചെയ്യുന്നു. ടെലിവിഷൻ, സിനിമ, സോഷ്യൽ മീഡിയ, വെർച്വൽ റിയാലിറ്റി എന്നിവ ഹൈപ്പർറിയാലിറ്റിയുടെ ഉദാഹരണങ്ങളാണ്. ബോദ്രിയാർ ഈ സിമുലേഷൻ ലോകത്തെ ഉദാഹരിക്കുന്നത് ഡിസ്നിലാന്റ് (Disneyland) എന്ന യാഥാർത്ഥ്യത്തിൽ കൂടിയാണ്. യാഥാർത്ഥ്യത്തെ മറയ്ക്കുന്ന ‘അതിയാഥാർത്ഥ്യ’ അനുഭവം ഡിസ്നിലാന്റ് നൽകുന്നു. സോഷ്യൽ മീഡിയ ഇൻഫ്ലുവൻസേഴ്സ്, ഇൻസ്റ്റാഗ്രാം, ടിക്ടോക്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

എന്നിവയിലൂടെ സൃഷ്ടിക്കപ്പെടുന്ന ഐഡന്റിറ്റികൾ യാഥാർത്ഥ്യവും മിഥ്യയും ചേർന്ന അനുഭവങ്ങൾ സൃഷ്ടിക്കുന്നു. ഹൈപ്പർറിയാലിറ്റി സിദ്ധാന്തം യാഥാർത്ഥ്യവും അനുഭവവും തമ്മിലുള്ള പരമ്പരാഗത ധാരണകളെ തിരുത്തിക്കുറിക്കുകയും, സിമുലേഷനുകൾ സമൂഹത്തിൽ ചിഹ്നങ്ങളുടെ പ്രാധാന്യത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അതോടൊപ്പം സാമൂഹികവും സാംസ്കാരികവുമായ ഇടപെടലുകളിൽ യാഥാർത്ഥ്യത്തിന്റെ അഭാവം പ്രകടമാകുന്നു. സിമുലേഷനുകൾ യാഥാർത്ഥ്യത്തെ അതിലംഘിക്കുന്നതിനോടൊപ്പം, മാധ്യമങ്ങളും ഉപഭോക്തൃസംസ്കാരവും സാങ്കേതികവിദ്യയും ചേർന്ന് പുതിയകാലത്ത് അനുഭവങ്ങളെ രൂപപ്പെടുത്തുകയാണ് എന്നതും വ്യക്തമാണ്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ, യാഥാർത്ഥ്യവും സിമുലേഷനും തമ്മിലുള്ള ഭേദം കുറഞ്ഞിരിക്കുന്നു എന്നുതന്നെ പറയാം.

The Postmodern Condition (1979) എന്ന കൃതിയിൽ, പോസ്റ്റ്മോഡേണിസത്തിന്റെ പ്രധാന ചിന്തകരിൽ ഒരാളായ ലോത്യാർ പോസ്റ്റ്മോഡേൺ കാലഘട്ടത്തിൽ അറിവ് (Knowledge) അടിസ്ഥാനപരമായ വിവരമായി മാറുന്നതായി പറയുന്നു. ഇന്നത്തെ സാഹചര്യത്തിൽ വിവരങ്ങൾ വളരെ വേഗത്തിൽ ലഭ്യമാകുന്നു. എന്നാൽ വർഷങ്ങൾക്കു മുൻപ് അറിവ് നേടാൻ വലിയ പരിശ്രമവും സ്ഥിരതയും ആവശ്യമായിരുന്നു. ഇന്ന് പഠനത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനുപകരം, നമുക്ക് ആവശ്യമുള്ള വിവരങ്ങൾ വേഗത്തിൽ കണ്ടെത്തുന്നതിലാണ് നാം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. തന്റെ പുസ്തകത്തിലൂടെ അദ്ദേഹം ഓരോ കാലഘട്ടത്തെയും അതിയാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തുന്നത് ഇപ്രകാരമാണ്. ആദ്യഘട്ടമായ സിമുലാക്ര പ്രീമോഡേൺ കാലഘട്ടവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് യാഥാർത്ഥ്യത്തിന്റെ ഒരു പകർപ്പായി നിലകൊള്ളുകയും ചെയ്യുന്നു. രണ്ടാമത്തെ ഘട്ടം വ്യവസായവിപ്ലവവുമായി ബന്ധപ്പെട്ടതാണ്. ഇത് വൻതോതിലുള്ള ഉൽപ്പാദനത്തിലേക്ക് നയിക്കുകയും, അതിന്റെ ഫലമായി പകർപ്പുകളും അനുകരണങ്ങളും ഉണ്ടാകുകയും ചെയ്തു. യാഥാർത്ഥ്യത്തെ അത്രയും നന്നായി അനുകരിക്കുന്നതിനാൽ, ഈ അനുകരണം യാഥാർത്ഥ്യത്തെ തന്നെ മാറ്റിസ്ഥാപിക്കുന്നതിലേക്ക് നിർബന്ധിക്കപ്പെടുന്നു. മൂന്നാമത്തെ ഘട്ടം പോസ്റ്റ്മോഡേൺ കാലഘട്ടവുമായി ബന്ധപ്പെട്ടതാണ്. ഇവിടെ യാഥാർത്ഥ്യം പ്രതിനിധാനങ്ങൾ കൊണ്ടാണ് നിർണ്ണയിക്കപ്പെടുന്നത്. യാഥാർത്ഥ്യത്തിനും പ്രതിനിധാനത്തിനും തമ്മിലുള്ള വ്യത്യാസം വേർതിരിച്ചറിയാൻ കഴിയാത്തവിധം ഈ ഘട്ടത്തിൽ അവ കെട്ടുപിണഞ്ഞിരിക്കുന്നു.

ചുരുക്കത്തിൽ നമ്മൾ നേരിട്ട് യാഥാർത്ഥ്യവുമായി ബന്ധപ്പെടുന്നില്ലെന്നും, മറിച്ച് എല്ലാം പ്രതിനിധാനങ്ങളിലൂടെ മാത്രമാണ് അനുഭവിക്കുന്നതെന്നുമാണ് ഇതിലൂടെ വെളിപ്പെടുന്നത്. ബോദ്രിയാർദിന്റെ അഭിപ്രായത്തിൽ, സിമുലേഷൻ തന്നെയാണ് യാഥാർത്ഥ്യം സൃഷ്ടിക്കുന്നത്. സിമുലാക്രകൾ നമ്മൾ അറിയുന്ന യാഥാർത്ഥ്യത്തെ മാറ്റിസ്ഥാപിക്കുന്നു. കൂടാതെ സിമുലേഷൻ യാഥാർത്ഥ്യത്തെ സൃഷ്ടിച്ച് “ഹൈപ്പർറിയാലിറ്റി” എന്ന അവസ്ഥ രൂപപ്പെടുത്തുകയും ചെയ്യുന്നു. മീഡിയ സൃഷ്ടിക്കുന്ന ചിഹ്നങ്ങളും അടയാളങ്ങളും (Symbols And Signs) യഥാർത്ഥ യാഥാർത്ഥ്യത്തിൽ നിന്ന് ഏറെ വ്യത്യസ്തമായ ഒരു അനുഭവ യാഥാർത്ഥ്യം (Perceived Reality) നിർമ്മിക്കുകയും, ഒടുവിൽ യാഥാർത്ഥ്യത്തെതന്നെ മാറ്റിസ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. സാങ്കേതികവിദ്യയും മീഡിയയും ആധിപത്യം പുലർത്തുന്ന സമൂഹത്തിൽ ഹൈപ്പർറിയാലിറ്റി, യാഥാർത്ഥ്യത്തിനും കൽപനയ്ക്കും ഇടയിലെ അതിർത്തി മങ്ങിയതാക്കുന്നു എന്നാണ് ബോദ്രിയാറിന്റെ നിഗമനം. ബോദ്രിയാറിന്റെ അഭിപ്രായത്തിൽ ഇന്റർനെറ്റ്, ടെലിവിഷൻ, സിനിമകൾ എന്നിവ ഉൾപ്പെടുന്ന മീഡിയ പോസ്റ്റ്മോഡേൺ സമൂഹത്തെ പൂർണ്ണമായി കീഴടക്കി സത്യത്തെ നശിപ്പിച്ചിരിക്കുന്നു. സിമുലാക്രകളാൽ ആളുകൾ എല്ലായ്പ്പോഴും വഞ്ചിക്കപ്പെട്ടിരിക്കുന്നതിനാൽ, സത്യം കണ്ടെത്തുന്നതിൽ അവർക്ക് ഏറ്റവും കുറഞ്ഞ താൽപര്യമാണുള്ളത്.

സിമുലാക്ര

ഫ്രഞ്ച് ചിന്തകനായ ബോദ്രിയാറാണ് സിമുലാക്ര എന്ന ആശയത്തെ അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ആധുനിക സമൂഹത്തിൽ യാഥാർത്ഥ്യവും അതിന്റെ പ്രതിനിധാനവും തമ്മിലുള്ള വ്യത്യാസം തന്നെ ഇല്ലാതായിരിക്കുന്നു. അതുകൊണ്ടു തന്നെ നാം അനുഭവിക്കുന്നത് യാഥാർത്ഥ്യലോകത്തെയല്ല മറിച്ച് യാഥാർത്ഥ്യത്തെ അനുകരിക്കുന്ന ഒരു അതിയാഥാർത്ഥ്യ ലോകത്തെയാണ്. സിമുലാക്ര ഒരു പകർപ്പായി തോന്നുമെങ്കിലും യാഥാർത്ഥ്യവുമായി നേരിട്ട് ബന്ധമില്ലാത്ത പ്രതിനിധാനമാണ്. അതായത് യാഥാർത്ഥ്യം ഇല്ലാതെയും അതിന്റെ പകർപ്പ് മാത്രമായി നിലനിൽക്കുന്ന അവസ്ഥ. ബോദ്രിയാർ തന്റെ സിമുലാക്ര ആന്റ്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

സിമുലേഷൻ എന്ന കൃതിയിൽ സമൂഹം എങ്ങനെ യാഥാർത്ഥ്യത്തിൽ നിന്നുമകന്ന് സിമുലേഷനുകളിലേക്കു മാറ്റുന്നുവെന്ന് വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം സിമുലാക്രയെ നാലു ഘട്ടങ്ങളായി തിരിക്കുന്നു.

1. യാഥാർത്ഥ്യത്തിന്റെ പ്രതിഫലനം
2. യാഥാർത്ഥ്യത്തെ മറയ്ക്കുന്ന ഘട്ടം
3. യാഥാർത്ഥ്യം ഇല്ലാത്ത്തിനെ മറയ്ക്കുന്ന ഘട്ടം
4. യാഥാർത്ഥ്യമില്ലാത്ത ഒരു പുതിയ സൃഷ്ടി

ഇവിടെ മാധ്യമങ്ങൾ Simulacra സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. ടെലിവിഷൻ, സിനിമ, സോഷ്യൽ മീഡിയ എന്നിവയിലൂടെ നമ്മൾ കാണുന്നത് യാഥാർത്ഥ്യമല്ല, മറിച്ച് അത് രൂപകൽപ്പന ചെയ്ത പതിപ്പുകളെയാണ്. ഈ സാഹചര്യത്തിൽ മീഡിയ ഒരു ആശയവിനിമയ മാർഗമല്ല, മറിച്ച് പ്രതിനിധീകരണം എന്ന രീതിയിൽ പ്രവർത്തിക്കുന്നു.

വെർച്വൽ സ്പെയിസ്
വെർച്വൽ സ്പെയിസ് എന്നത് സാങ്കേതികവിദ്യയുടെ വികാസത്തോടൊപ്പം രൂപപ്പെട്ട ഒരു പുതിയ സാമൂഹിക–സാംസ്കാരിക മേഖലയാണ്. ഇത് ഭൗതികമായി നിലവിലില്ലെങ്കിലും, മനുഷ്യരുടെ അനുഭവം, ആശയവിനിമയം, ഐഡന്റിറ്റി എന്നിവയെ ശക്തമായി സ്വാധീനിക്കുന്നു. ഇവിടെ പ്രതിനിധാനം യാഥാർത്ഥ്യത്തെ മാറ്റിനിർത്തുന്നു. പോസ്റ്റ്മോഡേൺ ചിന്തകർ ഈ ആശയത്തെ യാഥാർത്ഥ്യവും സിമുലേഷനും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തിയാണ് വിശദീകരിക്കുന്നത്. വെർച്വൽ സ്പെയിസ് ഒരു സിമുലേഷൻ ലോകമാണ്. ഇത് യഥാർത്ഥലോകത്തെ അനുകരിക്കുകയല്ല, മറിച്ച് പുതിയ യാഥാർത്ഥ്യത്തെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഇതിൽ അനുഭവങ്ങൾ 'യാഥാർത്ഥ്യ'ത്തേക്കാൾ 'യാഥാർത്ഥ്യ'മായി തോന്നാം (ഉദാഹരണമായി VR ഗെയിമുകൾ → യഥാർത്ഥ അനുഭവങ്ങളെ മറികടക്കുന്ന അനുഭവങ്ങൾ). വെർച്വൽ സ്പെയിസ് വെറുമൊരു ഉപകരണം മാത്രല്ല. അത് നമ്മുടെ ചിന്തയും തിരിച്ചറിവും മാറ്റുന്ന ഒരു മാധ്യമമാണ്.

ഭൗതികമല്ലാത്തതും, സിമുലേഷൻ അധിഷ്ഠിതമായിരിക്കുന്നതും (Simulation–based), ഇടപഴകാൻ അവസരം നൽകുന്നതും (Interactive), ഹൈപ്പർറിയൽ അനുഭവം നൽകുന്നതും, വ്യക്തിത്വ കൈമാറ്റം സാധ്യമാക്കുന്നതും വെർച്വൽ റിയാലിറ്റിയുടെ സവിശേഷതകളാണ്. ഇന്നത്തെ ഓൺലൈൻ ക്ലാസുകൾ, സോഷ്യൽ മീഡിയ ജീവിതം ഇവയെല്ലാം വെർച്വൽ സ്പെയിസിന്റെ ഭാഗമാണ്. അതിനാൽ മനുഷ്യരുടെ സാമൂഹിക ജീവിതം തന്നെ ഡിജിറ്റൽ ലോകത്തിലേക്ക് മാറുന്നു. വെർച്വൽ സ്പെയിസ് ഒരു സാങ്കേതിക ആശയം മാത്രമല്ല, അത് തത്വചിന്താപരവും സാംസ്കാരികവുമായ മാറ്റമെന്ന നിലയിൽക്കൂടിയാണ് പുതിയകാലത്ത് അടയാളപ്പെടുന്നത്. ബോദ്രിയാർ പറഞ്ഞതുപോലെ, നാം ഇന്ന് സിമുലേഷനുകളുടെ ലോകത്താണ് ജീവിക്കുന്നത്. അവിടെ യാഥാർത്ഥ്യവും അതിയാഥാർത്ഥ്യവും തമ്മിലുള്ള ഭേദങ്ങൾ ഇല്ലാതെയായിരിക്കുന്നു.

ആധുനിക ഡിജിറ്റൽ കാലഘട്ടത്തിൽ മാധ്യമ സാങ്കേതികവിദ്യകൾ മനുഷ്യരുടെ അനുഭവം, അറിവ്, ആശയവിനിമയം, സംസ്കാരം എന്നിവയെ ഗൗരവമായി സ്വാധീനിക്കുന്നുണ്ട്.ഈ സാഹചര്യത്തിൽ മീഡിയാസിദ്ധാന്തം, വെർച്വൽ റിയാലിറ്റി, സിമുലേഷൻ എന്നീ ആശയങ്ങൾ നമ്മുടെ സംസ്കാരത്തെയും ജീവിതരീതിയേയും മാറ്റിമറിക്കുന്നതെങ്ങനെയെന്ന അന്വേഷണം പ്രസക്തമാണ്.

മാധ്യമങ്ങളുടെ പ്രസക്തി
മാധ്യമങ്ങൾ ഇന്ന് വെറും വിവരങ്ങൾ നൽകുന്ന ഉപകരണങ്ങൾ മാത്രമല്ല. അവ നമ്മുടെ ചിന്ത, വിശ്വാസങ്ങൾ, പെരുമാറ്റം എന്നിവയെ രൂപപ്പെടുത്തുന്ന ശക്തികളായി മാറിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ ഡിജിറ്റൽ ലോകം പൂർണമായി കൈയ്യടക്കി വച്ചിരിക്കുന്നത് സോഷ്യൽ മീഡിയയാണ്. വ്യക്തികൾക്ക് സ്വന്തം ചിന്തകൾ പ്രദർശിപ്പിക്കുവാനും സ്വാഭിപ്രായങ്ങൾ പറയുവാനും സോഷ്യൽ മീഡിയയിലൂടെ സാധിക്കുന്നു. എന്നാൽ അതിലൂടെ പ്രദർശിപ്പിക്കുന്ന വ്യാജ വാർത്തകൾ ചിലപ്പോൾ വില്ലനാകാറുമുണ്ട്. മാധ്യമങ്ങളാണ് ഇന്ന് നാം എന്ത് ശ്രദ്ധിക്കണം

ശ്രദ്ധിക്കേണ്ട എന്നൊക്കെ തീരുമാനിക്കുന്നത്. മാധ്യമങ്ങൾ സമൂഹത്തിനു നേരെ തിരിച്ചു പിടിച്ച കണ്ണാടിയായി മാറുകയും പതിയെ സമൂഹത്തെ ഉരുവപ്പെടുത്തുന്ന ഒരു ശക്തിയായി തീരുകയും ചെയ്യുന്നു.

മീഡിയ രൂപപ്പെടുത്തിയ ലോകത്തുനിന്നും ഡിജിറ്റൽ മീഡിയയുടെ ലോകത്തിലേക്കു വരുമ്പോൾ ഇന്റർനെറ്റും സോഷ്യൽ മീഡിയയും, മൊബൈൽ ആപ്പുകളും, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും അടങ്ങുന്ന പുത്തൻ മാധ്യമലോകം മനുഷ്യരുടെ ആശയവിനിമയത്തെയും സമൂഹത്തെയും ശക്തമായി സ്വാധീനിക്കുന്നുണ്ട്. ഇത്തരം മീഡിയാസങ്കേതങ്ങളുടെ പ്രധാന സവിശേഷത അവയ്ക്കുള്ള ഇന്ററാക്ടിവിറ്റി സ്വഭാവമാണ്. ഉപഭോക്താക്കൾക്ക് നേരിട്ട് പ്രതികരിക്കുവാനും ആശയവിനിമയം നടത്തുവാനും അവയിലൂടെ കഴിയുന്നു. ഒരു ഉള്ളടക്കം വളരെ വേഗത്തിൽ ലക്ഷക്കണക്കിനു ആളുകളിലേക്ക് എത്തുന്നു. ഇത്തരം പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്ന അൽഗോരിതങ്ങൾ ജനങ്ങൾ എന്തു കാണണം കാണേണ്ട എന്നുവരെ തീരുമാനിക്കുന്നുണ്ട്. പല സോഷ്യൽ മീഡിയ സൈറ്റുകളും വ്യക്തിതാൽപര്യങ്ങളെ തുടക്കത്തിൽ തന്നെ മനസിലാക്കി തുടർന്നുള്ള ഉള്ളടക്കങ്ങളെ അതനുസരിച്ച് ഫിൽറ്റർ ചെയ്യപ്പെടുന്ന വിധമാണ് രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത്.

അതിയാഥാർത്ഥ്യം സോഷ്യൽ മീഡിയയിൽ

പി. എ. നിസ്സാമുദ്ദീൻ 2023ൽ എഴുതിയ കവിതയാണ് 'ഇ– പാന'. രണ്ടുകാലഘട്ടങ്ങളിലെ മനുഷ്യന്റെ ചിന്തകളെ താരതമ്യം ചെയ്യുകയാണ് ഈ കവിതയിലൂടെ. ഈ കാലഘട്ടം പൊതുവേ ടെക്നോളജിയുടെ അതിപ്രസരത്തിലാണ് നിലനിൽക്കുന്നത്. അത്തരം ടെക്നോളജിയുടെ സ്വാധീനം മനുഷ്യജീവിതത്തെ എങ്ങനെ അടിമുടി മാറ്റുന്നു എന്ന ചിന്ത കവിത മുന്നോട്ട് വയ്ക്കുന്നു. പ്രാചീന കവികൾ ജീവിതത്തിന്റെ ദുഃഖത്തിൽ നിന്നും രക്ഷനേടുവാൻ സർവ്വവും ദൈവത്തിൽ അർപ്പിച്ചുകൊണ്ടും ദൈവത്തെ സ്തുതിച്ചുകൊണ്ടുമാണ് കവിതകൾ രചിച്ചിരുന്നത്. അത്തരം കവിതകളിലൂടെ ദുഃഖത്തിൽ നിന്നും മുക്തിനേടുവാൻ കഴിയുമെന്നുള്ള വിശ്വാസവും അവർക്കുണ്ടായിരുന്നു. ഈ വസ്തുതയെ നിലവിലെ സാഹചര്യവുമായി താരതമ്യം ചെയ്യുകയാണ് 'ഈ – പാന' എന്ന കവിത.

പതിറ്റാണ്ടുകൾക്കുമുൻപ് കേരളത്തിലെ ഭക്തകവികളിലൊരാളായ പൂന്താനം ഭാരതീയ ജീവിത ചിന്തയെ ലളിതമായ ശൈലിയിലൂടെ എഴുതിയ കവിതയാണ് ജ്ഞാനപ്പാന. പുത്രനഷ്ടത്താലുള്ള ദുഃഖത്തിൽ നിന്നും ജീവിതദുഃഖങ്ങളിൽ നിന്നും മുക്തിനേടാനായിട്ടാണ് ഭഗവാനെ ആരാധിച്ചിരുന്നതെന്നും കവിതയിൽ പറയുന്നു. അതുപോലെതന്നെ മേൽപ്പത്തൂർ ഭട്ടതിരി തന്റെ അസുഖത്തിൽ നിന്നും മുക്തി നേടുവാനായിട്ടാണ് സ്തോത്രങ്ങൾ രചിച്ചിരുന്നതെന്നും അതിനെത്തുടർന്ന് സ്വപ്നത്തിൽ ഭഗവാൻ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തിന്റെ പക്ഷപാതം അകറ്റിയെന്നും മറ്റുമുള്ള വിശദീകരണങ്ങളും കവിതയിൽ കാണാനാവും. അൽബൂസരി എന്ന താപസൻ അർബുദ എന്ന കീർത്തനം പാടി തന്റെ മാറാദീനം മാറ്റി എന്നും കവിതയിൽ പറയുന്നുണ്ട്. തങ്ങളുടെ ദുഃഖങ്ങളൊക്കെയും ദൈവത്തിൽ അർപ്പിച്ച് കലയിലൂടെ അവർ അത്തരം ദുഃഖങ്ങളിൽ നിന്ന് മുക്തി നേടുകയാണ്. ഇതാണ് കവിതയുടെ ഒന്നാം ഭാഗം. ജീവിതത്തിൽ മനുഷ്യനു ബുദ്ധിമുട്ടുകൾ അനുഭവപ്പെടുമ്പോൾ പലരും സാഹിത്യത്തിലും കലയിലും ഭക്തിയിലും അഭയം പ്രാപിക്കുന്നത് പണ്ടുകാലത്ത് സ്വാഭാവികമായിരുന്നു. അത്തരത്തിൽ വായനയും കലയുമെല്ലാം മനുഷ്യനു ശാന്തി നൽകാറുമുണ്ടായിരുന്നു.

കവിതയുടെ രണ്ടാം ഭാഗത്തിലേക്കു വരുമ്പോൾ നിലവിലെ മനുഷ്യർക്കു ശാരീരിക ബലക്ഷയവും മാനസിക വിഷാദവും നന്നായി ബാധിച്ചിരിക്കുന്ന വേളയിൽ വിഷാദരോഗങ്ങളിൽ നിന്നും മുക്തിനേടുവാനായി അവർ പോകുന്നത് കാവ്യരചനയിലേക്കോ കലയിലേക്കോ ദൈവത്തിലേയ്ക്കോ അല്ല, മറിച്ച് സാങ്കേതികവിദ്യയുടെ ലോകത്തിലേക്കാണ് എന്നാണ് കവിത പറയുന്നത്. കംമ്പ്യൂട്ടറിലും അതുമായി ബന്ധപ്പെട്ട ഇതര ഡിവൈസുകളിലും അവർ അഭയം പ്രാപിക്കുന്നു. മൗസ് ബട്ടൺ ജപമാല പോലെ ഉഴിയുമ്പോൾ സ്ക്രീനിൽ ദൈവത്തിനു പകരം ഇലൻ മാസ്കും, ബിൽഗേറ്റ്സും തെളിഞ്ഞു വരുന്നു. മാത്രമല്ല ജീവിത വിജയം കൈവരിച്ച അനേകം വ്യക്തികളുടെ മോട്ടിവേഷൻ വീഡിയോകളും വാക്കുകളും തങ്ങളുടെ ദുഃഖത്തിൽനിന്നും മുക്തിനേടുവാൻ അവരെ പ്രാപ്തരാക്കുന്നു. മനുഷ്യർ മാറിയ കാലത്ത് അവന്റെ ചിന്തകളെയും, ആവശ്യങ്ങളെയും മാറിയ കാലത്തിനനുസരിച്ച് തൃപ്തിപ്പെടുത്തുവാൻ പ്രാപ്തനാക്കുന്നുവെന്ന് കവിത സ്ഥാപിക്കുന്നു.

ഇന്നു സാങ്കേതികവിദ്യയുടെ സ്വാധീനം മനുഷ്യരിൽ പ്രകടമായി തന്നെ കാണാം. കലയും എഴുത്തും ദൈവവും രണ്ടാംതരക്കാരാവുകയും അവിടെ സാങ്കേതികവിദ്യ മുൻപന്തിയിൽ നിൽക്കുകയും ചെയ്യുന്ന അവസ്ഥയാണ്

കാണാനാവുന്നത്. അതിയാഥാർത്ഥ്യത്തിന്റെ സ്വാധീനം, സാങ്കേതികവിദ്യയുടെ അതിപ്രസരം എന്നിവ മനുഷ്യനെ എപ്രകാരമെല്ലാം കീഴടക്കുന്നു എന്നതാണ് കവിതയിൽ പരാമർശിക്കുന്നത്. നേരിട്ടുള്ള ഒന്നിനേയും ഇന്നു ജനം കാണുന്നില്ല ശ്രദ്ധിക്കുന്നില്ല. എന്നാൽ സ്ക്രീനിൽ തെളിയുന്ന പലതും ആവശ്യത്തിലധികം ഇന്നു മനുഷ്യൻ ശ്രദ്ധിക്കുന്നു. അവയെ ജീവിതത്തിന്റെ ഭാഗമാക്കുന്നു. ദൈവങ്ങളോ കലയോ അവർക്കു വേണ്ട. പകരം സ്ക്രീനിലൂടെ തെളിയുന്ന ജീവിതവിജയം കൈവരിച്ചതും അല്ലാത്തതുമായ മോട്ടിവേറ്റേഴ്സിന്റെ വാക്കുകളിൽ അവർ അഭയം കണ്ടെത്തുന്നു. അവിടെ നിന്നും അതിനുള്ള മുക്തി അഥവാ പരിഹാരവും ലഭിക്കുന്നു. ജീവിതത്തിന്റെ പുതിയൊരു അദ്ധ്യായത്തിന് തുടക്കം കുറിക്കാൻ അതവരെ പ്രാപ്തരാക്കുന്നതായി അവർക്കു തോന്നുകയും ചെയ്യുന്നു. സാങ്കേതികവിദ്യ, മീഡിയ ലോകം, റീൽസുകൾ എന്നിവ ഇന്നത്തെ സമൂഹത്തെ എപ്രകാരമെല്ലം സ്വാധീനിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണീ കവിത. നമുക്കിന്നു മറ്റൊന്നിനേയും വിശ്വാസമില്ലാതെയായിരിക്കുന്നു. മനുഷ്യൻ ആശ്രയിക്കുന്നത് കമ്പ്യൂട്ടറിനെയോ മൊബൈൽ ഫോണിനെയോ മാത്രമാണ്. അവ സൃഷ്ടിച്ച് നൽകുന്ന അതിയാഥാർത്ഥ്യലോകത്താണ് അവന്റെ നവ പൂർണത. കലയും സാഹിത്യവും പോലും ഇന്നു വിപണനം ചെയ്യപ്പെടുന്നത് സോഷ്യൽ മീഡിയയിലൂടെയാണ്. വായനയ്ക്കോ നേരിട്ടുള്ള അറിവുല്പാദനത്തിനോ മനുഷ്യന് ഇന്നു സമയമില്ല എന്നതാണു വാസ്തവം. മാധ്യമങ്ങൾ ഇന്ന് മനുഷ്യരുടെ ജീവിതത്തെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. വാർത്താപത്രങ്ങൾ മുതൽ സോഷ്യൽമീഡിയ വരെ ഇന്നു മനുഷ്യനെ സ്വാധീനിക്കുന്നു. അവർ സൃഷ്ടിക്കുന്ന ഒരു അതിയാഥാർത്ഥ്യ ലോകത്തിലാണ് നാമിന്നു ജീവിക്കുന്നത്. ഇന്ന് മാധ്യമങ്ങൾ വെറും വിവര വിനിമയ ഉപകരണങ്ങൾ മാത്രമല്ല അവ സമൂഹത്തിന്റെ ചിന്താഗതിയെത്തന്നെ രൂപപ്പെടുത്തുന്ന ശക്തികളായി മാറിക്കഴിഞ്ഞു. എന്ത് കാണണം കാണണ്ട എന്നു തീരുമാനിക്കുനതു പോലും സോഷ്യൽ മീഡിയകളാണ്. അവർ മുൻകൂട്ടി സെറ്റ് ചെയ്തു വച്ചിട്ടുള്ള അൽഗോരിതപ്രകാരമാണ് നമ്മുടെ സോഷ്യൽ മീഡിയ ഫീഡുകളിലേക്ക് ഉള്ളടക്കങ്ങൾ എത്തുന്നത്. നാം ജീവിക്കുന്ന ലോകത്തിന്റെ ഭാഗമല്ല സോഷ്യൽ മീഡിയ പകരം സോഷ്യൽ മീഡിയയാൽ സൃഷ്ടിക്കപ്പെട്ട ഒരു അതിയാഥാർത്ഥ്യ ലോകത്താണ് നാമിന്ന് അധിവസിക്കുന്നത്. യാഥാർത്ഥ്യലോകത്താണോ അതോ സോഷ്യൽ മീഡിയ ഉരുവപ്പെടുത്തിയ അതിയാഥാർഥ്യലോകത്താണോ നാം ജീവിക്കുന്നത് എന്ന ആശയക്കുഴപ്പത്തിലാണ് ഇന്നിന്റെ ജനത.

അതിയാഥാർത്ഥ്യം നിത്യജീവിതത്തിലേക്കെത്തുമ്പോൾ

മാതൃഭൂമി ആഴ്ചപതിപ്പിൽ 2022 ഡിസംബർ ലക്കത്തിൽ വീരാൻകുട്ടി എഴുതിയ കവിതയാണ് 'ആപ്പ്'. പേരു സൂചിപ്പിക്കുന്നതുപോലെ ആപ്ലിക്കേഷന്റെ ചുരുക്കരൂപമാണ് ആപ്പ് (App). സാങ്കേതികവിദ്യ ഇന്ന് നിരന്തരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ മനുഷ്യന്റെ ജീവിതചര്യയും അതിനനുസരിച്ച് നിർമ്മിക്കപ്പെട്ടുകഴിഞ്ഞു. ഇന്ന് ഇലക്ട്രോണിക് ഗാഡ്ജറ്റ്സുകളുടെ ലോകത്താൽ മനുഷ്യൻ ചുറ്റപ്പെട്ടിരിക്കുന്നു. യഥാർത്ഥ ലോകത്തു കഴിഞ്ഞ മനുഷ്യൻ ഇന്നു വിവരസാങ്കേതികവിദ്യയും ഇന്റർനെറ്റും, ഫോണും, മറ്റു ഇലക്ട്രിക് ഉപകരണങ്ങളുമുള്ള ഒരു അതിയാഥാർത്ഥ്യ ലോകത്താണ് ജീവിക്കുന്നത്.

കവിതയിലെ നായകനും അത്തരത്തിൽ യാഥാർത്ഥ്യത്തിൽ നിന്നും അതിയാഥാർത്ഥ്യത്തിന്റെ ലോകത്ത് എത്തിച്ചേരുന്നു. യാഥാസ്ഥിതിക ലോകത്തു വസിച്ചുകൊണ്ടിരുന്ന നായകൻ ഫോണിന്റെ അമിത ഉപയോഗം കാരണം മറ്റൊരു ലോകത്ത് എത്തിച്ചേർന്നതു പോലെയാണ് പെരുമാറുന്നത്. നിലവിൽ തന്റെ കൈവശമുള്ള ഫോൺ താൻ വായിച്ച എതോ പുസ്തകംപോലെ അനുഭവപ്പെടുന്നു. ഈ തോന്നൽ അഥവാ പ്രതീതി ഉപേക്ഷിക്കുവാൻ തന്റെ കൊച്ചുമകൻ ഒരു ഇ–റീഡർ വാങ്ങി നൽകുന്നു. എന്നാൽ ആ തീരുമാനം അല്ലെങ്കിൽ പുത്തൻ തുടക്കം അദ്ദേഹത്തെ കൂടുതൽ പരുങ്ങലിലാക്കുകയാണ് ചെയ്യുന്നത്. അതൊരു ഇലക്ട്രോണിക് ഉപകരണമാണെന്ന ചിന്ത അദ്ദേഹത്തിനു പൂർണമായും ഇല്ലാതാകുന്നു. അദ്ദേഹത്തിന്റെ കംഫർട്ട് നിലയെ അതാകെ അവതാളത്തിലാക്കുന്നു. അതിയാഥാർത്ഥ്യവും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരത്തെ അത് ഇല്ലാതാക്കുന്നുണ്ടെങ്കിലും പുസ്തകത്തിലെ താളുകൾ മറിച്ചു ശീലിച്ച നായകന് ടെക്നോളജിയുടെ വരവോടുകൂടി അതുമായി പൊരുത്തപ്പെടുവാൻ സാധിക്കുന്നില്ലെന്നു കാണാം. അദ്ദേഹത്തിനു ഭ്രാന്തായോ എന്നുപോലും പലരും സംശയിക്കുന്നു. വെർച്വൽ സിക്ക്നെസ്സ് എന്ന അവസ്ഥയിലേക്കാണ് പിന്നീട് അദ്ദേഹം പതിയെ എത്തിപ്പെടുന്നത്.

അദ്ദേഹത്തിന്റെ ഈ അവസ്ഥയ്ക്കു കവി മറുപടി നൽകുന്നത് പരിണാമം എന്ന സംജ്ഞയിലൂടെയാണ്. വാൽ മുറിച്ച് മുറിച്ച് ഓരോതവണയും ലോകത്തെയും അതിലെ പ്രശ്നങ്ങളെയും അതിജീവിച്ച് മുന്നേറി ഇന്നത്തെ മനുഷ്യനായി തീർന്നതു പോലെ, ഈ സാങ്കേതിക വിദ്യകളെയും നൂതന മാറ്റങ്ങളെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്ന ഒരാളാണ്

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

കവിതയിലെ നായകൻ. ഈ അവസ്ഥയെ ആപ്പിനിടയിൽ വാൽ കുരുങ്ങിപ്പോയ കുരങ്ങന്റെ കഥയോടെല്ലാം കവി ഉപമിക്കുന്നുണ്ട്. എന്നാൽ അദ്ദേഹം കവിത അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്, "ഇ– റീഡറുമായി സമരസപ്പെടുവാൻ ബുദ്ധിമുട്ടുണ്ടാക്കുന്നുവെങ്കിൽ അതിനു പരിഹാരവുമായി അതിനെ വെല്ലുന്ന മറ്റൊരു കണ്ടുപിടിത്തവുമായി മനുഷ്യൻ അവതരിക്കും. അങ്ങനെയാണ് മനുഷ്യന്റെ മുന്നേറ്റം സംഭവിച്ചിട്ടുള്ളത്". ടെക്നോളജിയിൽ അപകതയുണ്ടെങ്കിൽ അതിനു പരിഹാരമായി അല്ലെങ്കിൽ അതിനെക്കാൾ മികച്ചൊരു കണ്ടുപിടുത്തവുമായി മനുഷ്യൻ അവതരിക്കും എന്ന ചിന്തകൂടി കവി നൽകുന്നുണ്ട്.

ഇവിടെ അതിയാഥാർത്ഥ്യമേത് യാഥാർത്ഥ്യമേത് എന്ന ഭേദം നായകനു ലഭിക്കുന്നില്ല. തന്റെ ജീവിതചര്യയിൽ അദ്ദേഹം പുലർത്തി വന്ന ശീലങ്ങളെ പെട്ടെന്നു മാറ്റുവാൻ പറഞ്ഞാൽ ആർക്കാണ് സാധിക്കുക. അന്നേവരെ പുസ്തകത്തിൽ മാത്രം വായിച്ചുകൊണ്ടിരുന്ന നായകനോട് ഇനി മുതൽ ഇ– റീഡറിൽ വായിക്കുവാൻ ചുറ്റുമുള്ള ലോകം അവസരമൊരുക്കുമ്പോൾ അതുമായി പൊരുത്തപ്പെടുവാൻ അദ്ദേഹത്തിനു കഴിയാതെ വരുന്നു. ഒരു പുസ്തകത്തെപ്പോലെ അല്ലെങ്കിൽ അതിനേക്കാൾ യാഥാർത്ഥ്യമായി തോന്നിപ്പിക്കുന്ന അതിയാഥാർത്ഥ്യലോകമാണ് ഇ – റീഡറിലൂടെ സൃഷ്ടിക്കപ്പെടുന്നത്. ഇപ്രകാരമുള്ള, നിരന്തരം പുതുക്കപ്പെട്ടുകൊണ്ടിരിക്കുന്ന അതിയാഥാർത്ഥ്യങ്ങളുടെ ലോകത്താണ് നാം ഇന്നു ജീവിക്കുന്നത്. ഇത് മനുഷ്യനിൽ യാഥാർത്ഥ്യമേത് മിഥ്യയേത് എന്നുള്ള ആശയക്കുഴപ്പം ഉണ്ടാക്കുന്നു. അതുമായി ഇനി പൊരുത്തപ്പെടുവാനേ നമുക്ക് നിവർത്തിയുള്ളു. കാരണം പഴമയിലേക്കു തിരിച്ചു പോകുവാൻ മനുഷ്യർക്കിനി കഴിയുകില്ല. സാങ്കേതികവിദ്യയുടെ സിമുലാക്രകളുടെ ലോകത്താണ് നാം ഇന്നു അധിവസിക്കുന്നത്. അതുകൊണ്ടാണ് കവി പറയുന്നത് ഈ ഉപകരണവുമായി നാം പൊരുത്തപ്പെട്ടില്ലെങ്കിൽ അതിനേക്കാൾ മികച്ചതും കാര്യക്ഷമതയുള്ളതുമായ ഒരു ഉപകരണം ഡിജിറ്റൽ യുഗം സൃഷ്ടിക്കുമെന്ന്.

എന്താണ് ഡിജിറ്റൽ ഡിവൈഡ് ?

2022ൽ ഉണ്ണി ശ്രീദളം എഴുതിയ കവിതയാണ് 'ഡിജിറ്റൽ ഡിവൈഡ്'. പേരു സൂചിപ്പിക്കുന്നത് പോലെ ആധുനിക സാങ്കേതികവിദ്യയെ കുറിച്ചുള്ള അറിവും അതിന്റെ ഉപയോഗത്താൽ ഉണ്ടാകുന്ന പ്രശ്നങ്ങളുമാണീ കവിതയുടെ വിഷയം. സാങ്കേതികവിദ്യയെ കുറിച്ചുള്ള അറിവില്ലായ്മയാണ് ഡിജിറ്റൽ ഡിവൈഡ്. യാഥാർത്ഥ ലോകത്തുനിന്നും ടെക്നോളജിയുടെ ലോകത്തിലേക്കെത്തുമ്പോൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെയാണ് ഡിജിറ്റൽ ഡിവൈഡെന്ന കവിത അവതരിപ്പിക്കുന്നത്. ഒടുവിൽ അതേ സാങ്കേതികവിദ്യയുമായി പൊരുത്തപ്പെടുന്ന നായകനെയും കവിതയിൽ കാണാം. പഴയതിൽ നിന്നും പുതുമയിലേക്കുള്ള മാറ്റം അനിവാര്യമാണ്. എന്നാൽ ടെക്നിക്കൽപരമായ ഈ മാറ്റം മനുഷ്യരിൽ അനവധി ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്ന് കവിത പറയുന്നു. ഒരു സംസ്കാരത്തിൽ നിന്നും മറ്റൊരു സംസ്കാരത്തിലേക്കുള്ള മാറ്റമായിട്ടാണ് കവിതയിലെ നായകൻ ടെക്നോളജിയുടെ ലോകത്തേക്കു കടക്കുന്നതിനെ കവിത നിരീക്ഷിക്കുന്നത്. അന്നുവരെ കണ്ടുപരിചയിച്ചതിൽ നിന്നും തീർത്തും വ്യത്യസ്തമായൊരു അത്ഭുതത്തിന്റെ ലോകത്തിലേക്കയാളെ കൊണ്ടെത്തിക്കുകയാണ് കവിതയിൽ ടെക്നോളജി.

"ഒരു വരിയും വെട്ടിയതിന്റെ മുറികളില്ല
പണ്ടു പണ്ടാർന്ന് പിന്നീട് പിന്നീട്
വയിച്ചു നിറയാനുള്ള
ശേഷി(പ്പു)കളില്ല.
ഭയങ്കര സൗകര്യങ്ങൾ
തൊട്ടുമ്പോൾ ഒന്നൊന്നായി മായുന്നു
നിരായുധരായ അടയാളങ്ങൾ
ഉടഞ്ഞ വരികൾ
രാവെളുക്കുമ്പോൾ ഒഴിഞ്ഞയിടങ്ങൾ." (ഉണ്ണി ശ്രീദളം, 2022:18)

ഡിജിറ്റലിന്റെ വരവിനു മുന്നേയും അതിനു ശേഷവും കഥാപാത്രത്തിന്റെ ജീവിതസാഹചര്യം എങ്ങനെയായിരുന്നു എന്ന സൂചനയാണ് വരികൾ നൽകുന്നത്. പണ്ടുകാലങ്ങളിൽ മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളിലുണ്ടായിരുന്ന തീവ്രത ഡിജിറ്റൽ സംവിധാനത്തിലൂടെ നാം പരിചയപ്പെടുന്ന മനുഷ്യർ തമ്മിലുണ്ടാകുന്നില്ല. ഇന്നു നാം സ്മൈലികളുടെ ലോകത്തിലാണ് ജീവിക്കുന്നത്. പരസ്പരം തമ്മിൽ കാണുമ്പോഴുള്ള ആഭിമുഖ്യം ഒന്നുംതന്നെയും മെസ്സേജുകൾ

അയക്കുന്നതിലൂടെ ഉണ്ടാകുന്നുമില്ല. സോഷ്യൽ മീഡിയകളിലൂടെ പരസ്പരം സന്ദേശങ്ങൾ അയക്കുകയും ചാറ്റ് ചെയ്യുകയും ചെയ്യുന്നതിലൂടെ ബന്ധങ്ങൾ തീവ്രമാകണമെന്നില്ല എന്നതാണ് യാഥാർത്ഥ്യം.

"സ്ക്രീനുകളുടെ ആൾമറയ്ക്കിരുപുറവും
പരസ്പരമറിയാതെ
ഒരു വേഗസ്വയംഭോഗത്തിലടങ്ങുന്ന വിരൽ."
(ഉണ്ണി ശ്രീദളം, 2022:18).

വെർച്വൽ റിയാലിറ്റിയുടെ മറ്റൊരു വശത്തെ ഈ വരികളിൽ കവി സൂചിപ്പിക്കുന്നു. ഒരു സ്ക്രീനിന്റെ സഹായത്തോടെ ലോകത്ത് ഏതോ ദിക്കിലിരുന്നുകൊണ്ട് രണ്ടുപേർ നടത്തുന്ന പ്രണയത്തിന്റെയും കാമത്തിന്റെയും ചെയ്തികളിലൂടെ യാഥാർത്ഥ്യമായിട്ടുള്ള പൂർണത ആ ബന്ധങ്ങൾക്കുണ്ടെന്നു പ്രതീക്ഷിക്കുവാൻ മാത്രമേ നമുക്കു സാധിക്കൂ. ഇത്തരത്തിൽ കവിതയിലുട നീളം സാങ്കേതികത മനുഷ്യ ജീവിതത്തിലുണ്ടാക്കിയ അല്ലെങ്കിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെയും ബുദ്ധിമുട്ടുകളെയും കുറിച്ചാണ് കവിത സംസാരിക്കുന്നത്. ഈ യുഗത്തിൽ എല്ലാം അവരവരിലേക്കു മാത്രം ഒതുങ്ങിപ്പോകുന്ന പ്രവണത, മനുഷ്യസമൂഹത്തിന്റെ നാശത്തിനു കാരണമാകുന്നു എന്നും കവി സൂചിപ്പിക്കുന്നുണ്ട്.
വേഗതയുടെ ഈ ലോകത്ത് ഇന്നു ഡിജിറ്റൽ ഡിവൈസുകളുടെ സഹായമില്ലാതെ ജീവിക്കുക അസാധ്യമാണ്. എന്നാൽ അവിടെ സാങ്കേതികയോടുള്ള വെറുപ്പ് കാണിക്കുക എന്നതിനു പകരം അതിനോട് പൊരുത്തപ്പെടുകയെന്ന പ്രായോഗിക നിർദ്ദേശമാണ് കവി മുന്നോട്ടുവയ്ക്കുന്നത്.

ഉപസംഹാരം

ആധുനികാനന്തര ഡിജിറ്റൽ കാലഘട്ടത്തിൽ മാധ്യമ സാങ്കേതികവിദ്യകൾ മനുഷ്യരുടെ അനുഭവം, അറിവ്, ആശയവിനിമയം, സംസ്കാരം എന്നിവയെ ഗൗരവമായി സ്വാധീനിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ മീഡിയാ സിദ്ധാന്തം, വെർച്വൽ റിയാലിറ്റി, സിമുലേഷൻ എന്നീ ആശയങ്ങൾ നമ്മുടെ സംസ്കാരത്തെയും ജീവിതരീതിയേയും തന്നെ മാറ്റി മറിക്കുന്നു. ഇന്ന് അടയാളങ്ങളും ചിഹ്നങ്ങളും ചേർന്നു രൂപപ്പെടുത്തിയ അതിയാഥാർത്ഥ്യം യാഥതഥമായ യാഥാർത്ഥ്യത്തെ മാറ്റിസ്ഥാപിച്ചിരിക്കുകയാണ്. സിമുലേഷൻ യാഥാർത്ഥ്യത്തിന്റെ സ്ഥാനം കൈവശപ്പെടുത്തുകയും ടെക്നോളജിയിലുണ്ടായ വിപ്ലവം ജനങ്ങളെ ആകെ മാറ്റിമറിക്കുകയും ചെയ്തു എന്നു തന്നെ പറയാം. വായന, കല, പഠനം, പ്രണയം, നിത്യജീവിത സാഹചര്യങ്ങൾ ഇവയിലെല്ലാം ഡിജിറ്റലൈസേഷന്റെ സ്വാധീനം പ്രകടമായി കാണാം. ഇത്തരം മാറിയ സാഹചര്യങ്ങൾ നിത്യജീവിതത്തിൽ എങ്ങനെ പ്രതിഫലിക്കുന്നു, അതിനോട് ജനം എങ്ങനെ പ്രതിഫലിക്കുന്നു എന്ന ചിന്തയാണ് ആധുനികാനന്തര കവികളായ വീരാൻകുട്ടി, പി. നിസ്സാമുദ്ദീൻ, ഉണ്ണി ശ്രീദളം എന്നിവർ തങ്ങളുടെ കവിതകളിലൂടെ മുന്നോട്ടുവയ്ക്കുന്നത്. ഇതു ഡിജിറ്റൽ യുഗമാണ് ഇവിടെ നിന്നൊരു തിരിച്ചുപോക്ക് അസാധ്യമാണ്, അതുകൊണ്ടുതന്നെ മാറിയ ഈ യുഗത്തിനനുസരിച്ച് നാം മാറുക എന്ന പ്രായോഗിക നിർദ്ദേശത്തെയാണ് ഒരേസമയം നവ ഡിജിറ്റൽ കാലത്തിന്റെ വെല്ലുവിളികളോടൊപ്പം ഈ കവികളും അവരുടെ കവിതകളിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

ഗ്രന്ഥസൂചി

1. പോൾ എം.എസ്സ്., ഉത്തരാധുനിക കവിതാ പഠനങ്ങൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2016.
2. Jean Baudrillard, Simulacra and Simulation, Semiotext, Toront, 1981.
3. Jean- Francois Lyotard, The Postmodern Condition, University of Minnesota Press, Minneapolis, 1979.

ആനുകാലികങ്ങൾ

1. മാതൃഭൂമി, ലക്കം 40, ഡിസംബർ 2022.
2. മാതൃഭൂമി, ലക്കം 11, മെയ് 2022.
3. മാതൃഭൂമി, ലക്കം 11, മെയ് 2023.

മലയാളം റിസേർച്ച് കീ | MALAYALAM RESEARCH KEY | ONLINE EDITION
2026 JANUARY-MARCH | VOLUME 02 | ISSUE 01
MULTIDISCIPLINARY PEER-REVIEWED RESEARCH JOURNAL (QUARTERLY)

Journal Home Page: www.researchkey.in | Email: mail@researchkey.in
Published on January 01, 2026 | Time: 10:00 AM IST | e-ISSN:

About the researcher:
അമൃതലക്ഷ്മി എം. ടി.
ഗവേഷക
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം

E-mail: lekshmiamritha94mt@gmail.com
Mob: 8281029149